
# ശബരിഗിരിയിലേയ്ക്കു്



കുന്നത്തു് കുഞ്ഞിക്കണ്ണമേനോൻ

Donated by the Author
K.P.K. Menon
27/3/82

# ശബരിഗിരിയിലേയ്ക്കു്

ഗ്രന്ഥകർത്താ:

**കുന്നത്തു് കുഞ്ഞിക്കണ്ണമേനോൻ**

ഒന്നാം പതിപ്പു് 1967

കോപ്പി 1000

പ്രസാധകൻ:

**കുന്നത്തു് കുഞ്ഞിക്കണ്ണമേനോൻ**
6, സ്പർ ടാങ്ക് റോഡ്, ചേററ്പേട്ട, മദ്രാസ്-31

വില: 1 ക. 50 പൈസ

അച്ചടി:

വിശ്വഭാരതി പ്രസ്സ്, തൃശ്ശൂർ

[പകർപ്പവകാശം ഗ്രന്ഥകർത്താവിനു്]

## സമർപ്പണം.

ഹരിഹരസുതനീശ! ശ്രീ-
ഗുരു ശബരീ പുണ്യഭൂധരാധീശ!
നിരുപമ കരുണാ രാശേ!
ശരണം ഞങ്ങൾക്കു താവകം ചരണം.

ഗ്രന്ഥകർത്താവു്.

# നിവേദനം.

"ശബരിമല അയ്യപ്പനെപ്പററി ഒരു പുസ്തകം എഴുതു അമ്മാമെ"—മലയ്ക്കുപോവാൻ മാലധരിച്ചിരിക്കുന്ന രവി 'അയ്യപ്പൻ' ഇവനോട്ടു് ആവശ്യപ്പെട്ടു.

ലോകമേ തറവാടായിക്കാണുന്ന സമദർശികൾക്കു് സ്ത്രീകളെല്ലാം അമ്മ പെങ്ങന്മാരും പുരുഷന്മാർ സഹോദര ഭാഗിനേയന്മാരുമാണല്ലോ. അത്രവലിയ സമദർശിയോ വേദാന്തവിത്തോ ആണെന്നു് ഭാവിക്കാനുള്ള അഹമ്മതി ഇവന്നില്ലെങ്കിലും, നാട്ടിൽ പലർക്കും—പ്രായംകൊണ്ടു് തുലോം മുതിർന്നവർക്കുപോലും—'ഒരമ്മാമ'നാണു് ഇവൻ എന്ന വസ്തുത ഭള്ളല്ല.

"........ഇല്ലേതും മമവാദമാജ്ഞയി-
തുമാനാഥന്റെയാണാകയാൽ
തെല്ലേറെക്കഷെണിക്കിലും........"

†വരകവി കനകത്തു് പത്മനാഭമേനോൻ (പഴനിയാത്ര)

*ഉമാനാഥന്റെ-—മാ നാഥന്റേയും—ഹരിഹരസംയുക്തമൂർത്തിയായ ആ നാഥന്റേയും. (ശാസ്താവിന്റെയും)

ഒന്നെഴുതിയുണ്ടാക്കുകതന്നെ എന്നു് തീരുമാനിച്ചു, പ്രസ്തുത തീരുമാനം അഥവാ അഭിവാഞ്ഛ രൂപംകൊണ്ടതാണു് ഈ തീർത്ഥാടനം. അടവിതടങ്ങളിൽക്കൂടെയുള്ള പ്രയാണപഥത്തിൽ അഭിവന്ദ്യനായ വിദ്വാൻ ടി. കെ. രാമൻമേനോന്റെ സ്നേഹദീപ്തിസാരമാംവിധം പ്രകാശംവീശി അനുഗ്രഹിച്ചിട്ടുണ്ടെന്നുള്ളതും അകൈതവമായ കൃതജ്ഞതയോടെ അനുസ്മരിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താവു്.

# ഗുരുപ്രസാദം.

തികഞ്ഞ ഈശ്വരഭക്തനും, സഹൃദയനും, അസ്സാദൃശക്ത് ഗുരുകല്പനുമായ ശ്രീ. കെ. ജനാർദ്ദനൻതമ്പാൻ (ബി. ഏ., എൽ. ടി) “ശബരിഗിരിയിലേയ്ക്കു്” എന്ന പ്രബന്ധം വായിച്ചതിനെ തുടർന്നു് എനിക്കയച്ച ഒരു ലേഖനപ്രസാദത്തിലെ വില്വദളങ്ങളാണു് സഹൃദയരും ഭക്തന്മാരുമായ ബഹുജനങ്ങളുടെ സമക്ഷം ഞാനർപ്പിക്കുന്നതു്.

(ഗ്രന്ഥകർത്താവു്)

ആരംഭത്തിൽ ഗ്രന്ഥത്തിന്റെ പേരിനെ ചൊല്ലിത്തന്നെ:—

“പരമഗുരോ ശാസ്താവേ!” എന്നോ “ശബരിഗിരിയിലേയ്ക്കു്” എന്നോ പേരിടേണ്ടതു് എന്നു ചോദിച്ചതിൽ, രണ്ടും യുക്തമാകയാൽ ഏതുവേണമെന്നു് പറയാൻ വിഷമം. രണ്ടിന്നും രണ്ടു വ്യത്യസ്ഥഭംഗികളാണു്. എങ്കിലും, “ശബരിഗിരിയിലേയ്ക്കു്” എന്നതിന്നു് അല്പം ഒതുക്കംകൂടും എന്നുതോന്നുന്നു.”

കൂടുതൽ ഗുണംതോന്നുന്ന പേരുതന്നെ സ്വീകരിക്കപ്പെട്ടു.

“ശബരിഗിരി തീർത്ഥാടന മാഹാത്മ്യങ്ങളെ ഇയ്യിടെയായി പലരും എഴുതി പ്രസിദ്ധപ്പെടുത്തീട്ടുണ്ടെങ്കിലും എത്ര എഴുതിയാലും പിന്നേയും എഴുതാവുന്ന ഒരു വിഷയമാണതെന്നു് കൊല്ലംതോറും വർദ്ധിച്ചുവരുന്ന തീർത്ഥാടക ജനസംഖ്യതന്നെ ദൃഷ്ടാന്തപ്പെടുത്തുന്നു. താങ്കളുടെ പ്രബന്ധത്തിന്നു് പ്രത്യേക വിശേഷതകൾ ഉണ്ടുതാനും.

ഇതിലെ ഉപാഖ്യാനങ്ങളും വർണ്ണനകളും സരസങ്ങളും തന്മയത്വത്തോടുകൂടിയവയുമായിട്ടുണ്ടു്. ഇതിലെ ‘ഗുരുസ്വാമി’ എന്ന പാത്രം ഒരു വാസ്തവിക ഗുരുസ്വാമിയുടെ പ്രതീരൂപമോ അതോ

താങ്കളുടെ ഒരു സ്വ കപോലസൃഷ്ടിയോ? രണ്ടായാലും വേണ്ടില്ല, ഈ പാത്രസൃഷ്ടി, പ്രബന്ധത്തിന്നു് ഒരു നട്ടനായകമായിട്ടുണ്ടു്. ഗുരുഭക്തി, വിനയം, സദാചാരാനുഷ്ഠാനമഹിമ, തുടങ്ങിയ പല നല്ല കാര്യങ്ങളും തദ്വാരാ താങ്കൾ ഉപന്യാസത്തിൽ നിബന്ധിച്ചു്, ഗ്രന്ഥത്തിന്നു് ധാർമ്മികമൂല്യം കൂട്ടീട്ടുണ്ടു്. ഭാഷ, സുഖഗതിയും ശ്രദ്ധേയവുമാണ്. ആസ്തികത കാതലായി, ഭക്തി ശ്രദ്ധകൾ സർവ്വാംഗവ്യാപകരസമായി, ഈ ശബരിഗിരിതീർത്ഥ യാത്രാവിവരണഗ്രന്ഥം കരുത്തും കമനീയതയുമാന്ന ഒരു കലാസൃഷ്ടിയായിട്ടുണ്ടു്.

ശിവനെപററിയുള്ള ഭാവനകളെല്ലാം സരസമായിട്ടുണ്ടു്. ഐതിഹ്യങ്ങളുടേയും സംസ്കാര പാരമ്പര്യങ്ങളുടേയും സ്വർണ്ണവും പട്ടുമായ ഇഴകൾ മതവിശ്വാസത്തിൻെറ തറിയിൽവെച്ചു് നെയ്തുണ്ടാക്കുന്ന ഇത്തരം പ്രബന്ധങ്ങളിലെ താദൃശമായൊരു പ്രതീകാത്മക കല്പനയ്ക്കു് ചരിത്രപരമായ വാസ്തവികതയുണ്ടോ, ശാസ്ത്രീയമായ യുക്തിയുക്തതയുണ്ടോ എന്നൊന്നും അത്രഗൗനിക്കേണ്ടതില്ല. ആ ഭാവനയിൽ ഒരു സത്യപ്രകാശനമുണ്ടോ, അതു് ഹൃദ്യമാണോ, എന്നേ നോക്കേണ്ടതുള്ളു. അതിൻവണ്ണം നോക്കുമ്പോൾ, താങ്കളുടെ ഈ കഷ്കദൈവത സ്വരൂപശിവസങ്കല്പം സ്വാരസ്യത്തോടെ ആലേഖനം ചെയ്തിട്ടുള്ളതായിതോന്നി.

ഞാൻ ഇതിന്നുമുമ്പു് ചോദിക്കുകയുണ്ടായി, താങ്കൾ ശബരിഗിരിയിലേയ്ക്കു് പോയിട്ടുണ്ടോ, ഈ വിവരണം സ്വാനുഭവ ചിത്രീകരണമോ, അതോ, കാല്പനികമായൊരു വിവരണമോ, എന്നു്. അതിന്നു് ഉത്തരം കിട്ടുകയുണ്ടായില്ല. ഭാവനയായാലും, വാസ്തവികമായാലും, കലയിൽ സത്യദീക്ഷയുണ്ടായാൽ മതി, അതു് സ്വാനുഭവപ്പെട്ടതുതന്നെയാകുമല്ലോ.''

# ശരണം.

സഹ്യാദ്രിശൃംഗസ്ഥിതസുവൎണ്ണാലയ വാസിയായി —സത്യധൎമ്മാദികളാലും വേദശാസ്ത്രാദികളാലും ദേവതാപസമുഖ്യന്മാരാലും നിഷ്ഠന്മഷരും പുണ്യാത്മാക്കളുമായ ബ്രഹ്മചാരികളാലും ഇതരഭക്തകോടികളാലും അനവരതം പരിസേവിതനായി—അഷ്ടാദശതത്വസോപാനങ്ങൾക്കുമേലെ നവരത്നഖചിതവും കോടി സൂൎയ്യപ്രകാശമാനവുമായ കാഞ്ചനസിംഹാസനോപരി ചക്രവൎത്തി—പ്രഭാവനായി—സമസ്തലോക സംരക്ഷണവിചക്ഷണനായി — കലിയുഗവരദനായി— താരക ബ്രഹ്മമൂൎത്തിയായി—പ(ഭ)ട്ട ബന്ധവും ചിന്മുദ്രയും പൂണ്ട ശബരിഗിരി അയ്യപ്പനായി—അഖിലാണ്ഡ—കോടീശ്വരനായി—വാണരുളുന്ന ഹരിഹരസുതനാനന്ദ ചിത്തനയ്യ—നയ്യപ്പസ്വാമിയേ—അസ്മൽ പരമഗുരോ—

ശരണം.

# ശബരിഗിരിയിലേയ്ക്കു്.

**ശ്രീമൽ താതപാദാരവിന്ദാഭ്യാം നമഃ**
**ശ്രീ ഗുരുഭ്യോ നമഃ**
**ഓം ശ്രീ സായിനാഥായ നമഃ**
**ഓം ശ്രീ ശബരിഗിരി ധർമ്മശാസ്താവേ**
**ശരണമയ്യപ്പാ.**

'തിരുമണങ്ങാട്ടപ്പ'ൻെറ (ശിവൻെറ) തൃച്ചേവടികളിൽ പൂജിച്ചുവാങ്ങിയ രുദ്രാക്ഷമാലകളും തുളസിമാലകളും ഗുരുസ്വാമിയുടെ കൈയിൽനിന്നു് ഭക്ത്യാദരപൂരസ്സരം സ്വീകരിച്ചു് താന്താങ്ങളുടെ കണ്ഠങ്ങളിൽ അണിഞ്ഞശേഷം ക്ഷേത്രാന്തരീക്ഷം ആകമാനം മുഖരിതമാംമാറു് 'അയ്യപ്പന്മാർ' ആവർത്തിച്ചാവർത്തിച്ചു് ശരണം വിളിച്ചു.

സ്വാമിയേ ശരണമയ്യപ്പാ
ശബരിഗിരി ശാസ്താവേ ശരണമയ്യപ്പാ
കന്നിമേൽ ഗണപതി ഭഗവാനേ ശരണമയ്യപ്പാ
അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായകനേ
ശരണമയ്യപ്പാ
അമരാധിപനേ ശരണമയ്യപ്പാ
അനാഥരക്ഷകനേ ശരണമയ്യപ്പാ
അലങ്കാരപ്രിയനേ ശരണമയ്യപ്പാ
അന്നദാനപ്രഭുവേ ശരണമയ്യപ്പാ
ആര്യൻകാവിലയ്യനേ ശരണമയ്യപ്പാ

കരിമലശാസ്താവേ ശരണമയ്യപ്പാ
കരിംപുലിവാഹനനേ ശരണമയ്യപ്പാ
കമ്മബന്ധവിമോചകനേ ശരണമയ്യപ്പാ
കപ്പൂരദീപപ്പരിമളപ്രിയനേ ശരണമയ്യപ്പാ
കലികാലപ്രത്യക്ഷദൈവമേ ശരണമയ്യപ്പാ
കല്പാന്തഭൈരവനേ ശരണമയ്യപ്പാ
കേസരിവാഹനനേ ശരണമയ്യപ്പാ
പന്തളത്തു് ശില്‍വമേ ശരണമയ്യപ്പാ
പരാല്‍പരനേ ശരണമയ്യപ്പാ
പഞ്ചശൈലാധിഷ്ഠിതനേ ശരണമയ്യപ്പാ
പതിനെട്ടാംപടിയേ ശരണമയ്യപ്പാ
പമ്പാവാസനേ ശരണമയ്യപ്പാ
പടവിരുതനിടക്കെട്ടില്‍വാഴും വാവരുസ്വാമിയേ ശരണമയ്യപ്പാ
പൊന്നമ്പലവാസനേ ശരണമയ്യപ്പാ
ഭസ്മവിഭൂഷിതനേ ശരണമയ്യപ്പാ
ഭക്തരില്‍ദാസനേ ശരണമയ്യപ്പാ
ഭൂതനാഥസ്വാമിയേ ശരണമയ്യപ്പാ
മദകരിവാഹനനേ ശരണമയ്യപ്പാ
മണികണ്ഠസ്വാമിയേ ശരണമയ്യപ്പാ
മാളികപ്പുറത്തമ്മ മഞ്ചമാതാവേ ശരണമയ്യപ്പാ
മോഹിനീസുതനേ ശരണമയ്യപ്പാ
താരകബ്രഹ്മമൂത്തിയേ ശരണമയ്യപ്പാ
എരുമേലില്‍ശാസ്താവേ ശരണമയ്യപ്പാ
നീലിമലശാസ്താവേ ശരണമയ്യപ്പാ
നീലാംബരധരനേ ശരണമയ്യപ്പാ

ചന്ദ്രാച്ച്ിതനേ ശരണമയ്യപ്പാ
ചിദാകാരനേ ശരണമയ്യപ്പാ
ചിന്മയരൂപനേ ശരണമയ്യപ്പാ
ഛുരികായുധനേ ശരണമയ്യപ്പാ
വാവരുസ്വാമിയേ ശരണമയ്യപ്പാ
വില്ലൻ വില്ലാളിവീരനേ ശരണമയ്യപ്പാ
ശത്രുസംഹാരമൂത്തിയേ ശരണമയ്യപ്പാ
ജഗദ്രക്ഷകനേ ശരണമയ്യപ്പാ
ജടാധരനേ ശരണമയ്യപ്പാ
ജ്ഞാനനിരതനേ ശരണമയ്യപ്പാ
ത്രൈലോക്യനാഥനേ ശരണമയ്യപ്പാ
സംസാരസാഗര സമുദ്ധരപണ്ഡിതനേ
ശരണമയ്യപ്പാ
സവ്വാഭീഷ്ടദായകനേ ശരണമയ്യപ്പാ
സ്വാമിയേ ശരണമയ്യപ്പാ
സകല പരിവാരസമേതൻ പൊന്നും പതി
നെട്ടാംപടി വാണരുളും ഹരിഹരസുതനാനന്ദ
ചിത്തനയ്യനയ്യപ്പസ്വാമിയേ ശരണമയ്യപ്പാ

# മാലധരിക്കൽ

ശബരിഗിരി തീത്ഥാടനത്തിന്നു് സമുദ്യുക്തരായി സ്വാമിമുദ്രയും കൃഷ്ണവസ്ത്രങ്ങളും ധരിച്ച ഭക്തന്മാരുടെ ശരണംവിളികളും പ്രാത്ഥനകളും അവസാനിച്ചപ്പോൾ അരുണദേവൻ ഉദയാദ്രിയിൽ പ്രത്യക്ഷനായി സുവണ്ണകിരണങ്ങൾ ചൊരിഞ്ഞുതുടങ്ങി. ക്ഷേത്രപരിസരങ്ങളിൽ വികസിച്ചുനില്ക്കുന്ന കുസുമകദംബങ്ങളെ

പരിചരിച്ചുകൊണ്ടു് പരിമളപ്രസാരകനായ പവമാനൻ അങ്ങെ ങ്ങും മന്ദമന്ദം വിലസി. നാനാവിധ പെരുപറവകളുടെ കളകള ശബ്ദം 'ഹരിനാമസങ്കീൎത്തന'മായി അന്തരീക്ഷത്തിൽ മാറെറാലി ക്കൊണ്ടു. പുലർവേളയിൽ ഉണൎന്നെണീററ പൂങ്കോഴികളുടെ പുഷ്ക്കലകണ്ഠസ്വനത്തോടൊപ്പം 'ശിവം ഭവതു' എന്നു് ഉച്ചത്തിൽ മുഴങ്ങുന്ന ശംഖദ്ധ്വനിയും ചേൎന്നു് ആകാശം നാദതരംഗിതമായി.

കൈലാസേശ്വരനായ ശിവശങ്കരപ്പെരുമാറം വാണരുളുന്ന ശ്രീകാശിക്കു തുല്യം മഹത്വമാൎന്ന ശബരിഗിരിയിലേക്കു തീൎത്ഥാ ടനത്തിനു പുറപ്പെടുന്ന ഭക്തന്മാർ സ്വാമിമുദ്രയണിഞ്ഞു് വ്രതാനു ഷ്ഠാനങ്ങരം ആരംഭിക്കുന്ന അന്നു് വൃശ്ചികമാസം ഒന്നാം തിയ്യ തിയും, ശനിയാഴ്ചയും, ഉത്രം നക്ഷത്രവുംകൂടെ സംയോജിച്ച പുണ്യദിനമാണു്—ധൎമ്മശാസ്താവിൻെറ അവതാരദിനം.

## ഗുരുസ്വാമി.

സാത്വികോത്തംസവും, ഈശ്വരഭക്തനും, വിദ്യാസമ്പന്ന നും, വയോവൃദ്ധനുമായ ഗുരുസ്വാമിയെ ഭക്തിപൂൎവ്വം നമസ്കരിച്ച യഥാവിധി ദക്ഷിണനൽകി, അദ്ദേഹത്തിൻെറ അനുജ്ഞയും ആശിസ്സും ആദാനം ചെയ്തശേഷമാണു് 'അയ്യപ്പന്മാർ' ഓരോരു ത്തരും സ്വാമിമുദ്രയും കൃഷ്ണവസ്ത്രങ്ങളും താന്താങ്ങളുടെ മെയ്യിലണി ഞ്ഞതു്. മാലധരിക്കുമ്പോരം, "മനസാ വാചാ കൎമ്മണാ ചെയ്തു പോയിട്ടുള്ള സകല പിഴകളും പൊറുത്തു് സ്വാമിയുടെ അനുഗ്ര ഹമുണ്ടായി മലചവുട്ടിവന്നു് പതിനെട്ടാംപടികയറി തൃപ്പാദം കണ്ടുവന്ദിച്ചു് ദൎശനഫലം ലഭിച്ചു് സസുഖം മടങ്ങി എത്തുവാൻ അനുഗ്രഹിക്കേണമേ" എന്നു് ധ്യാനിക്കുകയും ചെയ്തു.

അറുപതിലേറെ വയസ്സുചെന്ന ഗുരുസ്വാമി ഒരു നൈഷ്ഠിക ബ്രഹ്മചാരിയും, ശബരിഗിരി ശാസ്താവിൽ അചഞ്ചലമായിഭക്തി

ഉറംക്കൊള്ളുന്ന വ്യക്തിയും ആകുന്നു. ഇതിന്നിടയിൽ, അമ്പ ത്തൊന്നുതവണ മകരവിളക്കിന്നു് ശബരിഗിരിയിലെത്തി ഭഗവ ദ്ദർശനം സാധിച്ചിട്ടുള്ള സുകൃതിയാണു് അദ്ദേഹം. വലിയ ജന സമ്മതനായ ഒരു ഭക്തന്റെ ഏകസന്താനവുമാണു്. അയ്യപ്പ ഭക്തന്മാരേവക്കും ശ്രേഷ്ഠഗുരുവെപ്പോലെ സ്വീകാര്യനായ ആ വൃദ്ധപിതാവൊന്നിച്ചു്, അയ്യപ്പൻ എന്നു പേരായ പുത്രൻ ചെറു പ്പന്നേ തുടങ്ങി ശബരിഗിരി സന്ദർശനം. ബാല്യത്തിൽതന്നെ ഹൃദയത്തിൽ കുരുത്ത ശബരിഗിരീശഭക്തി, പ്രായവും ലോകപരി ചയവും ജ്ഞാനവും വദ്ധിച്ചതോടൊപ്പം പെരുകിത്തെഴുക്കുകയും ഒരുത്തമഗുരുസ്വാമിക്കുണ്ടായിരിക്കേണ്ടുന്ന മാതൃകാഗുണസമ്പത്തു കളെല്ലാം ഒത്തിണങ്ങിച്ചേരുകയും ചെയ്തു് സമസ്തജനങ്ങളാലും സമാദൃതനായിഭവിച്ചു അദ്ദേഹം. കൈയ്യിലെപ്പോഴും കൊണ്ടു നടക്കാറുള്ള ചൂരൽവടിയിൽ തന്റെ ശബരിഗിരി തീത്ഥാടന സംഖ്യയെ അനുസ്മരിപ്പിക്കാനുതകുമാറു്, അത്രയും എണ്ണം വെ ള്ളിച്ചുറുകരം കാണാം. ഭക്തിവിശ്വാസങ്ങളോടെ താരകബ്രഹ്മ മൂത്തിയായ ഭഗവാനെ ആവാഹിച്ചു് കുടിയിരുത്തിയിട്ടുള്ള രജത ബന്ധങ്ങളാൽ ശോഭിക്കുന്ന ആ വിശിഷ്ടദണ്ഡം കൈയിലുള്ളേ ടത്തോളം കാലം തനിക്കു് മഹാരോഗങ്ങളിൽനിന്നോ ക്രൂരജന്തു ക്കളിൽനിന്നോ യാതൊരുവിധ പീഡകളും ഉണ്ടാവില്ലെന്നു മാത്ര മല്ല, ശരീരത്തിന്നും മനസ്സിന്നും കഷ്ടമുളവാക്കുന്ന ആപത്തുകളോ സങ്കടങ്ങളോ സംഭവിക്കില്ലെന്നും അദ്ദേഹം സുദൃഢം വിശ്വസി ക്കുന്നു. അത്യത്ഭുതകരങ്ങളായ സിദ്ധികരം ഒന്നും സ്വാമിക്കില്ലെ ന്നിരിക്കിലും, അദ്ദേഹത്തിന്നു് അയ്യപ്പനിലുള്ള അസാമാന്യഭക്തി വിശേഷത്തിന്റെ ഫലമായി ഈശ്വരപ്രസാദം ധാരാളം സംസി ദ്ധമാകുന്നു. തന്മൂലം, ആത്ത്രാണപരായണനായ ഭഗവാനെ സ്മരിച്ചുകൊണ്ടു് ഗുരുസ്വാമി ഭസ്മംകൊടുക്കുകയോ, തന്റെ യോ ഗദണ്ഡം തൊട്ടുഴിയുകയോ ചെയ്താൽ, ശുദ്ധാത്മാക്കളും പാവപ്പെ ട്ടവരുമായ ആതുരന്മാരുടെ ചില്ലറരോഗങ്ങളും ഭൂതപ്രേതപിശാ ചാദി ബാധകളും അതുപോലെത്തന്നെ മററു വിനകളും വിട്ടകന്നു പോകും. സ്വാമി ഒരെളിയ ആര്യവൈദ്യൻകൂടെയാണു്.

ഗുരുസ്വാമിയുടെ സ്വഭാവഗുണങ്ങളിൽ ഏററവും പ്രധാന മായിട്ടുള്ളതു് അനഹങ്കാരവും വിനയശീലവുമാകുന്നു. സത്യം, മര്യാദ, ഭൂതാനുകമ്പ തുടങ്ങിയ എല്ലാ ശ്രേഷ്ഠഗുണങ്ങൾക്കും അദ്ദേഹം വിളനിലമാകുന്നു. സാധുക്കളിൽ ദയയും, കഷ്ടപ്പെടുന്നവരെ സഹായിക്കാനുള്ള ശ്രദ്ധയും കാരണം അദ്ദേഹത്തെ അറിയുന്ന എല്ലാ ജനങ്ങൾക്കും അദ്ദേഹം ബഹുമാന്യനും സ്നേഹപാത്രവുമാണ്. ഉയർന്നജാതിയിൽ ജനിച്ചവനൊന്നുമല്ലെങ്കിലും സ്വന്തം കർമ്മങ്ങൾകൊണ്ടു് ആ ഭക്താഗ്രേസരൻ വൈശിഷ്ട്യം നേടിയിരിക്കുന്നു. വേദങ്ങൾ ഉപനിഷത്തുകൾ തുടങ്ങിയ മഹാവേദാന്ത ഗ്രന്ഥങ്ങളും ശാസ്ത്രങ്ങളും ഒന്നും നിഷ്കർഷിച്ച് പഠിച്ചിട്ടില്ലെന്നിരിക്കിലും, ഹിന്ദുമതത്തെ സംബന്ധിച്ചും അതുപോലെത്തന്നെ ഇതരമതങ്ങളെ സംബന്ധിച്ചുമുള്ള നിരവധി വിശിഷ്ടഗ്രന്ഥങ്ങളും, പുരാണങ്ങൾ ഇതിഹാസങ്ങൾ എന്നിവയും വായിച്ച് മനസ്സിലാക്കിട്ടുള്ളതിൽനിന്നും ലോകപരിചയത്തിൽനിന്നും അദ്ദേഹത്തിന്നു സാമാന്യമായി എല്ലാ സംഗതികളെക്കുറിച്ചും സാരമായ പരിജ്ഞാനവും സ്ഥിരമായ അഭിപ്രായവുമുണ്ടു്. എടുത്തുചാട്ടപ്രകൃതം ഇല്ലാത്തതിനാൽ, അവധാനപൂർവ്വം ആലോചിച്ചേ അദ്ദേഹം ഏതു പ്രവൃത്തിയും ചെയ്യൂ.

നൂൽ നൂല്ക്കുക, ചൂടി പിരിക്കുക, ചൂടികൊണ്ടു് പായ തടുക്ക് മുതലായവ നെയ്തുണ്ടാക്കുക ആദിയായ തൊഴിലുകളിൽനിന്നും വൈദ്യവൃത്തിയിൽനിന്നും കിട്ടുന്ന ചുരുങ്ങിയ വരുമാനംകൊണ്ടു് അദ്ദേഹം തൻേറയും വൃദ്ധരും അവശരുമായ മാതാപിതാക്കളുടേയും നിത്യവൃത്തി കഴിച്ചുപോന്നു. ആ നിത്യതൃപ്തന്നു് അനാവശ്യമായ ആഡംബരജീവിതമോ, അതിനെച്ചൊല്ലിയുള്ള അത്യാഗ്രഹങ്ങളോ ഒന്നുമില്ല. ആണ്ടുതോറും ശബരിമലയ്ക്കുപോയി സ്വാമിദർശനംകഴിക്കുന്ന വിഷയത്തിൽ സാധാരണയിൽ കവിഞ്ഞ ചെലവുകൾ പററീയിരുന്നു. ദേശത്തിലും ചുററു പ്രദേശങ്ങളിലുമുള്ള തീർത്ഥാടനേച്ഛുക്കളായ ഭക്തന്മാർക്ക് ഗുരുസ്വാമിയായി വർത്തിച്ചു അവരോരോരുത്തർക്കും വേണ്ടുന്ന എല്ലാവിധ നിർദ്ദേശങ്ങളും സ

ഹായങ്ങളും ചെയ്തുകൊടുത്ത് അവരെ മലകയററി സ്വാമിദർശനം കഴിപ്പിച്ച് കൂട്ടിക്കൊണ്ടുവരുന്നവകയ്ക്ക് ഗുരുദക്ഷിണയായി കിട്ടുന്ന സംഖ്യകൊണ്ട് ഈശ്വരപരമായ തൻെറ മേൽപ്പടി ചെലവുകൾ നിർവ്വഹിക്കപ്പെട്ടിരുന്നു. അതിനാൽ ആവക കാര്യങ്ങളിലും അദ്ദേഹത്തിന്നു ക്ലേശിക്കേണ്ടിവന്നില്ല. ശിഷ്യന്മാരായ ഭക്തന്മാർ സ്വമനസ്സാലെ നല്കുന്ന ദക്ഷിണകൾ ഈശ്വരദത്തമായി കരുതി സ്വീകരിച്ച് തൃപ്തിപ്പെടുകയും ആവക തുകകളെ ഈശ്വരാർപ്പണമായിത്തന്നെ ചെലവഴിക്കുകയുമല്ലാതെ മററുപല 'പഴമ'ക്കാരായ ഗുരുസ്വാമിമാരേയുംപോലെ തന്നോടൊന്നിച്ചുപോരുന്ന 'കന്നിക്കാ'രേയും രണ്ടാംപേരുകാർ, മൂന്നാംപേരുകാർ തുടങ്ങിയ മററു ശിഷ്യന്മാരേയും ദ്രോഹിച്ചും ഹേമിച്ചും പണംനേടി തൻകാര്യംനോക്കാൻ അദ്ദേഹം ഒരിക്കലും മുതിർന്നിട്ടില്ല. തൻെറ സഹായംകൊണ്ടും സാഹചര്യംകൊണ്ടും സ്വാമിഭക്തന്മാരായ തീർത്ഥാടനക്കാർക്ക് ആത്മീയമായ ഉത്തമനേട്ടങ്ങളും തൽഫലമായി അവരുടെ ജീവിതത്തിൽ സമൃദ്ധിയും സന്തുഷ്ടിയും ഉണ്ടായിക്കാണുന്നതിലാണ് സ്വാമി ആനന്ദം കാണുന്നതും കൊള്ളുന്നതും.

ഭക്തോത്തംസമായ പിതാവിനോടും സാദ്ധ്വിയും സൽസ്വഭാവിനിയുമായ മാതാവിനോടും പുത്രനുള്ള ഭക്ത്യാദരങ്ങൾ അന്യാദൃശമാണ്. കണ്ണുകൊണ്ട് കാണാവുന്ന ദൈവങ്ങളായാണ് അദ്ദേഹം അവരെ കരുതിവരുന്നത്. ഉപജീവനത്തിന്നുവേണ്ടിയുള്ള പ്രവൃത്തികളിൽ വ്യാപൃതനായിരിക്കുമ്പോൾ അവയിൽ പരിപൂർണ്ണവും സുസ്ഥിരവുമായ ശ്രദ്ധയും ബുദ്ധിയും സത്യസന്ധതയും പാലിച്ചുപോന്നു. അതിയായ ലാഭത്തിൽ ഇച്ഛയോ സ്വാതന്ത്ര്യമോ കാണിച്ചിരുന്നില്ല. പരദ്രോഹവും പരാശ്രയവുംകൂടാതെ ഉപജീവനം കഴിക്കാൻവേണ്ടി മാത്രം ധനമാർജ്ജിക്കാനുള്ള യത്നമാണ് അദ്ദേഹത്തിൻേറതു്. ജോലികഴിച്ച് മററുസമയങ്ങൾ മാതാപിതാക്കളുടെ ശുശ്രൂഷണത്തിലും ഈശ്വരഭജനത്തിലും വിനിയോഗിക്കുകയല്ലാതെ അനാവശ്യവിഷയങ്ങളിൽ ചെലുത്തിയിരുന്നില്ല.

"നിസ്വാത്ഥം നിജകമ്മം,
നിയതം മാതാപിതാക്കൾ തദ്ദൈവം,
നിഖിലമവക്ക്പ്പിത, മീ-
നിലയിലൊരാൾക്കെന്തു ഹന്ത! ഭവബന്ധം."
(വരകവി, കനകത്തു് പദ്മനാഭമേനോൻ)

എന്ന നിലയ്ക്കുള്ള ഒരു യഥാത്ഥകമ്മയോഗിയാകുന്നു. ആ മഹാൻ.

അയ്യപ്പഗുരുസ്വാമിയുടെ ഉപദേശങ്ങൾക്കിണങ്ങി നോൽമ്പുകാലത്തെ താമസത്തിന്നായി പ്രത്യേകം കെട്ടിയുണ്ടാക്കപ്പെട്ടന്ന ആശ്രമത്തിൽ അദ്ദേഹമൊന്നിച്ചു് താമസിച്ചു് മണ്ഡലകാലത്തെ വ്രതങ്ങൾ ആചരിച്ചു് മലകയറി മകരസംക്രമത്തിന്നാൾ സ്വാമിദശ്നം കഴിച്ചുവരാൻ സാധിക്കുന്നതു് ഒരു മഹാഭാഗ്യമായിക്കരുതുന്ന നിരവധിജനങ്ങൾ ആ പ്രദേശത്തുണ്ടു്. അദ്ദേഹത്തെ, ലോകരക്ഷാത്ഥം ശബരിഗിരിയിൽ വാണരുളുന്ന സാക്ഷാൽ അയ്യപ്പസ്വാമിയുടെ പ്രതീകമായി ഗണിച്ചാദരിക്കുന്നവരാണു് അവരെല്ലാം.

ഈശ്വരവിശ്വാസികളായ സജ്ജനങ്ങൾ ഗുരുനാഥനെ അഖിലാണ്ഡേശ്വരസ്വരൂപനായി ഭാവിച്ചാണു് ദശിക്കുക പതിവു്.

"ഗുരുഃ ബ്രഹ്മാ ഗുരുർവിഷ്ണുഃ
ഗുരുർ ദേവോ മഹേശ്വരഃ
ഗുരുഃ സാക്ഷാൽ പരംബ്രഹ്മ
തസ്മൈ ശ്രീ ഗുരവേ നമഃ" എന്നിങ്ങനെ മനസ്സിൽ

അജ്ഞാനാന്ധകാരമകററി വിജ്ഞാനപ്രകാശം പരത്തുന്ന ഭാസ്വാനാണു് ഗുരു. ഗുരുവിൻെറ ഉപദേശംകൂടാതെ ചെയ്യുന്ന കമ്മ

ങ്ങൾകൊന്നും പൂർണ്ണത്വം ഉണ്ടാകുന്നതല്ല. മനുഷ്യന്നു് ഇഹത്തിലേയും പരത്തിലേയും എല്ലാവിധനന്മകൾക്കും ആന്തരമായ ഹേതു ഈശ്വരപ്രതിമനായ സദ്ഗുരുവാണെന്നതിൽ സന്ദേഹമില്ല.

ഈശ്വരൻ ഉണ്ടെന്നുള്ള തത്വത്തെകുറിച്ചു് സംശയാതീതമായി ബോധിപ്പിക്കുന്നതു് ഗരിഷ്ഠനായ ഗുരുവാകുന്നു. അങ്ങനെയുള്ള ഗുരുവിൻെറ മഹിമ അചിന്ത്യമാണെന്നു് പറയേണ്ടതില്ലല്ലോ. ഗുരുഗീതയിൽ ഗുരുവിൻെറ ഗരിമാവിശേഷത്തെപററി പ്രസ്താവിച്ചിട്ടുള്ളതു് ഇങ്ങനെയാണു്.

"ശിവേ രുഷ്ടേ ഗുരു സ്ത്രാതാ
ഗുരൗ രുഷ്ടേ ന കശ്ചന"

ശിവൻ കോപിച്ചാൽ രക്ഷാമാർഗ്ഗം കാട്ടിത്തരാൻ ഗുരുവിനു കഴിയും. എന്നാൽ, ഗുരു കോപിച്ചാലോ, പോംവഴി കാട്ടിത്തരാനാരുണ്ടു്? എന്നു സാരം. അങ്ങനെയുള്ള സദ്ഗുരുവെ ലഭിക്കാൻ ഈശ്വരാനുകൂല്യം തികച്ചും ഉണ്ടാവുകതന്നെവേണം.

"ഒററയ്ക്കു തോണി കരപററുമതിപ്രയത്നാൽ
തെററാതെ കപ്പൽ പല തോണികളെക്കരേററും"

(വരകവി)

അതുപോലെ, മുൻജന്മാർജ്ജിതപുണ്യങ്ങളുടെ ഫലമായി മുമുക്ഷുവായ വ്യക്തി സംസാരസാഗരത്തിൻെറ മറുകരപററാൻ ഒററയ്ക്കു നീന്തി ശ്രമിക്കുമായിരിക്കാം. അയാളുടെ ശക്തിക്കനുസരിച്ചു് (നേട്ടങ്ങൾക്കനുസരിച്ചു്) അയാൾക്കു് സാധിച്ചു എന്നും വരാം. എന്നാൽ സദ്ഗുരു അങ്ങനത്തെ എത്രയോ തിതീർഷുക്കളെ ഒന്നിച്ചു് അക്കരെയെത്തിക്കാൻ കെല്പുള്ള മഹാനൗകയാണു്.

## വ്രതചര്യ.

ഗുരുസ്വാമിയുടെ ആശ്രമത്തിൽ ശബരിഗിരിയിലെന്നപോലെ, ധർമ്മശാസ്താ, ഗണപതി, മാളികപ്പുറത്തമ്മ, മലനടഭഗവതി, ധർമ്മദൈവങ്ങൾ, കറുപ്പസ്വാമി, കടുത്തസ്വാമി, വാവരുസ്വാമി, ഉടുമ്പാറമല, തലപ്പാറമല, പതിനെട്ടാംപടി, ആഴി എന്നീ സ്ഥാനങ്ങൾ സങ്കല്പിച്ച്, പ്രഭാതകാലത്തും പ്രദോഷവേളയിലും വിധിപൂർവ്വകപൂജയും പ്രാർത്ഥനകളും, കൂട്ടംചേർന്ന ശരണം വിളികളും നടത്തിയിരുന്നു. അഷ്ടോത്തര ശതനാമാവലി, സഹസ്രനാമം, മററുസ്തോത്രങ്ങൾ ആദിയായവ കീർത്തനം ചെയ്യുകയും ഉടുക്കുകൾകൊട്ടി പാടുകയും പതിവാണ്. മാലയിട്ട 'അയ്യപ്പന്മാർ' എല്ലാരും ആശ്രമത്തിൽതന്നെ പാർത്താണ് വ്രതകാലം കഴിയുന്നതുവരേയുള്ള നിത്യാനുഷ്ഠാനങ്ങൾ ആചരിക്കുന്നതു്. 'അയ്യപ്പന്മാർ' സദാ ഈശ്വരസ്മരണൈക നിരതരായി ആശ്രിതവത്സലനും ചിദാനന്ദമൂർത്തിയുമായ ശാസ്താവിൻെറ അത്ഭുതങ്ങൾ നിറഞ്ഞ കഥകൾ പറഞ്ഞും പാടിയും കേട്ടും ചിന്തിച്ചുംകൊണ്ടു് നിർവൃതി സൗഖ്യമനുഭവിച്ച് നാളുകൾ പോകുമ്പോൾ ഇടക്കിടയ്ക്കു, ഗുരുസ്വാമി സരസങ്ങളും സാരസമ്പന്നങ്ങളുമായ പ്രസംഗങ്ങൾ ചെയ്യും.

ആദ്യത്തെദിവസം വൈകുന്നേരത്തെ പൂജയും ശരണംവിളികളും ഒക്കെ കഴിഞ്ഞതിൽപിന്നെ സ്വാമി ഒരു പുലിത്തോൽ വിരിച്ച് അതിൽ ചെന്നിരുന്നു. അകംനിറഞ്ഞ ഭക്തിയോടുകൂടി 'അയ്യപ്പന്മാർ' എല്ലാരും തൊഴുകൈയോടെ ചുററും സ്ഥാനമുറപ്പിച്ചപ്പോൾ അദ്ദേഹം ആരംഭിച്ചു:

"സ്വാമി ശരണം. ദുഷ്ടന്മാരെ ശിക്ഷിച്ച് ശിഷ്ടന്മാരെ രക്ഷിക്കാൻവേണ്ടി ഹരിഹരസുതനായി ചിൽസ്വരൂപമായ താരകബ്രഹ്മമായി അവതരിച്ച് പൊന്നമ്പലവാസിയായരുളുന്ന ഭഗവാൻെറ പുണ്യവിഗ്രഹവർണ്ണനാഗീതം നമുക്കൊന്നിച്ചു പാടി ആനന്ദിക്കാം. സ്വാമി ശരണം."

"ധന്യരത്നങ്ങൾ ചേൎന്നു മനോജ്ഞമായ്
മിന്നിമിന്നിത്തിളങ്ങും കിരീടവും
സാന്ദ്രശോഭം വിളങ്ങീടും പഞ്ചമി-
ച്ചന്ദ്രനഞ്ചുന്ന ഫാലപ്രദേശവും
നീണ്ടിരുണ്ടു ചുരുണ്ട കാർകൊണ്ടലി-
ന്നിണ്ടൽനൽകുന്ന ചാരുകേശങ്ങളും
ഇജ്ജഗത്തൊക്കെ സൃഷ്ടിച്ചു രക്ഷിപ്പാൻ
കെൽപുകൂട്ടുന്ന ചില്ലീവിലാസവും
കാരുണ്യാമൃതപൂരം തുളുമ്പുന്ന
സാരസദള നേത്രയുഗളവും
ചാരുനാസികാ ശോഭയും കുണ്ഡല-
ഷണ്ഡമണ്ഡിത ഗണ്ഡസ്ഥലങ്ങളും
സാന്ദ്രശീതളമായ നിലാവൊത്ത
മന്ദഹാസ മധുരമുഖാബ്ജവും
നവ്യഹാരഗണങ്ങൾ വിളങ്ങിടും
ദിവ്യമായുള്ള കണ്ഠപ്രദേശവും
കൌസ്തുഭശ്രീ വിളങ്ങും തിരുമാറി-
ലൊത്തുചേൎന്നുള്ള യജ്ഞോപവീതവും
ശംഖു ചക്രം ക്ഷുരികാ ശൂലം ചാപം
ബാണം നൽഖഡ്ഗ ചൎമ്മങ്ങളിങ്ങനെ
എട്ടു ദിവ്യായുധങ്ങൾ ശോഭിച്ചിടും
ഒട്ടുനീണ്ടുള്ളൊരഷ്ടബാഹുക്കളും
നീലപ്പൂഞ്ചേല തന്നുടെ കാന്തിയി-
ലോളംതല്ലുന്ന പാദാംബുജങ്ങളും

കണ്ടുകണ്ടു വണങ്ങുന്നോൻ ഭക്തിയി-
ലാണ്ടു ചിന്തിത ചിന്താമണേ! സദാ" *

ഭൂതേശകല്പമഞ്ജരി—വിദ്വാൻ
കുറമല്ലൂർ നാരായണപിള്ള, ഭഗവൽ ഭക്തോത്തംസം.

സൂര്യോദയത്തിന്നു മുമ്പായി ആററിൽകുളി, ക്ഷേത്രദശ്നം, ശാസ്ത്രപൂജ, ശരണംവിളി, ജപം, സ്തോത്രാലാപം, ഗുരുവന്ദനം തുടങ്ങിയ ദിനചര്യകളും, അതിഥിപൂജ, സാധുസേവനം, അന്നദാനം മുതലായ ധമ്മങ്ങളും, സദ്ഗ്രന്ഥപാരായണം ഈശ്വരകഥാശ്രവണം എന്നിങ്ങനെ വ്രതകാലത്തു് അവശ്യം അനുഷ്ഠിക്കേണ്ടുന്ന നിയമങ്ങൾക്കൊന്നും അണുപോലും പിഴവരുത്താതെ കണ്ടുള്ള ആ ഒരു മണ്ഡലക്കാലത്തെ ജീവിതം ശരിക്കും ഒരു തപസ്യതന്നെയാണു്.

മലയ്ക്കുപോവാൻ ഉദ്ദേശിച്ചു മാലധരിച്ചു് നോൽമ്പുനോററിരിക്കുന്ന 'അയ്യപ്പന്മാർ' നിർബ്ബന്ധപൂവ്വം അനുഷ്ഠിക്കേണ്ടുന്ന നിയമങ്ങളെക്കുറിച്ചെല്ലാം ഗുരുസ്വാമി 'അയ്യപ്പന്മാ'ക്കു് വിശദമായി ഉപദേശിച്ചുകൊടുക്കുകയും അവ പരിപാലിക്കുന്നതിൽ യാതൊരുവിധ വിട്ടുവീഴ്ചകൾക്കും ഇടവരാതെ കഴിക്കാൻ നിഷ്കർഷിക്കുകയുംചെയ്യു. നിയമാനുഷ്ഠാനങ്ങളിൽ വല്ലവിധേനയും പിഴ പററിപ്പോയാൽ ആ 'അയ്യപ്പൻ' അതു് സ്വയം ഏററുപറഞ്ഞു് ആത്മാത്ഥമായി പശ്ചാത്തപിച്ചു് പഞ്ചഗവ്യാദികൾകൊണ്ടു് ശുദ്ധിവരുത്തി കുളിച്ചു് 101 ആവത്തി ശരണംവിളിച്ചു പ്രായശ്ചിത്തം ആചരിച്ചേ തീരൂ; എങ്കിലും, കന്നിക്കാരും മററുമായ 'അയ്യപ്പന്മാ'രുടെ മേൽ തങ്ങൾക്കുള്ള അധീശത്വം അനിഷേധ്യമാണെന്നു് കരുതുന്ന മുരട്ടുബുദ്ധികളും അധൃഷ്യന്മാരുമായ വേറെ ചില ഗുരുസ്വാമിമാരെപ്പോലെ പാവപ്പെട്ട ഭക്തന്മാരെ

* ഗ്രന്ഥകത്താവിനോടു് ക്ഷമാപണസഹിതം എടുത്തുചേത്തതു്.

പീഡിപ്പിക്കാൻ ഈ അയ്യപ്പഗുരുസ്വാമി തയ്യാറല്ല. അറിഞ്ഞോ അറിയാതെയോ അപരാധങ്ങറം ചെയ്യാനിടവന്ന 'അയ്യപ്പന്മാർ' സ്വമേധയാ കുററം സമ്മതിച്ച് പ്രായശ്ചിത്തങ്ങറം ആചരിക്കുകയാണ് പതിവു്; അല്ലാതെ, ഗുരുസ്വാമി വേറെ വല്ലവിധത്തിലും അതു മനസ്സിലാക്കി ശിക്ഷകല്പിക്കുകയും നടത്തിക്കുകയുമല്ല. അപരാധങ്ങറംക്കാളായ 'അയ്യപ്പൻ' ആചരിക്കേണ്ടുന്ന സാധാരണ ശിക്ഷാവിധികളെക്കുറിച്ച് സ്വാമി ആദ്യംതന്നെ എല്ലാരേയും പറഞ്ഞുധരിപ്പിച്ചിട്ടുണ്ടു്. അതിലൊന്നും ആക്കും ഒരുവിധ പ്രതിഷേധവുമില്ല. സവ്വത്ര ആത്മാത്ഥത മുററിത്തഴച്ചുനില്ക്കുകയാണ്. കളിയായിട്ടുപ്പോലും കളവുപറയുകയോ പ്രവത്തിക്കുകയോ, അതുപോലെ ചെയ്യരുതെന്നു വിലക്കപ്പെട്ടിട്ടുള്ള കാര്യങ്ങറം എന്തെങ്കിലും അനുഷ്ഠിക്കുകയോ അനാവശ്യവിഷയങ്ങളിൽ തലയിടുക എന്നല്ല ശ്രദ്ധിക്കുകപോലും ചെയ്യുയോ ഒന്നുമില്ല.

## ബ്രഹ്മചര്യം.

നോൽമ്പുകാലത്തു് അനുഷ്ഠിക്കേണ്ടുന്ന മററുപല നിബന്ധനകളിലുംവെച്ച് ഏററവും പ്രധാനമായതു് ബ്രഹ്മചര്യമാണ്. ശബരിഗിരി തീത്ഥാടനത്തിന്നെല്ല, ആധ്യാത്മികവും ദൈവികവുമായ ഏതുദ്ദേശത്തോടുകൂടിയ വ്രതചര്യയുടേയും പ്രധാനഘടകം ബ്രഹ്മചര്യമാകുന്നു. ബ്രഹ്മലാഭത്തിനുള്ള അനുഷ്ഠാനം എന്നാണ് ബ്രഹ്മചര്യ എന്ന പദത്തിനുതന്നെ അത്ഥം. ഏതു വ്രതചര്യയാവട്ടെ, യോഗാഭ്യാസമാവട്ടെ, അനുഷ്ഠിക്കുന്ന ആളുടെ ശരീരത്തിന്നു് പരിപൂണ്ണ ആരോഗ്യം ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണല്ലോ. ശരിയായ ആരോഗ്യമില്ലാത്ത മനുഷ്യന്ന് ഏതുകാര്യവും വേണ്ടുംവണ്ണം നിവ്വഹിപ്പാൻ സാദ്ധ്യമല്ല. വിശേഷിച്ചും, ക്ലേശബഹുലങ്ങളായ കാര്യ്യങ്ങറംനടത്താൻ ആരോഗ്യപൂണ്ണമായ ശരീരംകൂടിയേ കഴിയൂ. അരോഗദൃഢഗാത്രത്തിന്നു മാത്രമേ ബ്രഹ്മ

ത്തായ മാനസവൃത്തിയിൽ പരിശോഭിക്കാനാവൂ. ശരീരത്തിൻെറ ജീവപ്രധാനമായ ശുക്ലധാതുവിന്നു ക്ഷയം സംഭവിക്കാതെ സംരക്ഷിക്കുകയാണ് നിഷ്ഠയോടനുഷ്ഠിക്കപ്പെടുന്ന ബ്രഹ്മചര്യംകൊണ്ടു സാധിക്കുന്നതു്. സൃഷ്ടിശക്തിയുള്ളതും അതിപ്രധാനവുമായ വീര്യത്തെ ശരീരത്തിൽ സംഭരിച്ചു് നിലനിൎത്തുന്നതിൽ ഒരു വ്യക്തി എത്രത്തോളം വിജയിക്കുന്നുവോ അത്രത്തോളം ദുഷ്കരകൃത്യങ്ങൾ ലഘുവായി നിൎവ്വഹിക്കാൻ അയാൾ സമൎത്ഥനായിത്തീരുന്നു. നൈഷ്ഠികബ്രഹ്മചാരികളും യോഗീശ്വരന്മാരുമായ ഹനുമാൻ, പരശുരാമൻ, ഭീഷ്മൻ, തുടങ്ങിയ പുരാണ കഥാപാത്രങ്ങളുടെ ബലവീര്യപരാക്രമങ്ങളും അത്ഭുതകൃത്യങ്ങളും നിഷ്കൃഷ്ടമായ ബ്രഹ്മചര്യത്തിൻെറ പരിണതഫലങ്ങളാകുന്നു.

ശരിയായ രീതിയിലുള്ള ബ്രഹ്മചര്യാനുഷ്ഠാനംകൊണ്ടു് ശരീരത്തിൻെറ ആരോഗ്യം ഭദ്രമാക്കുക മാത്രമല്ല, പ്രത്യുത, ബുദ്ധിയുടേയും ആയുസ്സിൻെറ തന്നേയും സംരക്ഷണവും സാധിക്കുന്നു. തദ്വാരാ, സൎവ്വവിധ ശ്രേയസ്സുകൾക്കും വഴിതെളിയിക്കുവാനും കഴിയുന്നു. ചുരുക്കത്തിൽ, ഉത്തമമായ ബ്രഹ്മചര്യത്തിൻെറ മഹിമാവിശേഷം അവൎണ്ണനീയമെന്നേ പറയാവൂ. ശബരിഗിരി തീൎത്ഥയാത്രയ്ക്കു പുറപ്പെടുന്ന ഭക്തൻ ബ്രഹ്മചര്യം തെററാതനുഷ്ഠിച്ചു ശരീരത്തിൽ ഓജസ്സും തേജസ്സും നിലനിൎത്തി ആരോഗ്യവാനായിരിക്കേണ്ടതിൻെറ പ്രത്യേക ആവശ്യകത വ്യക്തമാണ്. വളരെ വിഷമംപിടിച്ച ഒന്നാണ് ശബരിഗിരി തീൎത്ഥാടനം. ഭയങ്കരങ്ങളും ദുൎഗ്ഗമങ്ങളുമായ വനാന്തരങ്ങളിലെ അത്യുന്നതങ്ങളായ ഗിരിനിരകൾ കയറിയും ഇറങ്ങിയുംകൊണ്ടു്, കൊടിയ മഞ്ഞും തണുപ്പും, ചിലപ്പോൾ അതികഠിനമായ കാററും മഴയും, സഹിച്ചുകൊണ്ടും കാട്ടരുവികളിലേയും നദികളിലേയും ജലത്തിൽ കുളിച്ചും അതുതന്നെ കുടിച്ചും, വേണ്ടുംവണ്ണമുള്ള ആഹാരം, വിശ്രമം, നിദ്ര എന്നിവകൂടാതെ കണ്ടും വേണം അത്രയും ദൂരം നടന്നുചെല്ലാൻ. അനാരോഗ്യവാനായ ഒരാൾക്കു് അതത്ര സുകരമല്ല.

ബ്രഹ്മചര്യാചരണം ബുദ്ധിശക്തിക്കും ഗുണദായകമാണെന്നു പറഞ്ഞുവല്ലോ. മനസ്സിൻെറ സുസ്ഥിരവും ഏകാഗ്രവുമായ പ്രവൎത്തനത്തിന്നും അതു് സഹായകമാകുന്നു. കരുണാസിന്ധുവും ലോകനിയന്താവുമായ താരകബ്രഹ്മമൂൎത്തിയെ സ്മരിക്കുന്ന ഹൃദയത്തിൽ പ്രാകൃതങ്ങളും ഇന്ദ്രിയ സുഖലോലുപങ്ങളുമായ വിചാരവികാരങ്ങൾക്കു് സ്ഥാനമനുവദിച്ചുകൂടാ. തുച്ഛങ്ങളും ദുഃഖകാരണങ്ങളുമായ വിഷയസുഖങ്ങളിൽ സക്തിയോടുകൂടിയ പുരുഷൻെറ ബുദ്ധിയും മനസ്സും സത്യമായ പരമാത്മഭക്തിയിൽ ലയിക്കുകയില്ല. അങ്ങനത്തെ അസ്ഥിരചിത്തൻ അനുഷ്ഠിക്കുന്ന തീൎത്ഥാടനം ഈശ്വരഭജനം തുടങ്ങിയ പുണ്യകൎമ്മങ്ങൾ അപൂൎണ്ണങ്ങളും നിഷ്പ്രയോജനങ്ങളുമായിരിക്കും; എന്നല്ല, പലപ്പോഴും ദോഷകാരകങ്ങളുമാകും. ഇന്ദ്രിയവികാരം ജനിപ്പിക്കാനിടയാകുന്ന വിഷയങ്ങളിലെല്ലാം വ്രതി വിമുഖനായിരിക്കണം. അസാമാന്യ മനഃസ്ഥൈൎയ്യവും വിഷയവിരക്തിയും ചേൎന്ന മഹാത്മാരെപ്പോലും ചഞ്ചലമനസ്കരാക്കി അധഃപതിപ്പിക്കാനും അവരുടെ ഉഗ്രങ്ങളായ തപശ്ചര്യകൾക്കു് ഭംഗം വരുത്താനും തക്ക കരുത്തുററ ദുർഭഗസൃഷ്ടിയും ദാരുണശക്തിയുമാണു് മൈഥുനവിഷയകമായ കാമം—സ്ത്രീക്കും പുരുഷനും. അവ്വിധമുള്ള വിഷയാസക്തിയിൽനിന്നു് വിനിൎമ്മുക്തനാവാൻ കെല്പററവന്നു് വൈരാഗ്യത്തോടുകൂടി ഉത്തമബ്രഹ്മചര്യം പരിപാലിക്കാനും തന്മൂലമുള്ള ശ്രേയസ്സുകൾ നേടാനും സാദ്ധ്യമല്ല. മനസ്സിൽ ചാഞ്ചല്യം ഉണ്ടാവാനുള്ള മുഖ്യഹേതു ഇന്ദ്രിയസംയമനരാഹിത്യമാകുന്നു. പഞ്ചേന്ദ്രിയങ്ങളിൽ മുഖ്യമായ കണ്ണിനെയാണു് സൎവ്വപ്രധാനമായും ആദ്യമായും നിയന്ത്രിക്കേണ്ടതു്. കാമോദ്ദീപകങ്ങളായ വസ്തുക്കളെ, പ്രത്യേകിച്ചും പുരുഷൻ സ്ത്രീയെ, വ്രതനിയമത്തിന്നു് അനുയോജ്യമല്ലാത്ത രീതിയിൽ ദൎശിക്കുന്നതാണു് മററുള്ള ഇന്ദ്രിയങ്ങളെ വികാരപ്പെടുത്തുന്നതിന്നു് ഇടവരുത്തുന്ന ആദ്യത്തെ കാരണം. ഇന്ദ്രിയങ്ങളുടെ എല്ലാംതന്നെ പ്രവൎത്തനം ഒന്നിനൊന്നു് ബന്ധപ്പെട്ടുള്ളതാകുന്നു. കാമം ജനിപ്പിക്കുന്ന ഒരു രൂപത്തെ കണ്ണു് ദൎശിക്കുന്നതോടൊപ്പം

ചപലമായ മനസ്സിൽ മററാഗ്രഹങ്ങൾ ഉൽഭൂതമാവുകയായി. സ്പർശിച്ചു സുഖിക്കാനും, ഒന്നിച്ചിരുന്നു രഹസ്യമായി നർമ്മാലാപം ചെയ്യാനും, സൗന്ദര്യം ആസ്വദിക്കാനും, പ്രകീർത്തിക്കാനും മററുമുള്ള ഇച്ഛ അനിയന്ത്രിതമായി പൊങ്ങുകയായി. അതിനെത്തുടൎന്നു്, താദൃശ അഭിലാഷങ്ങളുടെ പൂർത്തിക്കായി മനസ്സ് അനവരതം ക്രിയാമാർഗ്ഗങ്ങൾ ആരാഞ്ഞു് ദുഷിച്ചുവശാവുകയും, അനർഹങ്ങളായ പലതും ആചരിച്ചുതുടങ്ങുകയും ചെയ്യും. അപ്പോൾ വ്രതി തൻേറതായ പടവുകൾ എല്ലാം തെററി താഴേക്കുവീഴുമെന്നു പറയേണ്ടതില്ലല്ലോ. അതിനാലാണ് ബ്രഹ്മചര്യാനുഷ്ഠാനത്തിൽ ദർശനം, സ്പർശനം, കേളി, കീർത്തനം, ഗുഹ്യഭാഷണം, സങ്കല്പം, അദ്ധ്യവസായം, ക്രിയാനിവൃത്തി എന്നീ എട്ടു മൈഥുനവ്യാപാരങ്ങളേയും ദൃഢനിശ്ചയത്തോടെ വർജ്ജിക്കണമെന്നു നിഷ്കർഷിക്കുന്നതു്. മറെറല്ലാ വ്യാപാരങ്ങൾക്കും മൂലകാരണമായ ദർശനം തന്നെയാണ് ആദ്യമായി ഒഴിവാക്കേണ്ടതു് എന്നിനി പറയേണ്ടതില്ലല്ലോ. അതുകൊണ്ടുതന്നെയാണ് ശബരിമലയ്ക്കുപോവാൻ മാലധരിച്ച 'അയ്യപ്പന്മാർ' യുവതികളായ സ്ത്രീകളൊന്നിച്ച് പെരുമാറരുതെന്നും, അവരൊന്നിച്ച് താമസിക്കാതെ വേറൊരിടത്തു് പാർത്തു് വ്രതകാലം കഴിക്കുന്നതാണ് നല്ലതെന്നും പറയുന്നതു്.

'അയ്യപ്പന്മാർ' ശുദ്ധിയില്ലാത്ത ഒന്നിനേയും സമീപിക്കുകയോ സ്പർശിക്കുകയോ അരുതു്. സ്വാമിദർശനാർത്ഥം മുദ്രധരിച്ച 'അയ്യപ്പന്മാർ' "അശുദ്ധി"യിലിരിക്കുന്ന സ്ത്രീകളെ കാണാൻ സംഗതിവന്നാൽ പ്രായശ്ചിത്തങ്ങൾ വിധിപ്രകാരം അനുഷ്ഠിക്കാതെ വയ്യ.

## ഗുരുസ്വാമിയുടെ തണലിൻ കീഴിൽ

ഓരോദിവസവും സായംകാലപൂജകൾക്കും പ്രാർത്ഥനകൾക്കും ശേഷം ഗുരുസ്വാമി പ്രത്യേക വിഷയത്തെ പുരസ്കരിച്ച് പ്രസം

ഗിക്കും. ആദ്യമായി, അയ്യപ്പൻെറ ചരിത്രംതന്നെ അദ്ദേഹം സംഗ്രഹിച്ചു് പറഞ്ഞുകേൾപ്പിച്ചു.

മഹാ കോപിഷ്ഠനായ ദുവ്വാസസ്സമഹഷിയുടെ ശാപം നിമിത്തം ദേവന്മാക്കു് ജരാനരകൾ ബാധിച്ചപ്പോൾ ശാപമോചനാത്ഥം അമൃതു നേടാൻ അവർ അസുരന്മാരൊന്നിച്ചു് പാലാഴി മഥനം ചെയ്തു. ആഴി കനിഞ്ഞേകിയ അമൃതകുംഭം കൈയ്യടക്കിയ അസുരന്മാരെ മഹാവിഷ്ണു മോഹിനീരൂപത്താൽ കബളിപ്പിച്ചു് ദേവന്മാരെ സഹായിച്ചു. ആ മോഹിനീരൂപത്തിൽ വ്യാമോഹിതനായ ശിവൻ തൻെറ ശക്തിയെ വിഷ്ണുമായയോടു് സംയോജിപ്പിച്ചതിൻെറ ഫലമായി താരകബ്രഹ്മമൂർത്തിയായ ധമ്മശാസ്താവു് അവതരിച്ചു. ശങ്കരനാരായണനായ ആ ചൈതന്യമൂത്തിയെ കൈലാസത്തിൽ പാപ്പിച്ചു് ശിവൻ വിദ്യകൾ അഭ്യസിപ്പിക്കുകയും, പിന്നീടു് ലോകാനുഗ്രഹാത്ഥം സഹ്യാദ്രിശൃംഗസ്ഥിത കനകക്ഷേത്രത്തിൽ കുടിയിരുത്തുകയും ചെയ്തു.

ഗാലവമഹഷിയുടെ പുത്രിയായി ലീല എന്ന നാമധേയത്തോടെ യോഗമായാദേവിമാരുടെ ഐക്യശക്തിയും, ധമ്മസംസ്ഥാപനാത്ഥം സഗുണാവസ്ഥയെ പ്രാപിച്ച ത്രിമൂത്തികളിൽനിന്നു് ദത്തൻ എന്ന മഹാശക്തിയും അവതരിച്ചും അവർ തമ്മിൽ ഭാര്യാഭത്താക്കന്മാരായിത്തീന്നുമിരുന്നു. ലോകോപകാരപരമായ അവതാരകാര്യം നിറവേററിക്കഴിഞ്ഞപ്പോൾ ദത്തൻ വീണ്ടും തൽക്കാരണത്തിൽത്തന്നെ ലയിക്കാൻ തീരുമാനിച്ചു. ഭോഗലാലസയും മദോന്മത്തയുമായ ലീല ഭത്താവിനെ കാമോദ്ദീപകങ്ങളായ വചസ്സുകളാലും ചേഷ്ടകളാലും തടഞ്ഞുനിത്തി അദ്ദേഹത്തിൻെറ മഹിഷിയായ തന്നോടൊന്നിച്ചു് പിന്നേയും വിഷയസുഖങ്ങളിൽ നിമഗ്നനാവാൻ നിർബ്ബന്ധിച്ചു. തന്മൂലം രുഷ്ടനായിത്തീന്ന ദത്തൻ ലീലയെ ഒരു മഹിഷിയായിപ്പോകാൻ ശപിച്ചു. കോപവും നിരാശയുംകൊണ്ടു് മതിമറന്ന ലീല

"മഹിഷ്യഹം ഭവിഷ്യാമി, മഹിഷസ്ത്വം
ഭവിഷ്യസി
താവത്ത്വയാ ഭുക്തഭോഗാ, ശാപ
മോക്ഷാശ്ചമേ ഭവേൽ.

(ഞാൻ മഹിഷിയായി ഭവിക്കുമ്പോൾ അങ്ങു് മഹിഷമായും ഭവിക്കും. ആ അങ്ങയാൽ ഭോഗങ്ങൾ അനുഭവിക്കപ്പെട്ടവളായിട്ടു് ഞാൻ ശാപമുക്തയായും ഭവിക്കും) എന്നങ്ങോട്ടും ശപിച്ചു. ഇവ്വണ്ണം അന്യോന്യമുള്ള ശാപങ്ങൾക്കനുസരിച്ചു് ലീലയും ദത്തനും മഹിഷിയായും മഹിഷമായും തീൎന്നു് വീണ്ടും ക്രീഡാലോലുപരായി കുറെക്കാലം ഒന്നിച്ചു കഴിഞ്ഞുകൂടി. അവസാനം, ശാപവിമുക്തിവന്ന ദത്തനാൽ പരിത്യക്തയായ മഹിഷി കഠിനതപം ചെയ്തു് ബ്രഹ്മാവിൽനിന്നു് അഭീഷ്ടവരങ്ങൾ നേടുകയും തന്മൂലം മഹാ അധൃഷ്യയും അഹങ്കാരിണിയുമായിത്തീരുകയും ചെയ്തു. അവൾ ദേവലോകത്തുചെന്നു് ഇന്ദ്രാദികളെ പീഡിപ്പിച്ചുതുടങ്ങി. അതിനാൽ ഇരിക്കപ്പൊറുതിയില്ലാതായിത്തീൎന്ന ദേവകളെ രക്ഷിക്കാൻവേണ്ടി താരകബ്രഹ്മമൂൎത്തിയായ ഹരിഹരശക്തിയെ മണികണ്ഠനായ അയ്യപ്പനുണ്ണിയായി പരമശിവൻ പുനരാവിർഭവിപ്പിച്ചു് പന്തളരാജധാനിയിലെത്തിച്ചു. മഹിഷിക്കു് ബ്രഹ്മാവുകൊടുത്ത വരങ്ങൾക്കനുസരിച്ചു് അവളെ നിഗ്രഹിക്കാൻ വേണ്ടിയിരുന്ന പന്തീരാണ്ടുകാലത്തെ സേവകവൃത്തി അനുവൎത്തിച്ചിരുന്ന മണികണ്ഠനെ സ്വന്തം പുത്രനെപ്പോലെ സ്നേഹിച്ചുപോന്ന പന്തളഭൂപൻ, രാജ്യത്തിന്നരചനായി അഭിഷേകം ചെയ്യാൻ മുതിൎന്നപ്പോൾ കുബുദ്ധിയായ മന്ത്രിയും അയാളുടെ ദുഷ്പ്രേരണകൾക്കു് വശംവദയായ രാജ്ഞിയും ചേൎന്നു് കുമാരനെ നശിപ്പിക്കാൻവേണ്ടി പലവിധ മാരണക്രിയകളും ചെയ്തു. അവയൊന്നും ഫലിക്കാതെ അവസാനം അവർ രാജ്ഞിക്കു് പിടിപെട്ടിരുന്ന മഹാരോഗശമനത്തിന്നു് അത്യാവശ്യമായ പുലിപ്പാൽ കൊണ്ടുവരുവാനെന്നും പറഞ്ഞു് ബാലനായ അയ്യപ്പനെ ഘോരവനാന്തരത്തിലേക്കു് അയച്ചു. ആരണ്യത്തില

ണഞ്ഞ താരകബ്രഹ്മമൂർത്തിയെ സേവനോദ്യുക്തരായ ശിവഭൂതങ്ങൾ വന്നുവണങ്ങി.

അക്കാലം, മഹിഷീപീഡിതരായ ദേവകളാൽ പ്രാർത്ഥ്യമാനനായി പരന്തപനായ ഭൂതനാഥസ്വാമി ദേവലോകത്തെത്തി. ദുഷ്ടയായ മഹിഷിയെ ഭൂലോകത്തേയ്ക്കു് തള്ളിയിട്ടുകയും മറ്റിച്ച് നിഗ്രഹിക്കുകയും ചെയ്തു് സാധുലോകവ്യസനം തീർത്തു. തദനന്തരം, ഭക്താഗ്രഗണ്യനായ പന്തളേശൻെറ ആജ്ഞാനിവൃത്യർത്ഥം ഒരു പററം പുലികളേയും തെളിച്ചുകൊണ്ടു് അയ്യൻ രാജനഗരിയിൽ എത്തിച്ചേരുകയും കുടിലബുദ്ധികളായ മന്ത്രിപ്രഭൃതികൾ അപരാധങ്ങൾ സ്വയം ഏററുപറഞ്ഞുകൊണ്ടു് മാപ്പിന്നിരന്നപ്പോൾ ദയാപൂർവ്വം അവരെയെല്ലാം ക്ഷമിച്ചനുഗ്രഹിക്കുകയും രാജാവിനെ സമാധാനിപ്പിക്കുകയും ചെയ്തു.

ഭക്താനുഗ്രഹവ്യഗ്രനായ ശാസ്താവിൻെറ നിർദ്ദേശാനുസാരം രാജശേഖരമന്നൻ ശബരിഗിരിയിൽ ക്ഷേത്രനിർമ്മാണവും ദേവപ്രതിഷ്ഠാകാര്യങ്ങളും നിർവ്വഹിച്ചു.

ഈവക കഥകളെല്ലാം സുപ്രസിദ്ധങ്ങളാണെങ്കിലും ഭക്തന്മാർക്കു് മനസ്സിൽ ഉറയ്ക്കുന്നതിന്നായി ഗുരുസ്വാമി വിവരിച്ചു.

ഭസ്മാസുരൻ എന്നുകൂടെ പേരായ ശൂർപ്പകനെന്ന ഭയങ്കരനെ നിഗ്രഹിച്ചു് പരമശിവനെ രക്ഷിക്കാൻ വേണ്ടിയാണു് മഹാവിഷ്ണു മോഹിനിയായി ചമയേണ്ടിവന്നതെന്നും അവളെകണ്ടു് ശിവൻ കാമാതുരനായിത്തീർന്നതിനെ തുടർന്നാണു് ഹരിഹരസുതനായ ശാസ്താവിൻെറ അവതാരമുണ്ടായതെന്നും വേറൊരു വിധത്തിലും ഒരു കഥയുള്ളതു് ഗുരുസ്വാമി വിവരിച്ചു.

സവർണ്ണവംശജനൊന്നുമല്ല ഗുരുസ്വാമി എങ്കിലും വൃത്തികൊണ്ടു് ഒരു യഥാർത്ഥ ബ്രാഹ്മണനാകുന്നു. ആരാണു് ബ്രാഹ്മണൻ? ബ്രഹ്മത്തെ അറിയുന്നവൻ ബ്രാഹ്മണൻ; അല്ലാതെ ഇന്നു്

സാധാരണ ജനങ്ങൾ ധരിച്ചും വ്യവഹരിച്ചും വരുന്ന രീതിയിൽ ഒരു പ്രത്യേക സമുദായത്തിലോ ജാതിയിലോ പിറക്കുകമാത്രം ചെയ്തവൻ ബ്രാഹ്മണനാകുന്നില്ല. 'ജന്മനാ ജായതേ ശൂദ്ര':— ജന്മനാ എല്ലാരും ശൂദ്രരാകുന്നു, പിന്നെ കർമ്മങ്ങളുടെ ഔന്നത്യത്തിന്നും ശുദ്ധിക്കും അനുസരിച്ച് ബ്രാഹ്മണ്യം സിദ്ധിക്കുന്നു. ജന്മംകൊണ്ടുമാത്രം ആന്തരമായ ബ്രാഹ്മണ്യമോ മററു മഹത്വങ്ങളോ ഉണ്ടാവുന്നില്ല. അതുപോലെത്തന്നെ, താണവംശങ്ങളിൽ ജനിച്ചുപോയി എന്നതുകൊണ്ടുമാത്രം യഥാർത്ഥമഹത്വം ചേർന്നവരും ദേവതുല്യരുമായ മനുഷ്യർ അബ്രാഹ്മണരോ അപകൃഷ്ടരോ ആയിത്തീരുന്നുമില്ല. ജന്മംകൊണ്ട് ബ്രാഹ്മണനല്ലാത്ത ശ്രീനാരായണഗുരു ശരിക്കും ഒരു ബ്രാഹ്മണനല്ലേ? പാക്കനാർ പറയനാണോ? നന്തനാരോ? മഹാത്മാഗാന്ധിയും, ഭഗവാൻ ബുദ്ധനും — എന്തിന് — ശ്രീയേശുദേവനും, മുഹമ്മദുനബിയും. അങ്ങനത്തെ മററനേകമതസ്ഥാപകരും പ്രവാചകന്മാരുമായ എത്രയെത്ര ബ്രഹ്മവിത്തുകൾ ഇതരവംശങ്ങളിൽ ജന്മമെടുത്തവരായിട്ടുണ്ട്? അങ്ങനത്തെ മഹാത്മാക്കൾ ബ്രഹ്മസത്തയെ — ഈശ്വരസാക്ഷാൽകാരത്തെ — സ്വയം കണ്ടറിയുക മാത്രമല്ല, ലോകജനതയ്ക്കു് അവരുടെ നന്മയ്ക്കും ഉന്നതിയ്ക്കുമായി കാട്ടിക്കൊടുത്തു് മനസ്സിലാക്കിയ്ക്കുകയും ചെയ്യാൻ അനവരതം ആത്മാർത്ഥമായി യത്നിച്ചും, ആ മഹായജ്ഞത്തിൽ പലപ്പോഴും സ്വയം ആഹുതിപോലും അനുഷ്ഠിച്ചും അനശ്വരന്മാരായി ഭവിയ്ക്കുന്നു. അപ്രകാരമുള്ള വിശിഷ്ടാത്മാക്കൾ ബ്രാഹ്മണൻ എന്ന പദത്തിൻെറ ശരിയായ അർത്ഥത്തിൽ അറിയപ്പെടേണ്ട ദേവന്മാരാണ് — ഭൂദേവന്മാർ!

പരനന്മയ്ക്കായി ചെയ്യുന്ന ഏതു ചെറിയത്യാഗവും മഹത്താണ്. സ്വന്തം ആത്മാവിനെപ്പോലും പരാർത്ഥം ത്യാഗവേദിയിൽ അർപ്പിക്കാൻ സന്നദ്ധരാകുന്ന യതിവര്യന്മാരുടെ ആ കർമ്മം അപ്പോൾ എത്ര ഉച്ചകോടിയിൽ പെട്ടതാണ്! നിഷ്കാമ

കമ്മത്തിന്റേറയും അതിന്റെ പരിണതരൂപമായ ത്യാഗത്തിന്റേറയും മഹിമാവിശേഷം അപ്രമേയവും അവാച്യവുമാകുന്നു.

സത്ത്വ—ഗുണപ്രധാനനായ ബ്രാഹ്മണന്റെ മനസ്സ് സദാ ചിദ്സ്വരൂപനായ ഈശ്വരങ്കൽ നിലീനമായിരിക്കും; നാനാവിധ ദുർവ്യവഹാരങ്ങളാലും സ്വാത്ഥതൃഷ്ണകളാലും മലീമസമായ ലോകവിഷയങ്ങളിൽ വിരക്തവുമായിരിക്കും.

ഗുണകമ്മങ്ങളുടെ അടിസ്ഥാനത്തിൽ ചാതുർവ്വർണ്യം സൃഷ്ടിക്കപ്പെട്ടു. ലോകത്തിന്റെ ശ്രേയസ്സിന്നുവേണ്ടി ആധ്യാത്മിക വൃത്തികളിൽ മാത്രം അവധാനന്മാരായിരുന്ന ഉച്ചവഗ്ഗത്തിലെ വ്യക്തികളെ അന്നു് ബ്രാഹ്മണരായി ഗണിച്ചുപോന്നു. വിദ്യാഭ്യാസവിഷയമായും പ്രാമാണികമായി പ്രവത്തിച്ചിരുന്നതു് ഇവരാണു്.

കാലംമാറി, ലോകംമാറി, ജനങ്ങളും അവരുടെ ജീവിതരീതികളും മാറി, മനുഷ്യൻ കൂടുതൽ കൂടുതൽ ഭൗതികകാര്യതല്പരനും തന്മൂലം സ്വാത്ഥിയും ദുർമ്മോഹിയുമായിത്തുടങ്ങിയതോടെ ആദിയിൽ കെട്ടിപ്പട്ടത്ത സമുദായ വ്യവസ്ഥിതികാക്കെല്ലാം ഉലച്ചിൽ തട്ടി, എന്നല്ല, അപ്പാടെ തലകീഴ് മറിയുകതന്നെ ചെയ്തു. മനുഷ്യൻ ദുഷിച്ചുവശായതോതിൽ സത്യധമ്മാദികളും, ആചാരമര്യാദകളും ഒക്കെനശിച്ചു് നാമാവശേഷമായിത്തുടങ്ങി. ബ്രാഹ്മണൻ ബ്രാഹ്മണനല്ലാതേയുമായി. ഇതരവണ്ണവിഭാഗങ്ങളെ അപേക്ഷിച്ചു് ബ്രാഹ്മണരുടെ അധഃപതനം കൂടുതൽ കഷ്ടതരമാകുന്നു. അതങ്ങനെയാവുന്നതു് സ്വാഭാവികമാണു്, കാരണം, ഏററവും ഉച്ചസ്ഥിതിയിലിരിക്കുന്നതിന്നു് പററുന്ന വീഴ്ചയായിരിക്കുമല്ലോ അങ്ങേഅററം താഴത്തേയ്ക്കു് എത്തുന്നതു്. ആകപ്പാടെ, ആത്മീയമായി മനുഷ്യൻ എത്തിയിരുന്ന സമുന്നതപാദവിയും, ആ ശ്രേയോഭ്യുദയിഷ്ഠതയും ഒക്കെ തിരോഭവിച്ചു് അവൻ ഇന്നു് ഏററവും താണപടിയിലുള്ള അവസ്ഥാവിശേഷത്തെ അഭിമുഖീകരിച്ചിരിക്കുകയാണു്. ബുദ്ധി

ശക്തികൊണ്ടു് യാന്ത്രികമായ പലവലിയ നേട്ടങ്ങളും നേടി അവൻ ഭൗതികരംഗത്തിൽ വലുതായിട്ടുണ്ടെന്നതിൽ തക്കമില്ല. ഒരുപക്ഷെ, ഈ മാറിയ ലോകത്തിൽ ഇതൊക്കെത്തന്നെയാവാം യഥാൎത്ഥപുരോഗതി. പക്ഷെ, ഇതിനൊന്നും അസ്തിത്വമില്ലെന്നുള്ളതിൽ സംശയമില്ല. സത്യസുന്ദരവും പരമോൽകൃഷ്ടവുമായ ആദ്ധ്യാത്മിക പരിഷ്ക്കാരം മനുഷ്യസമുദായത്തിൻെറ പരമശ്രേയസ്സിന്നു് സഹായകമായിരുന്ന ആ പൗരാണിക കാലത്തിൻെറ സിദ്ധികൾക്കുമുമ്പിൽ ഈ ഭൗതികനേട്ടങ്ങൾ എത്ര നിസ്സാരങ്ങൾ! ദിവ്യരത്നപ്രകാണ്ഡങ്ങൾക്കും ലോഷ്ടകാണ്ഡങ്ങൾക്കും തമ്മിലുള്ള അന്തരമുണ്ടു് അവയ്ക്കു തമ്മിൽ.

ഒരു യഥാൎത്ഥ ററിന്ദുവിന്നുണ്ടായിരിക്കേണ്ട ഈശ്വരവിശ്വാസദാർഢ്യതയിൽ ആരുടേയും പിന്നിലല്ലെങ്കിലും പഴമയുടെ പേരും പറഞ്ഞു് നിരൎത്ഥകങ്ങളായ ആചാരങ്ങളേയും മുരട്ടുവാദങ്ങളേയും അപ്പടി കണ്ണടച്ചു് പിന്തുടരുന്ന കൂട്ടത്തിലല്ല ഗുരുസ്വാമി. യുക്തിക്കു് ചേരാത്തതും തൻെറ ബോധ്യങ്ങൾക്കു് നിരക്കാത്തതുമായ ഒന്നും അദ്ദേഹം സ്വീകരിക്കില്ല. വാസ്തവത്തിൽ പുരോഗമനാത്മകങ്ങളായ കാര്യങ്ങളിൽ പ്രവൎത്തിക്കാൻ അദ്ദേഹത്തിന്നു് വലിയ ഉത്സാഹവും ഇഷ്ടവുമാകുന്നു. നേരേമറിച്ചു്, ദൈവത്തെ സംബന്ധിക്കുന്നവയാണെങ്കിലും തീരെ അപരിഷ്കൃതങ്ങളും അറപ്പുതോന്നിക്കുന്നവയുമായ കാര്യങ്ങൾ അദ്ദേഹത്തിന്നു് സ്വീകാര്യമല്ല. പുരാണങ്ങളിലും മററും പ്രതിപാദിക്കപ്പെട്ടിട്ടുള്ള പല കഥകളും അദ്ദേഹം അതേരീതിയിൽ വിശ്വസിച്ചു് അംഗീകരിക്കുന്നില്ല. സ്വന്തം ബുദ്ധിയും യുക്തിയും ഉപയോഗിച്ചു് ഗാഢമായി വിചിന്തനം ചെയ്തു് ആവക കഥകളുടേയും വൎണ്ണനകളുടേയും ആന്തരാൎത്ഥം മനസ്സിലാക്കിയശേഷമേ സ്വീകരിക്കു.

വലിയ പഠിപ്പും അറിവുമൊന്നുമില്ലാത്ത സാധാരണ ജനങ്ങൾക്കു് ലോകനീതികളും, ഐഹികങ്ങളും ആദ്ധ്യാത്മികങ്ങളു

മായ തത്വങ്ങളും, ധമ്മങ്ങളും, മററും എളുപ്പത്തിൽ മനസ്സിലാവാൻവേണ്ടി ഫലിതരൂപത്തിൽ കഥകളാക്കി വൎണ്ണിച്ചിരിക്കുകയാണു് മിക്കതും. ഏറിയകൂറും സാങ്കേതികങ്ങളുമാണു്. ആവക കഥകളെ അപ്പടി അതേതരത്തിൽ വിശ്വസിക്കുന്നതു് പലപ്പോഴും ശരിയായിരിക്കില്ല. അവയുടെ പരമമായ ഉദ്ദേശവും പ്രയോജനവും എന്തെന്നാണു് മനസ്സിലാക്കേണ്ടതു്. കഥകളെ വെറും കഥകൾ മാത്രമായി കണക്കാക്കിയാൽ മതി. അറിയേണ്ടുന്ന കാര്യങ്ങൾ അറിയാനുള്ള ആത്മാൎത്ഥവും ഉൽക്കടവുമായ അഭിനിവേശത്തോടുകൂടിയാവണം ആവക കഥകളെ സമീപിക്കാൻ. യമുനാതീരത്തിലെ രാസക്രീഡയെ മാനുഷിക മനോദൗർബ്ബല്യത്തിൻെറ വിലാസചേഷ്ടകളായി കണ്ടുകൊണ്ടു്, ശ്രീകൃഷ്ണനു് ആവകയൊക്കെ ആവാമെങ്കിൽ എന്തുകൊണ്ടു് ഞങ്ങൾക്കും ആവക ലീലകൾ ആയിക്കൂടാ എന്നുചോദിക്കുന്നതു് മൗഢ്യമാകുന്നു. നിൎമ്മലവും നിഷ്കാമവുമായ ജീവാത്മാ പരമാത്മാ പ്രേമബന്ധങ്ങളുടേയും വാസനകളുടേയും പരമാൎത്ഥ പ്രകടനങ്ങളായി ആ വക കഥകളേയും വൎണ്ണനകളേയും വീക്ഷിച്ചുമനസ്സിലാക്കാനാണു് ബുദ്ധിമാനായ മനുഷ്യൻ ശ്രമിക്കേണ്ടതു്. ഗുരുസ്വാമിയുടെ അഭിപ്രായങ്ങളുടെ പ്രകൃതം ഇതാണു്.

ഏതു കഥയുടേയും വൎണ്ണനയുടേയും കാതലായ ഭാഗം ശാസ്ത്രീയമായി ചിന്തിച്ചു് ഗ്രഹിക്കാനാണു് അദ്ദേഹം ശ്രമിക്കുക. തൻെറ ബുദ്ധിക്കു് എത്താത്തതൊക്കെ അബദ്ധം, അസംബന്ധം, തന്നിമിത്തം നിഷിദ്ധം എന്നു കരുതുന്ന സങ്കുചിത മനോഭാവവും അദ്ദേഹത്തിന്നില്ല. അതിബുദ്ധിമാന്മാരും ദീൎഘദൎശികളുമായ പൗരാണികാചാര്യന്മാർ നിൎമ്മിച്ചിട്ടുള്ള ശാസ്ത്രങ്ങൾ പുരാണങ്ങൾ തുടങ്ങിയവയുടെ മഹത്വം ഗ്രഹിക്കാനുള്ള ശേഷിക്കുറവുമൂലമാണു് അധികംപേരും അവയെ നിസ്സാരങ്ങളായി അവമതിക്കുന്നതു്. ഈശ്വരതുല്യന്മാരായ മഹൎഷിമാർ ആവക ഗ്രന്ഥങ്ങളിൽ ചമൽക്കാരത്തോടെ വൎണ്ണിച്ചിട്ടുള്ള നിരവധി സംഗതികൾ ഗുരുസ്വാമികു് എടുത്തുദാഹരിക്കാനുണ്ടു്.

ഈശ്വരവിശ്വാസി, അപ്രമേയവും അത്യാശ്ചര്യകരവുമായ ഈശ്വരവിലാസകഥകളിൽ വിശ്വസിക്കുമ്പോൾ, യുക്തിവാദിയും നിരീശ്വരവാദിയും അതൊക്കെ അബദ്ധജടിലം അസംഭാവ്യം തന്മൂലം അവിശ്വസനീയം എന്നപലപിക്കുന്നു. ഐതിഹ്യങ്ങളെ വെറും നുണക്കഥകളായി കാണുകയും ചെയ്യുന്നു. ഇളൻ എന്ന പുരുഷൻ ഇളയെന്ന് സ്ത്രീയായിമാറി അവളിൽ നിന്നുണ്ടായതാണ് ചന്ദ്രവംശം എന്ന ഭാഗവതകഥ വെറും അസംബന്ധമായി കണ്ട ഇക്കൂട്ടർ, ഇന്ന് നിത്യേന എന്നോണം കാണുന്നു പുരുഷൻ സ്ത്രീയായും സ്ത്രീ പുരുഷനായും രൂപാന്തരപ്പെടുന്ന വസ്തുത. ഇങ്ങനത്തെ ലൈംഗിക പരിവർത്തനം സംഭവിക്കുന്നതിനുള്ള ശാസ്ത്രീയമായ കാരണവും ഇവർ മനസ്സിലാക്കുന്നുണ്ട്. മൃതസഞ്ജീവിനിപോലത്തെ ദിവ്യൗഷധങ്ങളേയും, വിശപ്പും ദാഹവുമില്ലാതേയും ക്ഷീണവും ഉറക്കവുമില്ലാതേയും ഇരിക്കാനുള്ള മന്ത്രങ്ങൾ യോഗാഭ്യാസങ്ങൾ എന്നിവയേയും അവിശ്വസിച്ചവർ, ഇന്ന് മരണം സംഭവിച്ചുകൊണ്ടിരിക്കുന്ന ജീവികളെ അല്പനേരത്തേയ്ക്കെങ്കിലും ജീവൻ നല്കിയിരുത്താൻ സാധ്യമാണെന്ന് പറയുന്നു; ആഹാരാദികൾ ഇല്ലാതേയും ഉറക്കമിളച്ചും ജീവിക്കാനും കഴിയുമത്രേ. ചില കുത്തിവെപ്പുകളും ഗുളിക വിഴുങ്ങലുകളുംകൊണ്ട് ബധിരത, മൂകത, അന്ധത തുടങ്ങിയവയെ ആത്മശക്തിയാൽ നീക്കാമെന്ന് കാണിച്ച സിദ്ധന്മാരുടെ കഥകളെ പുച്ഛിച്ച ഇവർ ആവക വൈകല്യങ്ങൾക്കൊക്കെ പ്രതിവിധികൾ കാണുന്നു. ഗോളാന്തരങ്ങളിൽ പോലും യഥേഷ്ടം ചുററിസ്സഞ്ചരിക്കാൻ ശേഷിയുണ്ടായിരുന്ന ദേവന്മാരേയും, സിദ്ധന്മാരേയും മഹാന്മാരായ മനുഷ്യരേയും അവിശ്വസിച്ച ഇക്കൂട്ടർ ഇന്ന് അന്യഗോളങ്ങളിലെത്താൻ പ്രയത്നിക്കുകയാണ്; അങ്ങനെ സഞ്ചരിച്ചെത്താൻ സാധ്യമാണെന്ന് ദൃഢമായി വിശ്വസിക്കുകയുമാണ്. കുബേരൻെറ പുഷ്പകവിമാനത്തെപ്പററി രാമായണത്തിൽ വായിച്ചപ്പോൾ "ഫൂ-ഭോഷ്ക്ക്" എന്ന് പരിഹസിച്ചുവെങ്കിലും, ഇന്ന്

പൈലട്ട് ഇല്ലാതെ പറക്കുന്ന 'ജററ്' വിമാനത്തെ അത്യാശ്ചര്യ സാധനമായി ഇവർ കണക്കാക്കുന്നില്ല. അതേമാതിരി, ദിവ്യാസ്ത്രങ്ങൾ മിഥ്യാലോകത്തിലെ കൊള്ളിയാൻ നക്ഷത്രങ്ങൾ മാത്രമായിരുന്നതു് ഇന്നു് 'മിസ്സൽസ്'കളായി യഥാൎത്ഥീഭവിച്ചിരിക്കുന്നതു് നോക്കുക.

എന്തിനേറെ, അന്നു് ആത്മചൈതന്യംകൊണ്ടു് നമ്മുടെ പൂൎവ്വികന്മാർ സാധിച്ചിരുന്ന കാര്യങ്ങളിൽ പലതും ഇന്നു് യന്ത്രശക്തിയെ ആശ്രയിച്ചു് നേടാം എന്നായിട്ടുണ്ടല്ലോ. ജ്ഞാനശക്തികൊണ്ടു് ബ്രഹ്മാണ്ഡമൊട്ടുക്കു് നടക്കുന്ന വൎത്തമാന സംഭവങ്ങളെ മാത്രമല്ല, ഭൂതം ഭാവി ആയ കാലസംഭവങ്ങളേയും ഗ്രഹിക്കാൻ സാധിച്ചിരുന്നു ആ ഋഷീശ്വരന്മാൎക്കു്. ഈ യാന്ത്രികയുഗത്തിലെ റേഡിയോവും ടെലിവിഷനും അക്കൂട്ടത്തിൽപെട്ട മററുപകരണങ്ങളും ഇക്കാലത്തെ മനുഷ്യപ്രതിഭയുടെ പ്രതീകങ്ങളല്ലേ? സൃഷ്ടിചൈതന്യധന്യമായ സങ്കല്പത്തിന്റെ നിൎമ്മാണപ്രാഭവത്തിന്നു് കുശഖണ്ഡത്തെ മനുജശിശുവാക്കാൻ സാധിച്ചതും അപ്രതിമമായ മഹായോഗശക്തിക്കു് സ്വന്തം ബീജോല്പാദനം ഇച്ഛാനുസാരം ഗൎഭാന്തരങ്ങളിലേക്കു് മാററി പ്രക്ഷേപിക്കാൻ കഴിഞ്ഞതും വിശ്വസിക്കാൻ കൂട്ടാക്കാത്ത യുക്തിവാദിയായ ശാസ്ത്രജ്ഞൻ കൃത്രിമ സന്തത്യുൽപാദനവിദ്യകൾ കണ്ടുപിടിച്ചതിനെ തുടൎന്നു് സമ്മതിക്കുന്നു, ഒരു ഗൎഭസ്ഥബീജത്തെ മറെറാന്നിലേയ്ക്കു് മാററി ആധാനം ചെയ്യാൻ എളുതാണെന്നും, ജീവികളെ കൃത്രിമോപായങ്ങളാൽ സൃഷ്ടിക്കാൻപോലും സാദ്ധ്യമാണെന്നും.

ശ്രീരാമകൃഷ്ണ പരമഹംസൻ ഒരു തൊത്തിൽ രണ്ടുമാതിരി പുഷ്പങ്ങൾ വിരിയിച്ചു കാണിച്ചു എന്നു് ദൈവവിശ്വാസി പറഞ്ഞപ്പോൾ അതൊക്കെ വെറും കൺകെട്ടുമായമാണു് എന്നു് ചിലർ വാദിച്ചു. ഒട്ടുവിദ്യകളാലും ധാതുദ്രവകുത്തിവെപ്പുകളാലും മററും സസ്യലതാദികൾക്കും വൃക്ഷങ്ങൾക്കും ആകൃതിവ്യ

ത്യാസവും അതുപോലെ അവയുടെ പുഷ്പങ്ങളും ഫലങ്ങളും എന്നിവയ്ക്കു് ആകൃതിയിലും, വണ്ണം, രുചി, ഗുണം, മുതലായവയിലും കാര്യമായ വൈചിത്ര്യവൈരുദ്ധ്യങ്ങളും വരുത്താമെന്നു് ശാസ്ത്രജ്ഞൻ തെളിയിച്ചപ്പോൾ അതു് സർവ്വസമ്മതമായി.

ഈ ആർഷഭൂമിയിൽ ജീവിച്ചിരുന്ന അനവധി സിദ്ധയോഗികൾ അനുഷ്ഠിച്ചിട്ടുള്ള ഒരത്ഭുതകർമ്മമാണു് പരകായപ്രവേശം (കൂടുവിട്ടു് കൂടുപായൽ)–വെറും വിനോദത്തിന്നോ പരദ്രോഹത്തിന്നോ ആയിട്ടല്ലാ, പരഹിതാർത്ഥം. ഇന്നു് ആന്ധ്രയിൽ, പുട്ടപാർത്തിയിലെ ഭഗവാൻ സത്യസായിബാബ, അവിശ്വാസികളുടെ കൂത്തരങ്ങായ ഈ കലിയുഗത്തിലും പ്രസ്തുതമഹാസിദ്ധി ഭക്തജനാനുഗ്രഹാർത്ഥം പലതവണ പ്രകടിപ്പിച്ചിട്ടുള്ളതിന്നു് സാക്ഷികൾ ജീവിച്ചിരിക്കുന്നുണ്ടു്.

പരകായപ്രവേശം മാത്രമല്ല, ഗുരുപ്രസാദംകൊണ്ടു് സ്വാധീനിക്കാൻ സാധിച്ചിട്ടുള്ള മന്ത്രശക്തിയാൽ സ്വന്തം രൂപംതന്നെ ഇച്ഛാനുസാരം വേറൊന്നാക്കി മാററാനും കഴിഞ്ഞിരുന്നതിന്നു് ഉദാഹരണമാണു് ശ്രീ ശങ്കരാചാര്യസ്വാമികളുടെ തലകൊയ്യാൻ മുതിർന്ന കാപാലികൻെറ കഥകഴിച്ച. പദ്മപാദൻെറ വ്യാഘ്ര സ്വരൂപഗ്രഹണം. സ്സിർദ്ദിയിലെ ഭഗവാൻ സായിബാബ ഭക്തന്മാരെ സഹായിപ്പാൻ വേണ്ടി കാളയായും, പൂച്ചയായും മററും രൂപം കൈക്കൊണ്ട സംഭവങ്ങൾ അത്രയൊന്നും പഴയതല്ല.

മൂന്നുമൂന്നര ദശാബ്ദങ്ങൾക്കുമുമ്പു് നടന്നതും അന്നത്തെ വർത്തമാനപത്രങ്ങളിൽ നിന്നു് പലരും ഗ്രഹിച്ചിട്ടുള്ളതുമായ വേറൊരത്ഭുതസംഭവം ഈവകസിദ്ധികൾ വെറും കെട്ടുകഥകളല്ലെന്നു് തെളിയിക്കുന്നുണ്ടു്. ജന്മനാ വലിയ ഈശ്വരവിശ്വാസിയായിരുന്ന മാംഗലൻ എന്ന ഒരു ബംഗാളിയുവാവു് ഹിമഗിരിഗുഹകളൊന്നിൽ തപസ്സുചെയ്തിരുന്ന ഒരു സന്യാസിയുടെ ശിഷ്യനായി കുറെക്കാലം പാർത്തുപോന്നു. ശിഷ്യൻെറ ഭക്തി

ശ്രദ്ധകളും യോഗാഭ്യാസങ്ങളിലുള്ള താൽപര്യവും കണ്ടു് ഗുരുനാഥൻ സംതൃപ്തനായി ചിലദിവ്യമന്ത്രങ്ങൾ അയാൾക്കുപദേശിക്കുകയും അത്ഭുതകരങ്ങളായ ഏതാനും സിദ്ധികൾ ഉണ്ടാവാനനുഗ്രഹിക്കുകയും ചെയ്തു. കുറച്ചുകാലം കഴിഞ്ഞു് സന്യാസി ആ സ്ഥലം വിട്ടു് വേറെങ്ങോപോയി. ശിഷ്യൻ സ്വദേശമായ കൽക്കട്ടയിലും തിരിച്ചു.

യഥാൎത്ഥത്തിൽ അൎഹിക്കാത്ത അത്ഭുതസിദ്ധികൾ ചിലതു കൈവരാനിടവന്നിട്ടുള്ള അയാളെ അഹങ്കാരവും അധൃഷ്യതയും ബാധിച്ചു. അധഃപതനത്തിന്നു് അതു് കാരണവുമായി. തന്റെ നേട്ടങ്ങളെ കാട്ടി സുഹൃത്തുക്കളുടെ ഇടയിൽ വലിയവനായി ഞെളിയാനുള്ള ദുർമ്മോഹംമൂലം അയാൾ തന്റെ ഒരത്ഭുത സിദ്ധി അവരുടെ മുമ്പിൽ പ്രദൎശിപ്പിക്കാൻ തീരുമാനിച്ചു. നിശ്ചിതസ്ഥലത്തു് ജനങ്ങൾ തിങ്ങിക്കൂടി. കൂട്ടത്തിന്റെ നടുക്കു് നിന്നുകൊണ്ടു് മാഘൻ തന്റെ ഒരു സുഹൃത്തിനോടു് പറഞ്ഞു. "ഈ ഗ്ലാസ്സിൽ ഞാൻ മന്ത്രിച്ചുവെച്ചിട്ടുള്ള ജലമെടുത്തു് നിങ്ങൾ എന്റെ മേൽ തളിക്കുകയാണെങ്കിൽ ഞാൻ ഉടനെ വേറൊരാകൃതിയിലായിത്തീരും. ആ ആകൃതികണ്ടു് തൃപ്തിവരുമ്പോൾ ഈ രണ്ടാമത്തെ ഗ്ലാസ്സിലെ ജലം പ്രോക്ഷിച്ചാൽമതി എനിക്കു് എന്റെ സ്വരൂപം വീണ്ടുകിട്ടാൻ."

ജലംനിറച്ച ഗ്ലാസുകൾ രണ്ടും നിലത്തൊരിടത്തുവെച്ചു് മാഘൻ തയ്യാറായി. അടുത്തനിമിഷം സംഭവിക്കാൻപോകുന്ന ആശ്ചര്യത്തെ പ്രതീക്ഷിച്ചുകൊണ്ടു് ജനങ്ങൾ തിങ്ങിനിന്നു. സുഹൃത്തു് ആദ്യത്തെ ഗ്ലാസിലെ വെള്ളമെടുത്തു് മാഘന്റെ ശരീരത്തിൽ തളിക്കേണ്ട താമസം അയാൾ ഒരു വലിയ മുതലയായി മാറി. ജനങ്ങൾ സംഭ്രമിച്ചു് അങ്ങുമിങ്ങും തിരക്കിയോടി. ബഹളത്തിന്നിടയിൽ രണ്ടാമത്തെ ഗ്ലാസ് തട്ടിമറിക്കപ്പെട്ടു. ജലം അപ്പാടെ മണ്ണിലായി. കാര്യം തകരാറിലായെന്നു കണ്ട മുതല ആ മണ്ണിൽ കിടന്നു് പിരണ്ടുനോക്കി. ഫലമുണ്ടായില്ല.

സുഹൃത്തുക്കാം വിഷണ്ഡരായി. എന്തുവേണ്ട എന്നറിയാതെ എല്ലാരും വിഷമിച്ചനില്ക്കേ, മുതല ഗത്യന്തരമില്ലാതെ അരികത്തുള്ള കടലിലേക്കു ചാടി.

മാഘൻെറ സ്നേഹിതന്മാർ വളരെനാം അന്വേഷിച്ചു നടന്നശേഷം സന്യാസിയെ കണ്ടുപിടിച്ചു വിവരങ്ങാം ഗ്രഹിപ്പിച്ചു. സന്യാസി സ്ഥലത്തെത്തി വിളിച്ചപ്പോാം മുതല കരയ്ക്കു കയറിവന്നു. സന്യാസി പറഞ്ഞു:— "ചില്ലറ നേട്ടങ്ങാം ഉണ്ടാവുമ്പോഴേക്കും നീ അഹങ്കാരിയായിപ്പോയി. അതിൻെറ ഫലമായി നീ അധഃപതിക്കുകയും ചെയ്തു. നിൻെറ ഈ ദുരവസ്ഥയിൽ എനിക്കു കുണ്ഠിതമില്ലായ്കയില്ല, കാരണം, നിനക്കു ഈവക വിദ്യകാം ഉപദേശിക്കുന്നതിന്നുമുമ്പായി ഞാൻ നിന്നെ ശരിയായി മനസ്സിലാക്കിയില്ലല്ലോ എന്നതുതന്നെ. അഭക്ഷ്യങ്ങളായ പലതും നീ ഭക്ഷിച്ചു കഴിഞ്ഞു. തന്മൂലം എനിക്കിപ്പോാം നിന്നെ പൂർവ്വരൂപത്തിലാക്കാൻ എളുതല്ല. എങ്കിലും, ഈ ഭയങ്കരസ്വരൂപം മാററിത്തരാം."

മുതലയെ ഒരു വലിയ മത്സ്യമാക്കി വിട്ടശേഷം സന്യാസി അവിടെനിന്നും നിർഗ്ഗമിച്ചു.

സുഹൃത്തുക്കാം കൊട്ടക്കുന്ന പലഹാരങ്ങളും മററും അശിച്ചുകൊണ്ടും, അവർ ചെന്നു വിളിക്കുമ്പോാം കരക്കട്ടത്തെത്തി അന്യോന്യം ദശിച്ചുകൊണ്ടും ആ മത്സ്യം ചില വഷങ്ങാം കടലിൽ കഴിച്ചുകൂട്ടി. അങ്ങനെയിരിക്കെ, ഒരു വെള്ളക്കാരൻ അബദ്ധത്തിൽ ആ മത്സ്യത്തിനെ വെടിവെച്ചു. നാട്ടുകാർ ഓടിയെത്തുമ്പോഴേയ്ക്കും, പാവം മത്സ്യം, മൃതമായിരുന്നു. കൽക്കട്ടയിലെ കാഴ്ചബംഗ്ലാവിൽ ആ മത്സ്യത്തിനെ സൂക്ഷിച്ചിട്ടുണ്ടത്രെ.

മഹാവിഷ്ണുവിൻെറ മായാമോഹിനിയിൽ പരമശിവശക്തി താരകബ്രഹ്മമായി ഉത്ഭവിച്ചതിനെ അവിശ്വസിക്കുകയും അവ

ഹേളിച്ചു് സംസാരിക്കുകയും ചെയ്യുന്ന ഏസ്വബുദ്ധികരം മേൽച്ചൊന്ന വസ്തുതകളെ കുറിച്ചെല്ലാം ചിന്തിക്കേണ്ടതാണ്.

നിരവധി വാദകോലാഹലങ്ങൾക്കും ലഹളകൾക്കും കാരണമായിട്ടുള്ള വിഗ്രഹാരാധനയെ ചൊല്ലി അജ്ഞാനികൾ കലമ്പൽ കൂട്ടാറുണ്ട്. അവക്കു് മറുപടിയായി ഗുരുസ്വാമി ആൾവാർ രാജാവിനേയും വിവേകാനന്ദസ്വാമിയേയും സംബന്ധിക്കുന്ന ഒരു കഥയാണ് പറയുക.

അല്പബുദ്ധിയും അഹംഭാവിയുമായ ആൾവാർ രാജാവു് വിഗ്രഹാരാധനയെ പുച്ഛിച്ചുകൊണ്ടു് വിവേകാനന്ദ സ്വാമിയോടു് പ്രസംഗിച്ചു. സ്വാമിജി അതെല്ലാം കേട്ടുകൊണ്ടുതന്നെ അവിടെ ഭിത്തിയിൽ തൂക്കിയിരുന്ന ഛായാപടത്തിൽ ശ്രദ്ധിക്കുകയായിരുന്നു. അല്പം കഴിഞ്ഞു് "ആ പടം ഇങ്ങോട്ടു് എടുക്കൂ" എന്നാവശ്യപ്പെട്ടു സ്വാമി. മന്ത്രിസത്തമൻതന്നെ ആദരപൂർവ്വം അതെടുത്തുകൊണ്ടുവന്നു് കൊടുത്തപ്പോൾ പെട്ടെന്നു് ഭാവം പകന്നരീതിയിൽ സ്വാമിജി "ഇതാരുടെ പടമാണ്?" "മഹാരാജാവിൻേറതുതന്നെ" എന്നു് മന്ത്രി മറുപടി പറയേണ്ടതാമസം "തുപ്പൂ ഇതിൽ" എന്നു് ശാസനാസ്വരത്തിൽ സ്വാമിജി ആവശ്യപ്പെട്ടു. രാജാവടക്കം സർവ്വജനങ്ങളും പരിഭ്രമിച്ചുവശായി. പടത്തിൽ തുപ്പാനുള്ള ആജ്ഞ ആവർത്തിക്കപ്പെട്ടപ്പോൾ മന്ത്രി പരവശഭാവത്തിൽ പറഞ്ഞു. "സ്വാമി, അടിയനെങ്ങനെയാണ് ഇതിൽ തുപ്പുന്നതു്, ഇതു് അടിയങ്ങളുടെ മഹാരാജാവല്ലേ?" ഉത്കണ്ഠയോടും അമർഷത്തോടും ഇതൊക്കെ വീക്ഷിച്ചുകൊണ്ടിരുന്ന രാജാവിനെനോക്കി വിവേകാനന്ദൻ ശാന്തസ്വരത്തിൽ പറഞ്ഞു:– "രാജൻ, നോക്കുക —

'ഛായാപടമൊരു കടലാ–

സ്സായാലും വയ്യപോലതിൽ തുപ്പാൻ !

ആയാസപ്പെട്ടാലും
മായാരാജാവിതെന്ന സങ്കല്പം.
പാവയെടുത്തു കളിക്കും
പൈതൽക്കുമതിങ്കലില്ല ജഡബോധം
പാലുംമററും നല്കി-
പ്പരിലാളിക്കുന്നതൻെറശിശുവെത്താൻ.
ഏവംഭാവനമൂലം
ദേവത്വംവിഗ്രഹത്തിൽനിലനില്ക്കും,
ഏവരുമാരാധിപ്പതു
കേവലമാത്മൈകശക്തിയെത്തന്നേ?"

(വരകവി)

രാജാവ് തൻെറ ബുദ്ധിശൂന്യതയിൽ ലജ്ജിച്ചു.

ഇതുപോലെത്തന്നെ, മന്ത്രങ്ങൾക്കുള്ള ശക്തിയെ വിശദീകരിക്കുന്ന ഒരു കഥയും ഗുരുസ്വാമിക്കു് പറയാനുണ്ട്. അതും വിവേകാനന്ദൻെറ ജീവിതാനുഭവകഥകളിൽ പെട്ടതാണു്. ഇംഗ്ലണ്ടിൽ ഒരു മഹാസദസ്സിൽവെച്ചു് പണ്ഡിതനും പ്രതാപിയുമായ ഒരു യുക്തിവാദിയോട്ടു് വിവേകാനന്ദന്നു് ഏററുമുട്ടേണ്ടിവന്നു. ധാര വലിയ വാചാലതയോടെ സംസാരിച്ചുകൊണ്ടു് ഉറപ്പിച്ചുപറഞ്ഞു മന്ത്രങ്ങൾക്കു് യാതൊരു ശക്തിയുമില്ലെന്നും ഉണ്ടെന്നു് ചിലർ പറയുന്നതു് വെറും ഭള്ളാണു് എന്നും. അതല്ലെന്നു് തെളിയിക്കാൻ കാഷായ വസ്ത്രധാരിയായ ആ ഇന്ത്യൻ ഫക്കീറിനെ അയാൾ വെല്ലുവിളിക്കുകയും ചെയ്തു. സദസ്സു് ആകപ്പാടെ സായ്പിൻെറ വാദസാമർത്ഥ്യ ജടിലമായ വാക്‌ധോരണിയാൽ വശീകൃതമായി പാവപ്പെട്ട ആ ഹിന്ദുഫക്കീറിനെ നോക്കിഹസിച്ചുകൊണ്ടിരിക്കേ, അതുവരെ പ്രശാന്തനായിരുന്ന സ്വാമിജിയുടെ പ്രകൃതത്തിന്നും ഭാവത്തിന്നും പെട്ടെന്നു് വലിയ

ഒരു മാററം സംഭവിച്ചു. അദ്ദേഹം പ്രമാണിയായ ആ ധാരയെ നോക്കി ഒരു പ്രത്യേക സ്വരത്തിലും ശക്തിയിലും "യൂ ഫൂൾ" (You Fool) എന്നാക്രോശിച്ചു. അപ്രതീക്ഷിതവും അസാധാരണവുമായ ഈ സംഭവംകൊണ്ട് സദസ്സ് അമ്പരന്നതിന്നിടയിൽ നമ്മുടെ ധാര വെടികൊണ്ട പന്നിയെപ്പോലെ കുപിതനായി റിവോൾവർ നീട്ടി സ്വാമിജിയെ ചുട്ടുവീഴ്ത്താൻ. ഉടനെ, അതിമാത്ര ശാന്തഭാവത്തിൽ മന്ദഹസിച്ചുകൊണ്ട് സ്വാമിജി അയാളുടെ കൈക്കു കടന്നുപിടിച്ച് "ക്ഷമിക്കു ചങ്ങാതീ, പെട്ടെന്ന് ഇത്ര കോപിക്കാൻ മാത്രം എന്തുണ്ടായി? ഞാൻ അങ്ങയെ ഒന്നും ചെയ്തില്ലല്ലോ, എന്നെ വെടിവെച്ചുകൊല്ലാൻ. മന്ത്രങ്ങൾക്ക് ശക്തിയില്ലെന്നല്ലേ അങ്ങ് ഇത്രയുംനേരം പ്രസംഗിച്ചത്? ഇപ്പോഴോ?"

"ഹേ! പിച്ചുതെണ്ടിയായ മനുഷ്യാ! മാന്യനും അഭിമാനിയുമായ ഒരു ഇംഗ്ലീഷുകാരൻ മറെറന്തും ഒരുപക്ഷെ സഹിച്ചേയ്ക്കും—പക്ഷെ, മറെറാരാൾ അയാളെ അപമാനിക്കുന്നതുമാത്രം ഒരിക്കലും പൊറുക്കില്ല, എന്ന് നീ ധരിച്ചിട്ടില്ലെന്ന് തോന്നുന്നു."

സ്വാമിജി ചിരിച്ചുകൊണ്ട് "അയ്യോ, ഞാൻ അങ്ങയെ അവമാനിക്കുകയോ? അതുണ്ടായിട്ടില്ലല്ലോ. ഞാൻ ചെയ്തതെന്താണ്. ഇംഗ്ലീഷുഭാഷയിലെ ചില അക്ഷരങ്ങളെ ഒരു പ്രത്യേക ക്രമത്തിൽ നിരത്തിയുണ്ടാക്കീട്ടുള്ള രണ്ടു സാധാരണ പദങ്ങളെ ("യൂ" എന്നും "ഫൂൾ" എന്നും ഉള്ളതിനെ) പ്രത്യേകമായ ഭാവത്തോടും സ്വരത്തോടും ശക്തിയോടുംകൂടി ഉച്ചരിച്ചു. എന്നാൽ, അത് അസാമാന്യമായ അറിവും, മനക്കരുത്തും, തൻേറടവുമുള്ള അങ്ങയിൽ ഉണ്ടാക്കിയ പ്രതികരണം എത്ര അത്ഭുതകരമായിരിക്കുന്നു! ഒരു നിമിഷം തെററിയാൽ അങ്ങ് എന്നെ വെടിവെച്ചു കൊന്നിരിക്കും. ഇതുതന്നെയാണ് മന്ത്രങ്ങളുടേയും നില. മന്ത്രങ്ങളും ഏറക്കുറെ സാമാന്യമായ പദങ്ങൾ തന്നെയാണ്. സംസ്കൃതഭാഷയിലെ ഉജ്ജ്വലങ്ങളായ ചില

അക്ഷരങ്ങളും സ്വരങ്ങളും ചേൎത്തുണ്ടാക്കീട്ടുള്ള പദസമുച്ചയങ്ങളാകുന്നു മന്ത്രങ്ങൾ. ആവക വാക്യങ്ങളെ നിഷ്കഷിച്ചുരുവിട്ടു് പഠിച്ചു് സ്വാധീനമാക്കീട്ടുള്ള സിദ്ധൻ ഏകാഗ്രചിത്തനായി ചില പ്രത്യേക ഭാവവിശേഷങ്ങളോടും സ്വരവിശേഷങ്ങളോടുംകൂടി ഉച്ചരിക്കുമ്പോൾ അതിന്നു് ചില പ്രതികരണങ്ങൾ സംജാതമാകുന്നു. മാന്ത്രികൻ മന്ത്രങ്ങളെ ഉരുക്കഴിച്ചു് സ്വാധീനപ്പെടുത്തുന്നതിലും ഉച്ചരിക്കുന്നതിലും അനുവൎത്തിക്കുന്ന നിഷ്ഠകളും അയാളുടെ ഹൃദയത്തിൻെറ ശുദ്ധിക്കും ഏകാഗ്രതക്കും, മന്ത്രോച്ചാരണപടുത, തീക്ഷ്ണത, എന്നിവക്കും അനുസൃതമായിരിക്കും പ്രതികരണത്തിൻെറ സ്വഭാവവും, ഇഷ്ടഫലദാനശേഷിയും എന്നുമാത്രം. ഛന്ദസ്സുകളുടെ വേണ്ടും വണ്ണമുള്ള സംയോജനം കൊണ്ടുത്ഭവിക്കുന്ന പദവാക്യങ്ങൾക്കു് ശക്തിയില്ലെന്നുള്ള വാദം ശരിയല്ലെന്നു് വിശദമല്ലേ ? നേരെമറിച്ചു് ഞാൻ അല്പം മുമ്പുച്ചരിച്ച ഇംഗ്ലീഷുപദങ്ങളിലെ അതേ അക്ഷരങ്ങളെത്തന്നെ സ്ഥാനം മാററി പ്രതിഷ്ഠിച്ചുണ്ടാക്കുന്ന വാക്കുകൾ എത്രതന്നെ ശക്തിയോടുകൂടി ആർ ഉച്ചരിച്ചാലും അതു് അങ്ങനിൽ ഇവ്വിധ വികാരം ഉദ്ദീപിപ്പിക്കില്ലല്ലോ ?" ധ്വര തോൽവി സമ്മതിച്ചു.

അങ്ങനെ മന്ത്രങ്ങളെ അഭ്യാസംകൊണ്ടു് സ്വാധീനിക്കാനും അവയെ ഇഷ്ടാനുസാരം പ്രയോഗിക്കാനും എളുപ്പമല്ല. കഠിനവും അശ്രാന്തവുമായ ചിരകാലപ്രയത്നം — ശരിക്കും ഒരു തപസ്സു് — ആവശ്യമാണു് അതിന്നു്. അങ്ങനത്തെ യോഗാഭ്യാസിക്കു് അസാമാന്യമായ ഉൾക്കരുത്തും, ധൎമ്മനിഷ്ഠയും, ആത്മവിശ്വാസവും ഉണ്ടായേ പററു. സാധാരണ എല്ലാ ആളുകൾക്കും അതൊക്കെ സാധ്യമല്ല. വിധിപൂൎവ്വമല്ലാത്ത അഭ്യാസം അപകടത്തിന്നു് കാരണമാവുകയും ചെയ്യും. ഇക്കാരണങ്ങളാലാവണം വേദാധ്യയനം എല്ലാക്കും വിഹിതമല്ലെന്നു് വിധിച്ചിരിക്കുന്നതു്. ഒന്നാമതായി, വേദഗ്രന്ഥങ്ങൾ പഠിച്ചു് ശരിയായ അൎത്ഥം ഗ്രഹിക്കുന്നതിന്നും മന്ത്രങ്ങൾ മുറപ്രകാരം ഉച്ചരിച്ചഭ്യസി

ക്കന്നതിന്നും സംസ്കൃതത്തിൽ അപാരപാണ്ഡിത്യം അനുപേക്ഷണീയമാണ്. എന്നാൽ, അക്ഷരജ്ഞാനംപോലുമില്ലാത്ത ഏതു സാധാരണക്കാരന്നും ഫലപ്രദമായി ഉപയോഗിക്കാവുന്ന മന്ത്രങ്ങളാണ് "ഈശ്വരാ, ദൈവമേ" എന്നുള്ളവ. നിഷ്കളങ്കമായ മനസ്സോടും, ആത്മാർത്ഥമായ ഭക്തിയോടും വിശ്വാസത്തോടും കൂടി ദൈവത്തെ ധ്യാനിച്ച്, സർവ്വശക്തനായ താരകബ്രഹ്മം തന്നെ തൻെറ എല്ലാവിധ രക്ഷകൾക്കും ശ്രേയസ്സുകൾക്കും ആശ്രയം എന്നുറപ്പിച്ച് സ്വയം അവിടെ ശരണാഗതി അടയുകയാണ് ഇഷ്ടസിദ്ധിക്ക് ഏററവും എളുപ്പമായ മാർഗ്ഗം.

മോക്ഷപ്രാപ്തിക്ക് മററ മാർഗ്ഗങ്ങളെ അപേക്ഷിച്ച് ഭക്തിമാർഗ്ഗമാകുന്നു ഏററവും എളുപ്പമായിട്ടുള്ളത്. സൂക്ഷ്മമായാലോചിച്ചാൽ ജ്ഞാനം, ധ്യാനം, കർമ്മം എന്നീ മൂന്നുയോഗങ്ങളും ചേർന്നുള്ള ത്രിവേണിയാണ് ഭക്തിയോഗം. "ഭക്തിഃപരാനുരക്തിരീശ്വരേ" എന്നുണ്ടല്ലോ. ജ്ഞാനിയുടെ നിർഗ്ഗുണബ്രഹ്മംതന്നെയാണ് ഭക്തൻെറ സഗുണനായ ഈശ്വരൻ. സാധകനായ ഭക്തൻെറ സങ്കല്പത്തിന്നും ഭക്തിശ്രദ്ധകൾക്കും അനുസരിച്ചിരിക്കും സഗുണനായ ഈശ്വരൻെറ കാരുണ്യവാത്സല്യവും ആശ്രിത രക്ഷണപരതയും. ശ്രദ്ധ ഭക്തിയുടെ സ്ഥായിയും പ്രധാനവുമായ അംഗമാകുന്നു. അതിനാലാണ് "ശ്രദ്ധയോടുംകൂടി വാരിയെന്നാകിലും-ഭക്തനായുള്ളവൻ തന്നാലതിപ്രിയം" എന്നു് ഭഗവാൻതന്നെ പറഞ്ഞിട്ടുള്ളത്. ശ്രദ്ധാപൂർവ്വമല്ലാത്ത ഏതു കർമ്മത്തിന്നും ഫലം കുറവായിരിക്കും. ഹൃദയത്തെ കാമം, ക്രോധം മുതലായ മാലിന്യങ്ങളൊന്നും ബാധിക്കാതെ നിർമ്മലമായി സൂക്ഷിക്കലും യഥാർത്ഥമായ ഭക്ത്യമൃതംകൊണ്ട് നിറക്കലും ഒക്കെ ആത്മാർത്ഥമായ ചിരന്തനതപസ്സുകൊണ്ടുമാത്രം നേടാൻ സാധിക്കുന്ന സിദ്ധികളാകുന്നു. അങ്ങനത്തെ മഹനീയ സിദ്ധികൾ കൈവന്ന ഭക്തൻ കാണുന്നതെല്ലാം ഈശ്വരമയമായും, അയാളുടെ കർമ്മങ്ങൾ എല്ലാംതന്നെ ഈശ്വരാർപ്പണമായുമിരിക്കും.

അപ്രകാരം, സവ്വത്ര സമദശിത്വം യാതൊന്നും അയ്യപ്പസ്വാമിയിൽനിന്നു് ഭിന്നമല്ല എന്ന ദൃഢവിശ്വാസത്തോടുകൂടിയ മനോഭാവം – ഉളവാക്കാനും, മനസ്സിൽ അതു് സ്ഥിരപ്രതിഷ്ഠമാക്കാനും ഉതകുന്ന ഒരു സാധനാ സന്ദർഭമാണു് മണ്ഡലവ്രതകാലത്തു് 'അയ്യപ്പന്മാക്കു്' ലഭ്യമാകുന്നതു്. മനുഷ്യമനസ്സിൻെറയും, തദ്വാരാ മാനവ ജീവിതത്തിൻെറ തന്നേയും, ആദ്ധ്യാത്മിക ഉൽഗതിക്കു് വഴിതെളിയിക്കുന്ന ഇത്തരം ബ്രഹ്മചര്യ ക്രമമായി, ഒരു നിശ്ചിത കാലാവധി പലവഷങ്ങളും അനുഷ്ഠിക്കാൻ സംഗതി വരുന്ന മനുഷ്യൻെറ ആത്മീയ സംസ്കാര പുരോഗതി അസാരമായിരിക്കില്ലെന്നു് തീച്ചയല്ലേ?

ഈശ്വരനാമജപത്തെ സംബന്ധിച്ച മഹാത്മാഗാന്ധി വിശ്വസിച്ചും മററുള്ളവരെ ഉപദേശിച്ചുമിരുന്നതു്, ഓരോരുത്തനും അവനവൻെറ ഇഷ്ടദൈവത്തിൻെറ നാമം, ചിത്തശുദ്ധിയോടും. അചഞ്ചലമായ വിശ്വാസത്തോടും ആത്മാത്ഥതയോടും കൂടി ജപിക്കണമെന്നാണു്. ശരീരത്തിൻെറ നിലനില്പിന്നു് ശുദ്ധരക്തം ഏതുപ്രകാരം ആവശ്യമാണോ അതുപോലെ, ആത്മാവിന്നു് നിമ്മലവും തീക്ഷ്ണവുമായ ദൈവവിശ്വാസം അത്യാവശ്യമാകുന്നു. അങ്ങനത്തെ വിശ്വാസം അവികലമാണെങ്കിൽ, അതു് ശരീരത്തിൻെറ ക്ഷയവൈകല്യങ്ങളെ നികത്താനും സഹായകമാവും.

ആത്മാത്ഥമായ വിശ്വാസത്തോടെ ദൈവശക്തിയെ 'മാടൻപോത്തി'ൻെറ ആകൃതിയിൽ ഭാവിച്ചുഭജിച്ചാലും ഉദ്ദേശസിദ്ധി കൈവരുമെന്നു് വിശദീകരിക്കുന്ന കഥകൾ നാം കേട്ടിട്ടുണ്ടല്ലോ.

മഹാത്മജിയെ ദൈവമായി കരുതി ഭജിച്ചതിൻെറ ഫലമായി ഭയങ്കരമായ പക്ഷവാതം മാറിയ ഒരു വൃദ്ധൻെറ കഥ, വിശ്വാസത്തിൻെറ മാസ്മരശക്തിക്കു് തെളിവായി ഗുരുസ്വാമി

അനുസ്മരിച്ചു. ഡാക്കാനിവാസിയായ ആ എഴുപതുകാരൻ വൈദ്യപ്പരിഷകളാലെല്ലാം കയ്യൊഴിക്കപ്പെട്ടപ്പോഠം നിരാശനായില്ല. ലോകാരാധ്യനായ മഹാത്മാഗാന്ധിയെ കൺകൊണ്ടു് കാണാവുന്ന ദൈവമായി അദ്ദേഹം കരുതി ആരാധിച്ചു. തീവ്രമായ ഭക്തിയോടും, വിശ്വാസത്തോടും നിഷ്ഠയോടുംകൂടി അദ്ദേഹം ആ നാമമനന്ത തപസ്യയിൽ നിർല്ലീനനായി. തൽഫലമായി അചിരേണ രോഗവിമുക്തനുമായി.

ഗുരുസ്വാമിയുടെ നിർദ്ദേശങ്ങഠംക്കും ആജ്ഞകഠംക്കും വഴങ്ങി തികഞ്ഞ അച്ചടക്കത്തോടും ഗുരുഭക്തിയോടുംകൂടി 'അയ്യപ്പന്മാർ' ഏകയോഗക്ഷേമമായ ഒരു കുടുംബത്തിലെ അംഗങ്ങളെന്നപോലെ അന്യോന്യം സ്നേഹിച്ചും, സ്നേഹിക്കപ്പെട്ടും, സഹകരിച്ചും, സർവ്വത്ര സമഭാവന പുലർത്തിയും പെരുമാറിപ്പോന്നു. പരോപകാരതല്പരത, കർത്തവ്യബോധം, കൃത്യനിഷ്ഠ എന്നീ സ്വഭാവഗുണങ്ങളെല്ലാം സ്വന്തം ശിഷ്യന്മാരിൽ വേരൂന്നിയുറപ്പിക്കുന്നതിലും, അതുപോലെത്തന്നെ അവർ ലഘുവും ശുചിതപൂർണ്ണവുമായ ജീവിതം നയിക്കുന്നതിലും ഗുരുസ്വാമി പ്രത്യേകം ശ്രദ്ധാലുവാണു്.

മനുഷ്യന്റെ സ്വഭാവഗുണങ്ങളെ രൂപപ്പെടുത്തുന്ന വിഷയത്തിൽ അവന്റെ ആഹാരത്തിന്നു കാര്യമായ ഒരു പങ്കുണ്ടു്. അതായതു്, സാത്വികഗുണപ്രധാനങ്ങളായ ആഹാരങ്ങഠം മാത്രം കഴിച്ചുപോരുന്ന ഒരാളുടെ ആന്തരപ്രകൃതി രാജസമോ താമസമോ ആവാൻ എളുപ്പമല്ല. അതുപോലെത്തന്നെ, മറിച്ചിങ്ങോട്ടും; രജോഗുണവർദ്ധകങ്ങളായ പദാർത്ഥങ്ങഠംതന്നെ ഭക്ഷിച്ചു ശീലിച്ചവൻ അതിന്നനുസരിച്ചു പ്രകൃതക്കാരനായും, തമോഗുണപദാർത്ഥഭോജി താമസശീലനായും മാത്രമേ, ഒട്ടുമുക്കാലും കാണപ്പെടാവുള്ളു. ജന്മാന്തരനേട്ടങ്ങളുടെ ഹേതുവായി, ഏതോ ചിലരിൽ അല്പസ്വല്പ സ്വഭാവസങ്കരങ്ങഠം ചില സന്ദർഭങ്ങളിൽ കണ്ടെന്നുവരാം. പക്ഷെ, സ്ഥായിയായ ഗുണത്തിനു് വ്യത്യാസം മിക്കപ്പോഴും

കാണപ്പെടുന്നില്ല. ബ്രഹ്മചര്യാനുഷ്ഠാനത്തെ സംബന്ധിച്ചേട ത്തോളം ആഹാരത്തിന്നു സൎവ്വപ്രധാനമായ സ്ഥാനംതന്നെയുണ്ട്.

ഇക്കാരണങ്ങളാലാണ് വ്രതാനുഷ്ഠാനകാലത്ത് പ്രത്യേകിച്ചും, മത്സ്യമാംസാദികളും അതുപോലെ നിഷിദ്ധങ്ങളായ ഇതരഭക്ഷ്യ ങ്ങളും, ബുദ്ധിക്ക് മത്തുപിടിപ്പിക്കുന്ന പേയങ്ങളും, ഉപയോഗിച്ചു കൂടെന്നു് നിൎബ്ബന്ധമായി വിധിച്ചിരിക്കുന്നത്. മദിരയും, മാം സവും, മദിരേക്ഷണയും ബ്രഹ്മചര്യാനുഷ്ഠാനവിഷയത്തിൽ ഒഴി വാക്കേണ്ടവയാകുന്നു. സത്വഗുണമാനസനായ ഒരു ദൈവഭക്ത ന്നു് ഈവക പദാൎത്ഥങ്ങൾ എന്നും വൎജ്ജ്യമാകുന്നു. സത്യമായ ആദ്ധ്യാത്മികചിന്തകൾക്കും തദനുസൃതമായ ജീവിതത്തിന്നും, ജന്തുഹിംസയോടും ആമിഷാശനത്തോടുമുള്ള അകൽച്ച അല്പമൊ ന്നുമല്ല. ആ രണ്ടു കൂട്ടങ്ങളും ഒരു വ്യക്തിയിൽ സാധാരണ സമ്മേ ളിച്ചുകാണില്ല; അഥവാ, അങ്ങനെ വല്ലവരിലും കാണുന്നുണ്ടെ ങ്കിൽ അവരിലുള്ള ആദ്ധ്യാത്മികത അന്യൂനമല്ലെന്നേ ധരിക്കേ ണ്ടതുള്ളു.

ഏതോ ചുരുക്കം ചില മഹാവ്യക്തികൾക്ക് ഈ സാമാന്യ നിയമം ബാധകമല്ലാതെ കണ്ടെന്നുവരാം. അതിന്നു കാരണം ആദ്യമെ പറഞ്ഞിട്ടുണ്ട് — അവരുടെ ജന്മാന്തരനേട്ടങ്ങളുടെ മാഹാത്മ്യം അവരെ മററുള്ളവരിൽനിന്നു് തുലോം ഉയൎന്ന മേഖ ലയിൽ നിൎത്തുന്നു.

വിപുലമായ ഒരു തൎക്കവിഷയമാണ് ഇതു് എന്നിരിക്കിലും, ഇരുട്ടും വെളിച്ചവും ഒന്നിച്ചു് ഒരേ സ്ഥാനത്തു് ഉണ്ടാവാൻ സാ ധ്യമല്ലെന്നുള്ളതു് അവിതൎക്കിതമാണ്.

പൗരാണികസങ്കല്പങ്ങളേയും കഥകളേയും, യുക്തിയുക്ത വും ശാസ്ത്രീയവും ഒട്ടൊക്കെ അനുഭവനിഷ്ഠവുമായ രീതിയിൽ വിശകലനംചെയ്തു് മനസ്സിലാക്കുന്നതിനെ പരാമൎശിച്ചു് ഏതോ

ഒരു മഹാൻ പ്രസംഗമദ്ധ്യേ പ്രതിപാദിച്ച ഒരു വിഷയം ഗുരു സ്വാമി അനുസ്മരിക്കാറുണ്ട്.

പരമശിവനെ സംബന്ധിച്ച സങ്കല്പവിശേഷത്തെപററിയുള്ളതാണ് അതു്. ശിവൻ—ശങ്കരൻ - എന്നീ നാമപദങ്ങൾ തന്നെ അർത്ഥസമ്പുഷ്ടങ്ങളാകുന്നു. മംഗളകരൻ— സകലവിധ ഭാവുകങ്ങളും ശ്രേയോഭ്രയിഷ്ഠതയും അരുളി അവനം ചെയ്യുന്നവൻ — എന്നാണ് മേല്പടി നാമങ്ങളുടെ പൊരുൾ. ആർഷഭൂമി ആദികാലം തൊട്ടുതന്നെ മാനവജീവസന്ധാരണത്തിനു് അനുപേക്ഷണീയമായ അന്നം തന്നരുളുന്ന കേദാരമാകുന്നു. കൃഷി വൃത്തിയോടു് ബന്ധപ്പെട്ടുകൊണ്ടാണ് അന്നത്തെ ഭാരതീയൻെറ ഇതരവൃത്തികളും സാമാന്യജീവിതരീതികളും പുലർന്നിരുന്നതു്. അന്നത്തെ സാമൂഹ്യാചാരങ്ങളും ധർമ്മമുറകളുമൊക്കെ അതിന്നനുസൃതങ്ങളുമായിരുന്നു. സകല ചരാചരങ്ങളുടേയും ഉൽപ്പത്തിക്കും സ്ഥിതിക്കും അത്യയത്തിന്നും കാരണമായി ഒരു മഹച്ഛക്തിയുണ്ടെന്നു് ആ ആളുകൾ വിശ്വസിച്ചിരുന്നു. അപ്രമേയമായ ആ ദിവ്യശക്തിയെ അവർ ദൈവം എന്നു വിളിച്ചു. ദൈവപ്രീതി കൊണ്ടേ തങ്ങൾക്കു് ജീവിതത്തിൽ വേണ്ടുന്ന എല്ലാവിധ വിഭവ സമൃദ്ധികളും ഉൽക്കർഷങ്ങളുമുണ്ടാവൂ എന്നവർ ദൃഢമായി കരുതുകയും ചെയ്തിരുന്നു. തന്മൂലം, പൊതുവെ അവർ അനുഷ്ഠിക്കുന്ന ഏതു കാര്യവും ദൈവത്തെ സാക്ഷിയായി സങ്കല്പിച്ചുകൊണ്ടായിരുന്നുതാനും. ഈ ഈശ്വരവിശ്വാസപ്രവണത ഹിന്ദുക്കൾക്കു് മാത്രമുള്ള ഒന്നല്ല. ഇതരമതാവലംബികളായ ആസ്തികൃമതികളും അങ്ങനെയാകുന്നു. ഉദാഹരണമായി, മുഹമ്മദീയർ 'ബി' എന്ന അക്ഷരവും ക്രിസ്ത്യാനികൾ 'അമീൻ' എന്ന പദവും ദൈവത്തിൻെറ പേരിൽ ശീർഷകമായികൊടുത്തിട്ടേ എന്തെങ്കിലും എഴുതാൻ പോലുമാരംഭിക്കൂ.

അങ്ങനെ, അന്നത്തെ ആ ആസ്തികൃമതികളായ ആളുകൾ തങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗമായ കൃഷിവൃത്തിക്കു സഹാ

യകദൈവതമായി സങ്കല്പിച്ചിട്ടുള്ള ശക്തിവിശേമാണ് ശിവൻ. ചുരുക്കിപ്പറഞ്ഞാൽ കൃഷിക്കാരന്റെ ദൈവമായാണ് ശിവനെ സങ്കല്പിച്ചിരിക്കുന്നതു്.

ശിവന്റെ രൂപം, വേഷഭൂഷകൾ, ആജ്ഞാനുവൎത്തികളോ സഹചരരോ ആയ കൂട്ടുകാർ, എന്നിവയുടേയെല്ലാം സങ്കല്പചതുരതയെക്കുറിച്ചുമാത്രം ചിന്തിച്ചാൽ മതിയാവും നമ്മുടെ ആ മുതുമുത്തശ്ശന്മാരുടെ ദീൎഘദൎശിത്വവും അനുഭവജ്ഞാനവും എത്ര മഹത്തരമായിരുന്നു എന്നു് മനസ്സിലാവാൻ.

ശിവന്റെ കേന്ദ്രാവാസസ്ഥാനമായി അവർ കല്പിച്ചതു് ഈ ആൎയ്യാവൎത്തത്തിന്റെ എല്ലാവിധ സമ്പത്തുകൾക്കും സംരക്ഷണങ്ങൾക്കും അധിഷ്ഠാനമായി വടക്കതിരിൽ വൎത്തിക്കുന്ന ഹിമവാന്റെ ഉത്തുംഗശൃംഗങ്ങളിൽ സൎവ്വശ്രേഷ്ഠമായ കൈലാസകൂടത്തെയാണ്. അത്യുന്നതമായ പ്രസ്തുത സ്ഥാനത്തുനിന്നു് താഴോട്ടു് ഒന്നു കണ്ണോടിച്ചാൽ, താൻ പരിപാലിക്കാൻ കടമപ്പെട്ടിട്ടുള്ള ഭൂപ്രദേശം അങ്ങോളമിങ്ങോളം ദൃശ്യമാകും. വളരെ വിസ്തൃതമായ കൃഷിഭൂമിയുടെ ഉടമസ്ഥനു് എല്ലാ ഇടത്തും എപ്പോഴും നടന്നെത്തി മേൽനോട്ടം നടത്താൻ സാധ്യമല്ലല്ലോ. ചുററും നോട്ടമെത്താവുന്നതരത്തിൽ ഉയൎന്ന ഒരു സ്ഥാനത്തു് തന്റെ വസതി ഏൎപ്പെടുത്തി അവിടെനിന്നു് കാൎയ്യങ്ങൾ സ്വയം വീക്ഷിച്ചുനടത്തുന്നതു് സൌകൎയ്യമായിരിക്കില്ലേ?

ഭൂമിയിൽ കൃഷിചെയ്യുന്നതിന്നു് ആദ്യമായും സൎവ്വപ്രധാനമായും ആവശ്യമായിട്ടുള്ളതു് സമൃദ്ധമായ ജലമാണല്ലോ. കാലവൎഷങ്ങളെ മാത്രം ആശ്രയിച്ചുകൊണ്ടു് എല്ലാക്കാലത്തും എല്ലായിടത്തും എല്ലാവിധ കൃഷികളും ചെയ്യുക സാധ്യമല്ല. അതതു കാലത്തിന്നും, ഇടത്തിന്നും, കൃഷിക്കും വേണ്ടുംവിധം ജലം കിട്ടണമെങ്കിൽ, വൎഷജലത്തെ ശേഖരിച്ചുനിൎത്തി ആവശ്യാനുസാരം എത്തേണ്ടിടത്തെത്തിച്ചു് ഉപയോഗപ്പെടുത്തിയാലേ മതിയാവൂ.

ഇതാണല്ലോ ഇന്നത്തെ അണക്കെട്ടുകളെക്കൊണ്ടു് സാധിക്കുന്നതു്? അവ്വിധമുള്ള അണകളുടേയും ജലശേഖരണത്തിൻേറയും പ്രാധാന്യവും പ്രായോഗികതയും നമ്മുടെ പൂവ്വികന്മാർ എന്നോ മനസ്സിലാക്കിയിരുന്നു എന്നു് പ്രത്യക്ഷമാണു്. അവർ ശിവൻെറ ശിരസ്സിൽതന്നെയാണു് അണകെട്ടിച്ചിരിക്കുന്നതു്. അതു് ഒരു ചില്ലറ അരുവിയാറിനേയോ ഉപനദിയേയോ ബന്ധിച്ചുകൊണ്ടല്ല, സാക്ഷാൽ വിയൽഗംഗയെ തടഞ്ഞുനിത്തിക്കൊണ്ടാണു്.

സവ്വാഭ്യുദയപ്രവഷിണിയായ ആ മഹാനദിയെ അമരലോകത്തുനിന്നു് ആനയിച്ചതോ, ഒരു 'ഭഗീരഥപ്രയത്നം' കൊണ്ടാണെതാനും. അപ്രതിമ പ്രഭാവതിയായ ആ ഭാഗീരഥിയെ അങ്ങനെ തന്നെ ഭൂവിതാനത്തിലേയ്ക്കു് കുതിച്ചുപ്രവഹിപ്പാൻ അനുവദിച്ചിരുന്നുവെങ്കിൽ ഈ പുണ്യാവനി എന്നോ ആ ശക്തിയിൽ ദ്രവിച്ചു് സാഗരവീചികളിൽ കലങ്ങിച്ചേന്നു് നാമാവശേഷമായേനേ. അപ്രകാരമുള്ള ഒരത്യാഹിതം സംഭവിക്കാനിടവരാതെ പരമകാരുണികനായ പരമശിവൻ രൗദ്രാകാരയായി കുതിച്ചിറങ്ങുന്ന ആ മഹാസ്രോതസ്സിനെ തൻെറ ജടാജൂടത്താൽ തടഞ്ഞുനിത്തി ആശ്രിതലോകജനതയ്ക്കു് ഹിതകരമാംവിധം അല്പാല്പമായി താഴോട്ടു് പ്രവഹിപ്പിക്കുകയാണു് ചെയ്തതു്. അണകെട്ടി ജലം സംഭരിച്ചുനിത്തുന്നതു് എന്നും ഒരുയന്നവിതാനത്തിലാവണമല്ലോ. അങ്ങനെ ശേഖരിച്ചുവെയ്ക്കുന്ന വെള്ളം കൃഷിഭൂമികളുടെ സേചനത്തിന്നു മാത്രമായിട്ടല്ല. കൃഷിക്കും അതുപോലെ മററു വ്യവസായങ്ങൾക്കും ആവശ്യമായ വൈദ്യുതശക്തി ഉൽപാദിപ്പിക്കുന്നതിന്നും അതുതകുന്നു. വിദ്യുച്ഛക്തി, നിമ്മാണകമ്മങ്ങൾക്കെന്നപോലെ വിദ്ധ്വംസനപ്രക്രിയകൾക്കും വിനിയുക്തമാകുന്നുണ്ടു്. നിർദ്ദിഷ്ടരീതിയിലുള്ള ജലപാതംകൊണ്ടു് ഒരു പ്രത്യേകകേന്ദ്രത്തിൽനിന്നു് വിദ്യുച്ഛക്തി ഉൽപാദിപ്പിക്കപ്പെടുന്നതുപോലെ ശിവൻെറ ഭ്രൂമദ്ധ്യസ്ഥാനത്തുനിന്നു് ഉൽഭൂതമായി അത്യുഗ്രമായ വിദ്യുൽപ്രസരം. എന്തിന്നു്? മാനവശ്രേയസ്സുകളുടേയും സകല

മാന നന്മകളുടേയും ശത്രുവായ കാമത്തെ നീററി വെണ്ണീറാക്കാൻ. മനുഷ്യൻെറ അഷ്ടൈശ്വര്യങ്ങളിൽ പ്രഥമവും മറെറല്ലാററിന്നും മൂല കാരണവുമായ കാമത്തെത്തന്നെയാണ് ആദ്യമായി നശിപ്പി ക്കേണ്ടതു്. കാമം എന്നപദംകൊണ്ടു് ലൈംഗികേച്ഛ എന്നു മാത്രമല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അഹാനഹ്വിവേചനമെന്യേ എന്തിനോടും തോന്നുന്ന അത്യാഗ്രഹം എന്നുവരെ അതിന്നർത്ഥ വ്യാപ്തിയുണ്ടു്. ലൈംഗികേച്ഛ അതിൻെറ പ്രബലമായ ഒരംഗ വുമാണു്. ഏതുവിഷയത്തിലുമുള്ള അത്യാഗ്രഹവും ആപൽക്കാരി യാകയാൽ അതിനെ അകററേണ്ടതു് അത്യാവശ്യമാണല്ലോ. കർമ്മഭൂമിയായ ഭാരതവർഷത്തിലെ മനുഷ്യരാശിയുടെ ഭൗതികവും ആദ്ധ്യാത്മികവുമായ പുരോഗതിക്കു് കരുത്തുററ പ്രതിബന്ധമാ കാവുന്ന ആ കാമത്തെ ചുട്ടുഭസ്മീകരിക്കുകയാണ് തൃക്കണ്ണിൻെറ നെററിത്തടത്തിൽനിന്നു് പൊട്ടിപ്പുറപ്പെട്ട വിദ്യുത്പ്രസരം നിർവ്വഹിച്ചതു്.

ഭൂമിയിൽ കൃഷിചെയ്തു് ഉപജീവിക്കുന്ന മനുഷ്യരുടെ ജീവിതം അന്യോന്യമുള്ള മൈത്രീബന്ധവും സഹകരണവും പ്രമാണമാക്കിക്കൊണ്ടുള്ള സാമൂഹ്യവ്യവസ്ഥിതികൾക്കും അനു ഷ്ഠാനങ്ങൾക്കും വഴങ്ങിക്കൊണ്ടുള്ളതായിരിക്കണം. എന്നാൽ മാത്രമെ അവക്കു് വാസ്തവമായ സൗഖ്യവും ശ്രേയസ്സും അഭി വൃദ്ധിപ്പെട്ടു. അപ്പോൾ, കാമാദിശത്രുക്കളിൽനിന്നു് ഭക്തന്മാരെ പരിരക്ഷിക്കേണ്ടതു് അവരുടെ ആരാധനാമൂർത്തിയായ പരമ ശിവൻെറ കർത്തവ്യമാണല്ലോ.

ഓഷധികൾക്കു്, അതായതു് തൃണംതൊട്ടു് എല്ലാ ഔഷധ വർഗ്ഗങ്ങൾക്കും അതാതിൻെറ വീര്യവും ഗുണവും ഉൾക്കൊണ്ടു് തഴച്ചുവളരാൻ ഉതകുന്നതു് അമൃതകിരണനായ ചന്ദ്രനാകുന്നു. ഓഷധീശൻ എന്നൊരു പര്യായനാമംതന്നെ ചന്ദ്രനുണ്ടു്. ചന്ദ്രൻെറ സാഹചര്യംകൊണ്ടും സമ്പക്കംകൊണ്ടും വേറേയും പല ഗുണങ്ങൾ ഭൂമിക്കുണ്ടാവുന്നുണ്ടു്. അങ്ങനെയുള്ള ചന്ദ്രനേയും

ശിവൻ മൗലിയിൽ ചൂടിയിരിക്കുകയാണ്. ചന്ദ്രസൂര്യന്മാരെ ശിവൻെറ രണ്ടു കണ്ണുകളായാണ് സങ്കല്പിക്കപ്പെട്ടിരിക്കുന്നതു്. സസ്യവൎഗ്ഗങ്ങളുടെയെന്നല്ല സമസ്തജീവരാശികളുടേയും ബ്രഹ്മാണ്ഡത്തിൻെറ തന്നേയും നിലനില്പിന്നു് സൂൎയ്യഭഗവാനാണല്ലോ കാരണം.

ശിവൻെറ കണ്ണുങ്ങളിലും കണ്ഠത്തിലും ഭുജദണ്ഡങ്ങളിലും കടിപ്രദേശത്തും ഒക്കെ അണിഞ്ഞിട്ടുള്ള മുഖ്യഭൂഷണമെന്തെന്നോ, പാമ്പുകൾ. പാമ്പുകൾ കൃഷിക്കാരൻെറ ബന്ധുക്കളാണെന്നും, കൃഷിയെ നശിപ്പിക്കുന്ന കൃമികീടങ്ങളേയും മററും കൊന്നൊടുക്കിയും മററപ്രകാരത്തിലും കൃഷിക്കാരനു് ഉപകരിച്ചു പോരുന്ന ജീവിയാണ് അതെന്നും എല്ലാവൎക്കുമറിയാം.

യഥാൎത്ഥമായ തപഃശക്തിയും, ആത്മചൈതന്യവും നേടീട്ടുള്ള സിദ്ധപുരുഷന്നു് ഹാലാഹലവും മാരകമാവില്ലെന്നു് ഉൽഘോഷിക്കുന്ന നീലകണ്ഠനാണ് പരമശിവൻ.

കാലത്തിൻെറ — കാലൻേറയും കരാളകരവിക്രിയകൾക്കതീതനായി, നിത്യചൈതന്യസിദ്ധനായി — എന്നും പതിനാറുമാൎക്കണ്ഡേയനായി വൎത്തിക്കാൻ, കൎത്തവ്യാനുഷ്ഠാന വ്യഗ്രതയും പരാനുരക്തിതീഷ്ണതയും, ചേൎന്ന സ്ഥിരപ്രജ്ഞന്നു് എളുതാണെന്നു് മൎത്ത്യന്മാൎക്കു് കാട്ടിക്കൊടുത്ത കാലകാലതപവും പരമശിവനിൽ കല്പിക്കപ്പെട്ടിട്ടുണ്ടു്.

മെയ്യിലാകമാനം വാരിപ്പൂശീട്ടുള്ളതെന്താണ്? ഭസ്മം — ചാമ്പൽ! കൃഷിക്കു് അത്യാവശ്യമായ ദോഹദം. ഇനിയുള്ള ആഭരണങ്ങളോ, കൃഷിക്കു് വിശേഷവിധവളമായി ഉപയോഗിക്കപ്പെടുന്ന എല്ലുകൾ, മനുഷ്യൻെറ പലരോഗങ്ങൾക്കും ഔഷധമായുപയുക്തമാവുന്ന വില്വപത്രങ്ങൾ, രുദ്രാക്ഷങ്ങൾ എന്നിവയാകുന്നു.

അനാഡംബരജീവിതംകൊണ്ടു് തൃപ്തിപ്പെടുന്ന ഗ്രാമവാസിയായ കൃഷീവലൻെറ സങ്കല്പദൈവതം ഏകാംബരനാകുന്നതു് പ്രസക്തംതന്നെ.

സന്ദർഭങ്ങൾക്കനുസരിച്ചു് വിവിധായുധങ്ങൾ ഏന്തുന്നവനാണെങ്കിലും, കർഷകബന്ധുവായ പരമേശ്വരൻ സദാകയ്യിൽ വഹിച്ചിരിക്കുന്നതു് ഗരിഷ്ഠമായ ത്രിശൂലമാകുന്നു. അതായതു്, കൃഷകൻെറ ദിവ്യായുധമായ കലപ്പയുടെ മറെറാരു രൂപവിശേഷം.

തനിക്കു് ഈ പാരിടം മുച്ചൂടും ചുററിസ്സഞ്ചരിക്കാൻ ഉപകരിക്കുന്ന വാഹനമെന്താണെന്നോ, വരിഷ്ഠനായ വൃഷഭരാജൻ; കൊഴുപ്പും മുഴുപ്പും ചേൎന്ന കൂററൻ മണിക്കാള, കർഷകൻെറ ആത്മബന്ധുക്കളിൽ ഒന്നാമൻ. സൎവ്വജനസമ്മതനായ അവൻെറ അന്യാദൃശപ്രാമാണ്യവും പ്രാധാന്യവും പ്രഖ്യാപനം ചെയ്തുകൊണ്ടാണു് ആ പ്രൗഢഗംഭീരസത്വൻ സൎവ്വേശ്വരനായ പരമേശ്വരന്നു് അഭിമുഖമായി ക്ഷേത്രദ്വാരത്തിൽത്തന്നെ പ്രതിഷ്ഠിതനായിരിക്കുന്നതു്. ഭാരതഭൂമിയിലെ കർഷകന്നും വൃഷഭവീരന്നും തമ്മിലുള്ള ബന്ധം അഭംഗുരമാണെന്നു് ആൎക്കാണറിയാത്തതു്?

കർഷകമേധാവിയുടെ കൂട്ടിന്നും, ആജ്ഞാനുവൎത്തിത്വത്തിന്നുമായി മെയ്മിടുക്കും കൈമിടുക്കും വാച്ച നിരവധി സിൽബന്തികൾ ഉണ്ടാവുന്നതു് സാധാരണവും, ഒരത്യാവശ്യവുമാണെന്നതുപോലെ, പ്രചണ്ഡപ്രതാപികളായ ഭൂതവൃന്ദങ്ങളും ശുനകകണ്ഠീരവാദി മൃഗസഞ്ചയങ്ങളും മഹേശ്വരൻെറ സംഘവൎത്തികളായാണു് സങ്കല്പിക്കപ്പെടുന്നതു്.

ഇനി, ഗൃഹസ്ഥനായ ആ പരമപുരുഷൻെറ സഹധൎമ്മചാരിണിയാരാണു്? കൎമ്മങ്ങൾ ആചരിക്കുന്നതിന്നു വേണ്ടുന്ന സഹായവും ചൈതന്യവും ഏകി, മെയ്യിൽ പാതിയായി വൎത്തിക്കുന്ന പരാശക്തി, പ്രകൃതി, രാജരാജേശ്വരിയായ ഹൈമവതി.

മാംസാശനം, മദ്യപാനം, എന്നിവപോലെത്തന്നെ വജ്ജ്യമാണ് ലഹരിപദാൎത്ഥങ്ങളുടെ ഇനത്തിൽപെട്ട കഞ്ചാവ്, അവീൻ എന്നുവേണ്ട അങ്ങേ അററം പുകയിലയുടെപോലും, ഉപയോഗം എന്ന പക്ഷക്കാരനാണ് ഗുരുസ്വാമി. വ്രതകാലത്തെന്നു മാത്രമല്ല, എന്നും അദ്ദേഹം ആവകയൊന്നും ഉപയോഗിക്കുക പതിവില്ല.

മലക്കുപോകുന്ന 'അയ്യപ്പന്മാ'രിൽ പലരും, വിശേഷിച്ചും വളരെ പഴമക്കാരായ 'പെരിയാന്മാർ' മിക്കവരും, കഞ്ചാവ് ഉപയോഗിക്കാറുണ്ട്. മലകയറുമ്പോൾ ക്ഷീണം തോന്നാതിരിക്കാനും, അത്യുഗ്രമായ കുളിരിന്നു് ശാന്തിയുണ്ടാവാനും വേണ്ടിയാണ് അങ്ങനെ കഞ്ചാവുപുക വലിക്കുന്നതു് എന്നാണവർ പറയുന്നതു്. കട്ടത്തസ്വാമിക്കു് നിവേദ്യമായിട്ടെന്ന സങ്കല്പത്തിൽ അല്പം കഞ്ചാവ് എല്ലാ ഇരുമുടിക്കെട്ടുകളിലും നിക്ഷേപിച്ച് 'അയ്യപ്പന്മാർ' മലക്കു് കൊണ്ടുപോവുന്ന പതിവുമുണ്ട്. ചില പ്രദേശങ്ങളിൽനിന്നു് മലക്കുവരുന്ന സംഘങ്ങളിലെ ഗുരുസ്വാമിമാർ സ്വയം കഞ്ചാവുപുക വലിക്കുന്നതിന്നു പുറമെ, മററ'യ്യപ്പന്മാ'രേയും അങ്ങനെ ചെയ്യാൻ നിർബ്ബന്ധിക്കുകയും ചെയ്യും. എരുമേലിയിൽ പേട്ടതുള്ളലും, കുളിയും മററും കഴിഞ്ഞാൽ നിർബ്ബന്ധമായി അനുഷ്ഠിക്കേണ്ടുന്ന ഒരു ചടങ്ങായി ഇതിനെ അവർ കണക്കാക്കുന്നു. എന്നാൽ, നമ്മുടെ അയ്യപ്പഗുരുസ്വാമിയുടെ അഭിപ്രായത്തിൽ ഇതൊരനാവശ്യമാണ്. മനസ്സിന്നു് ഏകാഗ്രത കിട്ടാൻ കഞ്ചാവു പുകവലി ഉപകരിക്കുമെന്നു് ചിലൎക്ക് വിശ്വാസമുണ്ട്. ചില സ്വാമിയന്മാരും മററും കഞ്ചാവുപുകവലിക്കാൻ ആരംഭിക്കുന്നതിന്നു തൊട്ടുമുമ്പായി പ്രത്യേകരീതിയിലുള്ള ഈശ്വരവന്ദനചടങ്ങുകൾ ഒക്കെ കാണിക്കുന്നതു് പലരും കണ്ടിട്ടുണ്ടാവും. കഞ്ചാവ് ഇതരലഹരിവസ്തുക്കളെപോലുള്ള ഒന്നല്ലെന്നും അതിന്നു് ഒരു ദൈവികസമ്പൎക്കമുണ്ടെന്നും ഒക്കെ മററുള്ളവരെ ധരിപ്പിക്കാനുള്ള ചില അടവുകൾ മാത്രമാണ് അവയെല്ലാം. മനസ്സ്

ഏതെങ്കിലും പ്രത്യേകവിഷയത്തിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നതിൻ മദ്ധ്യേ ബുദ്ധിക്കു് അമലുപിടിപ്പിച്ചു് ഒരുമാതിരി മന്ദതയുണ്ടാക്കിത്തീൎത്താൽ അന്യവിഷയങ്ങളെപററി ചിന്തിക്കാനുള്ള കഴിവു് അതിന്നു കുറഞ്ഞുവശാവും. അതായതു്, മനസ്സിന്നും ബുദ്ധിക്കുമുള്ള ക്രിയാത്മശേഷി മന്ദീഭവിച്ചു് ഒരുമാതിരി അബോധാവസ്ഥ ഉളവായേക്കും. തുടക്കത്തിൽ ദൈവപരമായ ചിന്തകളിലായിരുന്നു ആ മനസ്സും ബുദ്ധിയും പ്രവൎത്തിച്ചിരുന്നതെങ്കിൽ ആവക ചിന്തകൾതന്നെ കഞ്ചാവിൻെറ മത്തുകയറി മയങ്ങിവശാവുമ്പോ സന്ദൎഭങ്ങളിൽ തുടൎന്നു് കുറേ സമയത്തേക്കെങ്കിലും അവിടെ തങ്ങിനില്ക്കാൻ ഇടവന്നേക്കും. തുടൎച്ചയായി അവ്വണ്ണം കൃത്രിമമായ ഒരു കാലാവസ്ഥയിൽ ബുദ്ധിയേയും മനസ്സിനേയും നിലനിൎത്തിപ്പോരികയാണെങ്കിൽ, ആവക നല്ല വിചാരങ്ങൾ തന്നെ മനസ്സിൽ ഉറച്ചുകൂടെന്നില്ലല്ലോ? ഒരു പക്ഷെ, തുടൎന്നുകൊണ്ടുള്ള കഞ്ചാവുപുകവലിക്കു് ഇങ്ങനത്തെ ഒരു ഗുണാംശം ഉണ്ടായിരിക്കാം. എന്നാൽ അതു് നാനാപ്രകാരത്തിലുള്ള വിഷമങ്ങൾമൂലം അസ്വാസ്ഥ്യവും ശല്യവും അനുഭവപ്പെടുന്ന മനസ്സിന്നു് ഉന്മാദാവസ്ഥ ശാന്തിദായകമായി തോന്നുന്നതുപോലെ മിത്ഥ്യയാകുന്നു. മന്ദബുദ്ധിയായ, അല്ലെങ്കിൽ, യഥാൎത്ഥമായ ബോധം കെട്ടുവശായവനായ, മനുഷ്യൻെറ ജീവിതംകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്? ഗുരുസ്വാമിയുടെ അഭിപ്രായത്തിൽ, മനുഷ്യൻെറ ബുദ്ധിയുടെ തെളിമക്കും, ഉണൎവ്വോട്ടം ഉശിരോട്ടം കൂടിയുള്ള ഉത്തമമായ പ്രവൎത്തനത്തിന്നും, ഹാനിതട്ടിക്കുന്ന ഈവക ലഹരിസാധനങ്ങളുടെ ഉപയോഗം ഗൎഹണീയമാണു്. ആത്മാൎത്ഥവും സത്യശുദ്ധവുമായ ഈശ്വരഭക്തി സ്വബോധയുക്തമാവാതെ വയ്യ. അങ്ങനത്തെ ഒരു ദൈവഭക്തിക്കേ എന്തെങ്കിലും യഥാൎത്ഥമായ ഗുണംനേടാൻ വേണ്ടത്ര തീവ്രതയുണ്ടാവൂ. അപ്രകാരമുള്ള ഭക്തിവിശ്വാസങ്ങൾ മനസ്സിൽ അങ്കുരിച്ചു് തെഴുക്കണമെങ്കിൽ ബുദ്ധിനിൎമ്മലവും ജാഗ്രത്തുമായിരിക്കേണ്ടതാവശ്യമാകുന്നു. അതിനാൽ, സദാസദ്‌വിചാരങ്ങളോടെ സൽകൎമ്മങ്ങൾ അനു

ഷ്ഠിച്ച് സത്തുക്കളായ ജനങ്ങളോടുമാത്രം സമ്പക്കം ചെയ്തുകൊണ്ടിരിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടതു്.

ലഹരിപദാർത്ഥങ്ങൾ പതിവായി ഉപയോഗിക്കുന്നതുകൊണ്ടു് ശരീരാരോഗ്യത്തിന്നു പററാവുന്ന ഹാനികളെ സംബന്ധിച്ചും ഗുരുസ്വാമിക്കു് സുസ്ഥിരമായ അഭിപ്രായങ്ങൾ ഉണ്ടു്.

മണ്ഡലമാസത്തിൽ ദേശത്തിലും അയൽപ്രദേശങ്ങളിലുമുള്ള എല്ലാ ക്ഷേത്രങ്ങളിലും 'അയ്യപ്പന്മാർ' യഥാശക്തി വിശേഷപൂജകളും വഴിപാടുകളും നടത്തിയിരുന്നു. പുറമെ, ദേശമദ്ധ്യത്തിലുള്ള അയ്യപ്പൻകാവിൽവെച്ച് ഗുരുസ്വാമിയുടെ നിഷ്കൃഷ്ടമായ മേൽനോട്ടത്തിലും, മാലയിട്ട 'അയ്യപ്പന്മാ'രുടെയും മററു ഭക്തജനങ്ങളുടേയും അശ്രാന്തപരിശ്രമത്തിലും, നാട്ടിലെ പ്രമാണികളായ ആളുകളുടെ ഹൃദയംഗമമായ സഹായസഹകരണങ്ങളോടെ അതിഗംഭീരമായ ഒരു 'വിളക്കും' ശാസ്താംപാട്ടും, ആഴിപൂജയുംകൂടെ നടത്തുകയുണ്ടായി. മികച്ച പാട്ടുകാരുടെ വകയായിരുന്നു ഉടുക്കുകൊട്ടിക്കൊണ്ടുള്ള പാട്ടു്.

വിധിപ്രകാരം നിമ്മിച്ച 'പട്ടക്കപ്പന്ത'ലിൽവെച്ചാണ് മേപ്പടി 'വിളക്കും പാട്ടും' നടത്തിയതു്.

അങ്ങനെ, മുറകളൊന്നും തെററിക്കാതെ, ത്രിവിധകരണങ്ങൾകൊണ്ടും വ്രതചര്യ വിധിപൂവ്വകമായനുഷ്ഠിക്കയാൽ ശരീരവും മനസ്സും പവിത്രമായിത്തീന്നിട്ടുള്ള അനേകം 'അയ്യപ്പന്മാ'രുടെ സഹവാസംനിമിത്തം നാട്ടിലെ പൊതു അന്തരീക്ഷത്തിന്നു തന്നെ ഒരനാവദ്യതയും സ്വച്ഛതയും അനുഭവപ്പെട്ടുകണ്ടു. എങ്ങോട്ടു തിരിഞ്ഞാലും കൃഷ്ണവസ്ത്രധാരികളായ 'അയ്യപ്പന്മാ'രും, 'സ്വാമി ശരണം' എന്ന അഭ്യവാദനവാക്യവും മാത്രമെ കാണ്മാനും കേൾപ്പാനുമുള്ളൂ. ലീലാലോലുപരായ പൈതങ്ങൾപോലും കണ്ണും പൊട്ടുമാറച്ചത്തിൽ ശരണം വിളിക്കുന്നതുകേൾക്കുമ്പോൾ ഭക്തിപാരവശ്യത്താൽ ശരീരം കോരിത്തരിക്കാത്ത ആളുകളില്ല.

ആവ്വംവിധം ഉച്ചത്തിൽ ശരണം വിളിക്കുന്നതിൻെറ ആവശ്യകതയെക്കുറിച്ച് ഗുരുസ്വാമിയുടെ അഭിപ്രായം അതു് പല പ്രകാരത്തിലും ഗുണപ്രദമാണെന്നാണ്. നിശ്ശബ്ദമായോ മന്ദസ്വരത്തിലോ ഈശ്വരപ്രാൎത്ഥനകൾ ചെയ്യുന്നതിനേക്കാൾ മനസ്സിന്നു് ഏകാഗ്രത താരസ്വരത്തിൽ സ്വാമിയെ വിളിച്ചു് പ്രാൎത്ഥിക്കുമ്പോഴാണ് ലഭിക്കുക. ഏകാന്തതയിൽ മൌനിയായിരുന്നു് ധ്യാനിക്കുന്ന സമ്പ്രദായം സംഘംചേൎന്ന പ്രാൎത്ഥനകൾക്കു് സമുചിതമല്ല. പ്രത്യേക സാധനകളൊന്നുമില്ലാത്ത സാധാരണക്കാരെ സംബന്ധിച്ചേടത്തോളം ഇതു് വിശേഷിച്ചും പരമാൎത്ഥമാകുന്നു. അങ്ങനെ ഉച്ചത്തിൽ ശരണം വിളിക്കുമ്പോൾ അകത്തെ വായു പുറത്തേക്കുവിടുകയും തുടൻ് ശുദ്ധവായു ഉൾക്കൊള്ളുകയും ചെയ്യുന്ന പ്രക്രിയ ഒരു ജാതി പ്രാണായാമവും വ്യായാമവുമായി അനുഭവപ്പെടും. അതിൻെറ ഫലമായി വായു സംബന്ധമായ ചില്ലറരോഗങ്ങളും മനസ്സിൻെറതന്നെ മാലിന്യവും, രാഗാദിദോഷങ്ങളും അകലാനും ഇടവരുന്നു. * ശാസ്താവിനെ വിഷ്ണുമോഹിനി പ്രസവിച്ചഭാഗം ചില അയ്യപ്പൻ പാട്ടുകളിൽ വിചിത്രമായി വൎണ്ണിച്ചിട്ടുണ്ടു്. പ്രസവിക്കാൻ വളരെ കഷ്ടപ്പെട്ടുവെന്നും, ഒടുവിൽ മോഹിനിയുടെ വലത്തെ തുടവിളന്നാണ് ശാസ്താവു് പുറത്തുവന്നതെന്നും ശിവൻ കൈകാട്ടി ശിശുവിനെ ഏററുവാങ്ങിയെന്നും ഒക്കെയാണ് വൎണ്ണനകളുടെ പോക്കു്. അതിലൊക്കെ കുറെ അസംഭാവ്യതകളോ കല്പനാവൈകൃതങ്ങളോ തോന്നുമെന്നിരുന്നാലും പ്രസവസമയത്തെ വേദനാത്മക ചിത്രീകരണം വൈശദ്യത്തോടെ സാധിച്ചിട്ടുണ്ടു് ആ വക പാട്ടുകളിൽ. കേരളത്തിൽ ചിലേടങ്ങളിൽ ഇന്നും സ്ത്രീകൾ പ്രസവവേളകളിൽ "അയ്യപ്പോ അയ്യപ്പോ" എന്നു വിളിക്കുന്ന പതിവുണ്ടു്. അങ്ങനെ ചെയ്യുമ്പോൾ, ആദ്യം വായു അകത്തേക്കു് വലിക്കുകയും സാവധാനം പുറത്തേക്കു് വിടുകയും ആയ

---

* ആശയത്തിന്നു വിദ്വാൻ ശ്രീ. കുറമള്ളൂർ നാരായണപിള്ളയോടു കടപ്പാടു്.

ഒരു പ്രാണായാമവ്യായാമം അവരറിയാതെതന്നെ ആചരിക്കുന്നു. അതു് ശിശുവിൻെറ ബഹിർഗമനത്തിന്നു് എളുപ്പം കൂട്ടുമെന്നു് പറയേണ്ടതില്ലല്ലോ. ഇതിന്നും പുറമെ, പ്രസവവേദന സഹിക്കവെയ്യാതെ വല്ലതും വിളിച്ചുകൂവി ബഹളം കൂട്ടുന്നതിന്നുപകരം സ്വാമിയുടെ നാമോച്ചാരണംചെയ്ത ഫലവും കരഗതമാവുന്നു. യോഗശാസ്ത്രപരമായിട്ടും ഇങ്ങനത്തെ ശാബ്ദികപ്രാൎത്ഥനകൾ ചിലനേട്ടങ്ങളുണ്ടെന്നു് സമ്മതിക്കണം. കുണ്ഡലിനീശക്തിയെ ഉത്തേജിപ്പിക്കാൻ അതിന്നു് കഴിവുണ്ടെന്ന തത്വം ഇതരമതസ്ഥന്മാർപോലും അവരുടെ പ്രാൎത്ഥനാരീതികൾകൊണ്ടു് വ്യക്തമാക്കുന്നുണ്ടു്. ഉച്ചത്തിൽ കൂട്ടംചേൎന്ന ശരണംവിളി അന്തരീക്ഷത്തിൽ മുഴങ്ങുമ്പോൾ നാദബ്രഹ്മത്തിൽ ഒരു ചലനവിശേഷം സംജാതമാകുമല്ലോ. ആ മറെറാലി ചെന്നലയ്ക്കാറിടവരുന്ന അന്യഹൃദയങ്ങളിലും അവരറിയാതെതന്നെ ചിലവികാരങ്ങളും ആവേശങ്ങളും അത്ഭുതമാക്കും. ആസ്തിക്യമതികളായ ജനങ്ങൾക്കു് അതു് ഗുണകരമായേ ഭവിക്കു. ഇതിനെല്ലാം പുറമെ, പലവിധ ദുഷ്ടജന്തുക്കൾ നിറഞ്ഞ വനമാൎഗ്ഗത്തിൽകൂടെ രാവെന്നും പകലെന്നുമില്ലാതെ നടന്നുപോകുന്ന 'അയ്യപ്പന്മാ'ൎക്കു് ഇമ്മട്ടു് കൂട്ടംചേൎന്ന ശരണംവിളി ആവക ജന്തുക്കളെ ആട്ടിയോടിക്കുവാനും ഉപകരിക്കുന്നു. വിഷമംപിടിച്ച കയററങ്ങളിലും ഇറക്കങ്ങളിലും മററും 'അയ്യപ്പന്മാ'ൎക്കു് ഉത്സാഹം വൎദ്ധിപ്പിക്കുന്ന രീതിയിൽ ശരണംവിളികളുടെ സ്വഭാവം.

"സ്വാമീ ശരണം........

ശരണമെൻെറയ്യപ്പാ....

സ്വാമിയല്ലാതൊരു....

ശരണമില്ലയ്യപ്പാ....

ഇരുമുടിക്കെട്ടു്....

സ്വാമിമലയ്ക്കു്....

നെയ്യഭിഷേകം....

സ്വാമിക്ക്........"

എന്നിങ്ങനെ ഈണത്തിന്നു് വ്യത്യാസം വരുത്തുകയും ചെയ്യും.

ആപത്തുകളും കഷ്ടപ്പാടുകളും വന്നേറുമ്പോഴാണല്ലോ സാധാരണ മിക്ക ആളുകളും ദൈവത്തെ ഓക്കുന്നതും പ്രാത്ഥിക്കുന്നതും. ആപൽഘട്ടങ്ങളുടെ ഗൗരവത്തിന്നനുസരിച്ചിരിക്കും ദൈവത്തോടുള്ള അവരുടെ അഭയാത്ഥനയുടെ തീവ്രത. അങ്ങനെ അത്യാവശ്യം നേരിടുമ്പോൾ ആത്മരക്ഷാത്ഥം ചെയ്യപ്പെടുന്ന പ്രാത്ഥനയായാലും വേണ്ടില്ല, ആത്മാത്ഥവും ഭക്തിനിർഭരവുമായ ഹൃദയത്തോടെ തന്നത്താൻ മറന്നു് ഈശ്വരനെ ഉറക്കെ വിളിച്ചുകൊണ്ടു് അങ്ങനെ ചെയ്യുകയും ഭഗവാനിൽ ഹൃദയം ഐക്യം പ്രാപിപ്പിക്കുകയും ചെയ്താൽ, കരുണാമയനായ ജഗന്നിയന്താവു് നിശ്ചയമായും ആവക പ്രാത്ഥനകൾ ചെവിക്കൊള്ളാതേയും ശരണാത്ഥിരക്ഷണം ചെയ്യാതേയുമിരിക്കില്ല. ഇതു് വെറും വിശ്വാസപ്രഖ്യാപനമോ പുരാണകഥകളിലെ പ്രസ്താവനകളുടെ പുനരാവത്തനമോ അല്ല. പരമഗുരുവായ ശബരിഗിരിശാസ്താവിൽ അചഞ്ചലഭക്തി വിശ്വാസങ്ങൾ പുലത്തിപ്പോരുന്ന പലക്കും ഏറെക്കുറെ ആണ്ടുതോറുമുള്ള ശബരിഗിരിയാത്രാഘട്ടങ്ങളിൽ അനുഭവപ്പെട്ടുവരുന്ന യാഥാത്ഥ്യമാണു് ഇതു്. മറ്റെല്ലാംകൊണ്ടും ഭഗവദൈക്യം പ്രാപിച്ച ഹൃൽക്കരുന്നോടെ കണ്ഠനാളം പൊട്ടുമാറുള്ള ശരണം വിളി ഭഗവാൻ കേൾക്കാതിരിക്കില്ല എന്നവിശ്വാസം യുക്തിയുക്തവുമാകുന്നു. "സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പാ" എന്നു് ഹൃദയത്തിൽ തട്ടിക്കൊണ്ടു് വിളിച്ചുപറയുന്ന ഭക്തൻെറ ശരണംവിളി പൊങ്ങുന്നിടത്തു് ഭഗവാൻ ശബരിഗിരീശൻ വരും എന്നവിശ്വാസം യഥാത്ഥ ഭക്തന്മാർക്കെല്ലാം ആശ്വാസദായകമാകുന്നു.

"അനന്യശ്ചിന്തയന്തോമാം
യേജനാഃപര്യുപാസതേ

തേഷാംനിത്യാഭിയുക്താനാം
യോഗക്ഷേമം വഹാമ്യഹം"

എന്ന ഗീതാതത്വവും ഈ സന്ദർഭത്തിൽ സവിശേഷം സ്മർത്തവ്യമാകുന്നു.

ഈശ്വരൻ ഉണ്ടെന്നും ഇല്ലെന്നുമുള്ള വാദം ഇന്നും ഇന്നലെയും തുടങ്ങിയതൊന്നുമല്ല.; മനുഷ്യൻ ചിന്തിക്കാൻ തുടങ്ങിയ മുതല്ക്കേ ഈ വിരുദ്ധവിശ്വാസങ്ങൾ ബുദ്ധിയിലുദിച്ചിരിക്കണം. യുക്തിപൂർവ്വമായ വാദംകൊണ്ട് ഈശ്വരൻെറ അസ്തിത്വം സമർത്ഥിക്കാമെങ്കിലും, കയ്യിൽ നെല്ലിക്കപോലെ, ഈശ്വരനെ എടുത്ത് കാണിച്ച് തെളിവുനൽകാൻ എളുതല്ല. അനുഭവങ്ങളുടെ വെളിച്ചത്തിൽ, ഇന്നതെന്ന് വ്യക്തമായി നിർവ്വചിക്കാൻ നിർവ്വാഹമില്ലാത്തതെങ്കിലും, എങ്ങും നിറഞ്ഞ ഒരത്ഭുതമഹാശക്തിയെ ദൈവം എന്ന് ആസ്തികൻ വിളിച്ചുതുടങ്ങി. ഭൗതികശാസ്ത്രജ്ഞൻ അതിനെ പ്രകൃതി എന്നും പറഞ്ഞു. പേരെന്തു പറഞ്ഞാലും സർവ്വചരാചരങ്ങളുടേയും ഉൽപ്പത്തിക്കും, സ്ഥിതിക്കും, നാശത്തിന്നും, മൂലകാരണമായ ഒരു മഹാശക്തി ഉണ്ടെന്നുള്ള കാര്യത്തിൽ തർക്കമില്ല—തർക്കിക്കുന്നതു് മൗഢ്യവുമാണ്. നിരീശ്വരവാദികൾപോലും ഈ ശക്തിയുടെ അസ്തിത്വത്തെ നിഷേധിക്കുന്നില്ലെന്ന് തോന്നുന്നു. വിവേകാനന്ദസ്വാമികളുടെതന്നെ രസാവഹമായ ഒരു കഥ ഈ വിഷയത്തിൽ ഗുരുസ്വാമിക്ക് വിവരിക്കാനുണ്ട്.

മഹാപണ്ഡിതനായ ഒരു നിരീശ്വരവാദിയെ വിവേകാനന്ദൻ ഒരിക്കൽ സന്ധിക്കുകയുണ്ടായി. അവർ തമ്മിൽ ചെറിയൊരു വാദം നടന്നു. ഒടുവിൽ, സ്വാമിജി മറേറ ആളോട് ഇങ്ങനെപറഞ്ഞു. "ശരി, ആവട്ടെ, അങ്ങയുടെ വാദം ദൈവം എന്നൊന്നില്ല എന്നല്ലേ? എന്നാൽ, ദയചെയ്ത് അങ്ങക്ക പറയാമോ, ഇന്ന് എങ്ങും ഇല്ലാത്തതും, ഇതിന്നുമുമ്പ് എന്നും

ഹെന്തും ഉണ്ടായിരുന്നിട്ടില്ലാത്തതും, ഇനിമേൽ ഒരിക്കലും ഒരിടത്തും ഉണ്ടാവാനിടയില്ലാത്തതുമായ ഒന്നിൻെറ പേർ.''

എതിർവാദി പൊട്ടിച്ചിരിച്ചുകൊണ്ടു് പ്രതിവചിച്ചു.' 'ഹേ സ്വാമിൻ! ഇതെന്തു ഭീമാബദ്ധമാണു് അങ്ങു പറയുന്നതു്. അങ്ങനെയുള്ള ഒന്നിന്നു് പേരെങ്ങനെയുണ്ടാവും?''

സ്വാമിജി: —''വളരെ ശരിയാണു്, പേരുണ്ടാവാൻ നിവൃത്തിയില്ല. എന്നാൽ ദൈവം എന്ന പേരു് നിലവിലുണ്ടല്ലോ. അതെങ്ങനെയുണ്ടായി? ഒന്നുകിൽ, ദൈവം എന്നൊന്നു് ഇന്നുണ്ടു്, അല്ലെങ്കിൽ ഇതിന്നു മുമ്പുണ്ടായിരുന്നു, അതുമല്ലെങ്കിൽ ഇനിമേലുണ്ടാവും എന്നതു് അനിഷേധ്യമല്ലേ?''

ഭൗതികശാസ്ത്രസിദ്ധാന്തപ്രകാരം ഈ പ്രപഞ്ചം നിത്യവും സത്യവുമാണു്, ജീവികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണു്. ആ ശാസ്ത്രത്തിന്നു മുമ്പിൽ ഭക്തിക്കും ഭജനക്കും ഒന്നും സ്ഥാനമില്ല. യുക്തിവാദികളും നാസ്തികന്മാരും പെരുത്തിട്ടുള്ള ഇന്നും ആസ്തികന്മാരുടെ സംഖ്യക്കു കുറവൊന്നുമില്ല. അവരിൽ പലരും വലിയ പഠിപ്പും അറിവുമുള്ളവരാണുതാനും. പ്രാചീനരും അർവ്വാചീനരുമായ നിരവധി പണ്ഡിതന്മാരുടേയും അഭിപ്രായമാണു് ഈ ലോകജീവിതത്തിൽ ഭൗതികവശം മാത്രമല്ല ഉള്ളതു് ഒരാധ്യാത്മികവശംകൂടെയുണ്ടെന്നു്. ഇക്കൂട്ടരെല്ലാം ഭ്രാന്തന്മാരല്ല. ചിന്താശീലരായ എല്ലാക്കുമറിയാം ഭൗതികവിഷയസുഖങ്ങൾ നിത്യങ്ങളല്ലെന്നു്. ഓരോ അവസ്ഥയിലും അവ മാറിക്കൊണ്ടിരിക്കുന്നു. അതായതു് അവ അസ്ഥിരമാണെന്നു സാരം. അതിനാൽ, ആ സുഖത്തിൽനിന്നു കവിഞ്ഞ ഒരു സുഖത്തെ ശ്രീ ഗൗതമബുദ്ധൻ, ശങ്കരാചാര്യൻ, രാമകൃഷ്ണപരമഹംസൻ, നാരായണഗുരു, ശേഷാദ്രിനാഥസ്വാമികൾ, രമണമഹർഷി, സായിബാബ, തിരുജ്ഞാനസംബന്ധർ, തിരുവള്ളവനയനാർ മുതലായവരെപ്പോലുള്ള മഹാത്മാക്കൾ അന്വേഷിച്ചതു് സ്വാഭാവികംതന്നെ.

അവർ തെളിയിച്ചു കാണിക്കുകയും ചെയ്തു ആധ്യാത്മികജീവിതത്തിൻെറ മാഹാത്മ്യത്തെ.

ഭൗതികശാസ്ത്രതത്വങ്ങളും കണ്ടുപിടിത്തങ്ങളും കാലത്തിൻെറ മാററത്തിൽ പരിവത്തിച്ചുകൊണ്ടിരിക്കുന്നു. യുക്തിവാദത്തിൻേറയും ജീവശാസ്ത്രതത്വങ്ങളുടെതന്നേയും കഥയും വ്യത്യസ്തമല്ല. അപ്പോൾ, ഈശ്വരവിശ്വാസവും ഭക്തിയും മററം അന്ധവിശ്വാസം മൂലമുള്ളതാണെന്നുള്ള വാദത്തിന്നും സ്ഥിരതയില്ല.

# തീൎത്ഥയാത്ര

ധനുമാസം 24-ാംനു- ബുധനാഴ്ച സൂര്യോദയത്തിന്നു മുമ്പായി പള്ളിക്കെട്ടുകൾ എല്ലാം കെട്ടി മുറുക്കി തയ്യാറായി. ഗുരുസ്വാമിതന്നെയാണ് ലക്ഷണയുക്തമായ നാളികേരങ്ങൾ തെരഞ്ഞെടുത്ത് അവയിൽ അഭിഷേകത്തിന്നുള്ള നെയ്യ നിറച്ച് അടച്ച് അരക്കിട്ടുറപ്പിച്ചതു്. ഭ(പ)ട്ടബന്ധം പൂണ്ടിരിക്കുന്ന ശാസ്താവിൻെറ രൂപം കൊത്തിട്ടുള്ള മുദ്ര (സീല്) അരക്കുവെച്ചടച്ച മുഖത്തു പതിച്ചു തയ്യാറാക്കിയ നെയ്ത്തേങ്ങ, കർപ്പൂരം, കടുത്ത സ്വാമിക്കുള്ള അവിൽ, മലർ, പൊടികൾ, കാണിപ്പൊണം, മററു വഴിപാട്ടസാധനങ്ങൾ, നിവേദ്യത്തിന്നുള്ള അരി ഇവയും സ്വാമിപൂജയ്ക്കുള്ള മററു സാധനങ്ങളും മുൻകെട്ടിൽ നിക്ഷേപിച്ചു കെട്ടിയശേഷം വഴിയാത്രയിൽ വ്രതിക്കു ഭക്ഷണാവശ്യങ്ങൾക്കു വേണ്ടുന്ന പദാൎത്ഥങ്ങളടക്കം ഇതരസാമഗ്രികളും മലയ്ക്കു പോകുംവഴി നടത്തേണ്ടുന്ന കേരബലിക്കാവശ്യമായത്ര എണ്ണം നാളികേരങ്ങളും പിൻമുടിക്കെട്ടിലും ഇട്ട് കെട്ടുകളെല്ലാം മുറുക്കി ഭദ്രമാക്കാൻ ചില മണിക്കൂറുകൾതന്നെ പിടിച്ചു. 'അയ്യപ്പന്മാ'ക്ക് ആഹാരത്തിന്നുള്ള അരി പിൻമുടിക്കെട്ടിൽ വാരിയിട്ടു നിറയ്ക്കുന്നതു് അവരവൎക്കു വേണ്ടപ്പെട്ടവരും ബന്ധുക്കളുമായ ആളുകളാണ്; ശബരി

മലയ്ക്കു പോകുന്ന അയ്യപ്പഭക്തൻ വഴിയിൽ യാതൊരു കഷ്ടപ്പാടു കാക്കും ആപത്തുകാക്കും ആളാകാതെ സുഖമായി മല ചവുട്ടി സ്വാമിദശ്നം കഴിച്ചു വരാൻ പ്രാത്ഥിച്ചുകൊണ്ടാണു് ഉററവർ ആഹാരത്തിന്നു വേണ്ടുന്ന അരി അങ്ങനെ നിറച്ചുകൊടുക്കുന്നതു്. സ്വാമിഭക്തനു് ആഹാരത്തിന്നു വേണ്ടതു നല്കുന്നതു് സ്വാമിക്കും പ്രിയംചെയ്യലാണല്ലോ. ഭക്തിശ്രദ്ധകളോടുകൂടിയും ഉച്ചത്തിൽ ശരണം വിളിച്ചുകൊണ്ടും ആണു് കെട്ടുനിറയും മുറക്കല്ലും നടത്തിയതു് എന്നു പറയേണ്ടതില്ലല്ലോ. മുൻകെട്ടിൽ സ്വാമിക്കു് അഭിഷേകത്തിനുള്ള നെയ്ത്തേങ്ങയും മററു പദാത്ഥങ്ങളും നിക്ഷേപിക്കുമ്പോഠ ഓരോ 'അയ്യപ്പ'നും മുക്കണ്ണനായ പരമശിവനെ ഭക്തിയോടുകൂടി ധ്യാനിച്ചു്, ആത്മാപ്പണവും പ്രാണപ്രതിഷ്ഠയും നടത്തി, താരകബ്രഹ്മമൂത്തിയായ ശാസ്താവിനെ തൻെറ പള്ളിക്കെട്ടിലേയ്ക്കു് ആവാഹിച്ചു കുടിയിരുത്തുന്നതായി സങ്കല്പിക്കുകയും ചെയ്തു.

പള്ളിക്കെട്ടുകഠ നിറയ്ക്കാൻ ആരംഭിക്കുന്നതിന്നു മുമ്പായി ആഡംബരപൂണ്ണമായ സ്വാമിപൂജയും, സന്ധ്യയ്ക്കു് 'അയ്യപ്പ'ന്മാക്കും മററു ഭക്തജനങ്ങഠക്കും ഗംഭീരമായ ഒരു സദ്യയും ഉണ്ടായിരുന്നു. പുറമെ, തലേന്നു സാധുക്കഠക്കു് അന്നദാനവും നടത്തി. ഈ വകയ്ക്കെല്ലാം വേണ്ടുന്ന ചെലവുകഠ വഹിച്ചതു് ഏറിയകൂറും മാലയിട്ട 'അയ്യപ്പന്മാർ' തന്നെയെങ്കിലും നാട്ടുകാരുടെ സഹായസഹകരണങ്ങഠ ധാരാളം സിദ്ധമായിരുന്നു. കാരണം, മണ്ഡലകാലത്തു ദേശത്തിലെ അന്തരീക്ഷം ഭക്തിനിർഭരവും സേവനവ്യഗ്രവുമായിരുന്നു. ജാതിമതഭേദമെന്യേ സവ്വജനങ്ങഠക്കും ഗുരുസ്വാമിയോടുള്ള സ്നേഹവും ബഹുമാനവും അവരേവരേയും അയ്യപ്പസേവാനിരതരാക്കിയിരിക്കുകയാണു്.

ആദ്യമായി ഗുരുസ്വാമിക്കും തുടന്നു് സ്വന്തം മാതാപിതാക്കഠക്കും ഗുരുജനങ്ങളായി മററുള്ളവക്കും യഥോചിതം ദക്ഷിണ കൊടുത്തു് ഓരോരുത്തരുടേയും കാൽക്കൽ സാഷ്ടാംഗം നമസ്കരി

ച്ച് അനുഗ്രഹം വാങ്ങിക്കുക എന്നതു് കെട്ടു താങ്ങുന്നതിന്നു മുമ്പായുള്ള പ്രധാന ചടങ്ങാണ്. പ്രായഭേദമോ, സ്ഥാനവ്യത്യാസമോ പരിഗണിക്കാതെ മേപ്പടി ആളുകളും ഓരോ 'അയ്യപ്പ'നേയും നമസ്കരിക്കുകയും സ്വാമിമലയ്ക്കുള്ള വഴിപാടുകൾ ഏല്പിക്കുകയും ചെയ്യുന്നതിൻെറ സങ്കല്പം സ്വാമിമുദ്ര ധരിച്ച ഓരോ 'അയ്യപ്പ' ഭക്തനും സ്വാമിയുടെ പ്രതിനിധിയാണെന്നാണ്. സ്വാമി മലയ്ക്കുപോവാനുദ്ദേശിച്ചുകൊണ്ടു് മുദ്രധരിച്ച നിമിഷംമുതൽ 'അയ്യപ്പന്മാർ' ഈ ഭൗതികജീവിതത്തിലെ ബന്ധങ്ങൾക്കതീതന്മാരാണെന്നാണ് സങ്കല്പം. സ്വന്തം അമ്മയച്ഛന്മാർ മരിച്ചുപോയാൽ പോലും മാലയിട്ട 'അയ്യപ്പൻ' അവക്കായനുഷ്ഠിക്കേണ്ടുന്ന പിതൃകർമ്മങ്ങൾ ചെയ്യാൻ ബാദ്ധ്യസ്ഥനല്ല. മലയ്ക്കുപോകുംവഴി പമ്പയിൽവെച്ചേ അയാൾ പിതൃതർപ്പണം ചെയ്യേണ്ടതുള്ളൂ. സ്വാമി മുദ്രയണിഞ്ഞു് വ്രതാനുഷ്ഠാനത്തിലിരിക്കുന്ന അയ്യപ്പഭക്തനെ പിതൃകടങ്ങൾ ബാധിക്കുകയില്ല.

ഭദ്രദീപത്തിന്നുമുമ്പിൽ നിരത്തിവെച്ചിട്ടുള്ള പള്ളിക്കെട്ടുകൾ ഓരോരുത്തരായി ഗുരുസ്വാമിയിൽനിന്നു് ഏററുവാങ്ങുന്നതിന്നുമുമ്പായി "ഇവൻ സ്വാമിദർശനത്തിന്നായി മുദ്രധരിച്ചതിൽ പിന്നീടു് അറിഞ്ഞോ അറിയാതേയോ വല്ലതെററുകളോ പിഴകളോ ആചരിച്ചുപോയിട്ടുണ്ടെങ്കിൽ സ്വാമി അവയെല്ലാം ക്ഷമിച്ചു്, മലചവുട്ടി പതിനെട്ടാംപടികയറി തൃപ്പാദംകണ്ടു തൊഴുതു് ദർശനഫലം ലഭിച്ചു തിരികെവന്നു് ഭക്തിയോടും സത്യത്തോടുംകൂടി ജീവിക്കുന്നതിന്നു് ഇവന്നു് അനുഗ്രഹമുണ്ടാകുവാൻ ഇതാസർവ്വപ്രായശ്ചിത്തം സമർപ്പിച്ചുകൊള്ളുന്നു" എന്നിങ്ങനെ ഉറക്കെ വിളിച്ചുപറഞ്ഞു.

ഗുരുവിന്നു് ദക്ഷിണകൊടുത്തു് സാഷ്ടാംഗപ്രണാമം ചെയ്തു് തൊട്ടുതൊഴുതെണീററു് 'കെട്ടിന്നു്' കർപ്പൂരാരാധന കഴിച്ചു്, വീണ്ടും വീണ്ടും ശരണം വിളിച്ചു് കിഴക്കുതിരിഞ്ഞുനിന്നു് ഗുരുസ്വാമിയുടെ സഹായത്തോടെ പള്ളിമുദ്ര ശിരസ്സിലേററുവാങ്ങി.

അങ്ങനെ, പള്ളിക്കെട്ട് ശിരസ്സിലും, ഭഗവൽപാദാരവിന്ദങ്ങൾ ഹൃദയത്തിലും, പ്രതിഷ്ഠിച്ച്, സാന്ദ്രഭക്തിയോടെ അത്യുച്ചത്തിൽ ശരണം വിളിച്ച്, ആശ്രമം മൂന്നുരുചുററി വലംവെച്ച്, നടയ്ക്കൽ കേരബലിയും നിർവ്വഹിച്ച്, ഇനിയങ്ങോട്ട് മലകയറി തിരിച്ചെത്തുന്നതുവരെയുള്ള എല്ലാ കാര്യങ്ങൾക്കും സ്വാമിയേ ഗതിയെന്നു് അവിടെ സകല ഭാരങ്ങളും സമർപ്പിച്ച്, ഐഹിക ജീവിത ബന്ധങ്ങളേയും ആശാപാശങ്ങളേയും എല്ലാം വിസ്മരിച്ച്, സത്യസ്വരൂപനും പരമഗുരുവുമായ ഭഗവാനെ ദർശിക്കാനുള്ള തീവ്രാഭിലാഷം മാത്രം ഉൾക്കൊണ്ടുകൊണ്ട്, 'അയ്യപ്പ'ന്മാർ സോത്സാഹം യാത്രയാരംഭിച്ചു.

തുടക്കം മുതൽ എല്ലാസംഗതികളിലും ഗുരുസ്വാമിയുടെ സനിഷ്കർഷവും വിദഗ്ദ്ധവുമായ ശ്രദ്ധയും മേൽനോട്ടവും പതിഞ്ഞിരുന്നതിനാൽ എങ്ങും ഒരു കുററവും കുറവുമുണ്ടായില്ല.

ദേശത്തിലെ തിരുമണങ്ങാട്ടപ്പനമ്പലത്തിൽ തൊഴുതു് പ്രസാദംവാങ്ങി ഗുരുസ്വാമിയുടെ നേതൃത്വത്തിൽ സംഘം വേഗം നടന്നു. ദേശത്തിൻെറ അതിർത്തിവരെ സുഹൃത്ജനങ്ങളും ബന്ധുക്കളും അനുഗമിച്ചു. സ്വാമിഭക്തന്മാർക്കു് പോകും മാർഗ്ഗത്തിൽ എല്ലാരക്ഷകളും ഭാവുകങ്ങളും നേർന്നുകൊണ്ട് അവരെല്ലാം തിരിച്ചുപോയി.

തൃശ്ശിവപേരൂരിൽ വടക്കുംനാഥനേയും, ഗുരുവായൂരപ്പനേയും, തൃപ്രയാറിൽ ശ്രീരാമഭദ്രസ്വാമിയേയും, ഇരിഞ്ഞാലക്കുടയിൽ കൂടൽമാണിക്യത്തേയും ദർശിച്ച് വന്ദിച്ചു. അവിടങ്ങളിലെല്ലാം പ്രത്യേകം പ്രത്യേകം വഴിപാടുകളും പൂജകളും നടത്തിയും, സാധുക്കൾക്കു് ആവുംവിധം അന്നദാനം ചെയ്തും ഈശ്വരപ്രീതി ആർജ്ജിച്ച് 'അയ്യപ്പന്മാർ' 25_ാംനു- കൊടുങ്ങല്ലൂരെത്തി ഭദ്രകാളിപ്രസാദവും തിരുവഞ്ചിക്കുളത്തെ ശിവപ്രീതിയും നേടി സൂര്യാസ്തമനത്തോടുകൂടി എറണാകുളത്തേയ്ക്കുതിരിച്ചു.

സുപ്രസിദ്ധങ്ങളായ മേപ്പടി സ്ഥലങ്ങളുടേയും ക്ഷേത്രങ്ങളുടേയും മാഹാത്മ്യങ്ങളെകുറിച്ചെല്ലാം ഗുരുസ്വാമി അതാതിടത്തെത്തുമ്പോഠം 'അയ്യപ്പന്മാ'രെ വിസ്തരിച്ചു് കേഠപ്പിക്കും. അതനുസരിച്ചു് കൊടുങ്ങല്ലൂരിന്റെ സ്ഥലമാഹാത്മ്യവും ക്ഷേത്രമാഹാത്മ്യവും വിവരിച്ചതിന്നുപുറമേ, അന്നാട്ടുകാർ പൊതുവെ മകരവിളക്കിന്നു് ശബരിഗിരിക്കു് പോകാറില്ലെന്ന വസ്തുതയെ സംബന്ധിച്ച കഥയും വിസ്തരിച്ചു

മകരം ഒന്നാംതീയതിയാണു് കൊടുങ്ങല്ലൂർ ശ്രീകുരുംബക്കാവിലെ താലപ്പൊലി, താലപ്പൊലി ഉത്സവം അന്നാട്ടുകാർക്കെന്നല്ല, കേരളക്കരയിലെ ജനങ്ങഠംക്കെല്ലാം ഏററവും ഇഷ്ടപ്പെട്ട ഒന്നാണു്. താലപ്പൊലി ഉത്സവത്തിൽ പങ്കുകൊള്ളാനായും വ്യാപാരങ്ങഠംക്കായും ആയിരക്കണക്കിനു ജനങ്ങഠം അവിടെ വഷംതോറും തദവസരത്തിൽ തടിച്ചുകൂടുക പതിവാണു്. കൊടുങ്ങല്ലൂർകാരെ സംബന്ധിച്ചേടത്തോളം താലപ്പൊലി അവരുടെ തറവാടുകളെയെല്ലാം പ്രത്യേകം ഉഠംക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സ്വവിശേഷാവസരമാകുന്നു. ഈ താലപ്പൊലി പുരാതനകാലം മുതൽക്കേ തദ്ദേശീയരുടേതായ 'ഒന്നുകുറെ ആയിരം യോഗ' ത്തിന്റെ ആധിപത്യത്തിൽ നിവ്വഹിക്കപ്പെട്ടുന്നതുമാണു്.

കുറെക്കാലംമുമ്പു്, ഇവിടത്തെ ഒരുവലിയ തറവാട്ടിലെ കാരണവർ മകരം ഒന്നാംതീയതി ശബരിഗിരിയിലെത്തി ഭഗവൽ സന്നിധിയിൽ തൊഴാൻ നില്ക്കുമ്പോഴാണു് പെട്ടെന്നു് ഓർമ്മിച്ചതു് അന്നു തന്റെ ദേശത്തിലെ കാവിൽ താലപ്പൊലിയാണു് എന്ന കാര്യം. അദ്ദേഹത്തിന്റെ മനസ്സിന്നു് എന്തെന്നില്ലാത്ത ഒരു വല്ലായ്മ തോന്നി. "എന്റെ അമ്മേ, ദേവിയുടെ താലപ്പൊലിനാഠം ഞാൻ ശബരിഗിരിക്കു് വന്നുവല്ലോ" എന്നു് സ്വയം പിറുപിറുത്തുകൊണ്ടു് തൊഴാൻപോലും നില്ക്കാതെ അദ്ദേഹം ഒരു മൂലയിൽപോയി നിന്നു. അപ്പോഠം, ദീപാരാധന നടത്തിക്കൊണ്ടിരുന്ന പൂജകൻ ഉറക്കെ വിളിച്ചുപറയുന്നതുകേട്ടു "ഇനിമേൽ

കൊടുങ്ങല്ലൂർ നാട്ടിലുള്ള എൻെറ ഭക്തജനങ്ങഠം മകരവിളക്കിന്നു് എന്നെ ദശിച്ചുതൊഴാനായി ശബരിഗിരിക്കു് വരണമെന്നില്ല. അവർ മണ്ഡലമാസാവസാനം വന്നാൽ മതി.'' നമ്മുടെ കാരണവർ സംഭ്രമവും സന്തോഷവുംകൊണ്ടു് സ്വാമിസന്നിധിയിലേക്കു് ഓടിച്ചെന്നു് ദണ്ഡനമസ്കാരം ചെയ്തു് ഉറക്കെപറഞ്ഞു. "ഭഗവാനെ, പരമഗുരുവായ അയ്യപ്പസ്വാമിയേ ശരണം. അടിയൻ അജ്ഞാനംമൂലം അപരാധങ്ങഠം നിനച്ചുപോയെങ്കിൽ പൊറുത്തരുളേണമേ. ബുദ്ധിയുറച്ചനാളുമുതൽ ഇന്നേവരെ അടിയൻെറ നാട്ടിലെ ദേവിയുടെ താലപ്പൊലിയിൽ അടിയൻ സംബന്ധിക്കാതിരുന്നിട്ടില്ല. ഇന്നു് ആദ്യമായാണു് അടിയന്നു് അതു് സാധിക്കാതെ വന്നിട്ടുള്ളതു്. തന്മൂലം മനസ്സിൽ തോന്നിയ മൗഢ്യം എൻെറ തമ്പുരാൻ പൊറുത്തരുളേണമേ'' അവിചാരിതമായി പൂജകൻ വിളിച്ചുപറഞ്ഞ വാക്കുകളുടെ കാര്യം അപ്പോഴാണു് എല്ലാവക്കും മനസ്സിലായതു്. അന്നുമുതൽ കൊടുങ്ങല്ലൂരിൽ നിന്നുള്ള അയ്യപ്പഭക്തന്മാർ മണ്ഡലാവസാനം (ധനു 11-ാംനു-) ശബരിമലയിലെത്തി സ്വാമിദശനം കഴിക്കുക പതിവായി. വളരെ വിരളമായി മാത്രം മകരവിളക്കിന്നും വന്നിരുന്നു. ഈ വ്യവസ്ഥിതി നീണ്ടകാലം നിലവിലുണ്ടായിരുന്നുവെങ്കിലും ഇന്നു് അതിന്നു് സമൂലപരിവത്തനം വന്നിട്ടുണ്ടെന്നും, നാട്ടിൻെറ മറേറതുഭാഗത്തുനിന്നുമെന്നപോലെ കൊടുങ്ങല്ലൂരിൽ നിന്നും 'അയ്യപ്പന്മാർ' മകരസംക്രമത്തിന്നാഠം ശബരിഗിരിയിലെത്താറുണ്ടെന്നും ഗുരുസ്വാമി പ്രസ്താവിച്ചു

എറണാകുളത്തപ്പനേയും, തൃപ്പൂണിത്തുറയിൽ പൂണ്ണത്രയീശനേയും, ചോററാനിക്കര ഭഗവതിയേയും, വൈക്കത്തപ്പൻ, ഏററുമാനൂരപ്പൻ, കോട്ടയത്തു് തിരുനക്കരദേവൻ എന്നീ ദൈവങ്ങളേയും എല്ലാം ചെന്നു തൊഴുതു് അനുഗ്രഹംനേടി സന്തുഷ്ടമാനസരായി 'അയ്യപ്പന്മാർ' 26-ാംനു- സന്ധ്യക്കുമുമ്പായി എരുമേലി ക്ഷേത്രത്തിന്നു് സുമാർ ഒന്നരമൈൽ പടിഞ്ഞാറുള്ള പുഴ കടന്നു് എരുമേലിയിലെത്തി.

# എരുമേലി

ശബരിഗിരി അയ്യപ്പന്റെ ചരിത്രത്തിലും ഭക്തന്മാരുടെ തീർത്ഥയാത്രാവിഷയത്തിലും എരുമേലിക്കു് സുപ്രധാനമായ സ്ഥാനമുണ്ടു്. യഥാർത്ഥമായ ശബരിഗിരി യാത്ര ആരംഭിക്കുന്നതു് എരുമേലിയിൽ നിന്നാണെന്നു് പറയണം. എരുമേലിയെസംബന്ധിച്ചും, അവിടെയുള്ള അമ്പലങ്ങളെ സംബന്ധിച്ചും മററം നിരവധി കഥകളും ഐതിഹ്യങ്ങളും പറയാനുണ്ടു്.

പന്തളരാജാവായ രാജശേഖരൻ ശബരിഗിരിയിൽ ക്ഷേത്രനിർമ്മാണവും അയ്യപ്പപ്രതിഷ്ഠാകർമ്മങ്ങളും നിർവ്വഹിച്ചതിൽ പിന്നീടും വളരെക്കാലത്തേയ്ക്കു് ഭക്തന്മാർക്കു് അവിടെയെത്തി സ്വാമിദർശനം കഴിപ്പാൻ കഴിഞ്ഞിരുന്നില്ല. കാരണം, ഭയങ്കരവും ഹിംസ്രജന്തുസങ്കീർണ്ണവും ദുർഗ്ഗമവുമായ വനാന്തരങ്ങളിൽകൂടെ നടന്നുചെന്നു് അവിടെയെത്താൻ സാധാരണക്കാർക്കു് സാദ്ധ്യമല്ലായിരുന്നു. എന്നല്ല, ക്ഷേത്രം നില്ക്കുന്ന ഇടത്തേയ്ക്കു് എത്താനുള്ള വഴി ആർക്കും നിശ്ചയമുണ്ടായിരുന്നുമില്ല.

പ്രതിഷ്ഠാനന്തരം പന്തളരാജാവും കൂട്ടരും തിരിച്ചുപോയതിൽ പിന്നീടു് ആദ്യമായി അവിടെയെത്തി സ്വാമിപൂജ നടത്തിയ ഒരു അരയനെ സംബന്ധിക്കുന്ന ഐതിഹ്യം ഗുരുസ്വാമി പറഞ്ഞതിങ്ങനെയാണു്.

ജനങ്ങളെ എരുമേലിപ്പുഴ കടത്തുന്ന ഒരു തോണിക്കാരൻ അരയനുണ്ടായിരുന്നു. പുഴയ്ക്കു കിഴക്കുഭാഗം ഒട്ടുമുക്കാലും നിബിഡവനങ്ങളാകയാൽ അവിടെ ജനവാസം തുലോം കുറവായിരുന്നു. അരയരും കാണിക്കാരുമാണു് അവിടത്തെ ആദിമവാസികൾ. അക്കൂട്ടരുടെ ചെറുകുടിലുകളും വൃക്ഷങ്ങളുടെ കൊമ്പുകളിൽ കെട്ടിയുണ്ടാക്കീട്ടുള്ള ഏറുമാടങ്ങളുമല്ലാതെ ഭേദപ്പെട്ട വീടുകളോ പരിഷ്കൃതരായ ജനങ്ങളോ അവിടെ ഉണ്ടായിരുന്നില്ല.

പുഴയുടെ അക്കരെയ്ക്കും ഇക്കരെയ്ക്കും ഓരോ ആവശ്യങ്ങൾക്കായി തോണിയിൽ കയറി കടന്നുപോവുന്ന ജനങ്ങൾ എണ്ണത്തിൽ വളരെ ചുരുക്കമായിരുന്നു. തന്മൂലം കൂലിവകയ്ക്കു് ആ തോണിക്കാരൻ അരയന്നു കിട്ടിയിരുന്ന നിത്യസമ്പാദ്യം തുച്ഛമായിരുന്നെന്നു് പറയേണ്ടതില്ലല്ലോ. എങ്കിലും പുഴയ്ക്കു പടിഞ്ഞാറെ കരയിൽ തനിക്കു് സ്വന്തമായുണ്ടായിരുന്ന രണ്ടുപറക്കണ്ടം കൃഷിചെയ്തുകിട്ടുന്ന നെല്ലും തോണികടത്തലിൽ നിന്നുള്ള വരുമാനവുംകൊണ്ടു് അയാളും പെണ്ണും (ഭാര്യയും) മൂന്നുനാലു കുട്ടികളുമുള്ള കുടുംബം പുലർന്നുപോന്നിരുന്നു. അരയൻ വിദ്യാവിഹീനനായിരുന്നുവെങ്കിലും സത്യസന്ധനും, നല്ല വിനയശാലിയും, ദൈവവിശ്വാസിയുമായിരുന്നു.

ഒരുനാൾ അതികാലയിൽ തോണി പുഴയുടെ കിഴക്കേക്കരയിൽനിന്നു് ആളുകളേയും കയററി മറുകരയ്ക്കു് പുറപ്പെടുന്ന ഘട്ടത്തിൽ, പടുവൃദ്ധനായി, താടിയും തലയും വളർത്തി, കാഷായവസ്ത്രധാരിയായ ഒരു മനുഷ്യൻ ധൃതിപ്പെട്ടുവന്നു് തോണിയിൽ കയറി തോണി അക്കരെപറേറണ്ടതാമസം അയാൾ ഇറങ്ങി നേരെ പടിഞ്ഞാറോട്ടു നടന്നുപോവുകയും ചെയ്തു. കടത്തുകാശു് കൊടുക്കണമെന്ന വിചാരംപോലുമില്ലാതെ 'പാവം, സ്വാമിയാരുടെ പക്കൽ കാശൊന്നുമുണ്ടാവില്ലായിരിക്കാം, പോകട്ടെ' എന്നു് സ്വഗതമായി പറഞ്ഞുകൊണ്ടു് അരയൻ അയാളെ പിന്നിൽനിന്നു് വിളിക്കാനോ കൂലിക്കാശു് ആവശ്യപ്പെടാനോ ഒരുമ്പെട്ടില്ല.

സൂര്യാസ്തമനത്തോടുകൂടി മേപ്പടി സ്വാമിയാർ തിരിച്ചുവന്നു് തോണിയിൽ കയറി ഇക്കരെയ്ക്കും വന്നിറങ്ങി. അപ്പോഴും തോണിക്കാശൊന്നും കൊടുക്കുകയുണ്ടായില്ല. അരയൻ ചോദിച്ചതുമില്ല. തുടർന്നു്, നിത്യം ആ വൃദ്ധസ്വാമിയാർ കാലത്തു് അങ്ങോട്ടും വൈകീട്ടു് ഇങ്ങോട്ടും തോണിയിൽ കയറി പുഴകടക്കുക പതിവായി. എന്നാൽ, ഒരിക്കലെങ്കിലും കൂലിയെപററി

അദ്ദേഹമോ അരയനോ ഒരു വാക്കുപോലും സംസാരിക്കുകയുണ്ടായില്ല. കാശുകൊടുക്കാതെ യാത്രചെയ്യുന്ന ആളാണല്ലോ എന്നു കരുതി അരയൻ ആ വൃദ്ധസന്യാസിയോടു് അല്പമെങ്കിലും അനാദരമോ അനാസ്ഥയോ കാണിച്ചിരുന്നില്ല. നേരേമറിച്ചു്, അദ്ദേഹം വരുന്നതു കണ്ടാൽ ആദരവോടെ സ്വീകരിച്ചു് തോണിയിൽ സൗകര്യമായ ഒരിടത്തു് കയററിയിരുത്തുകയും സന്തോഷത്തോടെ അക്കരെയിറക്കിവിടുകയും ചെയ്തിരുന്നു. ചില ദിവസങ്ങളിൽ സന്യാസി വരാൻ അല്പം വൈകിപ്പോയാൽ അദ്ദേഹത്തിനുവേണ്ടി തോണികാത്തുനിർത്തുകയും ചെയ്യും. ഇങ്ങനെ, കുറെ നാളുകൾ കഴിഞ്ഞു. ഒരു ദിവസം തോണിയിൽ പുഴകടക്കാൻ ആളുകളില്ലാത്ത കാരണം അരയനു് കാശൊന്നും കിട്ടിയില്ല. സ്വാമിയാർ മാത്രം അന്നും അങ്ങോട്ടും ഇങ്ങോട്ടും പതിവുപോലെ കടന്നുപോയി.

തന്റെ കുടിലിൽ ഉണ്ടായിരുന്ന നെല്ലും അരിയും ഒക്കെ ചെലവായിക്കഴിഞ്ഞിരുന്നതിനാൽ അന്നു് അരയനും കുടുംബവും പട്ടിണിയായി. അരുമക്കിടാങ്ങൾക്കു് ആഹാരം കൊടുക്കാൻ വഴിയില്ലാതെ അരയനും ഭാര്യയും വല്ലാതെ വ്യസനിച്ചു. ദൈവം സഹായിച്ചു് പിറേറന്നെങ്കിലും പതിവുപോലുള്ള സമ്പാദ്യമുണ്ടാകുമെന്നു് സമാധാനിച്ചു് അവർ രാത്രി കഴിച്ചുകൂട്ടി.

എന്നാൽ, അയ്യോപാവം, പിറേറന്നും അനുഭവം തലേന്നത്തുപോലെത്തന്നെയായിരുന്നു. കൈയിൽ ഒരു ചെല്ലാക്കാശുപോലുമില്ലാതെ ഗൃഹസ്ഥൻ സ്വവസതിയിലേയ്ക്കു തിരിച്ചു ചെല്ലുന്ന കാഴ്ച അത്യന്തം ദയനീയമായിരുന്നു. ഭർത്താവിനു് അന്നും ഒരു കാശു് സമ്പാദ്യമുണ്ടായിട്ടില്ലെന്നറിഞ്ഞ സാദ്ധ്വിയായ ഗൃഹിണി മനോവ്യാകുലതകളെ സ്വയം നിയന്ത്രിച്ചുകൊണ്ടു് വിശന്നു തളർന്നുവരുന്ന ഭർത്താവിനോടു് ഇങ്ങനെ പറഞ്ഞു. "സാരമില്ല, ദൈവം നമ്മളെ കാത്തുരക്ഷിക്കാതിരിക്കില്ല. നാളെയെങ്കിലും നിങ്ങൾക്കു് ധാരാളം കാശുകിട്ടും.

ഇന്നിതാ ഞാൻ അടുത്തൊരിടത്തുനിന്നു് കടം മേടിച്ചുകൊണ്ടു വന്നിട്ടുള്ള ഇരുനാഴിയരികൊണ്ടു് കഞ്ഞിവെച്ചിട്ടുണ്ടു്. വേഗം കാലും മുഖവും കഴുകിവന്നു് ആ കഞ്ഞി കുടിക്കു. നമ്മുടെ കുട്ടികാം വയറുനിറയെ കഞ്ഞികുടിച്ചു് കിടന്നുറങ്ങിക്കഴിഞ്ഞു".

ഭാര്യയുടെ സാന്ത്വനോക്തിയും സ്നേഹപൂർണ്ണമായ സല്ക്കാരവുംകൊണ്ടു് അരയൻ വ്യാകുലതകാം എല്ലാം മറന്നു. വേഗം ദേഹശുദ്ധി വരുത്തി, കരുണാമയനായ ദൈവത്തെ മനസ്സിൽ ധ്യാനിച്ചു്, സ്വന്തം പത്നി വിളമ്പിക്കൊടുത്ത കഞ്ഞിയും കഴിച്ചു് ഉറങ്ങാൻ കിടന്നു. ബാക്കിയുള്ള ആഹാരം താനും കഴിച്ചു് ഭാര്യ അയാളുടെ അരികത്തു ചെന്നിരുന്നു.

അവാം സാവധാനം ചോദിച്ചു: "കടത്തുകാശ് വകയ്ക്കു നിങ്ങാംക്കു് ഒരാളും ഒന്നും തരാൻ ബാക്കിയില്ലേ?"

അരയൻ: "ഒരു കാശ് കൂലിയിൽ ആരു്, എന്താണ് ബാക്കിയാക്കുക? ഒരുത്തരിൽനിന്നും ഒന്നും കിട്ടാൻ ബാക്കിയുള്ളതായി എനിക്കോർമ്മയില്ല. എങ്കിലും, നീ ഇപ്പോാം ഇതു ചോദിച്ചതു നന്നായി. വൃദ്ധനായ ഒരു സ്വാമിയാർ കുറെ നാളുകളായി നിത്യം കാലത്തു് ഇങ്ങോട്ടും വൈകീട്ടു് അങ്ങോട്ടും തോണിയിൽ ആറു കടന്നു പോവാറുണ്ടു്. പാവം, കൈയിലില്ലാഞ്ഞിട്ടായിരിക്കാം, കൂലിയൊന്നും ഇതേവരെ തന്നിട്ടില്ല. പക്ഷേ, അദ്ദേഹത്തിനോടു് ഞാനെന്തു ചോദിക്കാനാണു്?"

ഭാര്യ: "അതു ശരി. അദ്ദേഹം ദരിദ്രനായിരിക്കാം. കൈയിലില്ലാഞ്ഞിട്ടുതന്നെയായിരിക്കാം നിങ്ങാംക്കൊന്നും തരാത്തതു്. എന്നാൽ, നമ്മളും പരമദരിദ്രരാണല്ലോ. ഈ കൂലിക്കാശു കിട്ടീട്ടു വേണമല്ലോ നമ്മുടെ നിത്യവൃത്തി കഴിക്കാൻ. പോരെങ്കിൽ, തീരെ കൈയിൽ യാതൊരു വകയുമില്ലാത്ത ആളാണെങ്കിൽ എന്തിനാണു് ആ സന്യാസി നിത്യം കാലത്തു് ഇങ്ങോട്ടും

വൈകീട്ടങ്ങോട്ടും യാത്ര ചെയ്യുന്നതു്? നിങ്ങൾ കരുതുംപോലെ അദ്ദേഹം അത്ര നിസ്സാരനൊന്നുമായിരിക്കില്ല. അതുകൊണ്ടു് നിങ്ങൾ ആവശ്യപ്പെട്ടാൽ അദ്ദേഹം നിങ്ങൾക്കു തരാനുള്ളതു് കണക്കുതീർത്തു തരും എന്നാണു് എനിക്കു തോന്നുന്നതു്. നാളെ അദ്ദേഹം വരുമ്പോൾ നിങ്ങൾ നമ്മുടെ പരിതാപാവസ്ഥകളെപ്പററി പറഞ്ഞു ധരിപ്പിച്ചു് കാശു വല്ലതും കിട്ടിയാൽ വേണ്ടില്ലെന്നു് ആവശ്യപ്പെടണം. അദ്ദേഹം തരാതിരിക്കില്ല.''

ഭാര്യ പറഞ്ഞതു ശരിയാണെന്നു തോന്നിയെങ്കിലും, പിറെറന്നു്, അങ്ങനെ ആ വൃദ്ധനോടാവശ്യപ്പെടാൻ അരയന്നു് മനസ്സു വന്നില്ല. അയാൾ ആവശ്യപ്പെട്ടതുമില്ല. ചുരുക്കം ചിലരെ തോണിയിൽ കയററി ആറു കടത്തിവിട്ട വകയ്ക്കു കിട്ടിയ സംഖ്യയും കൊണ്ടു് തിരിച്ചുവന്ന ഭർത്താവിനോടു് ഭാര്യ അന്വേഷിച്ചു, സ്വാമിയാരോടു് കൂലിവകയ്ക്കു കിട്ടാനുള്ള കാശു് ആവശ്യപ്പെട്ടുവോ എന്നും അതിന്നു് അദ്ദേഹം പറഞ്ഞ മറുപടി എന്തായിരുന്നു എന്നും.

ശുദ്ധഗതിക്കാരനായ ഭർത്താവിൻെറ മറുപടിയിൽ അല്പം കുണ്ഠിതയായ അവൾ പറഞ്ഞു: ''നിങ്ങൾ ഒരു ഗൃഹസ്ഥനാണു്. ഭാര്യയേയും കുട്ടികളേയും പുലർത്താൻ കടപ്പെട്ടവനാണു്. അതിന്നു് ന്യായമായ വിധത്തിൽ അധ്വാനിക്കുന്നു. അധ്വാനത്തിന്നുള്ള കൂലി കിട്ടാൻ നിങ്ങൾക്കവകാശമുണ്ടു്. ആ സ്വാമിയാരോടു് നിങ്ങൾ ഭിക്ഷ യാചിക്കുകയല്ല. ചെയ്ത സേവനത്തിന്നു പ്രതിഫലം ചോദിക്കുക മാത്രമാണു് ചെയ്യുന്നതു്. സ്വാമിയാരെപ്പററിയുള്ള നിങ്ങളുടെ വിവരണത്തിൽനിന്നു് അദ്ദേഹം അത്ര വലിയ നിഷ്ഠുരനൊന്നുമല്ലെന്നു് എനിക്കു തോന്നുന്നു. അതിനാൽ, നിങ്ങൾക്കു് അദ്ദേഹത്തോടു ചോദിച്ചു വാങ്ങാൻ മടിയാണെങ്കിൽ നാളെ ഞാനും നിങ്ങളൊന്നിച്ചു് ആററിൻകരയ്ക്കു വരാം. ഞാൻ ആ സ്വാമിയാരോടു നിങ്ങൾക്കുവേണ്ടി ചോദിക്കാം.''

അരയൻ: "അയ്യയ്യോ, വേണ്ട. നീ വരികയും ചോദിക്കുകയും ഒന്നും വേണ്ട. നിനക്കു് അത്രയ്ക്കു നിർബ്ബന്ധമാണെങ്കിൽ നാളെ ഞാൻതന്നെ അദ്ദേഹത്തിനോടു് കാര്യങ്ങരം പറയാം."

പിറേറന്നു കാലത്തു സ്വാമിയാർ നേരത്തേ എത്തി തോണിയിൽ കയറി സ്ഥാനം പിടിച്ചു. വേറെ യാത്രക്കാർ ആരും ഉണ്ടായിരുന്നില്ല. തക്കം നോക്കി അരയൻ വിനയഭാവത്തോടെ സ്വാമിയെ തൊഴുതുകൊണ്ടു് സമീപത്തു പോയി നിന്നു. എങ്ങനെയാണു് തുടങ്ങേണ്ടതു് എന്നറിയാതെ അയാരം വിഷമിക്കുന്നതിനിടയിൽ സ്വാമി മന്ദഹസിച്ചുകൊണ്ടു് അയാളോടായി "എന്തോ പറയാൻ ഉന്നുന്നപോലെ തോന്നുന്നല്ലോ. എന്താണു് പറയാനുള്ളതെങ്കിൽ പറയൂ."

അരയൻ: "അ....ടി....യൻ."

സ്വാമി: "തോണി കടത്തുകൂലി കിട്ടിയാൽ വേണ്ടില്ല എന്നല്ലേ? ഓ, ഞാനതു മറന്നുപോയി. കുറച്ചു നാളത്തെ കൂലി ബാക്കിയുണ്ടല്ലേ? ആട്ടെ, ഞാനിന്നു തിരിച്ചു പോരുമ്പോരം ഓർമ്മപ്പെടുത്തു. എന്താ പോരെ?"

അരയൻ: "അടിയൻ."

വൈകുന്നേരം സ്വാമിയാർ പതിവുപോലെ തിരിച്ചുവന്നപ്പോരം അരയന്നു് അദ്ദേഹം രാവിലെ പറഞ്ഞ കാര്യം ഓർമ്മയിലുണ്ടെങ്കിലും അദ്ദേഹത്തോടു് അതിനെപ്പററി സംസാരിക്കാൻ ധൈര്യം വന്നില്ല. കാഴ്ചയിൽത്തന്നെ മഹായോഗ്യനായി തോന്നിയിരുന്ന ആ വൃദ്ധസന്യാസിയെ അങ്ങനെ ശൈരം കെടുത്തുന്നതു് അനുചിതമാണെന്നു് അയാരം കരുതി. സന്യാസിയാകട്ടെ, നിത്യപ്പടി തോണിയിൽനിന്നിറങ്ങിയതും നേരെ വനാന്തർഭാഗത്തേയ്ക്കു നടന്നുപോവുകയും ചെയ്തു.

വീട്ടിൽ തിരിച്ചു ചെന്നു് നടന്ന സംഭവങ്ങളെല്ലാം ഭാര്യയെ പറഞ്ഞു കേൾപ്പിച്ചപ്പോൾ അവൾക്കല്പം നീരസം തോന്നി. അവൾ പറഞ്ഞു: “ആ സ്വാമിയാർ ചില്ലറക്കാരനല്ല. നിങ്ങളെ പരീക്ഷിക്കുകയാണു്. അദ്ദേഹം ആ കൊടുംകാട്ടിലേയ്ക്കു രാത്രികാലങ്ങളിൽ തനിച്ചു് തിരിച്ചുചെല്ലുന്നതെന്തിനാണു്? രാത്രി എവിടെയാണു് കഴിച്ചുകൂട്ടുന്നതു്? ഈവകയൊന്നും ഗ്രഹിക്കാൻ ശ്രമിക്കാതേയും അദ്ദേഹംതന്നെ കൂലിക്കാര്യം ഓർമ്മപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടും അതു ചെയ്യാതേയും ഇരിക്കുന്ന നിങ്ങൾ മഹാപാവത്താൻതന്നെ. എന്തായാലും, നാളെ നിങ്ങൾ ഈ കാര്യങ്ങൾ മുഴുവൻ മനസ്സിലാക്കി നമുക്കു കിട്ടാനുള്ള പണം മേടിച്ചു വരാതിരുന്നാൽ, നിശ്ചയമായും മററന്നാൾ ഞാൻ നിങ്ങളൊന്നിച്ചു് അദ്ദേഹത്തെ കാണാൻ വരുന്നതായിരിക്കും.”

അരയനും തോന്നി, ശരിയാണു് തന്റെ ഭാര്യ പറയുന്നതെല്ലാം. താൻ ഇതുനാളും ആവക സംഗതികളെപ്പററി ചിന്തിച്ചിട്ടേയില്ലല്ലോ. കാഴ്ചയിൽ ഇത്രയും തേജസ്വിയായ സ്വാമിയാർ ആരാണു്? അദ്ദേഹം ആ കാട്ടിനുള്ളിൽ എന്താണു് പ്രവൎത്തിക്കുന്നതു്? പുഴ കടന്നുപോയി പകലെല്ലാം അദ്ദേഹം എന്താണു് ചെയ്യുന്നതു്? രാത്രി വീണ്ടും കാട്ടിലേക്കുതന്നെ പോകുന്നതെന്തിനു്? ഏതായാലും പിറേറന്നു് അദ്ദേഹത്തെ കാണുമ്പോൾ ഈവക സംഗതികളെല്ലാം മനസ്സിലാക്കാൻ ശ്രമിക്കണം.

പിറേറന്നു് രാവിലെ സ്വാമിയാർ അരയനെ കണ്ട ഉടനെ ഇങ്ങോട്ടുതന്നെ ചോദിച്ചു: “എന്താ കുടുംബത്തിൽ വലിയ ബുദ്ധിമുട്ടാണല്ലേ? സ്വന്തം ഭൂമിയിൽ കൃഷിചെയ്തിട്ടുണ്ടല്ലോ. അതു് കൊയ്തെടുത്തുപയോഗിച്ചുകൂടെ?”

എന്താണു് പറയേണ്ടതു് എന്നറിയാതെ അരയൻ അല്പനേരം നിന്നശേഷം, “സ്വാമിൻ, രണ്ടുപറയ്ക്കുള്ള അടിയങ്ങളുടെ ഭൂമിയിൽ വിതകഴിഞ്ഞിട്ടേയുള്ളൂ. അതുതന്നെ വളരെ വിഷമിച്ചു

കൊണ്ടാണ് നാലുനാഠംക്കമുമ്പ് നിവ്വഹിച്ചതു്. നെല്ലുവിളഞ്ഞു കൊയ്യേട്ടക്കാൻ മാസങ്ങഠം ഇനിയെത്ര കഴിയണം! അടിയനും കുടുംബവും ദാരിദ്ര്യംമൂലം വലിയ കഷ്ടത്തിലാണേ.''

സ്വാമിയാർ: ''സാരമില്ല. നാളെ രാവിലെ പാടത്തു പോയി നോക്കീട്ടുവന്നു വിവരം പറയൂ.''

സ്വാമിയാർ പറഞ്ഞ വാത്തകഠം ഭത്താവിൽനിന്നു് ശ്രവി ച്ച ഭാര്യ പറഞ്ഞു: ''ഞാനപ്പോഴും പറഞ്ഞിട്ടില്ലേ, ഈ കിഴവൻ ഒരു സാധാരണ സന്യാസിയൊന്നുമല്ലെന്നു്. നേരംവെളുക്കു മ്പോഠം കാണാൻപോവുന്ന ആശ്ചര്യങ്ങളെന്തെല്ലാമാണാവോ;''

അരയനും ഭാര്യയും അകംനിറഞ്ഞ ദൈവഭക്തിയോടും ഉല്ക്കണ്ഠയോടുംകൂടി രാത്രി കഴിച്ചുകൂട്ടി. സൂര്യോദയത്തിന്നു പുറത്തു വന്നു് അവരുടെ കുടിലിന്നു മുൻവശത്തുള്ള വയലിൽ നോക്കു മ്പോഠം കണ്ട അവസ്ഥയെന്താണു്? ആ രണ്ടുപറക്കണ്ടം നിറയെ കൊയ്യാൻ പാകമായ നെൽച്ചെടികഠം വിളഞ്ഞുകിടക്കുന്നു! തങ്ങഠം കാണുന്നതു് സ്വപ്നമാണോ എന്നു ഭ്രമിച്ചു് അവരിരു പേരും അന്യോന്യം നോക്കി. കണ്ടത്തിലിറങ്ങി നെൽക്കതിരു കഠം കൈകൊണ്ടു് പിടിച്ചുനോക്കി കനകമണികഠംപോലെ തിളങ്ങി തുറവനില്ക്കുന്ന ഒന്നാന്തരം ചമ്പാൻ നെൽക്കതിർക്കുല കഠം! ഈശ്വരവിലാസവൈഭവം എന്തുപറയട്ടെ!

അരയൻ സ്വാമിയാരെ കണ്ട ഉടനെ ചെന്നു് കാൽക്കൽ സാഷ്ടാംഗം നമസ്കരിച്ചു് താൻ കണ്ട അത്യത്ഭുതസംഗതി ഉണ ത്തിച്ചു. സ്വാമിജി പറഞ്ഞു: ''ശരി, ഉടനെപോയി അതു് കൊയ്യേട്ടുക്കൂ.''

നെല്ലുകൊയ്തു മണിയാക്കി അളന്നുനോക്കിയതിൽ അമ്പ ത്തൊന്നു നിറപ്പറയുണ്ടായിരുന്നു. വൈകുന്നേരം സ്വാമിജിയെ വിവരമറിയിച്ചപ്പോഠം അദ്ദേഹം അരുളിച്ചെയ്തു: ''അതിൽനിന്നു

5 നിറനാഴി നെല്ല് മാററിവെച്ച് ബാക്കി നിങ്ങളുടെ കുടുംബാവശ്യങ്ങാക്ക് എടുത്തുകൊള്ളു. വേറെ എടുത്തുവെച്ച നെല്ല് ഉണക്കലരിയാക്കി കുത്തി, ആ അരി ഒരു പാത്രത്തിലെടുത്ത് ഒരുണക്കത്തേങ്ങയും അല്പം ശക്കരയുമായി നാളെ വൈകുന്നേരം ഇവിടെ വന്നാൽമതി.''

അരയൻ സ്വാമിജിയുടെ നിർദ്ദേശപ്രകാരം പ്രവൎത്തിച്ചു. അരിയും പാത്രവും നാളികേരവും ശക്കരയുംകൂടെ ഒരു വസ്ത്രത്തിൽ കെട്ടിയെടുത്ത് ആററിൻകരയ്ക്കൽ സ്വാമിജിയെ കാത്തുനിന്നു. അന്നു സ്വാമിജി സാധാരണയിൽ കുറെ നേരത്തേ തിരിച്ചുവന്നു. ഭക്തിപരവശനായി തൊഴുതുനില്ക്കുന്ന അരയനെ ഒന്നു കടാക്ഷിച്ചിട്ട് തോണിയിൽ കയറി. തോണി അക്കരെ അണഞ്ഞ ഉടനെ അദ്ദേഹം താഴത്തിറങ്ങി അരയനെ ഒന്നു വീണ്ടും കടാക്ഷിച്ച ശേഷം തിരിഞ്ഞു നേരെ കിഴക്കോട്ടുനടന്നു. അരയൻ ഭാണ്ഡവും തലയിലെടുത്ത് അദ്ദേഹത്തെ പിന്തുടൎന്നു. ആദിത്യൻ അസ്തമിച്ചിരുന്നില്ല. അതിനാൽ, കാട്ടിനുള്ളിൽക്കൂടെയുള്ള ആ യാത്രയിൽ കുറെ ദൂരംവരെയുള്ള വഴി അയാൾക്ക് മനസ്സിലാക്കാൻ സാധിച്ചു. കൎമ്മസാക്ഷി ഭഗവാൻ പശ്ചിമാബ്ധിയിൽ അന്തൎദ്ധാനം ചെയ്തതോടെ കൂരിരുട്ട് എങ്ങും വ്യാപിച്ചു. സ്വതവേ, പുറത്തുള്ള പ്രകാശം ലേശംപോലും അകത്തേയ്ക്കു കടക്കാതിരിക്കത്തക്കവണ്ണം ശാഖോപശാഖകൾ പടൎന്നുനില്ക്കുന്ന വൻമരങ്ങളാലും, ഇടതൂൎന്നു വളൎന്നിട്ടുള്ള ഓടക്കൂട്ടങ്ങളാലും, വള്ളിക്കെട്ടുകളാലും ഇരുട്ടറഞ്ഞതും ഭയാനകവുമായ ആ വനാന്തരം ആകമാനം എന്തെന്നില്ലാത്ത അന്ധകാരം ബാധിച്ചു. ആന, സിംഹം, നരി തുടങ്ങിയ വന്യമൃഗങ്ങളുടേയും, മൂങ്ങ തുടങ്ങിയ കാട്ടുപക്ഷികളുടേയും കൎണ്ണാരുന്തുദവും ഭീതിദായകവുമായ ശബ്ദങ്ങൾകൊണ്ട് ആ പ്രദേശം ആകെ മുഴങ്ങി.

കണ്ണിൽ കുത്തിയാൽപോലും കാണാൻ പാടില്ലാത്തവിധം കട്ടപിടിച്ച ആ ഇരുട്ടിൽ മാൎഗ്ഗത്തിലുള്ള വൃക്ഷങ്ങളിലോ പാറക്കെ

ട്ടുകളിലോ തലചെന്നടിക്കാതിരിക്കത്തക്കവണ്ണം അരയൻെറ ദൃഷ്ടികാംക്ക് കാഴ്ച നൽകിക്കൊണ്ടു് ഒരു പ്രഭാവലയം മുന്നിൽ നടക്കുന്ന സ്വാമിയാരുടെ പരിവേഷമായി ഭാസിച്ചിരുന്നു.

ത്വരിതഗതിയിൽ അങ്ങനെ ചില മണിക്കൂറുകളോളം നടന്നു നിരവധി കുന്നുകളും കുഴികളും താണ്ടി ഒരിടത്തെത്തിയപ്പോാം സ്വാമി പെട്ടെന്നു തിരിഞ്ഞുനിന്നു തലയിലെ ഭാണ്ഡം നിലത്തിറക്കിവെയ്ക്കാൻ അരയനോടാജ്ഞാപിച്ചു. പുരോഭാഗത്തായി ഒരു ചെറിയ അമ്പലവും ബിംബപ്രതിഷ്ഠയും കണ്ടു് അരയൻ ഭയഭക്ത്യാദരങ്ങളോടെ സ്വന്തം ശിരസ്സിലെ ഭാരം അതിന്നുമുമ്പിൽ ഇറക്കിവെച്ചു. കൊണ്ടുചെന്നിട്ടുള്ള അരിയും ശക്കരയും നാളികേരവും ചേത്തു് പായസമുണ്ടാക്കാൻ സ്വാമിജി ആവശ്യപ്പെട്ടതനുസരിച്ചു് അരയൻ പ്രവത്തിച്ചു. അവിടെ അടുത്തുകിടന്നിരുന്ന രണ്ടു ഓടത്തുണ്ടുകാം സ്വാമിജി ചേത്തുരസിയപ്പോാം അഗ്നിയുണ്ടായി. സമീപത്തായികണ്ട ഉറവിൽനിന്നു വേണ്ടുന്ന ജലവും കിട്ടി.

സ്വാമിജിയുടെ ഉപദേശാനുസാരം പായസം നിവേദിച്ചുകൊണ്ടു് ഭക്തോത്തമനായ ആ അരയൻ മുന്നിൽക്കണ്ട ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്കു് പൂജനടത്തി.

അതെല്ലാം വീക്ഷിച്ചുകൊണ്ടിരുന്ന സന്ന്യാസി, അതിൽ പിന്നെ, ചോദിച്ചു:– "ഇനിവന്നവഴിയെ ഒററയ്ക്കു തിരിച്ചു പോവാനാവില്ലെന്നുണ്ടോ? പോകട്ടെ, സാരമില്ല, കണ്ണടച്ചോളൂ."

അരയൻ അടച്ച കണ്ണുകാം തുറന്നപ്പോാം, അറേറാ! മഹാശ്ചര്യം! താൻ തൻെറ കുടിലിന്നു മുമ്പിലെത്തിയിരിക്കുന്നു!

സംഭവിച്ചതെല്ലാം ഒരു സ്വപ്നപ്രായമായി തോന്നിയെങ്കിലും അയാാംക്കു് എല്ലാം വിശദമായി ഓമ്മയിലുണ്ടായിരുന്നു.

സ്വന്തം പത്നിയെ ഒന്നൊഴിയാതെ സവിസ്തരം പറഞ്ഞു കേൾപ്പിച്ചപ്പോൾ അവളും ആശ്ചര്യംകൊണ്ടും ഭക്തികൊണ്ടും പരതന്ത്രയായി. പിറേറന്നു് ഉദയത്തിന്നു പുറപ്പെട്ട അവരിരുവരും ചേന്നു്, തലേന്നുരാത്രി അയാൾ ചെന്നെത്തി പൂജനടത്തിയ ദൈവക്ഷേത്രം കണ്ടുപിടിക്കാൻ. പല വിഷമങ്ങളും സഹിച്ചു കൊണ്ടു് നടന്നു് ചില ആഴ്ചകൾക്കുശേഷം അവർ ആ സ്ഥലം കണ്ടെത്തി.

പഴമക്കാരായ അയ്യപ്പഭക്തന്മാർ പരമ്പരയായി പറഞ്ഞു കേട്ടിട്ടുള്ളതാണു് ഈ കഥ, എന്നല്ലാതെ, ഇതിൻെറ വാസ്തവികതയെ തെളിയിക്കാൻ ഉദ്ധരിക്കത്തക്ക പ്രമാണങ്ങളോ മറേറാ ഉള്ളതായറിവില്ല എന്നാണു് ഗുരുസ്വാമി പറഞ്ഞവസാനിപ്പിച്ചതു്.

എരുമേലിയിൽനിന്നു് സുമാർ 40 നാഴിക വടക്കുകിഴക്കായിട്ടാണു് ശബരിഗിരി ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. വണ്ടിപെരിയാറിൽനിന്നു് ഏകദേശം 8 മൈൽ തെക്കു കിഴക്കായിട്ടും, പന്തളത്തുനിന്നു് മലയുടെ തെക്കുഭാഗത്തുകൂടിയും ജനങ്ങൾ ഉപയോഗിച്ചുവരുന്ന വേറെ രണ്ടുവഴികളെക്കുറിച്ചും ഗുരുസ്വാമി വിവരിച്ചുതന്നു. എന്നാൽ, എരുമേലിയിൽക്കൂടെയുള്ള വഴിയാണു് പണ്ടുകാലം മുതൽക്കേ ഭക്തന്മാർ സാധാരണയായി ഉപയോഗിച്ചുവരുന്നവഴി. കാരണം, ശബരിഗിരി തീൎത്ഥാടനത്തോടു് ബന്ധപ്പെട്ട അനവധി പുണ്യസ്ഥലങ്ങൾ ഉള്ളതു് ഈ മാൎഗ്ഗത്തിലാണു്. തീൎത്ഥാടകർ അവശ്യം സന്ദൎശിക്കേണ്ടതും പുണ്യങ്ങളായ പലകൎമ്മങ്ങളും അനുഷ്ഠിക്കേണ്ടതുമായ സ്ഥലങ്ങളും ഘട്ടങ്ങളുമാണു് അവയെല്ലാം. മററുപല തീൎത്ഥയാത്രകളേയും അപേക്ഷിച്ചു് ശബരിഗിരിയാത്രയ്ക്കു് അനന്യസുലഭങ്ങളായ ചില പ്രത്യേകവിശേഷങ്ങളും ഗുണങ്ങളുമുണ്ടു്. ജീവിതത്തിൽ ഏതു മനുഷ്യനും ഒരിക്കലെങ്കിലും ഈ യാത്രനടത്തി അതിൻെറ ഗുണങ്ങൾ സ്വയം അറിഞ്ഞും അനുഭവിച്ചും ഇരിക്കേണ്ടതാകുന്നു.

ഈ യാത്രയുടെ ആധ്യാത്മികവശങ്ങളെ പരിഗണിച്ചു മാത്രമല്ല ഭൗതികപരമായും, മനുഷ്യന്റെ ശാരീരികവും മാനസികവുമായ നന്മകൾക്കുവേണ്ടിയും ഇങ്ങനത്തെ ഒരു യാത്രാനുഭവം അത്യാവശ്യമാണ്. പ്രകൃതിമനോഹരവും ക്ലിഷ്ടസാധ്യമെങ്കിലും ഉന്മേഷദായകവും ആരോഗ്യപ്രദവുമായ ഈ 40ൽ ചില്വാനം നാഴികദൂരത്തെ നിമ്നോന്നത ഗിരിതടങ്ങളിൽക്കൂടിയും ദുർഗ്ഗമ വനഭാഗങ്ങളിൽക്കൂടിയും നടന്നുള്ള പ്രയാണത്തിന്റെ മെച്ചം അനുഭവിച്ചവർക്കേ അറിയാവൂ. ക്ലേശങ്ങൾ പലതും അനുഭവിക്കേണ്ടതുണ്ടായിട്ടും തുടർച്ചയായി പല ആണ്ടുകൾ ശബരിമലയ്ക്കു പോയിവരുന്ന കൂട്ടക്കാരേയും വർഷംതോറും ആയിരക്കണക്കിൽ പെരുകിവരുന്ന കന്നിക്കാരായ ഭക്തന്മാരേയും കുറിച്ചു് ആലോചിച്ചാൽ മനസ്സിലാവും അയ്യപ്പസ്വാമിയുടെ ആശ്രിതവാത്സല്യത്തിന്റെ മഹത്വവും സ്വാമി ദർശനാർത്ഥമുള്ള ഈ യാത്രയുടെ ആകർഷകത്വവും. പ്രാരബ്ധങ്ങളുടെ ബഹുലതയാൽ മററൊന്നിനും സമയം കിട്ടാത്തകാരണം നോൽമ്പിരിക്കാനും മലയ്ക്കു പോവാനും ഒന്നും ഇനി ആവില്ല എന്നു് ഒഴിഞ്ഞിരിക്കാൻ വിചാരിക്കുന്ന ഗൃഹസ്ഥാശ്രമിപോലും വൃശ്ചികമാസം ഒന്നാം തിയ്യതി പുലർച്ചക്കെണീററു് കുളിച്ചു് അമ്പലത്തിൽപോയി മാല വാങ്ങി കഴുത്തിലിടുന്നതിന്റെ അനിയന്ത്രിതത്വവും രഹസ്യവും മററൊന്നുമല്ല. അവരെസംബന്ധിച്ചേടത്തോളം വൃശ്ചികം ഒന്നാംതിയ്യതിക്കു് എന്തോ വലിയ കാന്തശക്തിയുണ്ടെന്നു് വിശ്വസിക്കേണ്ടിയിരിക്കുന്നു.

എന്നാൽ, ഇക്കാലത്തു് ഈ തീർത്ഥാടനത്തിന്നും വന്നുസംഭവിച്ചിട്ടുള്ള ചില സ്ഥിതിവിഗതികളുടെ അനാശാസ്യമാററങ്ങളെ കുറിച്ചു് ഗുരുസ്വാമി ചൂണ്ടിക്കാണിക്കാതേയും വ്യസനം പ്രകടിപ്പിക്കാതേയുമിരുന്നില്ല. പരിഷ്ക്കാരത്തിന്റെ ടാറിട്ടപാതകൾ ഇന്നു് ഈ വനമദ്ധ്യക്ഷേത്രസന്നിധിവരെ ബസ്സുകളേയും കാറുകളേയും അതോടുകൂടി എല്ലാവിധ അപവിത്ര ഭൗതികഭോഗസാമ

ഗ്രികളേയും കൊണ്ടെത്തിയിരിക്കുന്നതിന്റെ ഫലമായി, തപോമയമായ, ശ്രദ്ധാന്വിതമായ, ഭക്തിനിർഭരമായ പഴയതീർത്ഥാടന സമ്പ്രദായം പാടെ മാറിയിരിക്കുകയല്ലേ ഇന്നു്. ഈവക നവീന സൗകര്യങ്ങളെല്ലാം ഈ തീർത്ഥാടനത്തിന്റെ പരമപവിത്രതയെ നശിപ്പിച്ച് വെറുമൊരു ടൂറിസ്റ്റുവിനോദനത്തിന്റെ നിലയിലേയ്ക്കു് ഇതിനെ അധഃപതിപ്പിക്കുകയല്ലേ ചെയ്യുന്നതു് എന്നു് അദ്ദേഹം ആശങ്കിക്കുകയും നീചമായ ആ പ്രവണതയെ അപലപിക്കുകയും ചെയ്തു. സത്വഭീകരമായ ഘോരാരണ്യപ്രകൃതിയെ ഏകാന്തഭക്തിയുടെ ഭഗവച്ഛരണം വിളികൾകൊണ്ടുമാത്രം നേരിട്ട് തരണം ചെയ്ത് ത്രിഗുണാതീത ദിവ്യജ്ജ്യോതിസ്സായ പൊന്നമ്പലവാസനെ ദർശിക്കുമാറാകുക എന്ന ആ പഴയ തീവ്രവ്രതാനുഷ്ഠാനങ്ങൾക്കും ആത്മീയസാധനകൾക്കും പിന്നെപ്പിന്നെ തേമാനമല്ലേ സംഭവിച്ചു കാണുന്നതു്. ധനലോഭത്തിന്റേയും നിരവധി കാപട്യങ്ങളുടേയും തട്ടിപ്പുറികളുടെ തന്നേയും കൂത്തരങ്ങായി മാറുന്നില്ലേ ഈ പുണ്യതപോവനം ഇന്നു് എന്നൊക്കെ സത്വഗുണ മാനസനായ ആ വൃദ്ധഭക്തൻ ഹൃദയവേദനയോടെ ചോദിച്ചു.

ശബരിമലയ്ക്കുപോകുന്ന മനുഷ്യന്മാരെല്ലാം എല്ലാവിധത്തിലും നല്ലവരും അനുകരണീയ ഗുണസമ്പന്നരുമാണെന്ന അഭിപ്രായം ഗുരുസ്വാമിക്കില്ലെന്നു സുവിദിതമായല്ലോ. ലോകത്തിൽ എവിടേയും, ഏതു തുറയിലും കാണാവുള്ള മാതിരി അവരുടെ ഇടയിലും സ്വാർത്ഥതാജന്യമായ ദുർവ്യവഹാരബുദ്ധിയോടുകൂടിയവരും വേറെയും പലമാതിരി ദൂഷിച്ച മനഃസ്ഥിതിക്കാരുമായ ആളുകൾ ഉണ്ടായിരിക്കും. എങ്കിലും, താരതമ്യേന അക്കൂട്ടരുടെ ദോഷങ്ങൾ കുടിലന്മാരും ദുഷ്ടബുദ്ധികളുമായ മററുപലരെക്കാളും ലഘുവും അല്പരൂക്ഷവും ശ്രമിച്ചാൽ എളുപ്പത്തിൽ തിരുത്തി മാററാവുന്നവയുമായിരിക്കും. ദൈവസൃഷ്ടിയിൽ ഒരു മനുഷ്യനും നൂറുശതമാനം കെട്ടവനായിട്ടില്ല. ഏവനിലും ദുർല്ലഭമായി

സദ്ഭാവനകളും ആണ്ടുകിടക്കുന്നുണ്ടാവും, അവയെ സമുദ്ധരിച്ച് വളർത്തിക്കൊണ്ടുവരണം എന്നുമാത്രം.

## എരുമേലി പേട്ട

കേരളത്തിന്റെ എല്ലാഭാഗത്തു നിന്നും, തമിഴ്നാട്, കർണ്ണാടകം തുടങ്ങി ഇന്ത്യയിലെ മററു പ്രവിശ്യകളിൽനിന്നും വളരെയേറെ 'അയ്യപ്പന്മാർ' എരുമേലിയിൽ എത്തിച്ചേർന്നിരുന്നു. ശബരിമലയ്ക്കു പോകുന്ന ഏതയ്യപ്പഭക്തനും നിർബ്ബന്ധമായനുഷ്ഠിക്കേണ്ടുന്ന ഒരു ചടങ്ങാണ് പേട്ടതുള്ളൽ. എരുമേലിയിൽ പേട്ട കഴിയാതെ ഒര'യ്യപ്പനും', വിശേഷിച്ച് 'കന്നിഅയ്യപ്പൻ' കോട്ടപ്പടികടന്നു് സ്വാമിയുടെ പൂങ്കാവനം ചവുട്ടി മലകയറി പതിനെട്ടാംപടികടന്നു് സ്വാമിദർശനം സാധിച്ചുകൂടെന്നും, അങ്ങനെ ചെയ്താൽ ദർശനഫലം സിദ്ധിക്കുകയില്ലെന്നുമാണ് നിയമവും അതിനെച്ചൊല്ലിയുള്ള വിശ്വാസവും.

എരുമേലിയെ സംബന്ധിച്ചും, പേട്ടതുള്ളലിനെപററിയും ഒന്നിലേറെ ഐതിഹ്യങ്ങളുള്ളതു് ഗുരുസ്വാമി സ്വശിഷ്യന്മാരെ കേൾപ്പിച്ചു.

എരുമേലി എന്നപേർ എരുമകൊല്ലി എന്നപദം ലോപിച്ചുണ്ടായതാണ്. അയ്യപ്പസ്വാമിയുടെ അവതാരോദ്ദേശങ്ങളിൽ സർവ്വപ്രധാനമായിട്ടുള്ളതു് ദേവന്മാക്കു് ഭയങ്കര ദ്രോഹകാരിണിയായ മഹിഷിയെ ധ്വംസനം ചെയ്യലായിരുന്നുവല്ലോ. ദത്തനും ലീലയും അന്യോന്യം മഹിഷിയായും മഹിഷമായും ഭവിപ്പാൻ ശപിച്ചുവെങ്കിലും ദത്തൻ ഭാവിസംഭവങ്ങളെ ജ്ഞാനദൃഷ്ട്യാ കണ്ടുകൊണ്ടു് ഭൂലോകത്തുനിന്നു് നിർഗ്ഗമിച്ചു. കുറെക്കാലങ്ങൾക്കു ശേഷം ലീല കരംഭൻ എന്ന അസുരന്റെ പുത്രിയായി മഹിഷീമുഖത്തോടുകൂടി ജനിച്ചു. അവൾ കഠിനതപംകൊണ്ടു് ബ്രഹ്മാ

വിനെ പ്രത്യക്ഷനാക്കി ഇഷ്ടവരങ്ങൾനേടി. തന്മൂലം മഹാ അഹങ്കാരിയും അധൃഷ്യയുമായിത്തീൎന്ന അവൾ ദേവലോക ത്തെത്തി ദേവകളെ പീഡിപ്പിച്ചുതുടങ്ങി. ദേവേന്ദ്രനും മററ ദേവന്മാക്കും ഇരിക്കപ്പൊറുതിയില്ലാതായിത്തീൎന്നപ്പോൾ അവർ ത്രിമൂൎത്തികളെ സമീപിച്ചു. ത്രിമൂൎത്തികളുടെ ശക്തിയിൽനിന്നു് ഒരു കൂററൻ മഹിഷം സംജാതമായി. മദംകൊണ്ടു് തുള്ളിച്ചാടി എത്തിയ ആ സുന്ദരമഹിഷത്തോടൊപ്പം മഹിഷിയും ഭൂലോക ത്തിലേയ്ക്കു വന്നു. മദോന്മത്തരായ അവരിരുവരും വനാന്തരങ്ങ ളിൽ സ്വച്ഛന്ദം വിഹരിച്ചുനടന്നു് നിരവധി സന്താനങ്ങളേയും ഉൽപാദിപ്പിച്ചു.

ഹരിഹരസുതനായവതരിച്ച താരകബ്രഹ്മമൂൎത്തിയെ പരമ ശിവൻ, വിഷ്ണുവിൻെറ ഇംഗിതാനുസാരം, കൈലാസത്തിൽ പാൎപ്പിച്ചു് സകലവിധ ശാസ്ത്രങ്ങളും പ്രത്യേകിച്ചു് ധനുർവിദ്യയും അഭ്യസിപ്പിച്ചിരുന്നു. ദേവകൾക്കു് മഹിഷിയാൽ വന്നുചേൎന്ന സങ്കടങ്ങളുടെ നിവൃത്തിക്കു് അവളെ നിഗ്രഹിച്ചേ മതിയാവൂ എന്നും ധാതൃദത്തവരയായ അവളെ കൊല്ലാൻ ശാസ്താവിനു മാത്രമെ സാധ്യമാവൂ എന്നും കണ്ടറിഞ്ഞ മഹേശ്വരൻ വേണ്ടുന്ന നിർദ്ദേശങ്ങളെല്ലാം നൽകി, അയ്യപ്പനായ മണികണ്ഠനു ണ്ണിയെ പന്തളരാജധാനിയിൽ എത്തിച്ചു. ഭക്തശിരോമണി യായ പന്തളേശൻെറ അനപത്യതാദുഃഖത്തിനു ശാന്തിയേകി ക്കൊണ്ടു് മണികണ്ഠൻ രാജകുമാരനായും, അതേസമയം മഹാരാ ജാവിനു ഹിതാനുകൂലസേവനങ്ങളനുഷ്ഠിക്കുന്ന ദാസനായും വളൎന്നു വന്നു. പ്രജാവത്സലനായ രാജശേഖരമന്നൻ അയ്യപ്പനെ യുവരാ ജാവായഭിഷേകം കഴിക്കാൻ ഉദ്ദേശിച്ചപ്പോൾ കുബുദ്ധിയായ മന്ത്രിയും അയാളുടെ ദുഷ്പ്രേരണകൾക്ക വശംവദയായ രാജ്ഞിയും ചേൎന്നു് അയ്യപ്പനെ നശിപ്പിക്കാൻ പല കുതന്ത്രങ്ങളും പ്രയോ ഗിച്ചു. അവയെല്ലാം പരാജയപ്പെട്ടപ്പോൾ, അവർ അവസാന ത്തെ അടവായി ഒരു വിദ്യ പ്രയോഗിച്ചു. അതായതു്, മഹാരാ ജ്ഞിക്കു് അതിഭയങ്കരമായ ശൂലവ്യാധിയാണെന്നും അതിനു 'തീരാ

വ്യാധിക്ക കിട്ടാത്ത മരുന്നു” എന്ന രീതിയനുസരിച്ച കറന്ന ചൂടാറീട്ടില്ലാത്ത നാഴി പുലിപ്പാൽ കിട്ടിയെങ്കിലേ പ്രതിവിധിയുള്ളൂ എന്നും അവർ മഹാരാജാവിനെ പറഞ്ഞു ധരിപ്പിച്ചു. ശുദ്ധമനസ്സനായ രാജാവു് ആത്മപ്രേയസിക്ക പിടിപെട്ടിട്ടുള്ള ഭയങ്കരരോഗത്തെ കുറിച്ചും അതിന്നു വൈദ്യൻ വിധിച്ച ഔഷധം സമ്പാദിക്കുന്നതിനുള്ള വൈഷമ്യത്തെകുറിച്ചും ചിന്തിച്ച് ഇതികത്ത്വവ്യതാമൂഢനായിത്തിന്നു. വിവരം ധരിച്ച അയ്യപ്പൻ ഈററപ്പുലിയുടെ പാൽ കൊണ്ടുവരുന്ന കാര്യം താനേററവെന്നും അതിനാൽ മഹാരാജാവു് ക്ലേശിക്കേണ്ടതില്ലെന്നും, കാട്ടിലേയ്ക്കു പോവാൻ തനിക്കു് അനുവാദംതരികയേ വേണ്ടു എന്നും അറിയിച്ചപ്പോറം സ്നേഹനിധിയായ തമ്പുരാൻ അമ്പരക്കുകയും പ്രാണനിവ്വിശേഷം സ്നേഹിച്ചുവളത്തുന്ന കുമാരനെ അങ്ങനെ അറിഞ്ഞുംകൊണ്ടു് ആപത്തിൻെറ വായിലേയ്ക്കു് തള്ളിവിടാൻ തയ്യാറില്ലെന്നു് പറയുകയുംചെയ്തു. കുമാരൻെറ നീതിവാഗ്വൈഭവങ്ങളാൽ സമാശ്വസ്തനായ അദ്ദേഹം അവസാനം മനമല്ലാമനസ്സോടെ പുലിപ്പാലുകൊണ്ടുവരുന്നതിന്നു് അയ്യപ്പനെ കാട്ടിലേയ്ക്കുപോവാൻ സമ്മതിച്ചു. വില്ലമമ്പും ധരിച്ചു്, ആഹാരത്തിന്നുള്ള പദാത്ഥങ്ങളുടെ കൂട്ടത്തിൽ മുക്കണ്ണഭക്തനായ തമ്പുരാൻെറ പ്രത്യേക നിർദ്ദേശപ്രകാരം മുക്കണ്ണുള്ള ഒരു നാളികേരത്തേയും ഇരുമുടിക്കെട്ടാക്കിക്കെട്ടി തലയിലെടുത്തു് അയ്യപ്പൻ വനത്തിലേയ്ക്കു പുറപ്പെട്ടു.

ഭൂതനാഥസ്വാമി കാനനപ്രാന്തത്തിലെത്തിയപ്പോറം വാപരൻ, കടുശബ്ദൻ, കൂപനേത്രൻ, കൂപകണ്ണൻ, വീരഭദ്രൻ, അഗ്നിവക്ത്റൻ, ഘണ്ടാകണ്ണൻ മുതലായ ശിവഭൂതങ്ങറം വന്നുവണങ്ങി. അവരുമൊന്നിച്ചു് സ്വാമി പമ്പാനദിക്കരയിൽ എത്തിയെന്നറിഞ്ഞു് ദേവന്മാരും താപസന്മാരും വന്നെതിരേററു. അവിടെനിന്നും പത്തുയോജന ദൂരത്തു് സ്ഥിതിചെയ്യുന്ന ഒരത്യുന്നതഗിരിശൃംഗത്തിൽ യോഗീശ്വരന്മാരാൽ തപശ്ശക്തികൊണ്ടു് നിമ്മിക്കപ്പെട്ട മനോഹരമായ സുവണ്ണാലയത്തിലേയ്ക്കു് അവർ സ്വാമിയെ

ആനയിക്കുകയും രത്നസിംഹാസനത്തിൽ ഉപവിഷ്ടനാക്കി പ്രതിഷ്ഠിക്കുകയും ചെയ്തു. *

ശാപനിവൃത്തിവന്ന സുന്ദരമഹിഷത്താൽ പരിത്യക്തയായിത്തീൎന്ന മഹിഷി പൂൎവ്വാധികം രുഷ്ടചിത്തയായി വീണ്ടും ദേവലോകത്തെത്തി ഇന്ദ്രാദികളെ ദ്രോഹിച്ചുതുടങ്ങവേ, ദേവകളാൽ പ്രാൎത്ഥ്യമാനനായ ആര്യതാതൻ (അയ്യപ്പൻ) ഭൂതവൃന്ദങ്ങളോടൊപ്പം ദേവലോകത്തേയ്ക്കുപോയി. ക്രുദ്ധിച്ചുവന്നെതിരിട്ട മഹിഷിയെ കൊമ്പുകൾ രണ്ടിലും പിടിച്ച് വട്ടംചുഴററി സ്വാമി, ഭൂതലത്തേക്കെറിഞ്ഞു. അവൾ അഴുതാ (അലസാ) നദിയുടെ പടിഞ്ഞാറെക്കരയിൽ ചെന്നുവീണു. പിന്നാലെ, അയ്യപ്പനും അവളുടെ വിസ്തൃതമായ മാറിടത്തിലേയ്ക്ക് കുതിച്ചു. തുടൎന്നുള്ള മൎദ്ദനം മൂലം മഹിഷി അസ്തപ്രാണയായി. അങ്ങനെ ധൎമ്മശാസ്താവിൻെറ അവതാരോദ്ദേശങ്ങളിൽ സൎവ്വപ്രധാനമായ മഹിഷിയെ (എരുമയെ) നിഗ്രഹം (കൊല്ലൽ) നടന്ന സ്ഥാനമാണ് എരുമേലി. അതുകൊണ്ടുതന്നെ ഈ സ്ഥലത്തിൻെറ മാഹാത്മ്യം വിശദമാണല്ലോ. ഭൂതനാഥപുരാണത്തിൽ പ്രതിപാദിച്ചിട്ടുള്ള കഥയാണ് ഇച്ചൊന്നതു്.

മഹിഷീമൎദ്ദനത്തെ സംബന്ധിച്ചുതന്നെ വേറെപ്രകാരത്തിലും കഥകളുണ്ടെന്നു ഗുരുസ്വാമി പറഞ്ഞു. അവ ഏറിയകൂറും ഐതിഹ്യങ്ങളുടെ രൂപത്തിലുള്ളവയാണ്. ഏതൊരൈതിഹ്യത്തേയുംപോലെ അവയുടെ വിശ്വാസ്യതയെ സ്ഥാപിക്കാൻ ഉപോൽബലകമായ ചില ഉപാധികളും ആചാരാനുഷ്ഠാനങ്ങളും ഉണ്ടെന്നിരിക്കിലും അവയെക്കുറിച്ചെല്ലാം കൂടുതൽ ഗവേഷണബുദ്ധിയോടുകൂടി ഗാഢമായി ചിന്തിച്ചാൽ അവയിൽ പലതിൻേറയും വിശ്വസനീയത അവതാളത്തിലായിക്കണ്ടേയ്ക്കും എന്ന

---

* താരകബ്രഹ്മമായ ശാസ്താവിനെ പരമശിവൻ തന്നെ പൊന്നമ്പലത്തിൽ കുടിയിരുത്തിയിരുന്നതായും കഥയിൽ പറയുന്നുണ്ടു്.

അഭിപ്രായമാണ് അദ്ദേഹത്തിനുള്ളതു്. പഴമക്കാരായ പലരും പറഞ്ഞുകേട്ടിട്ടുള്ള ഒരൈതിഹ്യം അദ്ദേഹം വിവരിച്ചു:

പുലിപ്പാലിനുവേണ്ടി പുറപ്പെട്ട അയ്യപ്പൻ തനിച്ചു് എരുമേലിയിലെത്തി. സൂര്യൻ അസ്തമിച്ചു, അവിടെമെങ്ങും കൂരിരുട്ടു പരന്നു. രാത്രി ഏതെങ്കിലും വീട്ടിൽ കിടന്നുകഴിച്ചുകൂട്ടാമെന്നുദ്ദേശിച്ചു് അയ്യപ്പൻ പല വീടുകളിലും കയറിനോക്കി. എല്ലാം ജനശൂന്യമായിക്കണ്ടു് അദ്ദേഹം ആശ്ചര്യപ്പെട്ടു. താൻ ഇരുന്നു വിശ്രമിച്ച സ്ഥലത്തിന്നു് (പേട്ട) അല്പം തെക്കമാറി ഒരു കുടിലിൽ ഒരു മുഹമ്മദീയ സന്യാസിമാത്രം ഇരിപ്പുണ്ടു്. അയ്യപ്പൻ അവിടെ കയറിയില്ല. നേരെ തെക്കോട്ടു് ഒരരനാഴിക ദൂരം നടന്നു, ഇപ്പോഠം ഈ ക്ഷേത്രം നിൽക്കുന്നിടത്തെത്തി. കിഴക്കു ഭാഗത്തു് കുറെ അകലെ ഒരു വീട്ടിൽ വെളിച്ചംകണ്ടു. ആ വീട്ടിൽ (തിരുവല്ലാ വീടു്) ചെന്നപ്പോഠം കണ്ടതു് മധ്യവയസ്സയായ ഒരമ്മയേയും യൗവനയുക്തയായ മകളേയുമാണു്. അവർ രണ്ടുപേർ മാത്രമാണു് അവിടെ താമസിച്ചിരുന്നതു്. രാത്രി ആ വീട്ടിൽ കിടന്നുറങ്ങുന്നതിന്നു് അയ്യപ്പൻ സമ്മതം ചോദിച്ചു. അപ്പോഠം അവർ പറഞ്ഞു, ഒരുമാസക്കാലമായി ഈ നാടിനെ ഭയങ്കരമായ ഒരാപത്തു ബാധിച്ചിരിക്കയാണു്. അദ്ധരാത്രിസമയത്തു് ഒരു ഭൂതം ഏതെങ്കിലുമൊരു വീട്ടിന്റെ മുററത്തു് ആകാശത്തുനിന്നു ചാടിവീണു് അവിടത്തെ ഒരാളെ കൊന്നുതിന്നുന്ന പതിവായിരിക്കുന്നു. തന്മൂലം, ഭയചകിതരായ നാട്ടുകാരെല്ലാം ഒഴിഞ്ഞു് അന്യദിക്കുകളിലേയ്ക്കു് പോയിരിക്കയാണു്. അതിനാലാണു് അവിടം അത്ര ജനനിശ്ശൂന്യമായിരിക്കുന്നതു്. ദരിദ്രരായ തങ്ങഠംക്കു് അങ്ങനെപോയി താമസിക്കുന്നതിന്നു് ഒരിടവുമില്ലാത്തതിനാൽ, ഭൂതം കൊന്നുതിന്നുകയാണെങ്കിൽ അങ്ങനെയാവട്ടെ എന്നു കരുതി തങ്ങഠം അവിടെത്തന്നെ പാർത്തുവരികയാണെന്നും രാത്രി വിശ്രമത്തിന്നു് അയാഠം വേറെവല്ലിടത്തും പോകുന്നതാണു് നല്ലതെന്നുംകൂടെ അവർ അദ്ദേഹത്തെ അറിയിച്ചു.

നിസ്സഹായരായ ആ സ്ത്രീകളോട് അയ്യപ്പന്നു വലിയ അനുകമ്പതോന്നി. അദ്ദേഹം അവരെ പറഞ്ഞു സമ്മതിപ്പിച്ച് ആ വീടിൻെറ പൂമുഖത്തുതന്നെ ഉറങ്ങാൻ കിടന്നു. യോഗ്യനും സുന്ദരനുമായ ആ യുവാവിന്നു് ആപത്തുപിണയുമല്ലോ എന്നു ഭയപ്പെട്ടുകൊണ്ടു് അമ്മയും മകളും അയാളെ അകത്തുചെന്നുകിടക്കാൻ നിർബ്ബന്ധിച്ചുവെങ്കിലും അദ്ദേഹം അതിന്നിണങ്ങിയില്ല. ആ യുവാവിൻെറ നിർബ്ബന്ധബുദ്ധികണ്ടു് കുണ്ഠിതപ്പെട്ട സ്ത്രീകൾ അകത്തു് വാതിലടച്ചുകിടന്നു. അദ്ധരാത്രിക്കശേഷം മലപോലൊരു സത്വം മുററത്തുചാടി. അയ്യപ്പൻ ശരവുമായി അതിനെ അടുത്തപ്പോൾ അതു് വടക്കുകിഴക്കോട്ടു നീങ്ങി. അവിടെയുള്ള തിരുവല്ലാപ്പൻകുളം എന്നു പേരായ കുളത്തിലേയ്ക്കു് ചാടി. ആ സത്വം മഹിഷിയായിരുന്നു. അതിൻെറ വാലിൽ പിടികൂടിയ അയ്യപ്പനും ഒന്നിച്ചു് കുളത്തിൽ ചാടി: തുടന്നു് ഘോരമായ ദ്വന്ദ്വയുദ്ധം നടന്നു. മഹിഷിയെ ചവിട്ടിമെതിച്ചും, ശരക്കോൽകൊണ്ടു് ഊക്കിൽ കുത്തിമഥിച്ചും കൊന്നിട്ടു് അയ്യപ്പൻ കുളത്തിൽനിന്നു കയറി, സ്വസ്ഥാനത്തു് തിരികെവന്നു കിടന്നുറങ്ങി.

പിറെറന്നു കാലത്തു് അമ്മയും മകളും അത്യന്തം ഉൽക്കണ്ഠയോടെ പുറത്തുവന്നു നോക്കിയപ്പോൾ കണ്ടകാഴ്ച, അവരെ അത്ഭുതപരതന്ത്രകളാക്കി. തങ്ങളേയും നാട്ടിനേയും രക്ഷിച്ച ആ മഹാനുഭാവൻ ആരാണെന്നു് അവർ അദ്ദേഹത്തെ വളരെ തിരക്കിച്ചോദിക്കുകയും, കുറച്ചുദിവസം അവിടെ താമസിക്കാൻ നിർബ്ബന്ധിക്കുകയും ചെയ്തുവെങ്കിലും അയ്യപ്പൻ അതിനൊന്നും വഴങ്ങാതേയും താനാരാണെന്നു് വിസ്തരിച്ചുകേൾപ്പിക്കാൻ തുനിയാതേയും അവിടെനിന്നു് തിരിച്ചു്, താൻ തലേന്നു് സന്ധ്യയ്ക്കു് ആദ്യം ഇരുന്നു വിശ്രമിച്ച സ്ഥലത്തെത്തി ചുററുപാടുമൊന്നു നോക്കീട്ടു് നേരെ കിഴക്കുള്ള വനാന്തരത്തിലേയ്ക്കു് കടന്നു നടന്നു.

ഇതിലിടയ്ക്കു്, വിവരങ്ങൾ കേട്ടറിഞ്ഞ മുഹമ്മദീയ സന്യാസി (വാവരായിരുന്നു അതു്) അയ്യപ്പനെ കണ്ടുപിടിക്കാൻ

പുറപ്പെട്ടുകഴിഞ്ഞിരുന്നു. കൂലങ്കഷയായൊഴുകുന്ന അഴുതാനദി യിൽ തൻെറ ശരക്കോൽ പൊങ്ങുതടിയാക്കി ഉപയോഗിച്ചു് അയ്യപ്പൻ അക്കരപററുന്നതുകണ്ടപ്പോഠം വാവരും തൻെറ തല യിലെ തൊപ്പിയൂരി വെള്ളത്തിലിട്ടു് അതിൽ കയറി പുഴകടന്നു. അഴുതയുടെ കിഴക്കെക്കരയിൽവെച്ചു് അയ്യപ്പനും വാവരും സന്ധിച്ചു് അന്യോന്യം പരിചയപ്പെടുകയും ആത്മസുഹൃത്തുക്ക ളായിത്തീരുകയും ചെയ്തു. താൻ വനത്തിലേക്കു് വരാനുള്ള സംഗതിയെക്കുറിച്ചും അയ്യപ്പൻ വാവരെ ധരിപ്പിച്ചു. പിന്നീടു് ഇരുപേരും ചേൎന്നു് പുലികളെ തിരഞ്ഞുപുറപ്പെടുകയും ചെയ്തു.

അഴുതാനദികടന്നതിന്നുശേഷം വേറൊരു മഹിഷിയുമായി അയ്യപ്പൻ ഏററുമുട്ടിയെന്നും യാതൊരു വിധത്തിലും കൊല്ലാൻ സാധിക്കാതെ അതിനെ അടിച്ചുവശയാക്കി ഒരു കുഴിയിൽ തള്ളിയിട്ടു് ചവറുകഠംകൊണ്ടും പാഷാണങ്ങഠംകൊണ്ടും മൂടുകയും പിന്നീടു് ഒരിക്കലും അതു് എഴുനേററുപോകാതിരിക്കാൻവേണ്ടി ഒരു വലിയ കല്ലു് മേലെ ഏററിവെയ്ക്കുകയും കൂടെ ചെയ്തുവെന്നും വേറൊരൈതിഹ്യമുണ്ടത്രേ. ഈ മഹിഷിയെ അങ്ങനെ കുഴിച്ചു മൂടിയ സ്ഥലത്തു് ഏതെങ്കിലുമൊരുവഷം ഒരിലയും അതിന്മേ ലൊരു കല്ലും ഇട്ടുപോകാൻ ഒരു കന്നി 'അയ്യപ്പൻ' പോലുമി ല്ലാതെ വന്നാൽ അന്നു് സ്വതന്ത്രയായിക്കൊള്ളട്ടെ എന്നു് ആ മഹിഷിയെ അയ്യപ്പൻ അനുഗ്രഹിക്കുകയും ചെയ്തുപോലും.

തിരുവല്ലാവീട്ടിലെ അമ്മയും മകളും നാട്ടിലെ ആപത്തു് എന്നെന്നേക്കുമായിതീൎന്നവിവരം അവിടെനിന്നു് ഒഴിഞ്ഞുപോ യിപാൎക്കുന്ന ജനങ്ങളെ അറിയിച്ചപ്പോഠം അവർ ഓരോരുത്ത രായി മടങ്ങിവരികയും, നടന്ന സംഭവങ്ങളെല്ലാം ആ സ്ത്രീക ളിൽനിന്നു് വിശദമായി ഗ്രഹിക്കുകയും ചെയ്തു. നാട്ടുകാർ മഹിഷിയുടെ ശവശരീരം കെട്ടിത്തൂക്കിയെടുത്തു് ഉത്സാഹപൂൎവ്വം അയ്യപ്പൻ ആദ്യമായിരുന്ന സ്ഥലമായ പേട്ടയിൽനിന്നു് രണ്ടാ മതുചെന്നിരുന്ന എരുമേലിയിൽ ക്ഷേത്രസ്ഥാനംവരെ ഉച്ചത്തി

ലോരോന്നു വിളിച്ചുപറഞ്ഞുകൊണ്ടു് ഒരു ഘോഷയാത്രയായി കൊണ്ടുപോയി അവിടെ ഒരിടത്തു് അതിനെ മറവുചെയ്തു. തദനന്തരം കുളിയും കഴിച്ചു് അവർ താന്താങ്ങളുടെ വീടുകളിലേയ്ക്കു് പോയി സുഖമായി പാർത്തു. തങ്ങളേയും നാട്ടിനേയും രക്ഷിച്ചതു് സാക്ഷാൽ ഈശ്വരൻതന്നെയാവാനേ വഴിയുള്ളു എന്നു് വിശ്വസിച്ച ജനങ്ങൾ അയ്യപ്പന്റെ സ്മരണാർത്ഥമായി പേട്ടയിലും എരുമേലിയിലും ഓരോ അമ്പലം നിർമ്മിച്ചു് ശാസ്താപ്രതിഷ്ഠകളും നടത്തി.

ഈ സംഭവത്തെ അനുസ്മരിപ്പിക്കുന്നതിനാണു് അയ്യപ്പഭക്തന്മാർ പേട്ടതുള്ളൽ ഇന്നും ആചരിക്കുന്നതു്. മഹിഷിയുടെ ശവശരീരത്തിന്റെ സ്ഥാനത്തു് ഒരു കരിമ്പടത്തിൽ പലവിധ കായ്കറികളും കിഴങ്ങുവർഗ്ഗങ്ങളും മററും ഇട്ടു് ഒരു തണ്ടിൽ കെട്ടിത്തൂക്കി എല്ലാരുംചേർന്നു് ചുമലിൽ താങ്ങിയെടുത്തുകൊണ്ടും "അയ്യപ്പന്തിന്തകത്തോം—സ്വാമി തിന്തകത്തോം, സ്വാമിതിന്തകത്തോം—അയ്യപ്പൻ തിന്തകത്തോം. തിന്തകത്തോം—ധിമിതിന്തകത്തോം. സ്വാമിതിന്തകത്തോം എന്നു് ആഹ്ലാദത്തോടെ ഉച്ചരിച്ചുകൊണ്ടു് ആ ചടങ്ങു് നടത്തുന്നു.

കുളത്തിലെ ചേറും ചളിയും ദേഹത്തിലും മുഖത്തിലുമെല്ലാം പുരണ്ടിരുന്നതിനെ സൂചിപ്പിച്ചുകൊണ്ടാണു് 'അയ്യപ്പന്മാർ' പേട്ടതുള്ളലിന്നു പുറപ്പെടുമ്പോൾ മുഖത്തും മേലുമൊക്കെ പലവർണ്ണത്തിലുള്ള കുങ്കുമങ്ങളും ചായങ്ങളും കരിയും മററും തേയ്ക്കുന്നതു്.

ഇതല്ല, അയ്യപ്പനും കൂട്ടുകാരും പുലിപ്പാലിന്നു പോകുംവഴി വേട്ടയാടി നടന്നുകിട്ടിയ മൃഗശരീരങ്ങളെ കെട്ടിയെടുത്തു് എരുമേലിയിൽ എത്തിയതിനെ അനുകരിച്ചുകൊണ്ടാണു് 'അയ്യപ്പന്മാർ' അവരുടെ ശബരിഗിരി യാത്രയിൽ കാട്ടിനുള്ളിലേയ്ക്കു് കടക്കുന്നതിന്നുമുമ്പായി ഇങ്ങനെ ഒരു ചടങ്ങാചരിക്കുന്നതു് എന്നും പറയപ്പെടുന്നു. പേട്ടതുള്ളലിൽ സംബന്ധിക്കുന്ന കന്നി

ക്കാരായ 'അയ്യപ്പന്മാർ' കൈയിൽ ശരക്കോൽ ഗദ മുതലായ ആയുധങ്ങളും തുപ്പുകളും ധരിക്കുന്നു. 'രണ്ടാംപേരു'കാരാണ് പേട്ടയും വേണ്ടുന്നതെല്ലാം ഒരുക്കുന്നതു്. അവരുടെ ആയുധം ഗദയാകുന്നു. പേട്ടയിൽ ആംഭേദമോ പ്രായവ്യത്യാസമോ പരിഗണിക്കാതെ എല്ലാരും ചേർന്നാണ് അതു് നടത്തുന്നതു്. എല്ലാരും കൈയിൽ തുപ്പുകളും മററും ധരിച്ചുമിരിക്കും.

എരുമേലി ക്ഷേത്രത്തിലെ നായാട്ടുകാരൻെറ ആകൃതിയിലുള്ള അയ്യപ്പ പ്രതിഷ്ഠയെ കാണിച്ചുതന്നുകൊണ്ടു് ഗുരുസ്വാമി പറഞ്ഞു, സ്വാമിയുടെ വേട്ടയ്ക്കുള്ള യാത്രയെ അനുസ്മരിക്കലാണ് പേട്ടതുള്ളൽകൊണ്ടുദ്ദേശിക്കുന്നതു് എന്ന വിശ്വാസത്തിന്നാണ് കൂടുതൽ സാംഗത്യം. എന്നാൽ, പൊതുവായി പറയുകയാണെങ്കിൽ സ്വാമി ദർശനോൽസുകനായി പുറപ്പെട്ടിട്ടുള്ള മനുഷ്യൻെറ എല്ലാവിധ അഹംബുദ്ധികളേയും ദുരഭിമാനങ്ങളേയുംനശിപ്പിച്ച് അയാളെ സ്വാമി മലകയറാൻ സന്നദ്ധനാക്കുക എന്ന ഉദ്ദേശമാണ് ഈ കർമ്മംകൊണ്ടു് സാധിക്കുന്നതു്. എത്ര വലിയ പദവിയിലുള്ള ആളായാലും ശരി, മററുള്ളവരോടൊപ്പം അഭിമാനലേശംപോലുമില്ലാതെ 'ചുട്ടിയും പുള്ളിയും കുത്തി' കൈയിൽ തുപ്പും ചാപ്പും ധരിച്ചു് പേട്ടതുള്ളലിൽ കലർന്നേതീരൂ. വലിയവനെന്നും ചെറിയവനെന്നും, സമ്പന്നനെന്നും ദരിദ്രനെന്നും, ആര്യനെന്നും, ചണ്ഡാളനെന്നും മററുമുള്ള വകഭേദം സ്വാമിക്കില്ലല്ലോ. ഏകോദര സാഹോദര്യഭാവത്തോടെയാണ് 'അയ്യപ്പന്മാർ' പെരുമാറുന്നതു്.

പുരാണപരമായും ഐതിഹ്യമായും ഉള്ള കഥകൾക്കുപുറമെ, അയ്യപ്പനെ സംബന്ധിച്ചു്, ആലോചനാശീലരും ഗവേഷണപടുക്കളുമായ ചില പണ്ഡിതവര്യന്മാർ വിവിധ ഉപാധികളേയും ആചാരങ്ങളേയും അവരുടെ കല്പനാസാധനയ്ക്കു് ആസ്പദവും ആലംബവുമാക്കി പ്രചരിപ്പിച്ചിട്ടുള്ള ചില ചരിത്രകഥകളുമുണ്ടെന്നു് ഗുരുസ്വാമി പറഞ്ഞു.

അസാമാന്യ അഭ്യാസസിദ്ധികളും ശക്തിയും വാച്ച ഒരു യുവയോദ്ധാവായിട്ടാണ് അയ്യപ്പൻ ആ വക കഥകളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. മഹാബലശാലിയും ദുഷ്ടനും അക്രമിയും രാജ്യദ്രോഹിയുമായ ഉദയനൻ എന്നൊരു കൊള്ളത്തലവനെ യുദ്ധം ചെയ്ത് നശിപ്പിക്കാൻ വേണ്ടി പന്തളം, തെക്കുംകൂർ, വടക്കുംകൂർ തുടങ്ങിയ നാട്ടുകളിലെ പടകളോടും, വാവർ, കൊച്ചുകടുത്ത, കൊച്ചുതൊമ്മൻ, വെളുത്തോൻ മുതൽപേരായ പടനായകന്മാരോടും ചേർന്ന് അയ്യപ്പൻ ഉദയനന്റെ ശക്തിസങ്കേതമായ കരിമലക്കോട്ടക്കു നേരെ പടയെടുത്തുവെന്നും, കരിമലക്കോട്ടയെ ആക്രമിച്ചു തകർക്കാനുള്ള പദ്ധതികളും അതിന്നായി പടയുടെ ഓരോവിഭാഗവും ഏതേതുമാർഗ്ഗത്തിൽക്കൂടെ മുന്നേറണമെന്ന തിട്ടങ്ങളും മററും ആസൂത്രണം ചെയ്ത് അതിൻവണ്ണം പടയുടെ പ്രധാനവിഭാഗം വടക്കു ഭാഗത്തുകൂടെ നീങ്ങിത്തുടങ്ങിയത് എരുമേലിയിൽ നിന്നാണെന്നുമാണ് കഥ. അയ്യപ്പന്റെ ചരിത്രത്തിൽ എരുമേലിക്കുള്ള പ്രാധാന്യത്തെ ഇത് വിശദീകരിക്കുന്നു.

അയ്യപ്പന്റെ ഈ പടപ്പുറപ്പാടിന്റെ അനുസ്മരണമായിട്ടാണ് പേട്ടതുള്ളൽ എന്നും പറയപ്പെടുന്നുണ്ട്. പേട്ടയിൽ സംബന്ധിക്കുന്ന 'കന്നിക്കാർ', രണ്ടാം പേരുകാർ, മൂന്നാംപേരുകാർ മുതലായ 'അയ്യപ്പന്മാർ' ഓരോരുത്തരും കൈകളിൽ വില്ലും ശരങ്ങളും, ഗദ, വാൾ എന്നീ ആയുധങ്ങളും ധരിക്കുന്നു എന്ന വസ്തുത ഈ വിശ്വാസത്തിന്ന് ഉപോൽബലകമായി കണക്കാക്കപ്പെടുന്നു. പട്ടാളത്തിലെ ഓരോ മേധാവികൾക്കും വിഭാഗത്തിന്നും പ്രത്യേകം പ്രത്യേകം ജോലികളും അധികാരങ്ങളും നിശ്ചയിക്കുന്ന തരത്തിൽ 'അയ്യപ്പന്മാ'ർക്കും ഉപാധിവിഭാഗം കല്പിച്ചിട്ടുണ്ടെന്നുള്ളതും ഈ അഭിപ്രായത്തെ പിൻതാങ്ങുന്നു. വേട്ടയ്ക്കു് പോകുന്നവരും ആയുധങ്ങൾ ഏന്തിയിരിക്കുമെന്നുള്ളത് ശരിതന്നെ. ഈവക കഥകൾ കൂടുതൽ കാൽപനികമാണെന്നു് പറഞ്ഞുവല്ലോ.

പേട്ടതുള്ളുന്ന 'അയ്യപ്പന്മാർ' കിരാതവേഷധാരികളാണല്ലോ. മാലധരിക്കുന്നതോടൊപ്പം 'അയ്യപ്പന്മാർ' കൃഷ്ണവസ്ത്രങ്ങളും ധരിച്ചുതുടങ്ങുന്നു. കറുപ്പുചേല ധരിക്കുന്നതിൻെറ പ്രസക്തിയേയും പ്രയോജനത്തേയും സംബന്ധിച്ച് ഗുരുസ്വാമി വിശദീകരിച്ചു. ഒന്നാമതായി, ശബരിഗിരി തീർത്ഥാടനക്കാരെ മററുള്ളവരിൽനിന്നു് വേർതിരിച്ചറിയുവാനും അവർക്കന്യോന്യം ഒരേകീഭാവവും സമത്വബുദ്ധിയും ഉളവാക്കാനും സഹായകമാണ് ഒരേതരത്തിലുള്ള വസ്ത്രധാരണം. വേറെ ചില പുണ്യസ്ഥലങ്ങളിലേക്ക് പോകുന്ന ഭക്തന്മാർക്കും പ്രത്യേകം പ്രത്യേകം നിറത്തിലുള്ള വസ്ത്രങ്ങളുണ്ടല്ലോ. ഭക്തന്മാർ ധരിച്ചിട്ടുള്ള വസ്ത്രങ്ങളിൽനിന്നു് മനസ്സിലാക്കാം അവർ ഏതു പുണ്യസ്ഥലത്തേയ്ക്കു് പോകാനുദ്ദേശിക്കുന്നവരാണെന്നു്. എല്ലാക്ഷേത്ര ദർശനത്തിനും ഇങ്ങനെ ഒരു വ്യവസ്ഥയുണ്ടെന്ന അഭിപ്രായം ഗുരുസ്വാമിക്കില്ല. കറുത്ത നിറത്തിലുള്ള വസ്ത്രങ്ങൾ മറേറതു വ്രതിയുടേയും ഉടയാടയായി കണ്ടിട്ടില്ല. അതിനാൽ ശബരിഗിരിഭക്തനെ വേറെതന്നെ മനസ്സിലാക്കാൻ സാധിക്കുന്നു. പൊതുവെ മററുവർണ്ണങ്ങളെ അപേക്ഷിച്ച് കറുപ്പിന്നു് കൗതുകം കുറവാണെന്നാണ് ധാരണ, പരക്കെ എല്ലാ കറുത്തവസ്തുക്കളേയും സംബന്ധിച്ച് ഈ അഭിപ്രായം ശരിയല്ലെന്നു് സമ്മതിക്കാമെങ്കിലും.

നിഷ്കൃഷ്ടമായ ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കുന്ന വ്യക്തികൾ സ്ത്രീലോകത്തിന്നു് ആകർഷണീയരായിത്തീരാനിടയാക്കുന്ന സൗന്ദര്യോപാധികൾ ഒക്കെ വർജ്ജിക്കേണ്ടതാണ്. "വസ്ത്രമുഖ്യമലങ്കാരം" എന്നല്ലേ. മറേറതു് ഭൂഷയെക്കാളും മനുഷ്യന്നു് ആകർഷകത്വം നല്ലാനുപകരിക്കുന്നതു് വിശേഷപ്പെട്ട വസ്ത്രങ്ങളാകുന്നു. അതിനാൽ, ബ്രഹ്മചര്യനിഷ്ഠനായ വ്രതിധരിക്കുന്ന വസ്ത്രങ്ങൾ കാണ്മോരുടെ കണ്ണഞ്ചിക്കാനും അവരെ വശീകരിക്കാനും തക്കവയായിരിക്കരുതു്. അല്പം അവജ്ഞതോന്നിപ്പിക്കുന്ന തരത്തിൽ 'കുചേലന്മാ'രായാലും തരക്കേടില്ല വ്രതികൾ, ശുചിത്വംമാത്രം

പരിപാലിച്ചാൽ മതി. എന്നാൽ ഇന്നു് നിരങ്കുശന്മാരായ ചില 'പരിഷ്ക്കാരികൾ' ശബരിമലയ്ക്കു പോവാൻ നോൽമ്പുനോററിരിക്കുമ്പോഴും കറുത്ത നിറത്തിലും അല്ലാതേയുമുള്ള പട്ടുവസ്ത്രങ്ങൾ ഉപയോഗിക്കാറുണ്ടെന്നു് ഗുരുസ്വാമി അപലപിച്ചു. ആഡംബരഭ്രമം സരളതക്കും സത്വഗുണത്തിന്നുംയോജിച്ചതല്ലെന്നും രാജസഗുണസഹചാരിയാണു് അതെന്നും അദ്ദേഹം ഓൎമ്മിപ്പിച്ചു.

കറുപ്പുവസ്ത്രങ്ങൾക്കു് പുറമെനിന്നു ചൂടിനെ ആകൎഷിക്കാനുള്ള കഴിവുണ്ടു്. അതുപോലെത്തന്നെ ശരീരത്തിലെ ചൂടിനെ പുറത്തേയ്ക്കു വിടാതെ സൂക്ഷിക്കാനും. അരണ്യപ്രദേശങ്ങളിലുള്ള അതിശൈത്യത്തിൽനിന്നു് 'അയ്യപ്പന്മാ'രെ സംരക്ഷിക്കാൻ കറുപ്പുവസ്ത്രങ്ങളുപകരിക്കുന്നു. എത്തിയേടത്തു് മണ്ണിലും കല്ലിലും ഇരുന്നും കിടന്നുംകൊണ്ടുള്ള ഈ യാത്രയിൽ കറുപ്പുവസ്ത്രങ്ങളിൽ അല്പം അഴുക്കു പററിയാലും വലിയ വൃത്തികേടായി കാണില്ലെന്നു് ഒരു മെച്ചവുമുണ്ടു്. ദുഷ്ടമൃഗസങ്കലമായ ആരണ്യങ്ങളിൽക്കൂടെയുള്ള യാത്രയിൽ കറുപ്പുനിറത്തിലുള്ള വേഷം ഒരുമാതിരി രക്ഷാകവചവുമാണെന്നു പറയാം.

ശാസ്താവിനെത്തന്നെ കൃഷ്ണവസ്ത്രാങ്കിതനായിട്ടാണു് സങ്കല്പിച്ചിട്ടുള്ളതു്. ഉദയനധ്വംസവ്യഗ്രസേനാനിയായ അയ്യപ്പൻ തൻെറ പടയാളികളെ അണിയിച്ച പോൎച്ചട്ട കറുത്ത നിറത്തിലുള്ളതായിരുന്നുവത്രേ.

27-ാംനു- രാവിലെ മുതൽ സന്ധ്യയാവുന്നതുവരെ 'അയ്യപ്പന്മാർ' സംഘം ചേൎന്നു പേട്ടതുള്ളലിൻെറ തകൃതിയായിരുന്നു. ഭക്തിയും ഉത്സാഹവുംകൊണ്ടു് മതിമറന്ന 'അയ്യപ്പന്മാ'രുടെ ആഘോഷയാത്ര ഒന്നു കാണേണ്ടതുതന്നെയാണു്. എരുമേലി ഭൂവിഭാഗം ഒരു ജനസമുദ്രമായും അന്തരീക്ഷം നാനാവിധ സ്തോത്രാലാപങ്ങളുടേയും നാഗസ്വരം മുതലായ വാദ്യഘോഷങ്ങളുടേയും സൎവ്വോപരി ശരണംവിളികളുടേയും നാദവീചികളാൽ സങ്കലവു

മായനുഭവപ്പെട്ടു. ആ പ്രദേശത്തെ മരങ്ങൾപോലും ഈ അന്യാദൃശഘടനാവിശേഷത്തിൽ കോരിത്തരിച്ചു നില്ക്കുകയാണെന്നേ തോന്നൂ.

കായ്കറികളും മററുമിട്ട കരിമ്പടം കെട്ടിത്തൂക്കീട്ടുള്ള വടിയും ചുമലിലേന്തി കിരാതവേഷധാരികളായി 'അയ്യപ്പന്മാർ' ഗുരുസ്വാമിയുടെ നേതൃത്വത്തിൽ ചെണ്ട നാഗസ്വരം തുടങ്ങിയ വാദ്യങ്ങളുടെ അകമ്പടിയോടുകൂടി, അകംനിറഞ്ഞ ഭക്തികൊണ്ടു മതിമറന്നു് നൃത്തം തുള്ളിക്കൊണ്ടു് പേട്ടശ്ശാസ്താവിൻേറയും വാവരുസ്വാമിയുടേയും അമ്പലങ്ങളെ ചുററി മൂന്നു വട്ടം വലംവെച്ചു. രണ്ടമ്പലങ്ങളിലും യഥാവിധി കർപ്പൂരാരാധന, കേരബലി തുടങ്ങിയ പൂജാകർമ്മങ്ങളും അവസ്ഥാനുസാരമുള്ള മററു നേർച്ചകളും നടത്തിയതിൽ പിന്നെ, ഒട്ടും വൈകിക്കാതെ നേരെ എരുമേലി ക്ഷേത്രമുററത്തെത്തി. ആഹ്ലാദവായ്പോടും ഹൃദയം വഴിഞ്ഞൊഴുകുന്ന ഭക്തിയോടുംകൂടി തിന്തകത്തോം പാടിക്കൊണ്ടു് ആ ക്ഷേത്രത്തേയും മൂന്നുരു വലംവെച്ചു. കൈകളിൽ വില്ലുമമ്പുമേന്തി നായാട്ടിന്നു സന്നദ്ധനായി നില്ക്കുന്ന ഇവിടത്തെ ശാസ്താവിൻെറ ആകർഷണീയത ഒന്നു വേറെതന്നെയാണു്. ഒരു മണ്ഡലക്കാലത്തെ കഠിനവ്രതം ആചരിച്ചു് മനസ്സും ശരീരവും ശുദ്ധമാക്കി സ്വാമിയേയും പരിവാരങ്ങളേയും ദർശിച്ചു് ജീവിതലക്ഷ്യം നേടാൻ ആഗ്രഹിച്ചു് നാട്ടിൻെറ നാനാഭാഗത്തുനിന്നും വന്നെത്തീട്ടുള്ള ഭക്തജനങ്ങളിൽ വാത്സല്യപീയൂഷവർഷം പൊഴിച്ചുകൊണ്ടുള്ള അവിടത്തെ നിൽപ്പു കണ്ടാൽ ഏതൊരു ആസ്തികനും ഹൃദയം കുളിർത്തുപോകുമെന്നതിൽ സന്ദേഹമില്ല. എരുമേലി പേട്ടയിൽ സംബന്ധിക്കുന്ന ഏതയ്യപ്പഭക്തനും അനിർവ്വചനീയമായ ഒരാനന്ദവും സ്വാമിയുടെ കരുണാവായ്പിൽ വിശ്വാസവും സംജാതമാകും. നിരീശ്വരവാദിയെന്നോ യുക്തിവാദിയെന്നോ സ്വയം ജല്പിച്ചു നടക്കുന്ന അഹമ്മതിക്കാരൻപോലും തന്നത്താനറിയാതെ, 'സ്വാമിയേ ശരണമയ്യപ്പാ' എന്നുറക്കെ വിളിച്ചുപോകും.

സ്വാമിസന്നിധിയിൽ സാഷ്ടാംഗം പ്രണമിച്ചു് തൊഴുതെണീററു് 'അയ്യപ്പന്മാർ' ദിഗന്തം മുഴങ്ങുമാറു് ശരണം വിളിച്ചു. കർപ്പൂരദീപാരാധന തുടങ്ങിയ ചടങ്ങുകൾ നിർവ്വഹിച്ചു. സ്വാമിയെ വീണ്ടും വീണ്ടും വന്ദിച്ചു് നടയ്ക്കൽ നാളികേരം എറിയുകയും ഭണ്ഡാരത്തിൽ കാണിക്കയിടുകയും ചെയ്തശേഷം ക്ഷേത്രത്തിന്റെ മുൻവശത്തുകൂടി ഒഴുകുന്ന അരുവിയിൽ എല്ലാവരും സ്നാനംചെയ്തു. അതിൽ പിന്നീടു് താന്താങ്ങളുടെ വിരികളിൽ സ്വസ്ഥരായി വിശ്രമിച്ചു. ദേശത്തിൽനിന്നു പള്ളിക്കെട്ടുകൾ താങ്ങിപ്പുറപ്പെട്ടന്നതിനു മുമ്പായി ചെയ്തപോലെ ഒരു 'സർവ്വപ്രായശ്ചിത്തം' ഇവിടെവെച്ചുമുണ്ടായി.

അമ്പലപ്പുഴക്കാരുടേയും ആലങ്ങാട്ടുകാരുടേയും പേട്ടകളോടെ ആ പരിപാടി അവസാനിച്ചു. മേല്പടി രണ്ടു കൂട്ടരുടേയും പേട്ടകൾ പ്രത്യേകിച്ചും ആകർഷകമായിരുന്നു. അമ്പലപ്പുഴക്കാരുടെ പേട്ടയിൽ അന്നാട്ടുകാരായ ആയിരത്തോളം 'അയ്യപ്പന്മാർ' പങ്കുകൊണ്ടു. വാദ്യഘോഷങ്ങളാലും ഭക്തിനിർഭരങ്ങളായ ശരണംവിളികളാലും ആകാശം നാദതരംഗിതമാക്കിക്കൊണ്ടു് പ്രസ്തുത പേട്ട എരുമേലി ക്ഷേത്രനടയിലേയ്ക്കു് തിരിയുന്ന ഘട്ടത്തിൽ, അത്യാശ്ചര്യമെന്നേ പറയേണ്ടൂ, അംബരമദ്ധ്യത്തിൽ അധികം ഉയരത്തിലല്ലാതെ ഒരു കൃഷ്ണപ്പരുന്തു് താഴത്തുഭാഗത്തു നടക്കുന്ന ഉത്സവവിശേഷം കണ്ടിട്ടുണ്ടായ ആനന്ദപ്രകർഷംകൊണ്ടെന്നപോലെ മന്ദമന്ദം ചിറകുകളടിച്ചുകൊണ്ടു് ചുററി വലംവെയ്ക്കുന്നു. താരകബ്രഹ്മമൂർത്തിയായ ഹരിഹരനന്ദനന്റെ ഉത്സവം കാണ്മാനുള്ള ഔത്സുക്യത്താൽ അമ്പലപ്പുഴ ഉണ്ണികൃഷ്ണൻ ഉച്ചത്തെ അമൃതേത്തും അല്പവിശ്രമവും കഴിഞ്ഞു് സ്വന്തം വാഹനമായ വൈനതേയന്റെ കണ്ഠത്തിലേറി എഴുന്നള്ളിയിരിക്കുകയാണെന്നു വിശ്വസിക്കുന്ന ഭക്തന്മാർ "ഹരേ കൃഷ്ണ ഹരേ കൃഷ്ണ —ശബരിഗിരിശാസ്താവേ ശരണമയ്യപ്പാ" എന്നുച്ചൈസ്തരം ഉച്ചരിച്ചുകൊണ്ടു് സാഷ്ടാംഗപ്രണാമംചെയ്തു. ആലങ്ങാട്ടുകാരുടെ പേട്ട എരുമേലി ക്ഷേത്ര

നടയ്ക്കൽ എത്തിയപ്പോഠം പടിഞ്ഞാറ് ഒരുജ്വലനക്ഷത്രം പ്രകാശിക്കുന്നതുകണ്ടു.

## വാവരുസ്വാമി

എരുമേലിയിൽ അയ്യപ്പന്റെ അമ്പലത്തെപ്പോലെത്തന്നെ പ്രധാനമായതാണ് പേട്ടയിലുള്ള വാവരുസ്വാമിയുടെ പള്ളിയും. അയ്യപ്പനേയും വാവരേയും ഒററപിരിച്ചുകൊണ്ടു് സ്മരിക്കാൻ ഒരു ഭക്തനും സാധ്യമല്ല. അത്രയ്ക്കു് അന്യോന്യം ഇണങ്ങിച്ചേർന്നവരാണ് അവരിരുവരും. അവർ തമ്മിലുള്ള ആത്മമൈത്രി അത്രയ്ക്കു സുദൃഢവും സമുൽകൃഷ്ടവുമാകുന്നു. വാവർ ആരാണെന്നും, അയ്യപ്പനും വാവരും തമ്മിൽ ഇത്രയ്ക്കിണങ്ങിച്ചേർന്നതെങ്ങനെയെന്നും മററുമുള്ള കഥകഠം ഗുരുസ്വാമി വിവരിച്ചു പറഞ്ഞുതന്നു.

ഭൂതനാഥോപാഖ്യാനത്തിൽ വാവരേയും വാപരനേയും കുറിച്ചു പ്രസ്താവിക്കുന്നുണ്ടു്. വാപരൻ ഭൂതവൃന്ദങ്ങളിൽ പ്രമുഖനാണ്; വാവരോ അയ്യപ്പന്റെ ആത്മസുഹൃത്തായ ഒരു മുസൽമാനും. വാപരനും വാവരുസ്വാമിയും ഒന്നാണെന്നു ചിലർ വിശ്വസിക്കുന്നുണ്ടു്. അതു ശരിയല്ല. അവർ രണ്ടുപേരും വെവ്വേറെ തന്നെയാകുന്നു.

പുലിപ്പാലിന്നു പുറപ്പെട്ട ഭൂതനാഥസ്വാമിയെ പരമശിവന്റെ ആജ്ഞപ്രകാരം അരണ്യപ്രാന്തത്തിൽവെച്ചു് സന്ധിച്ച ഭൂതവൃന്ദങ്ങളുടെ കൂട്ടത്തിൽ വാപരനുമുണ്ടായിരുന്നു. മഹിഷീമർദ്ദനം കഴിഞ്ഞു് സ്വാമി, പുലിക്കൂട്ടവുമായി പന്തളത്തേയ്ക്കു് പുറപ്പെടുന്നതിന്നുമുമ്പായി, താൻ തിരിച്ചുവരുന്നതുവരെ തന്റെ ഭക്തജനങ്ങളെ ദുഷ്ടമൃഗങ്ങഠം തുടങ്ങിയ ശത്രുക്കളിൽനിന്നു് രക്ഷിച്ചുകൊണ്ടു് എരുമേലിയിൽതന്നെ നില്ക്കാൻ വാപരനേയാണ് അദ്ദേഹം ഏൽപിച്ചതു് എന്നും, തദനുസാരം, വാപരൻ അവിടെ

ഒരു ഗോഷ്ഠം (കോട്ട) സൃഷ്ടിച്ച് കാത്തുനിന്നിരുന്നുവെന്നും മററ മാണ് പുരാണകഥ. വാപരൻെറ കോട്ടപ്പടി കടന്നുവേണം എരുമേലിയിൽനിന്നു സുമാർ രണ്ടുനാഴിക ദൂരത്തായി ഒഴുകുന്ന പേരൂർ തോട്ടിലെത്താൻ. ശബരിമലയ്ക്കു പോകുന്നവഴിയിൽ ഇതുപോലെ വേറെയും ആറ (ഗോഷ്ഠങ്ങൾ) കോട്ടകൾ അയ്യപ്പൻ സ്ഥാപിച്ചിരുന്നതായി കഥയുണ്ട്. എന്നാൽ, ഏതൊരയ്യപ്പ ഭക്തനും ആദ്യം വാപരൻെറ കോട്ടപ്പടിക്കൽ ഇലയിട്ട് ചവു ട്ടിയേ സ്വാമിയുടെ പൂങ്കാവനത്തിൽ കാലുകുത്താവൂ എന്നതു് ഒരു നിയമമാണ്. യഥാർത്ഥമായ ശബരിഗിരി തീർത്ഥയാത്ര — ആത്മീ യമായ തീർത്ഥാടനം — ആരംഭിക്കുന്നതു് ഈ സ്ഥാനത്തുനിന്നാ ണെന്നാണ് വിശ്വാസം. അതുകൊണ്ടാണ് ശബരിഗിരിക്ക് സ്വാ മിദർശനാർത്ഥം പോകുന്ന 'അയ്യപ്പന്മാർ' വിശേഷിച്ചും 'കന്നി അയ്യപ്പന്മാർ' എരുമേലിവഴിക്കുതന്നെ പോകണമെന്നു പറയു ന്നതു്. ഇതരമാർഗ്ഗങ്ങളിൽക്കൂടെ പോയാൽ യാത്രോദ്ദേശസിദ്ധിക്കു സമ്പൂർണ്ണത ഉണ്ടാവുന്നതല്ല എന്നു മുമ്പുതന്നെ ഗുരുസ്വാമി പറ ഞ്ഞിട്ടുള്ളതിനെ ഒരിക്കൽക്കൂടെ ഓർമ്മിപ്പിച്ചു. ഭക്തന്മാരുടെ ഇടയിൽ വേറെയും ഒരു വിശ്വാസമുണ്ട്, അതായതു്, എരുമേ ലിൽ വേട്ട കഴിഞ്ഞതിൽ പിന്നീട് ഭഗവാൻ, 'അയ്യപ്പന്മാ'രൊ ന്നിച്ച് ശബരിഗിരി ക്ഷേത്രംവരെ യാത്രചെയ്യുന്നു എന്നും, ക്ഷേ ത്രത്തിലെത്തി മകരസംക്രമവേളയിൽ ഭക്തന്മാർക്ക് ദർശനമരുളി അവരെ അനുഗ്രഹിക്കുന്നു എന്നും.

വാവരെക്കുറിച്ച് വ്യത്യസ്ഥങ്ങളായ കഥകളാണുള്ളതു്. വളരെ കാലംമുമ്പ് പാണ്ടിനാട്ടിൽ വ്യാപാരം ചെയ്തുകൊണ്ടി രുന്ന ഒരു മുസ്ലീം കുടുംബത്തിലെ അംഗമായിരുന്നു വാവര് എന്നു വിശ്വസിക്കപ്പെടുന്നു. വാവരുസ്വാമിയുടെ അനന്തരഗാമിക ളിൽപെട്ട ഭക്തോത്തമനായ ഒരു മുസലിയാരാണ് എരുമേലിയി ലുള്ള വാവരുപള്ളിയിലും ശബരിമലയിൽ പതിനെട്ടാംപടിക്കു താഴെയുള്ള വാവരുടെ പ്രതിഷ്ഠാസ്ഥാനത്തും പൂജകൾ നടത്തി

വരുന്നതു്. പ്രസ്തുത മുസലിയാരുടെ പൂർവ്വീകന്മാർ അഞ്ചാറു നൂററാണ്ടുകൾക്കു മുമ്പു് പാണ്ടിനാട്ടിൽനിന്നു കേരളത്തിൽ കുടിയേറിപാർത്തവരാണത്രേ. പാണ്ഡ്യരാജവംശത്തോടു് അവർക്കുണ്ടായിരുന്ന സൗഹൃദത്തേയും വ്യാപാരസംബന്ധമായ ബന്ധങ്ങളേയും പുരസ്കരിച്ച്, പാണ്ഡ്യരാജ്യവംശജരായ പന്തള രാജകുടുംബാംഗങ്ങളോടും അവർ ക്രമം സ്നേഹബന്ധവും പുലർത്തിപ്പോന്നു. പിന്നീടു്, അവർക്കു് തിരുവിതാംകൂർ രാജസ്ഥാനത്തുനിന്നു പല ആനുകൂല്യങ്ങളും സിദ്ധിക്കുകയുണ്ടായി. ശബരിഗിരി തീർത്ഥയാത്രയിലെ സുപ്രധാന പുണ്യഘട്ടങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശത്തിൻെറ അതിർത്തിയായ എരുമേലിമുതൽ ശബരിഗിരി ക്ഷേത്രം വരേയ്ക്കുള്ള മലകളിലേയും മാർഗ്ഗത്തിലേയും നിരവധി സ്ഥാനങ്ങളിൽനിന്നു വാവരുസ്വാമിക്കുവരുന്ന വഴിപാടുകളുടെ സിംഹഭാഗത്തിനും അവകാശികൾ ഈ മുസലിയാർ കുടുംബക്കാരാണു്.

അയ്യപ്പൻെറ ചരിത്രത്തിൽ വാവരുക്കുള്ള സ്ഥാനം അദ്വിതീയമാണു്. അയ്യപ്പനേയും വാവരേയും ഒന്നിച്ചല്ലാതെ സ്മരിക്കാൻ ഭക്തന്മാർക്കു് എളുതല്ല എന്നു പറഞ്ഞിട്ടുണ്ടല്ലോ. അവർ തമ്മിലുള്ള ബാഹ്യവും ആന്തരവുമായ മൈത്രീബന്ധം അവിച്ഛേദ്യവും അപ്രമേയവുമാകുന്നു.

ബാലനായ അയ്യപ്പൻ പന്തള രാജധാനിയിൽ വളരുന്ന കാലത്തു തനിക്കു് ഏററവും മനസ്സിന്നിണങ്ങിയ ചങ്ങാതിയായി ഏറെക്കുറെ സമവയസ്കനായ വാവർ എന്ന ഒരു മുസ്ലീം ബാലനുണ്ടായിരുന്നുവെന്നും, അവർ തമ്മിൽ ഒരിക്കലും വേർപിരിഞ്ഞു നടന്നിരുന്നില്ല എന്നും, പുലിപ്പാലുകൊണ്ടുവരുവാനായി അയ്യപ്പൻ കാട്ടിലേയ്ക്കു് പോയപ്പോൾ വാവരും ഒന്നിച്ചുപോയിരുന്നുവെന്നും, അയാളുടെ സഹായത്തോടെയാണു് പുലികളെ പിടികൂടി രാജധാനിയിലെത്തിക്കാൻ അയ്യപ്പന്നു് സാധിച്ചതെന്നും ഒക്കെ കഥകളുണ്ടു്. അയ്യപ്പനെ ദൈവത്തിൻെറ അവതാരമായി കരുതി പ്രതിഷ്ഠിച്ചാരാധിക്കാൻ പന്തളരാജാവു് ആരംഭിച്ചപ്പോൾ

തന്നെ വാവരേയും അതേവിധം യഥാഹം പ്രതിഷ്ഠിച്ചാരാധിക്കാൻ അദ്ദേഹം വിട്ടുപോയില്ല. സാക്ഷാൽ ശാസ്താവിന്നുതന്നെ ഒരംഗരക്ഷകനായ വാവരെ അയ്യപ്പഭക്തന്മാക്ക് രക്ഷാകത്താവായി സങ്കല്പിച്ച് വനയാത്ര ആരംഭിക്കുന്ന സ്ഥാനമായ എരുമേലിയിൽ തന്നെ ആദ്യം കുടിയിരുത്തിയതു് സമുചിതമായിട്ടുണ്ടു്.

അറബികളുടെനാട്ടിൽ എവിടേയോ തകിർതിത്താൻതോട്ടം എന്നൊരു പട്ടണത്തിൽ പാത്തുമ്മ എന്നും സെയ്താലി എന്നും പേരായ മാതാപിതാക്കൾക്ക് പുത്രനായാണത്രേ വാവർ ജനിച്ചതു്. ജന്മനാ നൊണ്ടിയായിരുന്ന ആ ചെറുക്കൻ വലിയ ചൊറുചൊറുക്കും സാമത്ഥ്യവുമുള്ളവനായിരുന്നു. തന്മൂലം ചെറുപ്രായത്തിൽതന്നെ വിദ്യകളെല്ലാം അഭ്യസിക്കാൻ അവനു സാധിച്ചു. ആയുധാഭ്യാസങ്ങളിലും പയററിലും അനിതരസാധാരണമായ പാടവംനേടി അന്നു് ആ നാട്ടിലും ചുററുപ്രദേശങ്ങളിലുമെന്നല്ല, വിദേശങ്ങളിൽപോലുമുള്ള അഭ്യാസികളേയും യോദ്ധാക്കന്മാരേയും കവച്ചുവെയ്ക്കാൻ വാവക്ക് കഴിഞ്ഞു. പുറമേ അയാറം മന്ത്രവാദം ജാലവിദ്യ മുതലായവയിലും പ്രാവീണ്യം സമ്പാദിച്ചു. വ്യാപാരമായിരുന്നു തൊഴിൽ. തൻെറ രാജ്യത്തുനിന്നു് ഉപ്പു് തുടങ്ങിയ പദാത്ഥങ്ങൾ പത്തേമ്മാരികളിൽ കയററി അന്യരാജ്യങ്ങളിൽ കൊണ്ടുചെന്നു് വ്യാപാരം ചെയ്യാനുള്ള ഉദ്ദേശത്തോടെയാണു് വാവരും കൂട്ടുകാരും കേരളക്കരയിൽ എത്തിയതു്. പത്തേമ്മാരികളിലും മററുമായുള്ള കടൽയാത്ര അക്കാലത്തു് വളരെ ദുഘടവും, കൊള്ളക്കാർ തുടങ്ങിയ ശത്രുക്കളിൽനിന്നു് നാനാപ്രകാരത്തിലുള്ള ആപത്തുകൾ അടിക്കടി സംഭവിക്കുന്നതിന്നിടയാകുന്നതുമായിരുന്നു. പ്രത്യേകിച്ചും വിലപ്പിടിച്ച ചരക്കുകൾ കയററിക്കൊണ്ടുപോകുന്ന കപ്പലുകൾക്കും പത്തേമ്മാരികൾക്കും നിരവധി ആപത്തുകളേയും ആക്രമണങ്ങളേയും നേരിടേണ്ടിവരുന്നതു് സവ്വസാധാരണമായിരുന്നു. അതിനാൽ നല്ല മെയ്മിടുക്കും സമരശേഷിയും സാമത്ഥ്യവും ഉള്ളവക്കേ അങ്ങനെ സഞ്ചരിച്ച് വ്യാപാരം നടത്തുവാൻ സാധിച്ചി

രുന്നുള്ള. വാവരുടെ കൂട്ടുകാരെല്ലാംതന്നെ തികഞ്ഞ സമരചതുരന്മാരായിരുന്നു. നായകനായ വാവരാകട്ടെ, ആദ്യമെ പറഞ്ഞ മാതിരി എല്ലാവിധ പയററുകളും അഭ്യസിച്ചുതെളിഞ്ഞ ഒരു ശൂരപുരുഷനും അിതലുമുപരി ഒന്നാംതരം നയതന്ത്രജ്ഞനും ആയിരുന്നു. അത്യാശ്ചര്യകരങ്ങളായ പല സിദ്ധികളും അദ്ദേഹത്തിന്നു വശമായിരുന്നു. അതിന്നെല്ലാം പുറമെ, സാധുക്കളും മൎദ്ദിതരുമായ ജനങ്ങളിൽ അതിമാത്രദയാലുവും അവൎക്കുവേണ്ടി എന്തും ചെയ്യാൻ സന്നദ്ധനുമായിരുന്നു അദ്ദേഹം. പാവപ്പെട്ടവരെ ദ്രോഹിച്ചും അവരിൽനിന്നു് കൊള്ളയടിച്ചും സമ്പത്തു കവൎന്നു് കുന്നുകൂട്ടിവെയ്ക്കുന്ന മുതലാളി വൎഗ്ഗത്തോടു് കടുത്തവിദ്വേഷമുണ്ടായിരുന്നതിനാൽ അങ്ങനെയുള്ളവരെ നിൎദ്ദയം ആക്രമിച്ചു് അവർ അന്യായമായി കൂട്ടിവെച്ചിട്ടുള്ള മുതൽ വാരിയെടുത്തു് പാവപ്പെട്ടവൎക്കു് വിതരണം ചെയ്തിരുന്നു. ധനികരും ക്രൂരബുദ്ധികളുമായ പല പ്രമാണികളും വാവരുടേയും സഹചരരുടേയും ആക്രമണത്തിന്നു് അങ്ങനെ വിധേയരായിരുന്നു. ആവക ആക്രമണങ്ങളുടെ ആന്തരമായ ഉദ്ദേശം തെററിദ്ധരിച്ചും ധരിപ്പിച്ചും രാജ്യത്തിലെങ്ങും വാവരേയും കൂട്ടുകാരേയും പററി 'അക്രമികളായ കവൎച്ചസംഘക്കാർ' എന്നൊരപവാദവും ഭയവും പരന്നിരുന്നു, വിശേഷിച്ചും പ്രമാണികളായ പ്രഭുക്കന്മാരുടേയും നാട്ടുരാജാക്കന്മാരുടേയും ഇടയിൽ.

ഇങ്ങനെ ബലിഷ്ഠനും, ദുഷ്ടനും, ഭയങ്കരനുമായ കൊള്ളത്തലവൻ എന്നു് തെററിദ്ധരിക്കപ്പെട്ടിരുന്ന ഒരു വാവരെയാണു് അയ്യപ്പൻ കണ്ടുമുട്ടുന്നതു്. ഈ കഥയിലെ അയ്യപ്പനാകട്ടെ, ഇതിനുമുമ്പു് പറഞ്ഞിട്ടുള്ളതുപോലെ, എല്ലാവിധ പയററുകളും അഭ്യസിച്ചു് കേരളത്തിലെ പേരെടുത്ത യോദ്ധാക്കന്മാൎക്കും പയററാശാന്മാൎക്കും മേലേക്കിടയിലുള്ള ഒരു പടനായകനായിരുന്നു. പന്തളം, കായംകുളം, അമ്പലപ്പുഴ തുടങ്ങിയ നാട്ടുകളിലെല്ലാം കളരികൾ സ്ഥാപിച്ചു് സുശക്തമായ രാജ്യരക്ഷാസംഘടനകൾ വളൎത്തി

കൊണ്ടുവരികയായിരുന്നു അദ്ദേഹം. അക്കാലത്താണ് വാവരുടേയും അനുയായികളുടേയും ആക്രമണത്തെപ്പററി കേൾക്കുന്നത്. അമ്പലപ്പുഴഭാഗത്തുവെച്ച് അയ്യപ്പനും വാവരും ഏററമുട്ടി. അവൎക്കന്യോന്യം വീരപരാക്രമങ്ങളെക്കുറിച്ചും ഉദ്ദേശങ്ങളെക്കുറിച്ചും മനസ്സിലാക്കാനിടയായപ്പോൾ അവർ ആത്മസുഹൃത്തുക്കളായിത്തീൎന്നു. അന്നുമുതൽ വാവർ അയ്യപ്പൻെറ സന്തതസഹചാരിയും എല്ലാ ദുഷ്കരകൃത്യനിൎവ്വഹണത്തിനും വലംകയ്യുപോലെ സഹായിയുമായി വൎത്തിച്ചു.

നാലാംവേദക്കാരനായ വാവരുസ്വാമിയെ ജന്മംകൊണ്ടുതന്നെ ഹിന്ദുമതത്തോടും ദൈവങ്ങളോടും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചില രസകരങ്ങളായ വിശ്വാസങ്ങളും കഥകളുമുണ്ട്. അതുപ്രകാരം, വാവരുടെ മാതാവായ പാത്തുമ്മയുടെ അമ്മ, കാതിഉമ്മ, ഉത്ഭവിച്ചതു് മഹാവിഷ്ണുവിൻെറ മായയിൽനിന്നാണ്. കാതിയെ പരിണയിച്ചതും വിഷ്ണുതന്നെ. ആ യോഗത്തിൻെറ ഫലമായി മൂന്നേമുക്കാൽ നാഴികനേരംകൊണ്ട് ഗൎഭവതിയായിത്തീൎന്ന കാതി പ്രസവിച്ചുണ്ടായ പെണ്ണാണ് പാത്തു. പാത്തുമ്മയ്ക്കു് യൌവനം തികഞ്ഞപ്പോൾ അവളെ കാമിച്ച് സ്വീകരിച്ച ശിവനു പിറന്ന മകനാണ് വാവർ.

ഗുരുസ്വാമി പറഞ്ഞു: ഈവക കഥകളിൽ ധാരാളം അതിശയോക്തികളും അവിശ്വസനീയതകളും മുഴച്ചുകാണമാനുണ്ടാകും. എന്നാൽ, അയ്യപ്പൻെറ ചരിത്രത്തിൽ വാവൎക്ക് അതിപ്രധാനമായ പങ്കുണ്ടായിരുന്നു എന്ന കാര്യം അനിഷേധ്യമാണ്. മതപരമായി തീരെ പേച്ചയില്ലാത്ത ഹിന്ദുക്കൾക്കും മുസ്ലീമുകൾക്കും തമ്മിൽ അനാവശ്യകലഹങ്ങളും കലാപങ്ങളുമില്ലാതാക്കുന്നതിനേയും, അന്യോന്യമുള്ള മതൈക്യം, സഹിഷ്ണുത, മൈത്രി എന്നിവയെ സുദൃഢമാക്കുന്നതിനേയും ഉന്നംവെച്ചുകൊണ്ടുള്ള ഒരു മാതൃകാബന്ധമായിരുന്നു ആ രണ്ടു മഹാവ്യക്തികൾക്കുണ്ടായിരുന്നതു് എന്നു പൂൎണ്ണമായി വിശ്വസിക്കാം.

ഇതുപോലെ, ശ്രീരംഗനാഥപെരുമാളേയും ഒരു മുഹമ്മദീയ വനിതയേയും ദാമ്പത്യവേഴ്ചയിലിണക്കിക്കൊണ്ടുള്ള ചാതുര്യപൂർണ്ണമായ കല്പനയുടെ ആന്തരോദ്ദേശവും പ്രസ്തുത മതാനുയായികൾക്കിടയിൽ സുദൃഢമായ രഞ്ജിപ്പും സംബന്ധവും ഉളവാക്കി പുലർത്തലാവണം. ഈ നാട്ടിലെ മറേറതു ക്ഷേത്രത്തിലെ ദേവനും പതിവില്ലാത്ത വിശേഷവിധിയായ ഒരു നിവേദ്യവും ശ്രീരംഗത്തു് ഇന്നും നിലവിലുണ്ടു്, അതായതു്, ഭഗവാനു പ്രാതലിന്നു റൊട്ടിയും വെണ്ണയും. മേപ്പടി മുഹമ്മദീയ സ്ത്രീയൊന്നിച്ചു് താമസിച്ചിരുന്ന കാലത്തു് പ്രാതലായി കഴിച്ചുശീലിച്ച പദാർത്ഥങ്ങൾതന്നെ ഭഗവാൻ ഇന്നും ഇഷ്ടപ്പെടുന്നു എന്നു സങ്കല്പം. ആ തുലുക്കച്ചി (മുഹമ്മദീയ സ്ത്രീ) ക്കു് ഒരു സന്നിധാനം, ആരാധനാസ്ഥാനംതന്നെ ശ്രീരംഗക്ഷേത്രത്തിന്നകത്തുണ്ടു്.

എരുമേലിയിലും ചുററ പ്രദേശങ്ങളിലും ധാരാളം മുസ്ലീം കുടുംബങ്ങൾ പാർത്തുവരുന്നുണ്ടു്. അവരും ഹിന്ദുക്കളും അന്യോന്യം തികഞ്ഞ രഞ്ജിപ്പോടെയാണു് പെരുമാറുന്നതു്. ശബരിഗിരിക്കു പോകുന്ന ഹിന്ദുഭക്തന്മാക്കു് മുസ്ലീമുകളിൽനിന്നു യാതൊരുവിധ പ്രതിബന്ധങ്ങളും ഉപദ്രവങ്ങളും ഉണ്ടാവാറേയില്ല. എരുമേലിയിലെന്നപോലെതന്നെ പതിനെട്ടാംപടിക്കു താഴെയുള്ള വാവരു പ്രതിഷ്ഠാസ്ഥാനത്തും ഹിന്ദുക്കൾ ആരാധനനടത്തുന്നതിലോ പതിനെട്ടാംപടിക്കു മുമ്പിലുള്ള മേട്ടിൻപുറത്തു് ഗുരുതി, വെടി തുടങ്ങിയ നേർച്ചകൾ നടത്തുന്നതിലോ ഒരുവിധ ബുദ്ധിമുട്ടുകളും മുസ്ലീംങ്ങളിൽനിന്നു് അനുഭവപ്പെടാറില്ല. വാവരുസ്വാമിയോടും അദ്ദേഹത്തിൻെറ പരിഷക്കാരോടും ഹിന്ദുക്കൾക്കുള്ള ഭക്തിവിശ്വാസങ്ങൾ അയ്യപ്പനോടും പരിവാരങ്ങളോടുമുള്ളതുതന്നെ പരിപൂർണ്ണവും പാവനവുമാകുന്നു. മതത്തിൻെറ പേരിൽ വിദ്വേഷവിഷവൃക്ഷങ്ങളായ രാഷ്ട്രങ്ങളും സമുദായങ്ങളും തമ്മിൽ മത്സരിച്ചു തല തല്ലിത്തകത്തു നശിക്കുന്ന ഇക്കാലത്തും വിരുദ്ധമതാവലംബികളായ ജനങ്ങൾ തമ്മിലുള്ള ഐകമത്യം, സഹിഷ്ണുത, ആത്മ

മൈത്രി എന്നീ വിശിഷ്ടതത്വങ്ങളിൽ അധിഷ്ഠിതമായ സമാധാനത്തിൻെറ പ്രതീകമായി ശബരിഗിരിശാസ്താവും വാവരുസ്വാമീയും തമ്മിലുള്ള ഏകീഭാവകൗമുദി ഇപ്രദേശത്തേയും ജനതയേയും ശാന്തിരസത്തിലാറാടിച്ചുനില്ക്കുകയാണ്.

അതുപോലെത്തന്നെ, ക്രിസ്തുമതാനുയായികളായ ജനങ്ങൾക്കും അയ്യപ്പഭക്തന്മാരായ ഹിന്ദുക്കളോട് വിരോധമോ മാത്സര്യമോ ഇല്ലെന്നു പറയണം. ഉദയനൻെറ കരിമലക്കോട്ട തകക്കാനും ആ രാജ്യദ്രോഹിയെ നശിപ്പിക്കാനുമായി പോരിന്നുപുറപ്പെട്ട അയ്യപ്പൻെറ പടനായകന്മാരിൽ പ്രധാനികളായിരുന്നു വെളുത്തോനും, കൊച്ചുതൊമ്മനും. ക്രിസ്ത്യാനികളായ ഈ രണ്ടു സേനാനികളിലും അയ്യപ്പന്നു് അനല്പമായ സ്നേഹവും വിശ്വാസവുമുണ്ടായിരുന്നു. അവർ തനിക്കു് സഹായമായനുഷ്ഠിച്ച സേവനങ്ങളെ അനുമോദിച്ചുകൊണ്ടും ക്രൈസ്തവപുണ്യവാളന്മാരോട് തനിക്കുള്ള ബഹുമാനാദരങ്ങളെ അനുസ്മരിച്ചുകൊണ്ടും അയ്യപ്പൻ, ശബരിഗിരിയിലെ പ്രതിഷ്ഠാകമ്മങ്ങൾക്കുശേഷം, ശബരിമലയിൽ സ്വാമിദശനത്തിന്നായി വന്നെത്താൻ നിവൃത്തിയില്ലാത്ത ഭക്തന്മാക്കു് അതുപോലെത്തന്നെ ഒരു പുണ്യസ്ഥലമായി ദശിച്ചു ഫലം നേടാനുതകുമാറു് വെളുത്തോൻ മൂലമായി നിമ്മിക്കപ്പെട്ടതാണത്രേ ചേത്തലെ അത്തുങ്കൽ സെബാസ്ത്യൻ പുണ്യവാളൻെറ വലിയ ദേവാലയം. ഈവക കഥകൾ യഥാത്ഥമാവട്ടെ പ്രതിഭാശാലികളായ ആളുകളുടെ കല്പനയാവട്ടേ ഒരു കാര്യം സുവിദിതമാണു്. അതായതു്, വിവിധമതങ്ങളും മതാനുയായികളും അധിവസിക്കുന്ന ഈ നാട്ടിലെ ദൈവീകവും സാംസ്കാരികവുമായ അന്തരീക്ഷത്തിലും ജനങ്ങളുടെ പൊതുവായ സാമൂഹ്യജീവിതത്തിലും ശാന്തിയും സമാധാനവും നിലനിത്തിപ്പോരാനുള്ള ആത്മാത്ഥതയാണു് ഇവയെല്ലാകെ പ്രചോദനമായി വത്തിക്കുന്നതു് എന്നു ഗുരുസ്വാമി ചൂണ്ടിക്കാണിച്ചു.

അയ്യപ്പൻ, വാവരു്, വെളുത്തോൻ മുതൽ പേരായ ആരാധ്യ പുരുഷന്മാർ സൃഷ്ടിച്ചുപുലർത്തിയ ആ ശാന്തിസുഭഗതയ്ക്കും, വിവിധമതങ്ങൾ തമ്മിലുള്ള ഐക്യത്തിന്നും കോട്ടം തട്ടിച്ചുകൊണ്ടു് ചെറുപ്പക്കാരായ ചില ഹ്രസ്വബുദ്ധികളുടെ വിക്രിയകൾ ചില പ്പോൾ ചിലയിടങ്ങളിൽ കാണുന്നതു നിർഭാഗ്യകരമാണെന്നു ഗുരുസ്വാമി പ്രസ്താവിച്ചു.

"യദാ യദാഹി ധർമ്മസ്യ ഗ്ലാനിർഭവതിഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം"

എന്ന ഗീതാവാക്യമനുസരിച്ചു് ഭഗവാൻെറ അവതാരമാണു് ശാസ്താവു് എന്ന വിശ്വാസത്തിന്നു് ഈഷലും ഭംഗംതട്ടാതെ തന്നെ ഗുരുസ്വാമി, ഈ അവതാരത്തിൻെറ സവിശേഷതയേയും പ്രസക്തിയേയുംപററി വ്യാഖ്യാനിച്ചു. ഭൂതനാഥോപാഖ്യാനത്തിൽ മാത്രമെ ഇങ്ങനെ ഒരവതാരത്തെപ്പററി സവിസ്തരം പ്രസ്താവിച്ചിട്ടുള്ളു. അല്ലാതെ, മറേറതു പുരാണങ്ങളിലും വേദഗ്രന്ഥങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടില്ല. ചില വർഷങ്ങൾക്കു മുമ്പു് ഇന്ത്യാഗവർമ്മേണ്ടിൻെറ ആഭ്യന്തരകാര്യമന്ത്രിയായിരുന്ന ശ്രീ. പണ്ഡിററു് ഗോവിന്ദവല്ലഭപന്ത് ഒരവസരത്തിൽ പറയുകയുണ്ടായി, തെക്കേ ഇന്ത്യയിൽ മാത്രമെ ശാസ്താവിനെക്കുറിച്ചുള്ള കഥകൾ പ്രചാരത്തിലുള്ളവെന്നും വടക്കേ ഇന്ത്യയിൽ ശാസ്താവിനെപററി കേട്ടിട്ടുള്ളവർപോലും വളരെ കുറച്ചുപേരെ ഉള്ളവെന്നും. അതിൻെറ അർത്ഥം, പരക്കെ പ്രചാരമുള്ള ഹിന്ദുക്കളുടെ വേദപുരാണാദികളിൽ ഇങ്ങനത്തെ ഒരവതാരകഥ ഇല്ലെന്നാണല്ലോ? ഹാലാസ്യസ്കാന്ദപുരാണങ്ങളിൽ നാമമാത്രമായി ശാസ്താവിൻെറ കഥയുണ്ടു്.

കേരളത്തിൽ ശൈവവൈഷ്ണവമത്സരം മറെറങ്ങുമെന്നതിനേക്കാൾ രൗദ്രമായി കൊടുമ്പിരിക്കൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നുവത്രേ. ഹിന്ദുമതത്തെ ശിഥിലീകരിക്കുക മാത്രമല്ല നാമാവ

ശേഷമാക്കുകപോലും ചെയ്യേയ്ക്കുമോ എന്നു് സാധുജനങ്ങൾ ഭയചകിതരാകത്തക്ക നിലയിൽ പ്രസ്തുത വിഭാഗീയചിന്തകളും സ്പർദ്ധയും വർദ്ധിച്ചിരുന്നു. അവ്വണ്ണമുള്ള ഒരത്യാഹിതം സംഭവിക്കുന്നതിനെ പ്രതിരോധിക്കാൻ കെൽപുററ ഹരിഹര സംയുക്തശക്തിയുടെ സഗുണാകാരമായാണു് ശാസ്താവു് ഉത്ഭവിച്ചതു്. വേറൊരുവിധത്തിൽ പറഞ്ഞാൽ, വിഷ്ണുവിൻേറയും ശിവൻേറയും പ്രാമാണ്യത്തിൻെറ പേരിൽ അനാവശ്യമായി മത്സരിപ്പാൻ ഒരുമ്പെട്ട ഹ്രസ്വബുദ്ധികളായ പാപികളിൽനിന്നു് ആർഷമതത്തെ ത്രാണനംചെയ്തു സംസ്ഥാപിക്കേണ്ടുന്ന ആവശ്യത്തിന്നാണു് ശങ്കരനാരായണൈക്യശക്തി താരകബ്രഹ്മമായി അവതീർണ്ണമായതു്.

ഇങ്ങനെ ഹിന്ദുമതത്തിലെ പുഴുക്കുത്തായിരുന്ന ശൈവവൈഷ്ണവ വിരോധപ്രവണതയെ പ്രശമനപ്പെടുത്തി സൗഭ്രാത്രവും സമരസമനോഭാവവും സംജാതമാക്കിക്കൊണ്ടുള്ള (അഥവാ, പ്രസ്തുത ഉദ്ദേശത്തെ ഉന്നംവെച്ചുകൊണ്ടുള്ള) വേറൊരവതാരമാണു് സുബ്രഹ്മണ്യൻ—ശിവൻെറ മകനായും വിഷ്ണുവിൻെറ മരുമക (ഭാഗിനേയ) നായും.

ശാസ്താവു് ബുദ്ധദേവനാണെന്നും ശബരിഗിരിയിലെ ശാസ്തൃപ്രതിഷ്ഠ ബുദ്ധൻേറതാണെന്നും ഒരു വിശ്വാസവും വാദവും ഉള്ളതിനെ പരാമർശിച്ചു് ഗുരുസ്വാമി പറഞ്ഞു, പ്രസ്തുത വിശ്വാസവും അതിനെ ചൊല്ലിയുള്ള തർക്കങ്ങളും അനാവശ്യവും അബദ്ധവുമാണെന്നു്. ശബരിഗിരിയിലും കേരളത്തിലെ കുളത്തുപ്പുഴ, ആര്യൻകാവു്, അച്ചൻകോവിൽ എന്നിവിടങ്ങളിലും ശാസ്താപ്രതിഷ്ഠകൾ നടത്തി ക്ഷേത്രങ്ങൾ സ്ഥാപിച്ചതു് പരശുരാമനാണെന്നാണു് പുരാണകഥയും ഹിന്ദുക്കളുടെ വിശ്വാസവും.

ഈ നാലിടങ്ങളിലുള്ള ശാസ്താപ്രതിഷ്ഠകൾ മനുഷ്യൻെറ നാലാശ്രമങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ടു വ്യത്യസ്തരൂപങ്ങളിലാണു്; അതായതു്. കുളത്തുപ്പുഴയിൽ ബാലനായും, ആര്യങ്കാ

വിൽ ഗൃഹസ്ഥനായും, അച്ചൻകോവിലിൽ വാനപ്രസ്ഥനായും, ശബരിഗിരിയിൽ സന്ന്യാസിയായും ആകുന്നു. താത്വികമായി ഇതിന്നു വലിയ അർത്ഥമുണ്ടെന്നു അറിവുള്ളവർ കരുതുന്നു.

ശ്രീ പരശുരാമൻ ഭക്തിപൂർവ്വം സേവിച്ചുപോന്ന ഒർധിഷ്ഠാന ദൈവതമാണ് ശാസ്താവ് എന്നതു സുവ്യക്തമാകുന്നു. പരശുരാമൻെറ കാലത്തിന്നു് എത്രയോ നൂററാണ്ടുകാംക്ക ശേഷമാണ് ബുദ്ധൻെറ ജന്മമുണ്ടായിട്ടുള്ളതു്. അതുകൊണ്ടുതന്നെ സിദ്ധിക്കുന്നുണ്ടല്ലോ ശാസ്താവും ബുദ്ധനും ഒന്നാവാൻ മാർഗ്ഗമില്ലെന്നും ശബരിഗിരിയിലെ ശാസ്തൃപ്രതിഷ്ഠ ബുദ്ധൻെറ പ്രതിഷ്ഠയാണെന്ന വാദം നിരർത്ഥകമാണെന്നും. രണ്ടുപേരും ഒന്നാണെന്ന പക്ഷക്കാർ അവരുടെ വാദത്തെ സമർത്ഥിക്കാൻവേണ്ടി ഉന്നയിക്കുന്ന മററു സംഗതികളും ഉദാഹരണങ്ങളും ഇതുപോലെ ദുർബ്ബലങ്ങളാകുന്നു.

ഒരുകാലത്തു് ഇന്ത്യയിൽ മററു പലേടങ്ങളിലുമെന്നപോലെ കേരളത്തിലും ബുദ്ധമതവിശ്വാസത്തിന്നു പ്രചുരപ്രചാരമുണ്ടായിരുന്നു. ബുദ്ധമതാനുയായികരം പെരുത്തുമിരുന്നു. ആ കാലഘട്ടത്തിൻെറ അവശിഷ്ടങ്ങരം ഇന്നും നാട്ടിൽ പലേടത്തും കാണ്മാനുണ്ടു്. ഹിന്ദുമതത്തെ അപ്പാടെ ഗ്രസിച്ചു് നാമാവശേഷമാക്കിയേയ്ക്കുമോ എന്നുപോലും ആശങ്കിക്കത്തക്കവണ്ണം പ്രബലപ്പെട്ടിരുന്നു ബുദ്ധമതം. ജനങ്ങളുടെ സാമൂഹ്യസാംസ്കാരികരംഗത്തും, മതപരമായും, ദൈവവിശ്വാസപരമായുമുള്ള എല്ലാ തുറകളിലും ഈ പുതിയ വേലിയേററത്തിൻെറ ആഘാതം പ്രകടമായിരുന്നു. പൊതുവിജ്ഞാനസംബന്ധമായ വിദ്യാഭ്യാസരംഗത്തും ബുദ്ധമതത്തിൻെറ ശക്തിമത്തായ സ്വാധീനത സ്ഥിരപ്പെട്ടിരുന്നു.

ഹിന്ദുമതാവലംബികളുടെ ഇടയിൽ കടന്നുകൂടിയിരുന്ന നാനാവിധ അസമതകളും അനാചാരങ്ങളും മററഴിമതികളും അതി

ലെല്ലാമുപരി ശൈവവൈഷ്ണവവിദ്വേഷജന്യമായ തൊഴുത്തിൽ കുത്തുകളും കാരണം വെറുപ്പിനും നിരാശയ്ക്കും വിധേയരായ സാധാരണജനങ്ങൾ പുതിയ മതത്തിലെ സമത്വസുന്ദരങ്ങളും ശാന്തിദായകങ്ങളുമായ സിദ്ധാന്തസംഹിതകളാലും ആചാരങ്ങളാലും എളുപ്പത്തിൽ വശീകൃതരായിത്തീർന്നെങ്കിൽ അതിലൊട്ടും അത്ഭുതപ്പെടാനില്ലല്ലോ. പിൽക്കാലത്തു് ഇവിടെവന്ന ക്രിസ്തുമതത്തിനും ഇസ്ലാംമതത്തിന്നും കൂടെ ഹിന്ദുമതദുർഗ്ഗത്തിന്റെ അസ്ഥിവാരത്തിൽ ചില പഴുതുകൾ ഉണ്ടാക്കാനും അകത്തുകേറി സ്ഥാനമുറപ്പിക്കാനും ഇടയാക്കിയതും അതേ കാരണങ്ങൾതന്നെ. ബുദ്ധമതവിശ്വാസികളായിത്തീർന്ന ജനതയുടെ ഹൃദയങ്ങളിൽ അലയടിച്ചു പൊങ്ങിയ ആവേശവും, ആ മതം അവരിലുണ്ടാക്കിത്തീർത്ത സാമൂഹ്യബോധവും അത്യധികം ശക്തിമത്തും അന്യാദൃശവുമായിരുന്നു.

ഇങ്ങനത്തെ ഒരു ദുർഘടസന്ധിഘട്ടത്തിലാണു് കാലടിയിൽ ശ്രീ. ശങ്കരൻ അവതരിച്ചതു്. ഹിന്ദുമതത്തിൽനിന്നടലെടുത്ത ബുദ്ധമതത്തിന്നു മാതൃമതതത്വങ്ങളോടു് കടകവിരുദ്ധമായ തത്വസംഹിതകളോ സ്വദ്ധാജടിലമായ നിലപാടോ പറയത്തക്കനിലയിൽ ആദിയിലുണ്ടായിരുന്നില്ല. എന്നാൽ ബുദ്ധഭഗവാന്റെ അഭാവാനന്തരം കാലഗതിക്കനുസരിച്ചു് ആ മതത്തിൽ കടന്നുകൂടിയ ചില ദുഷ്പ്രവണതകൾ ഹിന്ദുമതത്തിന്നുതന്നെ ഗണ്യമായ അപഭ്രംശം ഏല്പിച്ചേയ്ക്കുമോ എന്ന ഭയാശങ്കകൾക്കു് ഇടം തരത്തക്കവണ്ണം ദുഷ്ടവും ശക്തവുമായിരുന്നു. തന്മൂലം അങ്ങനത്തെ ഒരത്യാഹിതത്തിൽനിന്നു് ഹിന്ദുധർമ്മത്തെ സംരക്ഷിക്കേണ്ടതു് അനിവാര്യമായ്വന്നു. പ്രസ്തുത മഹാകാര്യം സാധിക്കുക മാത്രമല്ല, ആ അമിത്രമതത്തെ അസ്തവീര്യമാക്കി അതിന്റെ ജന്മഭൂമിയായ ഭാരതവർഷത്തിൽനിന്നു് ഏറെക്കുറെ ഉദ്ധൃതമാക്കുതന്നെ ചെയ്യാൻ മുൻനിന്നു യത്നിച്ചവരിൽ സർവ്വശ്രേഷ്ഠൻ ശങ്കരാചാര്യസ്വാമികളാണല്ലോ. ശ്രീ ശങ്കരനെക്കുറിച്ചു്, ഈ ലോകം

അന്നേവരെ കണ്ടിട്ടും അറിഞ്ഞിട്ടുമില്ലാത്തത്ര ഉജ്ജ്വലവും ധന്യവുമായ പ്രതിഭാഭാസുരതയുടെ മാനവാകാരം എന്നാണ് വിവേകാനന്ദൻ വിശേഷിപ്പിച്ചിട്ടുള്ളത്.

സവ്വജ്ഞനായ ആ അദ്വൈത പ്രവാചകൻെറ യത്നങ്ങളുടെ ഫലമായി ബുദ്ധമതത്തിൻെറ പിടിയിൽനിന്നു് കേരളവും വിമുക്തമാക്കപ്പെട്ടു. ബുദ്ധമതത്തിന്നു് ജനസാമാന്യത്തിലുണ്ടായിരുന്ന സ്വാധീനതയും ആധിപത്യവും വളരെവേഗത്തിൽ നിശ്ശേഷം നശിച്ചുവശായതോടെ ഹിന്ദുധമ്മത്തിന്നു് പൂവ്വപ്രാബല്യം പുനഃസിദ്ധമാവുകയും ചെയ്തു.

ഇസ്ലാംമതവും ക്രിസ്തുമതവും ഇവിടെ കയറിസ്ഥാനമുറപ്പിച്ചതു് ആചാര്യസ്വാമികളുടെ കാലത്തിന്നു് ചില നൂററാണ്ടുകൾക്കുശേഷമാകുന്നു. അതിന്നു വഴിതെളിയിച്ച പരിതഃസ്ഥിതികളെക്കുറിച്ചു് മേലെ പറഞ്ഞുവല്ലോ.

വിരുദ്ധമതവിശ്വാസികളായ ജനങ്ങൾ അധിവസിക്കുന്ന രാജ്യത്തിലെ പൊതുവിഷയങ്ങളിൽ അഭിപ്രായവ്യത്യാസങ്ങളും തക്കങ്ങളും കലഹങ്ങൾതന്നെയും ഉണ്ടാകുന്നതു് സ്വാഭാവികമാണ്. എന്നാൽ, നാട്ടിൽ ശാന്തിയും സമാധാനവും ക്ഷേമൈശ്വര്യങ്ങളും വദ്ധിച്ചുനിലനില്ക്കണമെങ്കിൽ വിവിധമതവിശ്വാസികളായ മനുഷ്യരുടെ ഇടയിൽ അന്യൂനമായ ഐക്യവും സഹവത്തിത്വവും പുലന്നേ മതിയാവൂ എന്നതു് സവ്വവിദിതമാണ്. ചിന്താശീലരും ദേശപ്രേമികളുമായ ജനനേതാക്കളും മതപ്രമുഖന്മാരും ഈ കാര്യം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. പ്രസ്തുത സദുദ്ദേശത്തെ മുൻനിത്തി പ്രയത്നിച്ച ഋഷികല്പനായ ഏതോ ഒരു മഹാൻെറ നിമ്മാണാത്മക കല്പനാവൈഭവ സന്തതികളാവണം, അന്യാദൃശ ആത്മൈക്യഭാവത്തിന്നു് സമുന്നതനിദശനങ്ങളായ ഹരിഹരസുതനും വാവരുസ്വാമിയും. ഹിന്ദുമതത്തിലെ ഇതരപുരാണങ്ങളെ അപേക്ഷിച്ചു് തുലോം അധുനാതനമായ ഭൂത

നാഥോപാഖ്യാനത്തിൻെറ ഉപജ്ഞാതാവും ആ ജ്ഞാനിശ്രേഷ്ഠൻ തന്നെയായിരിക്കുമെന്നും ഗുരുസ്വാമി അഭിപ്രായപ്പെട്ടു.

നേരം പുലരാൻ ഏഴരനാഴികയുള്ളപ്പോൾ 'അയ്യപ്പന്മാർ' ഉണ്ണന്നെണീററ് പള്ളിക്കെട്ടുകളും താങ്ങി ഭക്തിയോടുകൂടി ശരണം വിളിച്ചുകൊണ്ട് എരുമേലിക്ഷേത്രം വലം വെച്ച് സ്വാമിയെ വന്ദിച്ച് എല്ലാവരുംചേൎന്ന് യാത്രയാരംഭിച്ചു. സുമാർ രണ്ടുമൈൽ ദൂരത്താണ് പേരൂർതോട്. അതിന്നല്ലം ഇപ്പുറത്തായി വാപരൻെറ കോട്ടപ്പടിക്കൽ ഓരോരുത്തരും ഓരോ ഇല ഒടിച്ചിട്ട് അതിൽ ചവുട്ടിയശേഷം സ്വാമിയുടെ പൂങ്കാവനമായ വനഭാഗത്തേക്കു കടന്നു. ഇപ്രകാരം ഇലയിട്ടു ചവുട്ടുന്നതിൻെറ ഉദ്ദേശം കാലിലെ അഴുക്കുകളെല്ലാം തുടച്ചു ശുദ്ധമാക്കിയശേഷമേ പവിത്രമായ സ്വാമിയുടെ പൂങ്കാവനപ്രദേശത്തു് കാലുകുത്താൻ പാടുള്ളു എന്നാണെന്നു് ഗുരുസ്വാമി വിശദീകരിച്ചു. വനവാസകാലത്തു് ഭഗവാൻ അയ്യപ്പനും ഭൂതസഞ്ചയങ്ങളും പേരൂർതോട്ടിലെ പാറകളിൽ ഇരുന്നു് വിശ്രമിച്ചിട്ടുള്ളതായി വിശ്വസിക്കപ്പെടുന്നു. അങ്ങനെ, സ്വാമിയുടെ സാന്നിധ്യംമൂലം പരിപൂതമായ്ത്തീൎന്നിട്ടുള്ള ആ പുണ്യതീൎത്ഥത്തിൽ സ്നാനംചെയ്തു് പാറകളിൽ മലർപ്പൊടിതൂകി ചാരിതാൎത്ഥ്യം പൂണ്ട 'അയ്യപ്പന്മാർ' അവിടെനിന്നും തിരിച്ചു.

അടുത്തഘട്ടമായ കാളകെട്ടിയിൽ സ്വാമിക്കു് അൎപ്പിക്കാനുള്ള നാളികേരങ്ങൾ ഗുരുസ്വാമി നിൎദ്ദേശിച്ചതനുസരിച്ച് പേരൂർതോട്ടിലെ പുണ്യജലത്തിൽ കഴുകി ശുദ്ധിയാക്കി ഓരോരുത്തരും കയ്യിൽ എടുത്തിരുന്നു. പേരൂർതോടിൻെറ പരിസരം പ്രകൃതിമനോഹരവും ശാന്തശീതളവുമാകുന്നു.

ഉത്സാഹത്തള്ളിച്ച കാരണം പേരൂർ തോട്ടിൽനിന്നു് കാളകെട്ടിക്കുള്ള എട്ടുമൈൽദൂരം ക്ലേശലേശമറിയാതെ 'അയ്യപ്പന്മാർ' നടന്നുനീങ്ങി. കാളകെട്ടി മനോരഞ്ജകമായ ഒരു താഴ്വരപ്രദേ

ശമാണെന്നതും ഇതിന്നൊരു കാരണമാകുന്നു. വളരെ ദൂരത്തു നിന്നുതന്നെ ആ പുണ്യഘട്ടം ഇതാ എത്തിപ്പോയി എന്നു് അനു നിമിഷം ഉള്ളിൽ തോന്നിക്കുമാറു് തുടർച്ചയായ കതിനവെടികാം കേട്ടുകൊണ്ടിരുന്നു. ഇമ്മാതിരി കതിനവെടിനേർച്ച അയ്യപ്പന്നു് ഏററവും പ്രിയംകരമായ ഒന്നാണു്. ശബരിഗിരിക്കുള്ള മാർഗ്ഗത്തിൽ ഏറെക്കുറെ എല്ലാ ഘട്ടങ്ങളിലും അതുണ്ടാവുകയും ചെയ്യും.

മഹിഷീമർദ്ദനാനന്തരമുള്ള അയ്യപ്പൻെറ ആനന്ദനൃത്തം കാണ്മാൻ നൃത്തപ്രിയനായ നടരാജപ്പെരുമാം എഴുന്നെള്ളിയിരുന്നുവെന്നും അദ്ദേഹം തൻെറ വാഹനമായ കാളയെ ഈ സ്ഥാനത്തുണ്ടായിരുന്ന ഒരു അയിനിപ്ലാവിൽ കെട്ടിയിട്ടിട്ടാണു് നൃത്തം കണ്ടുരസിച്ചു് നിന്നിരുന്നതു് എന്നുമാണു് വിശ്വാസം. ശിവൻ തൻെറ കാളയെ കെട്ടിയിരുന്നസ്ഥലം 'കാളകെട്ടി'യായറിഞ്ഞു തുടങ്ങി. ഇതിന്നും പുറമെ, ശാസ്താവും കൂട്ടരും വനയാത്രാമദ്ധ്യേ ഇവിടേയും ഇരുന്നു വിശ്രമിച്ചതായി കരുതപ്പെടുന്നുണ്ടു്. "കാളകെട്ടിയാനിയേ ശരണമയ്യപ്പാ" എന്നുച്ചത്തിൽ വിളിച്ചുകൊണ്ടു് കർപ്പൂരാരാധന, കേരബലി എന്നിവ നടത്തിയശേഷം, ഭക്തജനം ഉടനെ യാത്രതുടർന്നു്, കഷ്ടിച്ചു് ഒന്നരമൈൽ കിഴക്കുവശത്തായി പ്രവഹിക്കുന്ന അഴുതാനദിക്കരയിലെത്തി. പമ്പയുടെ ഒരുപനദിയാണു് അഴുത, അഥവാ, അലസ. നയനാവർജ്ജകമായ പ്രകൃതിരമണീയതകൊണ്ടു് ഈ വനവിഭാഗം പ്രത്യേകം അനുഗൃഹീതമാണു്. നദിയിൽ ഈ ഭാഗത്തു് നിറച്ചും പലവലിപ്പങ്ങളിലുള്ള 'ഉരുളൻ' കല്ലുകാം പരന്നുകിടക്കുന്നതു് ഒരു വിശേഷദൃശ്യമാണു്.

ധനു_മകരമാസത്തിലെ 'മരംകോച്ചുന്ന തണുപ്പ്'ണ്ടെങ്കിലും എല്ലാവരും ഒട്ടും താമസിയാതെ ഈ പുണ്യവാഹിനിയിലിറങ്ങി സ്നാനംചെയ്തു. 'കന്നിക്കാർ' ഗുരുസ്വാമി പറഞ്ഞതനുസരിച്ചു് ആദ്യത്തെ മുങ്ങലിൽ ജലത്തിന്നടിയിൽനിന്നു് ഓരോ ചെറിയ

കല്ല് കരസ്ഥമാക്കി മടിക്കത്തിൽ സൂക്ഷിച്ചു. അനേകം നൂററാണ്ടുകളായി വഷംതോറും ലക്ഷോപലക്ഷം 'അയ്യപ്പ'ന്മാർ ഇങ്ങനെ എടുത്തിട്ടും യാതൊരു കുറവുമില്ലാതെ, ഈ പാഷാണജാലങ്ങൾ പുഴയുടെ ഒഴുക്കിന്നടിയിൽ നിരന്നുകിടക്കുന്നതു് ആശ്ചര്യംതന്നെ. പല വലുപ്പത്തിലുള്ളവയും എല്ലാംതന്നെ ഗോളാകൃതിയിലുള്ളവയുമായ ആ കല്ലുകൾക്കു് എന്തോ ഒരു പ്രത്യേകതയുണ്ടു്. അഴുതമേട്ടിൽകൂടെ ശബരിഗിരിക്കുള്ള മാർഗ്ഗമദ്ധ്യത്തിലുള്ള ഒരഗാധഗത്തം 'അയ്യപ്പന്മാ'രുടെ പ്രസ്തരനിക്ഷേപത്താൽ തൂന്നു് പ്രസ്തരഗിരിയായിത്തീർന്നിട്ടുണ്ടെങ്കിൽ അവിടെ അങ്ങനെ നിക്ഷേപിച്ചിട്ടുള്ള പാഷാണജാലങ്ങളുടെ സംഖ്യയെപ്പററി പറയേണ്ടതുണ്ടോ?

മഹിഷിയുടെ മൃതശരീരത്തെ ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരം അഴുതയുടെ കിഴക്കു് ഭാഗത്തേയ്ക്കു് അയ്യപ്പൻ കാലുകൊണ്ടു് തൂക്കിയെറിഞ്ഞുവെന്നും, അതു് അവിടെ കിടന്നു വീർത്തു് വലുതാവുന്നതിനെ തടയാനായി കുറെ കല്ലുകൾ മേലെവാരിയിട്ടുവെന്നുമാണു് പുരാണകഥ. ശബരിഗിരിക്കു പോകുന്ന അയ്യപ്പഭക്തന്മാർ ഓരോരുത്തരും അയ്യപ്പൻ ചെയ്തതിനെ അനുകരിച്ചുകൊണ്ടു് ഓരോപാഷാണഖണ്ഡം മഹിഷിയുടെ പ്രേതശരീരം ഇനിയെന്നും പൊങ്ങിവലുതാവാതിരിക്കാൻവേണ്ടി എന്ന സങ്കല്പത്തോടെയാണു് അവിടെ ഇന്നും നിക്ഷേപിക്കുന്നതു്. കല്ലിട്ടുംകുന്നിൽ ഇങ്ങനെ കല്ലിടുന്നതിനെകുറിച്ചു് വേറെയും പലപ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ടെന്നു് ഗുരുസ്വാമി ശിഷ്യന്മാരെ അറിയിച്ചു. ഭഗവാനെ ദർശിക്കാനുള്ള വെമ്പലോടെ വളരെ കഷ്ടപ്പെട്ടു് അഴുതമേടുകയറി മുന്നോട്ടുപോകുന്ന ഭക്തൻ തന്റെ പ്രാരബ്ദ്ധഭാരങ്ങളെ മദ്ധ്യേമാർഗ്ഗം സ്വയം പ്രക്ഷേപിക്കുകയാണു് ചെയ്യുന്നതു് എന്നും, ദുർവ്യവഹാരജടിലമായ ലൗകികജീവിതത്തിൽ നിത്യേന താൻ അറിഞ്ഞും അറിയാതേയും ചെയ്തു് സഞ്ചയിച്ചിട്ടുള്ള പാപഭാരത്തെ, ലോകകണ്ടകിയും ധർമ്മധ്വംസിനിയും മഹാപാപിയുമായിരുന്ന മഹിഷി വീണ്ടും ഉയർന്നു

ണീക്കാതിരിക്കാനായി അവളുടെ ശവശരീരം കിടന്നിടത്തു് നിക്ഷേപിച്ചു് തൻെറ പാപങ്ങൾക്കു് പ്രായശ്ചിത്തം ചെയ്യുകയാണു് എന്നും മററും ഈ കമ്മത്തെ സംബന്ധിച്ചു് അറിവുള്ള ആളുകൾ പറയുന്നുണ്ടു്.

ശബരിഗിരിതീർത്ഥയാത്രയെപ്പററി ആത്മീയമായി ചിന്തിക്കുന്ന തത്വവിത്തുകൾ, മുമുക്ഷുവായ ഒരു സിദ്ധയോഗിയുടെ യോഗാഭ്യാസത്തോടു് അതിനെ താരതമ്യപ്പെടുത്തി വ്യാഖ്യാനിക്കാറുണ്ടു്. ആവക വ്യാഖ്യാനങ്ങൾ വളരെ ശരിയാണെന്നു് ആലോചിച്ചാൽ നമുക്കും മനസ്സിലാവുമെന്നു് ഗുരുസ്വാമി പറഞ്ഞു. ശബരിഗിരി തീർത്ഥാടനേച്ഛുവായ ഭക്തൻ മാലധരിച്ചന്നുമുതൽ അനുഷ്ഠിക്കുന്ന ഓരോ കമ്മവും അയാൾ യാത്രാമദ്ധ്യേ തരണം ചെയ്തുപോകുന്ന ഘട്ടങ്ങളും അവസാനം സാധിക്കുന്ന ഭഗവദ്ദർശനം, ഭഗവൽ പ്രീതിസമ്പാദനം, അതിലുമുപരി അപൂർവ്വം ചിലക്കുണ്ടാകുന്ന ഭഗവത്സാരൂപ്യം, എന്നിവയെ പരമഹംസപദസ്ഥനായ സിദ്ധൻെറ യോഗാനുഷ്ഠാനത്തിലെ ഓരോ അവസ്ഥാവിശേഷങ്ങളായും നേട്ടങ്ങളായും സങ്കല്പിക്കുന്നതു് അർത്ഥസമ്പൂർണ്ണം തന്നെ.

രണ്ടിൽച്ചില്വാനം മൈൽ കിഴുക്കാംതൂക്കായ ഒരു കുന്നാണു് അഴുതമേട്ടു്. എത്രകായബലമുള്ളവനും ഈ കുന്നുകയറുമ്പോൾ ഏറെ വിഷമിക്കാതിരിക്കില്ല. എന്നാൽ, കരുണാമയനായ ഹരിഹരനന്ദനനിൽ അചഞ്ചലഭക്തിവിശ്വാസമുള്ള വൃദ്ധന്മാരും ഉത്സാഹവും പ്രസരിപ്പും ചേന്നു് ചെറുപൈതങ്ങളും തളന്നവശരാകാതെ ഈ കുന്നു കയറുന്നതുകണ്ടാൽ ആശ്ചര്യംതോന്നും. കുറെ പരുക്കൻ ഭാഷയിൽ ജനങ്ങൾ പറയാറുണ്ടു് "അഴുതകയറി കഴുതയാവുക" എന്നു്; അതിൻെറ അത്ഥം കഴുതയെപ്പോലെ ക്ലേശം സഹിച്ചുകൊണ്ടുവേണം വിഷമംപിടിച്ച ഈ മേട്ടു് കയറാൻ എന്നാണു്. അഴുതമേട്ടു് കയറാനാരംഭിക്കുന്നതിനുമുമ്പായി,

നദിക്കരയിൽവെച്ച് ഒരാഴിപൂജനടത്തി എല്ലാവരും ചേൎന്ന് ശരണം വിളിച്ചു.

ഈ കുന്നിൻെറ ഉച്ചിയിലാണ് കല്ലിട്ടംകുന്നു്. മടിക്കുത്തിൽ സൂക്ഷിച്ചുകൊണ്ടുപോയിരുന്ന കല്ല് ഓരോരുത്തരും ഇവിടെ നിക്ഷേപിച്ച് ഭക്തിയോടുകൂടി സ്വാമിയെ സ്മരിച്ച് ശരണം വിളിച്ചു. ഒട്ടും താമസിയാതെ അടുത്തഘട്ടമായ ഇഞ്ചിപ്പാറ ക്കോട്ടയിലെത്തി. കോട്ടയിൽ ശാസ്താവിന്നു് പൂജകളും, സൎപ്പ പ്പാട്ടു്, വെടി, കേരബലി തുടങ്ങിയ നേൎച്ചകളും നിൎവ്വഹിച്ച ശേഷം നേരെ കിഴക്കുഭാഗത്തുള്ള കരിമലയെ ലക്ഷ്യമാക്കിനടന്നു.

എരുമേലിൽ കോട്ടപ്പടിയും, കാളകെട്ടിയും, കഴിഞ്ഞാൽ അടുത്തകോട്ടയാണ് ഇഞ്ചിപ്പാറക്കോട്ട. അതിന്നടുത്തതു് കരിമ ലയും അപ്പുറത്തേതു് ശബരിപീഠവും ആകുന്നു. ശാസ്താവു് സ്ഥാപിച്ചതായി പറയപ്പെടുന്ന ഏഴുഗോഷ്ഠ (കോട്ട) ങ്ങളിൽ ബാക്കിരണ്ടെണ്ണമാണ് ശരംകുത്തിയാൽചുവട്ടും, പതിനെട്ടാം പടിയും.

ഇഞ്ചിപ്പാറക്കോട്ടയിൽനിന്നു് കിഴക്കുഭാഗത്തേയ്ക്കു് ഒരു വലിയ ഇറക്കമാണ്. സൂൎയ്യരശ്മി ലവലേശം കടക്കാൻ നിവൃ ത്തിയില്ലാത്തവിധം ഇടതൂൎന്ന വളൎന്നിട്ടുള്ള വൻമരങ്ങളാലും, ഓട ക്കാടുകളാലും വള്ളിക്കെട്ടുകളാലും നിബിഡമാണ് ഇവിടം. പലജാതി വന്യമൃഗങ്ങളാലും പറവകളാലും സങ്കീൎണ്ണവുമാണ്. ആവക മൃഗപക്ഷികളുടെ നാദകോലാഹലത്താൽ ഈ വനഭാഗവും അന്തരീക്ഷവും അനവരതം ഭയദമാംവണ്ണം മുഖരിതമാകുന്നു. കളമൎമ്മരം പൊഴിച്ചുകൊണ്ടു് ഒഴുകുന്ന നിരവധി അരുവികളാലും ഇരമ്പിക്കുതിക്കുന്ന വെള്ളച്ചാട്ടങ്ങളാലും ഹൃദയാവൎജ്ജകമായ വന ഭാഗങ്ങൾക്കും ക്ഷാമമില്ല.

ആകപ്പാടെ, ആ അരണ്യശ്രീയുടെ മുഖം സൗമ്യസുന്ദരമ ല്ലെങ്കിലും ഏതു പ്രകൃതിസൗന്ദൎയ്യാരാധകന്നും ഉൾപ്പുളകം ചേ ൎക്കാൻ പോന്ന ഘനഗാംഭീൎയ്യധന്യമാണെന്നതിൽ സംശയമില്ല.

സന്ധ്യയോടുകൂടി എല്ലാവരും കരിമലയുടെ അടിവാരത്തിലുള്ള കരിമലത്തോടിൻെറ—അല്ലെങ്കിൽ കരിയിലത്തോടു്—കരയ്ക്കലെത്തി. രാത്രി അവിടെ താവളമാക്കാൻ നിശ്ചയിച്ചു് സൗകര്യമായ സ്ഥാനങ്ങളിൽ വിരിവെച്ചു് പള്ളിക്കെട്ടുകളും ഇറക്കിവെച്ചു വിശ്രമിച്ചു.

സമീപത്തുള്ള കാടുകളിൽനിന്നു് വ്യാഘ്രം തുടങ്ങിയ വന്യമൃഗങ്ങളുടെ ഘോരഘോരമായ അലർച്ചകളും, ഗജവീരന്മാരുടെ ഒന്നിച്ചുള്ള ചിന്നംവിളികളും കേട്ടു് 'അയ്യപ്പന്മാർ' കൂട്ടത്തോടെ അത്യുച്ചത്തിൽ ശരണംവിളിച്ചു. അതു കേട്ടു് ഭയപ്പെട്ട ജന്തുസഞ്ചയങ്ങൾ ഓടക്കാടുകൾക്കിടയിൽക്കൂടെ ഓടിയകലുന്ന 'ചടപട'ശബ്ദം കേട്ടപ്പോൾ എല്ലാവർക്കും ആശ്വാസമായി. വഴിനടന്ന ക്ഷീണംമൂലം തളർന്ന 'അയ്യപ്പന്മാർ' കിടന്നുറക്കം പിടിക്കുന്നതിന്നിടയിൽ, ഒരു സംഘക്കാരുടെ പള്ളിക്കെട്ടുകൾ ഇറക്കിവെച്ചിരിക്കുന്നിടത്തു് വലിയൊരു സർപ്പം കയറിക്കിടക്കുന്നതു കണ്ടു് ബഹളമായി, ശരണംവിളിച്ചിട്ടും മററു വിധത്തിൽ ശ്രമിച്ചിട്ടും സർപ്പം അവിടെനിന്നു് ഓടിപ്പോകുന്നില്ലെന്നു കണ്ടു് എല്ലാവരും പരിഭ്രമിച്ചുനില്ക്കേ, അയ്യപ്പഗുരുസ്വാമി ഭയപരവശരായി നില്ക്കുന്ന 'അയ്യപ്പന്മാ'രെ മാറിനില്ക്കാനാവശ്യപ്പെട്ടുകൊണ്ടു് മുന്നോട്ടുവന്നു. അദ്ദേഹം ഒരു 'തട്ട'ത്തിൽ നിറയെ കർപ്പൂരമെടുത്തു് കൊളുത്തി പിടിച്ചുകൊണ്ടു് ഭയലേശംകൂടാതെ ആ നാഗരാജന്നടുത്തെത്തി, സ്വാമിയെ ഭക്തിയോടു് വിളിച്ചുകൊണ്ടു് ആരാധന നടത്തി. 'അയ്യപ്പന്മാർ' ഭയവും ഉൽക്കണ്ഠയും നിറഞ്ഞ ഹൃദയങ്ങളോടെ നോക്കി നില്ക്കുമ്പോൾ, അഹോ ആശ്ചര്യം, ആ സർപ്പം ഉയർത്തിപ്പിടിച്ച ഫണം താഴ്ത്തി സാവധാനം കിഴക്കോട്ടേയ്ക്കു് ഇഴഞ്ഞുപോയി. ഭൂതനാഥനായ ഭഗവാൻെറ പരിവാരങ്ങളിലൊന്നായ നാഗരാജാവാണു് അവിടെ വന്നുപോയതു് എന്നു വിശ്വസിച്ച ഭക്തന്മാർ വീണ്ടും ശരണംവിളിച്ചു് സമാധാനപൂർവ്വം കിടന്നുറങ്ങി.

കരിമലത്തോട്ടിൽ കുളിയും കഴിച്ച് നേരം 'ചിക്കനെ' പുലരുമ്പോഴേയ്ക്കും എല്ലാവരും കരിമലമുകളിൽ എത്തിക്കഴിഞ്ഞു. "കരിമലകയററം കഠിനമെൻെറയ്യപ്പാ" എന്നതു് ഒരു സത്യപ്രഖ്യാപനം മാത്രമാകുന്നു. ശബരിമലയ്ക്കുള്ള മാഗ്ഗത്തിൽ കയറിയിറങ്ങാനുള്ള പല മലകളിലുംവെച്ച് ഏററവും കഠിനമായിട്ടുള്ളതു് കരിമലയാകുന്നു. ചെങ്കുത്തായ എട്ടു തട്ടുകൾ ചേന്നതാണു് ഈ മല. ഇതിലെ മണ്ണിനുതന്നെ നല്ല കറുപ്പുവണ്ണമാണു്. ഗിരിസന്നിഭന്മാരായ കരിവീരന്മാർ നിറഞ്ഞ കൊടുംകാടുകളും ഇത്ര ഭയങ്കരമായി വേറെയില്ലെന്നു തോന്നുന്നു.

ഏഴാമത്തെ തട്ടിലുള്ള 'കരിമലനാഥ'പ്രതിഷ്ഠയ്ക്കു മുമ്പിൽ ഭക്തിപൂവ്വം മഞ്ഞപ്പൊടി വിതറി കർപ്പൂരാരാധനയും കേരബലിയും നടത്തിയശേഷം അവസാനത്തേതായ എട്ടാംതട്ടിലെത്തി. ഇവിടത്തെ പ്രധാനവിശേഷം, അയ്യപ്പൻ വനയാത്രാവസരത്തിൽ ദാഹശമനാത്ഥം തണ്ണീരിന്നായി ശരം പ്രയോഗിച്ചുണ്ടാക്കിയതു് എന്നു വിശ്വസിക്കപ്പെടുന്ന ഒരു ചെറിയ കിണറും കുളവുമാണു്. ഇത്രയും ഉയരത്തിലുള്ള മലയുടെ മുകളിൽ നീരുറവുണ്ടാകുക ആശ്ചര്യംതന്നെയാണല്ലോ. 'അയ്യപ്പന്മാർ' ഭക്തിയോടുകൂടി ശരണം വിളിച്ച് മലർപ്പൊടി തൂകിയാറെ, കിണററിൽ അല്പാല്പം നീരുറന്നുവന്നു. ദാഹം തീക്കാൻ വേണ്ട ജലം കിട്ടിയില്ലെങ്കിലും ഭക്തന്മാർ ആ തീത്ഥനീർ തൊട്ടു് കണ്ണുകൾ തുടച്ച് ആശ്വസ്തരായി.

കൊച്ചുകടുത്ത, കരിമലഭഗവതി, എന്നിവക്കു വെടി നാളികേരബലി മുതലായ നേച്ചകൾ ഇവിടെയും നടത്തി. ശരിയായ വ്രതചര്യാനുഷ്ഠാനമില്ലാത്ത ഒ'രയ്യപ്പ'നേയും കരിമലയ്ക്കപ്പുറത്തേയ്ക്കു് വനദേവതമാർ കടത്തിവിടില്ലെന്നാണു് വിശ്വാസം.

അഴുതകയററം മുതൽക്കു് മാഗ്ഗത്തിൽ പലേടത്തും വലിയ മുട്ടനാടുകൾ തനിച്ചായും രണ്ടുമൂന്നെണ്ണം കൂട്ടംചേന്നും മനുഷ്യർ നടക്കുന്ന ഒററയടിത്താരകളിൽക്കൂടെ നടന്നുപോകുന്നതു് കാണാ

മായിരുന്നു. ഗുരുസ്വാമി പറഞ്ഞു, അവ വാവരുസ്വാമിക്കു് 'നടതള്ളിവിട്ടി'ട്ടുള്ള ആടുകളാണെന്നും അവ യാതൊരു മനുഷ്യ സഹായവുമില്ലാതേയും വഴിതെററാതേയും നടന്നുചെന്നു ശബരി മലമുകളിൽ ക്ഷേത്രസന്നിധിയിൽ എത്തിക്കൊള്ളുമെന്നും പതി നെട്ടാംപടിക്കു താഴത്തുവെച്ചേ അവയെ ക്ഷേത്രഭാരവാഹികൾ പിടിച്ചു് വാവരുസ്വാമിക്കു വരുന്ന നേർച്ചവകയായി ചേർക്കു യുള്ളു. വിശേഷബുദ്ധിയും വിവേചനാശേഷിയും ഇല്ലാത്ത ഈ മൃഗങ്ങളെപ്പോലും ആകർഷിച്ചു സന്നിധാനത്തിലെത്തിക്കുന്ന ദൈവശക്തിയുടെ രഹസ്യവും മഹിമാവിശേണവും ഗഹനമെന്നേ പറയാവൂ.

ഇങ്ങനെ വനമദ്ധ്യത്തിൽക്കൂടെ ചരിച്ചുപോകുന്ന സാധു മൃഗങ്ങളെ വന്യജന്തുക്കൾ ഹിംസിച്ച സംഭവങ്ങൾ ഒന്നും കേട്ട റിവില്ലെന്നും, ആടുകൾ മനുഷ്യർ നടന്നുപോകുന്ന മാർഗ്ഗംവിട്ടു് കാട്ടുകളിൽ ചുററിത്തിരിയാറില്ല എന്നതായിരിക്കണം അതിന്നു കാരണമെന്നും ഗുരുസ്വാമി എടുത്തുപറഞ്ഞു. ഇപ്രകാരം സ്വാമിക്കു നേർച്ചയായി ക്ഷേത്രസന്നിധിയിലെത്തിച്ചേരുന്ന ആടുകളെ അവസാനം ലേലത്തിൽ വിററുകിട്ടുന്ന വരുമാനം ചില വർഷങ്ങളിൽ നാലും അഞ്ചും ആയിരം ഉറുപ്പികയ്ക്കുമേൽ ഉണ്ടായിരിക്കുമത്രേ.

കരിമലയുടെ ഉച്ചിയിൽനിന്നങ്ങോട്ടു് ആപൽക്കരവും ഭയങ്കരവുമായ ഒരു ഇറക്കമാണു്. ജാഗ്രതയോടെയാണെങ്കിലും ത്വരിതഗതിയിൽ ഭക്തന്മാർ ഈ ഇറക്കമിറങ്ങി, വല്യാനവട്ടം ചെറിയാനവട്ടം എന്നു പറയുന്ന സമഭൂപ്രദേശത്തെത്തി വിശ്രമിച്ചു. സമനിരപ്പായുള്ള ഈ മൈതാനങ്ങളിൽ മറെറങ്ങും കാണാത്ത വണ്ണവും ഉയരവുമുള്ള വൃക്ഷങ്ങൾ ആകാശത്തിലേയ്ക്കു് നെടിയ ശാഖകൾ പടർത്തിനില്ക്കുന്ന കാഴ്ച ആർക്കും മനസ്സിൽ ആശ്ചര്യം ജനിപ്പിക്കും. എന്നാൽ ഹാ! എത്ര കാലത്തേയ്ക്കു് ഈ ആശ്ചര്യങ്ങൾ നിലനില്ക്കുമാവോ! ബാലകഘാതകരായ കംസ

കിങ്കരന്മാരെപ്പോലെ ദുഷ്ടലോഭചിത്തരായ വനധ്വംസകരും സ്വാത്ഥതല്പരരായ പല സക്കാരുദ്യോഗസ്ഥരും ഗൂഢാലോചനകാം തുടങ്ങിയിട്ടുണ്ടുപോൽ ഈ പരിപാവനതപോവനമാകെ ചുട്ടുകരിച്ച് അവിടം തേയിലത്തോട്ടങ്ങളും റബ്ബർ എസ്റ്റേററുകളുമാക്കാൻ—ശരണമയ്യപ്പാ! സ്വാമിശരണം, എന്നു ഗുരുസ്വാമി സ്വയം പരാതിപ്പെട്ടു. കുററൻ മരയണ്ണുകാം, മലമ്പല്ലികാം തുടങ്ങിയവയും കുരങ്ങുകളും ഈ വൻമരങ്ങളിലെ കോടരങ്ങളിലും കൊമ്പുകളിലും നിവസിച്ച് നിർബ്ബാധം വിഹരിക്കുന്ന കാഴ്ചയും കാണേണ്ടതാണ്. പെരിയാനവട്ടം വന്യമൃഗസങ്കീണ്ണവുമാകുന്നു.

കരളിന്നും കായത്തിന്നും ആനന്ദം കോരിച്ചൊരിഞ്ഞുകൊണ്ട് അരികത്തുള്ള പമ്പാനദിയിൽ നിന്നെത്തുന്ന കുളർമാരുതൻ 'അയ്യപ്പന്മാ'രെ ആ പുണ്യവാഹിനിക്കരയിലേയ്ക്കു് ആനയിച്ചു. പമ്പാനദിയുടേയും തീരവനങ്ങളുടേയും പ്രകൃതിസൗഭാഗ്യം അവണ്ണനീയമാകുന്നു. ഭാവനാസമ്പന്നനായ ഏതു് സൗന്ദര്യാരാധകനേയും ഹഠാദാകഷിച്ചു പുളകംകൊള്ളിക്കാൻ തക്ക രാമണീയത മുററിത്തഴച്ചുനില്ക്കുകയാണിവിടെ. പ്രിയഭാമിനിയായ സീതാദേവിയുടെ വിരഹത്താൽ സന്തപ്തനും, ആ ദേവി എവിടെയാണെന്നുപോലും അറിയാൻ സാധിക്കാത്ത കാരണം അത്യധികം വ്യഥിതചിത്തനുമായി കാട്ടിലലഞ്ഞുതിരിയുന്ന ശ്രീരാമൻ പമ്പാസരസ്സുതടത്തിൻെറ മനോഹാരുതയെ സഹജന്നു് കാട്ടിക്കൊടുക്കുന്നതിനെ വാല്മീകി എത്ര നന്നായി വണ്ണിച്ചിരിക്കുന്നു.

സ്വാശ്രയശീലത്തിന്നു് ഒന്നാംതരം മാതൃകയെന്നോണം 'അയ്യപ്പന്മാർ' തന്നത്താൻ വെട്ടിക്കൊണ്ടുവന്നിട്ടുള്ള ഈററയും കമ്പുകളും മററുമുപയോഗിച്ച് പമ്പാതീരത്തുള്ള മണൽപ്പരപ്പിൽ വിചിത്രമായി സ്വയം കെട്ടിയുണ്ടാക്കിയ പണ്ണശാലകളിൽ പാത്തു് വിശ്രമസുഖമനുഭവിച്ചു. യാത്രാക്ലേശങ്ങളെല്ലാം വിസ്മരിച്ച് ഓരോരുത്തരും പരമാനന്ദനിമഗ്നരായി, ഭഗവദ്ധ്യാനൈ

കന്നിരതരായി, രാത്രി കഴിച്ചു. പിററന്നു്, 29-ാംനു-യാണു് ശബരിഗിരി തീൎത്ഥാടന വിധികളിൽ ഏററവും പ്രധാനങ്ങളായ പമ്പാസദ്യ, പമ്പവിളക്കു്, തീൎത്ഥസ്നാനം, പിതൃതൎപ്പണം, പമ്പാ ദാനം എന്നീ ചടങ്ങുകഠം നിൎവ്വഹിക്കേണ്ടതു്. സദ്യയുടെ വിശദപരിപാടികളെപ്പററി എല്ലാവരും ഒരുമിച്ചു് കാൎയ്യവിചാരം ചെയ്യുന്നതിനു മുമ്പായി, 28-ാംനു- സന്ധ്യാവന്ദനാനന്തരം, വിളക്കു കൊളുത്തിവെച്ചു് കന്നിക്കാരായ 'അയ്യപ്പന്മാർ' ഗുരുസ്വാമിക്കു് യഥാവിധി ദക്ഷിണ നൽകി, അദ്ദേഹത്തെ 'പഴമയ്യൂട്ടിന്നു്' ക്ഷണിക്കുക എന്ന ചടങ്ങാചരിച്ചു. തങ്ങളുടെ സംഘത്തിൻെറ വക സദ്യ മററുള്ളവരുടേതിനേക്കാഠം എല്ലാപ്രകാരത്തിലും മെച്ചപ്പെട്ടതാക്കിത്തീൎക്കണമെന്ന ആത്മാൎത്ഥവിചാരത്തോടെ ഓരോ 'അയ്യപ്പനും' സോത്സാഹം അതിന്നായി പ്രവൎത്തിച്ചു. എരുമേലിയിൽനിന്നു് സാക്ഷാൽ അയ്യപ്പൻ അവരൊന്നിച്ചു യാത്രചെയ്തു പമ്പയിൽ അവരുടെ വിരികളിലൊന്നിൽ അധിവസിക്കുന്നുണ്ടെന്നും, തങ്ങഠം നടത്തുന്ന പമ്പാസദ്യയിൽ അദ്ദേഹം പങ്കുകൊള്ളുന്നതാണെന്നും എല്ലാരും ദൃഢമായി വിശ്വസിച്ചു. ഭഗവാൻെറ അമൃതേത്തിന്നും കൂടെയായിട്ടൊരുക്കുന്ന സദ്യവിഭവസമൃദ്ധവും അമൃതെന്നോണം ആസ്വാദ്യതമവുമായിരിക്കേണ്ടതിൻെറ ആവശ്യകതിയിൽ പിന്നെ ചിന്തിക്കാനുണ്ടോ.

കെങ്കേമമായൊരുക്കിയ സദ്യയിൽ ഭാഗഭാക്കാവാൻ രണ്ടുമൂന്നു വിശിഷ്ടാതിഥികളേയും ഭാഗ്യവശാൽ ലഭിച്ചു. അതിഥിപൂജയിൽ കവിഞ്ഞ ഒരു പുണ്യകൎമ്മമില്ലെന്നു് പറയണം. ഗൃഹസ്ഥാശ്രമികഠംക്കു് വിശേഷിച്ചും ശ്രേയഃസന്ദായകമായ അത്യുത്തമകൎമ്മങ്ങളാണു് അതിഥിപൂജയും അന്നമൂട്ടലും. ഭഗവൽഭക്തിമാൎഗ്ഗചാരികളായ ഏവൎക്കും അതിഥിസേവനം ആത്മോന്നതിക്കും ഭഗവൽപ്രീതിക്കും പരമോൽകൃഷ്ടമായ ഉപാധിയാണു്. ഹിന്ദുപുരാണങ്ങളിലും വേദശാസ്ത്രങ്ങളിലും അതിഥിപൂജയുടെ അനുപമമാഹാത്മ്യത്തെ വിശദീകരിക്കുന്ന അനവധി ഉപാഖ്യാ

നങ്ങറം ഉണ്ട്. ഉത്തമനായ അതിഥി ഇഷ്ടദൈവത്തിൻെറ പ്രതിപുരുഷനായി ഗണിക്കപ്പെട്ടുവരുന്നു.

വിഭവങ്ങളെല്ലാം വെച്ചുതയ്യാറായ ഉടനെ വിളക്കിനു മുമ്പിൽ ഒരു നെടിയില ഇട്ടു് ഭക്ത്യാദരപുരസ്സരം എല്ലാ പദാത്ഥങ്ങളും താരകബ്രഹ്മമായ ശാസ്താവിനെന്ന സങ്കല്പത്തോടെ വിളമ്പി 'അയ്യപ്പന്മാർ' പൂജയും ശരണം വിളികളും നടത്തി. പിന്നീടു് തങ്ങളും മിഷ്ടാന്നം ആഹരിച്ചു് സംതൃപ്തരായി.

ഭക്ഷണാനന്തരമുള്ള ഗുരുദക്ഷിണ എന്ന കമ്മം ഏററവും പ്രധാനവും ഭഗവൽപ്രീതിസാധകവുമായ ഒന്നാണ്. ഗുരുവിനെ ഈശ്വരപ്രതീകമായി ഭാവിച്ചാദരിക്കുന്നതിൻെറ ഗിരിമാവൈശിഷ്ട്യങ്ങറം സ്വയം ഉണൻകൊണ്ടു് എല്ലാ 'അയ്യപ്പന്മാരും' ഗുരുവിനു് യഥാവിധി ദക്ഷിണനൽകി കാല്ക്കൽ കുമ്പിട്ടു് അനുഗ്രഹംനേടി സന്തുഷ്ടമാനസരായി.

കന്നി 'അയ്യപ്പന്മാർ' 101 അടുപ്പുകളിൽനിന്നു് വിഭൂതി ശേഖരിച്ചു് പമ്പാജലംകൊണ്ടു് ശുദ്ധിയാക്കി ഉണക്കിസൂക്ഷിച്ചു. തങ്ങളോടൊപ്പം പമ്പയിലെത്തിയ സാക്ഷാൽ അയ്യപ്പൻ ഏതോ ഒരു വിരിയിൽ അധിവസിക്കുകയും പമ്പാസദ്യക്കുവേണ്ടുന്ന വിഭവങ്ങറം സ്വയം ഒരടുപ്പിൽ പാകം ചെയ്കയും ചെയ്തിട്ടുണ്ടെന്നു് ഭക്തന്മാർ വിശ്വസിക്കുന്നതായി പറഞ്ഞുവല്ലോ. അങ്ങനെ ഭക്ഷണം പാകംചെയ്യാൻ ഭഗവാനുപയോഗിച്ച അടുപ്പേതാണെന്നു് നിശ്ചയിക്കാനാവാത്ത കാരണം 101 അടുപ്പുകളിൽ നിന്നു് ഭസ്മം ശേഖരിക്കുകയാണ്. ആഴികളിൽനിന്നും, കുമ്പളത്തോട്ടു്, മലനട, എന്നിവിടങ്ങളിൽകണ്ട അടുപ്പുകളിൽനിന്നും ഇമ്മാതിരി ഭസ്മശേഖരണം നടത്തി. ഒടുവിൽ, അതെല്ലാം ചേത്തു് സ്വാമിക്കു് കർപ്പൂരം കത്തിച്ചാരാധിക്കാനുപയോഗിച്ചു. ഇപ്രകാരം സംഭരിച്ച 'ശബരിഗിരിഭസ്മം' പലരോഗങ്ങറംക്കും കൈകണ്ട ഔഷധമാണ്. വെറും ഈശ്വരവിശ്വാസംകൊണ്ടു

മാത്രമല്ല ഈ ഭസ്മത്തിന്നു് ദിവ്യശക്തി അനുഭവപ്പെടുന്നതു്, പ്രത്യുത, അതു് അകിൽ, ചന്ദനം, കരിമരം, തുടങ്ങി ഔഷധവീര്യമുള്ള വിറകുകൾ കത്തിച്ചുണ്ടായതുകൊണ്ടു കൂടെയാണു്.

അന്നു് (29-ാംനു-) സൂര്യാസ്തമനത്തിന്നു ശേഷമാണു് സുപ്രസിദ്ധമായ പമ്പവിളക്കു്. ഈറക്കമ്പുകളും മററുംകൊണ്ടു് കമനീയമായി കെട്ടിച്ചമച്ചു് അനേകം മെഴുകുതിരികൾ, മറെറണ്ണത്തിരികൾ, ചെറുപന്തങ്ങൾ എന്നിവ കത്തിച്ചുവെച്ചു് മോടിപ്പെടുത്തീട്ടുള്ള രഥക്കൂടങ്ങളും മററുവിളക്കുകളും പമ്പയാററിലെ ചെറുകല്ലോലമാലകളിൽ തത്തിക്കളിക്കാൻ സാവധാനം ഒഴുക്കിവിട്ടു. ശിശിരകാലനിശീഥിനിയിലെ നീലനിമ്മലവിഹായസ്സിൽ മിന്നിത്തിളങ്ങുന്ന എണ്ണമററ താരാസമൂഹത്തെപ്പോലെ കത്തിജ്വലിക്കുന്ന ലക്ഷോപലക്ഷം ദീപശിഖകളാലും അവയുടെ പ്രതിബിംബങ്ങളാലും നയനാവജ്ജകമായി പരിശോഭിക്കുന്ന പമ്പാസരസ്തടവും വിസ്തൃതമായ ജലപ്പരപ്പാറ ആററിൻെറ വക്ഷസ്ഥലവും ഒരനന്യാദൃശദൃശ്യമുളവാക്കുന്നു. കാന്തിപ്പൊലിമയിൽ കുളിച്ചുനില്ക്കുന്ന ഏതാദൃശമനോഹരദൃശ്യം മറെറാരിടത്തും കാണ്മാൻ അത്ര എളുപ്പമല്ല.

പണ്ടു് പരശുരാമൻ പരമേശ്വരപ്രസാദത്തോടെ ലോകത്തിലുള്ള സമസ്തപുണ്യതീത്ഥങ്ങളേയും ആവാഹിച്ചു് ഏകോപിച്ചു് സൃഷ്ടിച്ചിട്ടുള്ളതും, പരമശിവൻെറ ശിരസ്സിൽനിന്നു് പ്രവഹിക്കുന്ന സാക്ഷാൽ ഭാഗീരഥിക്കുതുല്യം പവിത്രമായിട്ടുള്ളതുമായ പമ്പാതീത്ഥത്തിൻെറ മാഹാത്മ്യം വാഗതീതമാകുന്നു. പലജാതി ദിവ്യൗഷധങ്ങളും ധാതുദ്രവ്യങ്ങളും മററുവിശേഷ വസ്തുക്കളും നിറഞ്ഞ പവ്വത പ്രാന്തങ്ങളിൽക്കൂടെ പ്രവഹിക്കുന്ന ഈ പുണ്യവാഹിനിയിലെ നിമ്മലജലം പല മഹാരോഗങ്ങളേയും ശമിപ്പിക്കാൻ പോന്ന ഔഷധവീര്യം കലന്നതാണു്. ശ്രീരാമഭദ്രസ്വാമിയുടേയും ഹരിഹരസൂനുവായ കാന്തമലശാസ്താവിൻേറയും കാൽപ്പൊടികളേററു് പരിപൂതമായിട്ടുള്ള ഇതിൽ

സ്നാനംചെയ്ത് ഭക്തിശ്രദ്ധകളോടെ തപ്പ്ണമപ്പിച്ചാൽ പിതൃക്കാംക്ക് മോക്ഷപ്രാപ്തിയും ഭക്തലോകത്തിന്നു് എല്ലാവിധശ്രേയസ്സുകളും സൗഖ്യങ്ങളും സംസിദ്ധമാകുമെന്നതിൽ സന്ദേഹമില്ല.

യഥാവിധി പമ്പയാറിലെ ത്രിവേണിസ്ഥാനത്തു് തീൎത്ഥസ്നാനവും, പിതൃക്കാംക്ക പിണ്ഡദാനവും, പമ്പാദാനം, ഗുരുദക്ഷിണ, ആദിയായവയും നിൎവ്വഹിച്ചു് 'അയ്യപ്പന്മാർ' തങ്ങളുടെ കായമനസ്സുകാംക്ക് ശുദ്ധിയും ചാരിതാൎത്ഥ്യവും നേടി.

പമ്പാനദിയുടെ മറുകരയിൽ കുറെ തെക്കുപടിഞ്ഞാറായിട്ടാണു് പുരാണപ്രസിദ്ധമായ ഋശ്യമൂകാചലവും, കിഷ്ക്കിന്ധയും സ്ഥിതിചെയ്യുന്നതു്. കിഷ്ക്കിന്ധ വടക്കേ ഇന്ത്യയിലാണെന്നും ബെല്ലാരി ജില്ലയിൽ തുംഗഭദ്രാനദിക്കരയിലുള്ള ഹംപിയും പരിസരങ്ങളും ചേൻ്ന പ്രദേശത്താണെന്നും മററം അഭിപ്രായവ്യത്യാസങ്ങളുണ്ടു്. ഈവക അഭിപ്രായങ്ങളെ സ്ഥാപിക്കാനുള്ള പല തെളിവുകളുമുണ്ടെന്ന വസ്തുതയും നിഷേധിക്കാവതല്ല. ഹംപിയിൽ പുരാതനങ്ങളായ അനവധി കെട്ടിടങ്ങളുടേയും ക്ഷേത്രങ്ങളുടേയും മററം അവശിഷ്ടങ്ങളും സ്ഥാനങ്ങളും കാണ്മാനുണ്ടു്. അവ സുഗ്രീവൻെറ രാജധാനി അന്തഃപുരങ്ങാം രാജദാരങ്ങളുടെ കേളീഗൃഹങ്ങാം, മജ്ജനഗൃഹങ്ങളും പൊയ്കകളും, ഉല്ലാസനിഷ്ക്കടങ്ങാം എന്നിവയായിരുന്നു എന്നു് കരുതപ്പെടുന്നു.

എന്നാൽ ശ്രീരാമഭദ്രസ്വാമിയുടെ പാദാരവിന്ദങ്ങളെ ദൎശിച്ചു് നിൎവൃതിനേടാൻ കൊതിച്ചുകൊണ്ടു് ശബരി തപസ്സുചെയ്തിരുന്നസ്ഥാനം സഹ്യാദ്രിശൃംഗങ്ങളിലൊന്നായ നീലിമലയിലാണെന്ന കാര്യത്തിൽ തൎക്കമില്ല. ശബരിയുടെ ഗുരുനാഥന്മാരായ മഹൎഷിമാർ തപസ്സുചെയ്തുകൊണ്ടിരുന്ന മതംഗാശ്രമവും മറെറാരിടത്തല്ല. ഇവരണ്ടും വേറെറാരിടത്താണെന്നു് ആരും അവകാശപ്പെടുന്നതായറിവില്ല. സീതയെ അന്വേഷിച്ചുകൊണ്ടു് നടകുന്ന രാമലക്ഷ്മണന്മാർ, ശാപംമൂലം രാക്ഷസനായ കബ

ന്ധനും സൽഗതികൊടുത്തപ്പോൾ ആ ഗന്ധർവ്വൻ അവരെ ശബരാശ്രമത്തിലേയ്ക്കു വഴിതിരിച്ചുവിട്ടു. ഭക്തോത്തമയായ ശബരിയുടെ ആതിഥ്യം സ്വീകരിച്ച് അവളെ അനുഗ്രഹിച്ച രാമലക്ഷ്മണന്മാരോട് അവിടെനിന്നു് അല്പംതെക്കായി സ്ഥിതിചെയ്യുന്ന പമ്പാസരസ്സിനെപ്പററിയും, അതിന്നക്കരെയുള്ള കിഷ്കിന്ധയേയും ഋശ്യമൂകാചലത്തേയും, ബാലിസുഗ്രീവാദികളേയും ഒക്കെക്കുറിച്ചു പറഞ്ഞുകേൾപ്പിച്ചതു് ശബരിയാണു്. അവൾ നിർദ്ദേശിച്ചതനുസരിച്ചാണു് അവർ കിഷ്കിന്ധയ്ക്കുപോയതും സുഗ്രീവനോടു സംഖ്യം ചെയ്തതും മററും. ശബരിയെ കണ്ടതിൽപിന്നീടു് വീണ്ടും രാമലക്ഷ്മണന്മാർ തിരിച്ചുവടക്കോട്ടുതന്നെ പോയെന്നു് കരുതാവതല്ല. അവർ തുടൎന്നു തെക്കോട്ടു്പോയി കിഷ്കിന്ധയിലും, രാമേശ്വരത്തും, അവസാനം ലങ്കയിലും എത്തിഎന്നു വിശ്വസിക്കുന്നതാണു് യുക്ത്യാനുയോജ്യമായിട്ടുള്ളതു്. രാമായണത്തിൽ പ്രതിപാദിതമായിട്ടുള്ള ഈ വക സംഗതികളെ ആശ്രയിച്ചുനോക്കുമ്പോൾ, കിഷ്കിന്ധയും ഋശ്യമൂകാചലവും ഒക്കെ പമ്പാനദിക്കക്കരെയുള്ളവ തന്നെയാണെന്നു് തീൎച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിന്നുംപുറമെ, ബാലിയും, വാതാപിയെന്നോ മായാവിയെന്നോ പേരായ അസുരനും തമ്മിൽ സമരംനടന്ന ഗുഹയും വേറെയും അനേകം വമ്പിച്ച ഗുഹകളും ഇവിടെ കാണ്മാനുണ്ടു്. സുഗ്രീവൻേറതെന്നു കരുതപ്പെടുന്ന ആസ്ഥാനമണ്ഡപത്തിൻെറ അവശിഷ്ടങ്ങളും കാണാം. ഇതുകൊണ്ടെല്ലാം കിഷ്കിന്ധയും ഋശ്യമൂകാചലവും മറെറങ്ങോ ആണെന്ന വാദം അസ്ഥാനത്താണെന്നു തെളിയുന്നു. ബാലി നിഗ്രഹിച്ച ദുന്ദുഭി എന്ന മാഹിഷമുഖാസുരൻെറ തല ശ്രീരാമൻ സുഗ്രീവൻെറ ആവശ്യപ്രകാരം കാൽ പെരുവിരൽകൊണ്ടു് പൊക്കിയെടുത്തെറിഞ്ഞതു് പ്രസ്തരഗിരിയിലാണു് പതിച്ചതെന്നും അവിടെയാണു് 'അയ്യപ്പന്മാർ' കല്ലിടുന്നതെന്നും ചിലർ പറയുന്നുണ്ടെന്നു ഗുരുസ്വാമി പറഞ്ഞു.

ശ്രീരാമന്റേതെന്നു സങ്കല്പിച്ചു വണങ്ങുന്ന പാദമുദ്രകളിൽ കർപ്പൂരം കത്തിച്ചുവെച്ചു തൊഴുതു് 'അയ്യപ്പന്മാർ' ശരണംവിളിച്ചു.

പമ്പയിൽനിന്നു യാത്രതുടരുന്നതിന്നുമുമ്പായി 'അയ്യപ്പന്മാർ' രാജചിഹ്നങ്ങളോടുകൂടി അവിടെ നേരത്തേ എത്തി താവളമടിച്ചു പാർത്തുവരുന്ന പന്തള രാജാവിനെ ചെന്നുകണ്ടു വന്ദിക്കുകയും യഥായോഗ്യം കാണിക്കവെച്ചു് അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങുകയുംചെയ്യും. ശബരിഗിരി അയ്യപ്പനും പന്തള രാജാവിന്നും തമ്മിലുള്ള ബന്ധം അവിസ്മരണീയമാണല്ലോ. ആ സ്ഥിതിക്കു് രാജാവിനെ വന്ദിക്കുന്നതു് സ്വാമിയെ വന്ദിക്കുന്നതിന്നു സമമാണു്.

ഇവിടെവെച്ചു് കറപ്പുവസ്ത്രങ്ങളെല്ലാം ഭിക്ഷക്കാർക്കു് ദാനം ചെയ്യും. 'അയ്യപ്പന്മാർ' ശുഭ്രവസ്ത്രധാരികളായാണു് യാത്ര തുടന്നതു്.

സ്വാമി സന്നിധാനത്തിലേക്കുള്ള വഴിയിൽ അവസാനത്തേതെങ്കിലും ഒരുവിധത്തിലും മററൊന്നിന്നും പിന്നിലല്ലാത്ത ഭയങ്കര ഗിരിയാണു് നീലമല. വളരെ കഷ്ടപ്പെട്ടുകൊണ്ടുവേണം ഇതും കയറാൻ. ഈ മലയുടെ ഏറെക്കുറെ അഗ്രഭാഗത്തായി അപ്പാച്ചിമേട്ട് എന്നൊരിടമുണ്ടു്. അവിടെ വഴിയുടെ ഇരുഭാഗത്തും കയ്യും കണക്കുമില്ലാതെ ഭിക്ഷക്കാർ നിരന്നിരിക്കുന്നുണ്ടു്. ശബരിഗിരിക്കുള്ള വഴിയിൽ മറെറങ്ങും ഇത്രയേറെ യാചകന്മാരെ കാണുകയുണ്ടായില്ല. എരുമേലി, പേരൂർ തോട്ടിൻകര, ഇഞ്ചിപ്പാറക്കോട്ട എന്നിവിടങ്ങളിലും ഭിക്ഷക്കാർ ഉണ്ടായിരുന്നു. പ്രായാധിക്യം മൂലം കൂനുകുത്തിയവരും, കൈകാലുകളും മററവയവങ്ങളുമില്ലാത്തവരും, അന്ധന്മാരും മററുമായ ഇക്കൂട്ടരെല്ലാം ഇത്രയും ഉയരത്തിലുള്ള മലയുടെ മുകളിൽ എങ്ങനെ നടന്നെത്തി? നല്ല കായബലവും പരിചയവുമുള്ള ചെറുപ്പക്കാർപോലും വിഷമിച്ചുപോകുന്ന ഈവക കയററങ്ങളും ഇറക്കങ്ങളുമൊക്കെ തരണംചെയ്തു് ഇവർ ഇവിടെ എത്തിയിരിക്കുന്നതു് കുറെ ആശ്ചര്യകരംതന്നെ.

ഈ യാചകപ്പരിഷയെ ഇവിടെ എത്തിക്കാൻ പ്രേരകമായി വത്തിച്ച അതേ വസ്തുതകൾതന്നെ, അതായതു് ഉദരംഭരണത്തിന്നു അത്യാവശ്യമായ പണം നേടാൻ, വേറൊരുപ്രകാരത്തിൽ പ്രവത്തിക്കുന്ന കൂലിവേലക്കാരും ഒരുവിധം ആശ്ചര്യകാരികളാണു്. അവർ എരുമേലിയിൽനിന്നു്, സാധാരണ ഒരു മനുഷ്യൻ ചുമക്കുന്ന ഭാരത്തേക്കാൾ കൂടുതൽ കനമുള്ള ചുമടും തലയിലെടുത്തുകൊണ്ടു് ക്ഷേത്രസന്നിധാനംവരെ നടന്നെത്തി ചുമടിറക്കിയ ഉടനെ കീഴ്പോട്ടിറങ്ങുകയും വീണ്ടും വേറെസാമാനങ്ങൾ വഹിച്ചുകൊണ്ടു് മലകയറാൻ സന്നദ്ധരാവുകയും ചെയ്യുന്നതോക്കുമ്പോൾ ആശ്ചര്യമോ അമ്പരപ്പോ എന്താണു് നമുക്കെല്ലാം ഉണ്ടാവുന്നതു് എന്നു പറയാൻ വയ്യ. വ്യാപാരസാധനങ്ങൾ ചുമന്നുകൊണ്ടു് നാൽപ്പതിൽപരം മൈലുകൾ മലമുകളിലേയ്ക്കും ചുമടുണ്ടെങ്കിലാവട്ടെ ഇല്ലെങ്കിലാട്ടെ, അത്രയും ദൂരം കീഴ്പോട്ടേയ്ക്കും രാവും പകലുമായിനടന്നു്, വീണ്ടും ആ സാഹസത്തിന്നു തയ്യാറാവുന്ന മനുഷ്യന്മാരെ കുറിച്ചു് എന്താണു് പറയുക! ചില കൂലിക്കാർ ഒരാഴ്ചക്കുള്ളിൽ മൂന്നും നാലും പ്രാവശ്യം അങ്ങനെ വ്യാപാരികളുടെ വില്പനചരക്കുകളുംകൊണ്ടു് മലകയറിയിറങ്ങുമത്രേ! അവക്കു പ്രതിഫലമായി കിട്ടുന്ന കൂലിസംഖ്യ ഒട്ടും നിസ്സാരമായിരിക്കില്ലെന്നതു് വാസ്തവംതന്നെ.

പിച്ചക്കാശിന്നിരന്നുകൊണ്ടു് അപ്പാച്ചിമേട്ടിൽ കൂടുന്ന ഓരോരുത്തനും ഈ തീത്ഥയാത്രക്കാലത്തിന്നിടയ്ക്കു് നൂറും ഇരുനൂറും ഉറപ്പിക സമ്പാദിക്കുമെന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. കാരണം, ഇവക്കു വല്ലതും ധർമ്മംകൊടുക്കാതെ കടന്നുപോകുന്ന ഒ'രയ്യപ്പനും' ഉണ്ടായിരിക്കില്ല. ഇവിടെ ഭിക്ഷകൊടുക്കാനായി പൈസ ശേഖരിച്ചുകൊണ്ടുവരുന്ന 'അയ്യപ്പന്മാർ' എത്രയോപേരുണ്ടു്. പത്തും ഇരുപതും ഉറപ്പികയ്ക്കു ചില്ലറക്കാശു മാറിക്കൊടുക്കാൻ ചില പിച്ചക്കാർതന്നെ തയ്യാറായിരിക്കും. ഈ മേടിന്നു് ''ധർമ്മമേട്ടു്'' എന്നൊരപരനാമം കൂടെയുള്ളതു് അനപത്ഥംതന്നെ.

ദരിദ്രരും, വാൎദ്ധക്യം, അംഗവൈകല്യം എന്നിവമൂലം അവശരും ആയ സാധുക്കൾക്ക് യഥാശക്തി അലിവോടുകൂടി ഭിക്ഷ നൽകുന്ന സ്വഭാവം ഭാരതഭൂമിയിൽ എന്നോ മുതൽക്ക നിലവിലുണ്ട്. ഉപജീവനത്തിന്നു വേറെ മാൎഗ്ഗമില്ലാത്തവരും കഴിവില്ലാത്തവരുമായ പാവങ്ങളെ സഹായിക്കാനുള്ള മനോഭാവം തീച്ച്യയായും ആദരണീയമാകുന്നു. 'പലതുള്ളി പെരുവെള്ളം' എന്നതനുസരിച്ച് ഇങ്ങനെ ആയിരംപേർ ഓരോ പൈസവീതം കൊടുത്താലും ഒരു പാവപ്പെട്ട കുടുംബം ഉപജീവിക്കും. ഒരാൾക്കും പ്രത്യേകം ഭാരമായ്ത്തോന്നുകയുമില്ല. എന്നാൽ അസ്ഥാനത്തും അനൎഹരായോൎക്കും ചെയ്യുന്ന ഒരുധൎമ്മവും പ്രോത്സാഹിപ്പിച്ചുകൂടാ. വല്ല ജോലിയുംചെയ്തു് ഉപജീവനം കഴിപ്പാൻ ശേഷിയുള്ള ആളുകൾ ഭിക്ഷാംദേഹികളായി കഴിയുന്നതു് അനുവാദനീയമല്ല; അങ്ങനെയുള്ള അലസന്മാൎക്ക് യാതൊരുവിധസഹായവും ചെയ്തുയുമരുതു്. അവരെക്കൊണ്ടു് ആവുന്ന വേലചെയ്യിപ്പിക്കുകയും അങ്ങനെ സ്വന്തമായി സമ്പാദിച്ചു ജീവിക്കാൻ പ്രേരിപ്പിക്കുകയുമാണ് വേണ്ടതു്. ദയാശീലരും ആസ്തികരുമായ നല്ല മനുഷ്യന്മാരുടെ ദാനതല്പരതയെ ചൂഷണംചെയ്തു പുലരുന്ന സമുദായദ്രോഹികൾ ഒരുവിധ അനുകമ്പയും അൎഹിക്കുന്നില്ല.

ഈ 'ധൎമ്മമേടിന്നു' ഇരുവശത്തും അപ്പാച്ചിക്കുഴിയെന്നും ഇപ്പാച്ചിക്കുഴിയെന്നും പേരായ രണ്ടു് അഗാധ ഗൎത്തങ്ങളാണ്. അവയ്ക്കു് വളരെ നീളവും അകലവും നോക്കിയാൽ കണ്ണെത്താത്തത്ര ആഴവുമുണ്ടു്. കടുരവൻ എന്ന ശിവഭൂതത്തിന്റേയും അനവധി ദുൎദ്ദേവതകളുടേയും ആവാസസ്ഥാനമാണ് ഈ ഗൎത്തങ്ങൾ എന്നു് വിശ്വസിക്കപ്പെടുന്നു. അവരുടെ പ്രീതിക്കായി 'അയ്യപ്പന്മാർ' കയ്യിൽ കൊണ്ടുവന്നിട്ടുള്ള മധുരഫലാഹാര ഉണ്ടകൾ (പൊരുവളങ്കായ) ഇവിടെ നിക്ഷേപിച്ചു. അത്യധികം സാഹസികതയും, സാമൎത്ഥ്യവും ചേൎന്ന തെണ്ടിപ്പിള്ളർ ചിലർ ഈ ഭയങ്കര ഗൎത്തങ്ങളിലേയ്ക്കു് തൂങ്ങിനില്ക്കുന്ന മരക്കൊമ്പുകളിലും വള്ളിപ്പട

പ്പുകളിലും, കുററിച്ചെടികളിലും മററും പിടിച്ചിഴഞ്ഞുകൊണ്ടു് ഇറങ്ങി ഈ പലഹാരഉണ്ടകഠം പെറുക്കിത്തിന്നും, മേലെ കൊണ്ടു വന്നു് മററുള്ളവക്കു് വിററു് കാശുവാങ്ങിയും നടക്കുന്നതു കണ്ടാൽ ആരും ആശ്ചര്യപ്പെട്ടുപോകും സ്വന്തം ബുഭുക്ഷയ്ക്കും പണക്കൊതിക്കും അടിമയായി മനുഷ്യൻ എന്തെന്തു വൻസാഹസങ്ങഠം കാണിക്കുന്നില്ല! ഈ ഗത്തങ്ങഠം ശൂപ്പണഖയുടെ ആവാസകേന്ദ്രമായിരുന്നുവെന്നു് ചിലർ പറയുന്നതു് എത്രത്തോളം വിശ്വസനീയമാണെന്നറിഞ്ഞുകൂടാ. ഇങ്ങനെയുള്ള പാലതിൻേറയും പിന്നിൽ ചില ഐതിഹ്യങ്ങളോ അത്ഭുതസംഭവങ്ങളോ കെട്ടിവിടാൻ ചില കല്പനാചതുരന്മാക്കുള്ള വാസനാവൈദഗ്ദ്ധ്യത്തിൻെറ സന്തതിയായിക്കൂടെന്നില്ല ഇതു് എന്നും ഗുരുസ്വാമി ചൂണ്ടിക്കാണിച്ചു.

അപ്പാച്ചിമേട്ടിന്നപ്പുറം ഏറെക്കുറെ സമനിരപ്പായ പ്രദേശമാണു്. വലിയ മരക്കൂട്ടങ്ങളോ ചെടിപ്പടപ്പുകളോ ഇല്ലാതേയും ശാന്തരമണീയമായുമുള്ള ഒരു പച്ചപ്പുൽപ്രദേശമാകുന്നു ഇതു്. ഇവിടെയാണു് പണ്ടു് ശബരി തപസ്സുചെയ്തുകൊണ്ടിരുന്നതു്. സഹ്യപവ്വതനിരയുടെ ഈ ഘട്ടങ്ങഠംക്കൊട്ടാകെ ശബരിഗിരി എന്ന വിഖ്യാതനാമം നേടിക്കൊടുക്കാൻ പാത്രമായ ശബരിപ്പീഠം ഇവിടെയാണു്. ഉത്തമഭക്തകഠംക്കണിമുത്തായി, ആത്മാത്ഥവും അനുപമവും അതിശ്ലാഘനീയവുമായ നിമ്മലഭക്തിക്കു മാതൃകയായി ആഷസംസ്കാര നഭോമണ്ഡലത്തിലെ നിത്യചൈതന്യജ്യോതിസ്സായിട്ടുള്ള ശബരിയുടെ ഈശ്വരപ്രേമസൗഗന്ധികോച്ഛ്വാസം അലിഞ്ഞുചേന്നിട്ടുള്ള മഹനീയാന്തരീക്ഷം ഇതാണു്. ഇവിടത്തെ ഓരോ പുൽക്കൊടിയും മണൽത്തരിയും ആ വിശിഷ്ട താപസിയുടെ ചിരകാലസംഗംമൂലം പരിശുദ്ധിയാജ്ജിച്ചിട്ടുള്ളവയാണു്. ശബരിയുടെ ഈശ്വരപ്രേമം ഇതരഭക്തകോടികളുടേതിൽനിന്നു് തുലോം വ്യത്യസ്തവും പവിത്രതമവുമാകുന്നു. കൗസല്യയുടേയോ യശോദയുടേയോ ഭഗവൽപ്രേമഭാവത്തോടു് സമാ

നത പുലത്തുന്ന ഒരു അനുരക്തിവിശേഷവുമായിരുന്നു അതു്. ശ്രീരാമചന്ദ്രസ്വാമിയുടെ കോമളവിഗ്രഹം പ്രത്യക്ഷം ദശിച്ചു് നിർവൃതികൊാംവാനുള്ള ഗാഢാഭിലാഷത്തോടെ ഭഗവാനെത്തന്നെ സദാപി ധ്യാനിച്ചുകൊണ്ടും രാമരാമേതി ജപിച്ചുകൊണ്ടും ഭഗവാനിൽ പ്രേമനിർല്ലീനയായി ആ തപസ്വിനി, അദ്ദേഹത്തിൻെറ ആഗമനവും പ്രതീക്ഷിച്ചു ചിരകാലം പാത്തു. താൻ കടിച്ചു് എച്ചിലാക്കീട്ടുള്ളവയാണെങ്കിലും കൂട്ടതൽ രുചികരങ്ങളായി തോന്നിയ ഫലമൂലങ്ങൾ താനാശിക്കാതെ തൻെറ നാഥൻ വരുമ്പോൾ അദ്ദേഹത്തിന്നു് നല്കി സല്ക്കരിക്കാനായി അവൾ കരുതിവെച്ചു. അവ ചീഞ്ഞും ഉണങ്ങിയും തീരുമ്പോൾ വീണ്ടും പുതിയവ അങ്ങനെ ശേഖരിച്ചുവെയ്ക്കുകയല്ലാതെ സ്വയം ഭക്ഷിപ്പാൻ ഒരുമ്പെട്ടില്ല. ഭഗവൽപാദാരവിന്ദങ്ങളിൽ അച്ചിക്കാൻ വേണ്ടി നിമ്മലകുസുമങ്ങൾ ശേഖരിച്ചുവെച്ചു. ആ മഞ്ജുളസ്വരൂപൻെറ തിരുമാറിൽ ചാത്താൻ കനകമന്ദാരാദി നറും പൂമൊട്ടുകൾ കോത്ത മനോഹരമാല്യങ്ങൾ നിത്യം നിമ്മിച്ചു സൂക്ഷിച്ചു. ഭക്തജനഹൃൽക്കമലസ്ഥിതങ്ങളായ തൃച്ചേവടികൾ പ്രക്ഷാളനം ചെയ്യാൻ പമ്പാതീത്ഥജലം നിത്യേന കൊണ്ടുവന്നു വെച്ചു കാത്തിരുന്നു. അവസാനം,

"സുന്ദരം രാമചന്ദ്രം പരമാനന്ദ-
മന്ദിര മിന്ദ്രാദിവൃന്ദാരകവൃന്ദ
വന്ദിത മിന്ദിരാമന്ദിരോരസ്ഥല
മിന്ദ്രാവരജമിന്ദീവരലോചനം
ദുവ്വാദളനിഭശ്യാമളം കോമളം
........നീല നളിനദളേക്ഷണം
രാമം ജടാമകുടം വല്ക്കലാംബരം
സോമബിംബാഭപ്രസന്നാവക്ത്രാംബുജം

വക്ഷസി ശ്രീവത്സലക്ഷണ മവ്യയം
ലക്ഷ്മീനിവാസം ജഗന്മയമച്യുതം
ലക്ഷ്മണസേവിതപാദ പങ്കേരുഹം
ലക്ഷണലക്ഷ്യസ്വരൂപം പുരാതനം
ദക്ഷാരിസേവിതം പക്ഷീന്ദ്രവാഹനം
രക്ഷോ വിനാശനം രക്ഷാവിചക്ഷണം
ചക്ഷുശ്രവണ പ്രവര പല്ല്യങ്കഗം
കുക്ഷിസ്ഥിതാനേക പത്മജാണ്ഡം പരം
കാരുണ്യപൂർണ്ണം ദശരഥനന്ദന
മാരണ്യവാസരസികം മനോഹരം"*

ആയ അവളുടെ ഇഷ്ടദൈവതം തൻെറ ആശ്രമത്തിനകത്തേയ്ക്കു പാദാർപ്പണം ചെയ്തപ്പോൾ ആ വൃദ്ധ യോഗിനി ഭക്തിയാലും പരമാനന്ദത്താലും പരവശയായി, അല്പനേരം മതിമറന്നു് ആ ആനന്ദമൂർത്തിയെത്തന്നെ നിർന്നിമേഷം നോക്കിനിന്നു. പിന്നീടു് ഭഗവാൻെറ പാദാരവിന്ദങ്ങളിൽ പ്രണമിച്ചു. "അങ്കുശാബ്ജധ്വജവജ്രമത്സ്യാങ്കിത"ങ്ങളായ ആ തൃപ്പാദങ്ങൾ പമ്പാജലംകൊണ്ടു അഭിഷേകിച്ചു. ആ പുണ്യതീർത്ഥം സ്വശിരസ്സിൽ തൂകി. പുതുപുഷ്പങ്ങൾ ആ പാദങ്ങളിലർപ്പിച്ചു. നിർമ്മലമാല്യങ്ങൾ തിരുമാറിൽ ചാർത്തി. അതിൽ പിന്നെ, ധന്യധന്യയായ ആ തപസ്വിനി ഭഗവാനെ മധുരസ്ഫുടാക്ഷരങ്ങളാൽ അനൎഗ്ഗളം സ്തുതിച്ചു. താൻ ശേഖരിച്ചുവെച്ചിട്ടുള്ള അതിസ്വാദിഷ്ടങ്ങളായ പക്വഫലങ്ങൾ അത്യന്തം ഭക്ത്യാദരങ്ങളോടെ ആ ദിവ്യാതിഥിക്കും അനുജനും നൈവേദ്യമായി സമർപ്പിച്ചു. ആ നിർവ്യളീകഭക്തിപ്രവാഹത്തിലാമഗ്നരായ രാമലക്ഷ്മണന്മാർ സസന്തോഷം ആ സാധുശീലയുടെ ആതിഥ്യം സ്വീകരിച്ചു് അവളെ അനുഗ്രഹിച്ചു.

---

* തുഞ്ചത്താചാര്യൻെറ അദ്ധ്യാത്മരാമായണം.

ഭക്തിനിർഭരയായി അന്നു് ആ ഭാഗവതോത്തമ പാടിയ ഭഗവൽസ്തോത്രങ്ങറം ആശ്രമോപാന്തസ്ഥിതങ്ങളായ കീരസഞ്ചയങ്ങറം ഏററപാടി. അവിടെയുള്ള വൃക്ഷശാഖകളിലും കോടരങ്ങളിലും നിവസിക്കുന്ന ആ പച്ചപ്പൈങ്കിളികളുടെ അനന്തരസന്തതികറം പ്രസ്തുത സ്തോത്രാലാപങ്ങറം അനുസ്മരിച്ചു കീർത്തിക്കുകയാണോ എന്നു തോന്നുമാറു് മധുരമായി ഇന്നും പാടുന്നതു കേട്ടു് 'അയ്യപ്പന്മാർ' ആനന്ദതുന്ദിലരായി. അവരുടെ കൂട്ടംചേർന്നുള്ള ശരണംവിളികളും 'പടപടെ'ന്നുള്ള നാളികേരമെറിയലുംകൊണ്ടു് ആ തപോവനാന്തരീക്ഷത്തിന്റെ പ്രശാന്തത ഭഞ്ജിക്കപ്പെട്ടുവെങ്കിലും, പല ആണ്ടുകളായി കണ്ടും കേട്ടും തഴക്കം വന്നിട്ടുള്ളതുകൊണ്ടായിരിക്കും ശാന്തപ്രകൃതികളായ ആ കിളികറം അശേഷം അമ്പരന്നില്ല. അവ സകൗതുകം താഴത്തു നടക്കുന്നതെല്ലാം വീക്ഷിച്ചുകൊണ്ടു് സ്വസ്ഥാനങ്ങളിൽത്തന്നെയിരുന്നു. നിറയെ പൂക്കളൊന്ന തരുശാഖകളേയും വല്ലീകദംബങ്ങളേയും മന്ദമായിളക്കിക്കൊണ്ടും കുസുമനിരകറം നീളെ പൊഴിച്ചുകൊണ്ടും ഇളംതെന്നൽ അങ്ങിങ്ങും വിലസി 'അയ്യപ്പന്മാ'രുടെ യാത്രാക്ലമം ലഘൂകരിച്ചു.

ഭക്തശബരി ഭഗവാനെ സഗുണാത്മഭാവത്തോടെയാണു് സേവിച്ചതു്. തന്മൂലം മഹാജ്ഞാനികളും മഹർഷിവര്യന്മാരുമായ ഗുരുനാഥന്മാക്കുപോലും അലഭ്യമായ മഹാഭാഗ്യം— ജഗന്നാഥനായ ആത്മാരാമനെ നേരിൽ ദശിക്കാനെന്നല്ല, തന്റെ അതിഥിയായാദരിക്കാനും ലഭിച്ച അസുലഭഭാഗ്യം—കേവലം ഹീനജാതിയിൽ പിറന്ന അവറക്കു കൈവന്നുവെങ്കിലും, നിത്യനിർവ്വാണപ്രാപ്തിക്കു പര്യാപ്തമായില്ല. അവറം വീണ്ടും ഒരു ജന്മമെടുത്തു് നിർഗ്ഗുണബ്രഹ്മധ്യാനത്തോടെ കഠിനതപം ആചരിച്ചു് താരകബ്രഹ്മമൂർത്തിയായ ശാസ്താവിന്റെ പ്രീതിയാർജ്ജിച്ചു് നിത്യകൈവല്യസിദ്ധയായി.*

---

* ഭൂതനാഥോപാഖ്യാനം.

ശബരിപ്പീഠത്തിൽ ഭക്തിപുരസ്സരം കർപ്പൂരാരാധനയും കേരബലിയും നടത്തിയശേഷം സ്വാമിസന്നിധാനത്തിലെത്താനുള്ള ഉഴറോടെ 'അയ്യപ്പന്മാർ' നടന്നു. കഠിനമായ വ്രതാനുഷ്ഠാനങ്ങളും പ്രയാണവും സാധിച്ചു ജഗദാശ്രയഭൂതനായ ഭഗവാനെ ദർശിക്കാനുള്ള അത്യാർത്തിയോടെ വന്നണയുന്ന ഭക്തകോടികളെ അവരുടെ ഹൃദയാന്തർഭാഗം ആശയും ആവേശവും കൊണ്ടു് ആന്ദോളിതമാക്കി. ശബരിഗിരി ക്ഷേത്രപരിസരവും അന്തരീക്ഷവും ആയസധൂളികളെ കാന്തശക്തിയെന്നോണം ആകർഷിച്ചുറപ്പിച്ചു. ശബരിപ്പീഠത്തിന്നും പതിനെട്ടാംപടിക്കും തമ്മിലുള്ള ദൂരം സുമാർ ഒരു മൈലാണു്. ഇതിന്നിടയിലാണു് ആറാമത്തെ ഗോഷ്ഠമായ ശരംകുത്തിയാൽച്ചുവട്ടു്. ഈ സ്ഥാനത്തു് ഇന്നു് ഒരാൽവൃക്ഷമില്ല. സമനിരപ്പിൽനിന്നു് അല്പം ഉയരത്തിൽ കെട്ടിയുണ്ടാക്കീട്ടുള്ള ഒരു പഴയ തറമാത്രമെയുള്ളു. ഇവിടെ ഒരു വലിയ വടവൃക്ഷം ഉണ്ടായിരുന്നതു് കണ്ടിട്ടുള്ള പഴമക്കാരായ 'അയ്യപ്പന്മാർ' പലരുമുണ്ടു്.

കന്നി 'അയ്യപ്പന്മാർ' കൈയിൽകൊണ്ടുവന്നിട്ടുള്ള ശരക്കോലുകളും വില്ലുകളും ഗദകളും മറവും ഇവിടെ സമർപ്പിച്ചു്, ഭക്തിപൂർവ്വം ശരണം വിളിക്കുകയും നാളികേരം എറിയുകയും ചെയ്യും. ഈ തറപ്പുറത്തു് ലക്ഷോപലക്ഷം വില്ലുകളും ശരങ്ങളും കുന്നുകൂടി കിടന്നിരുന്നു. എല്ലാംതന്നെ പുതിയവ അല്ലാതെ പഴകി ജീർണ്ണിച്ചവ ഒന്നുപോലുമില്ല. എത്ര കന്നി 'അയ്യപ്പന്മാർ' ഈയാണ്ടിലും 'സ്വാമിഭക്തന്മാരായിത്തീർന്നിട്ടുണ്ടെന്നും മലയിലെത്തീട്ടുണ്ടെന്നും അതുതെളിയിക്കുന്നു.

ശബരിമലയിൽ അയ്യപ്പക്ഷേത്രത്തോടനുബന്ധിച്ചു്, ഗണപതി, സുബ്രഹ്മണ്യൻ, വാവരു്, തുടങ്ങിയ മൂർത്തികളുടേയും, കറുപ്പസ്വാമി, കടുത്തസ്വാമി മുതലായ ഭൂതവൃന്ദങ്ങളിൽ പലരുടേയും പ്രതിഷ്ഠകളും ക്ഷേത്രങ്ങളുമുള്ളതോടൊപ്പം, മാളികപ്പുറത്തമ്മ

(ഭഗവതി) മലനടഭഗവതി തുടങ്ങിയ ദേവതകളുടെ പ്രതിഷ്ഠകളും അമ്പലങ്ങളുമുണ്ട്. മാളികപ്പുറത്തമ്മ ഏതു ദേവിയെ സങ്കല്പിച്ചിട്ടുള്ള പ്രതിഷ്ഠയാണെന്ന വിഷയത്തിൽ ഭിന്നാഭിപ്രായങ്ങളും ഐതിഹ്യങ്ങളുമാണ് ഉള്ളത്. പാണ്ഡ്യരാജവംശക്കാരുടെ ഭക്ത്യാദരങ്ങൾക്ക് വിശേഷേണ പാത്രമായിട്ടുള്ള മധുരമീനാക്ഷിയുടെ പ്രതിഷ്ഠയാണ് അതെന്ന് വിശ്വസിക്കപ്പെടുന്നു. ഭൂതനാഥോപാഖ്യാനപുരാണത്തിൽ മാളികപ്പുറത്തമ്മയെക്കുറിച്ച ആഗമം ഇങ്ങനെയാണ്. അമാനുഷപ്രഭാവനായ ഹരിഹരനന്ദനൻെറ മൎദ്ദനമേററ് അസ്തപ്രാണയായ മഹിഷിയിൽനിന്ന് ശാപവിമുക്തിവന്ന തേജോരൂപിണിയായ ലീല അംബരത്തിലേയ്ക്കുയൎന്നു. യോഗമായാദേവിമാരുടെ ശക്തിവിശേഷമായ അവൾ ശാസ്താവിനെ താരകബ്രഹ്മമൂൎത്തിയായ ജഗന്നാഥനായി ഗ്രഹിക്കുകയും അദ്ദേഹത്തിൻെറ ശക്തിസ്വരൂപിണിയായ തന്നെ സ്വീകരിച്ച നുഗ്രഹിപ്പാൻ പ്രാൎത്ഥിക്കുകയും ചെയ്തു. അപ്പോൾ കരുണാനിധിയായ ശാസ്താവ് താൻ ഈ അവതാരത്തിൽ ബ്രഹ്മചര്യാവ്രതനിഷ്ഠനാണെന്നും അതിനാൽ തനിക്കു ദേവിയെ സഹോദരീഭാവത്തിലല്ലാതെ സ്വീകരിപ്പാൻ നിവൃത്തിയില്ലെന്നും അരുളിച്ചെയ്തു. എങ്കിലും, ശബരിഗിരിയിൽ തൻെറ പ്രതിഷ്ഠാസ്ഥാനത്തിന്നു കുറച്ചകലെ വാമഭാഗത്തായി ലോകാനുഗ്രഹാൎത്ഥം ഭക്തജനവന്ദിതയായി സ്ഥിതിചെയ്തുകൊൾവാൻ ദേവിക്ക് അനുവാദം നല്കി. അതാണ് മഞ്ചമാതാവ്. ചില ശാസ്താംപാട്ടുകളിലും ഐതിഹ്യങ്ങളിലും വിവരിച്ചിട്ടുള്ളതനുസരിച്ച് അയ്യപ്പനെ ഭൎത്താവായി ലഭിക്കാൻ കൊതിച്ച്, കാമിതസിദ്ധിവരാതെ നൈരാശ്യമൂകയായിട്ടോ, ജീവാത്യയത്തിനാളായിട്ടോ തീൎന്നിട്ടുള്ള ഒരു സ്ത്രീയുടെ പ്രതിഷ്ഠയാണ് മാളികപ്പുറത്തമ്മ. നൈഷ്ഠിക ബ്രഹ്മചര്യാനിഷ്ണാതമാണ് തൻെറ ഇദാനീന്തന അവതാരമെന്നും, അതിനാൽ തന്നിൽ അൎപ്പിതമായ ലൗകികപ്രേമബന്ധത്തിന്നു് അടിമപ്പെടാൻ തനിക്ക് നിവൃത്തിയില്ലെന്നും, ഇനിയൊരു ജന്മം എടുക്കേണ്ടിവരികയാണെങ്കിൽ അന്നോ,

അല്ലെങ്കിൽ, തന്നെ ദർശിച്ച കൈവല്യം നേടാൻ കൊതിച്ചുകൊണ്ടു് ശബരിഗിരിയിലുള്ള തൻെറ സന്നിധാനത്തിലേയ്ക്കു് ഒരു 'കന്നി അയ്യപ്പൻ' പോലും വന്നെത്താതാവുന്ന അന്നോ താൻ ബ്രഹ്മചര്യവ്രതം ഉപേക്ഷിച്ചു് ആ കാമിനിയുടെ ഭർത്തൃപദം സ്വീകരിക്കാമെന്നു് അയ്യപ്പൻ വാക്കുകൊടുത്തിട്ടുള്ളതനുസരിച്ചു് ആ നാളെയും പ്രതീക്ഷിച്ചു് തപോവൃത്തിയിൽ കഴിയുകയാണു് പ്രസ്തുതഭഗവതി എന്നാണു് ഭക്തസങ്കല്പം. ഭഗവാനെത്തന്നെ ധ്യാനിച്ചുകൊണ്ടുള്ള ദേവിയുടെ തപോനിഷ്ഠക്കു് വിഘ്നം സംഭവിക്കാനിടയാക്കുന്നതു് അനുചിതമെന്നു വെച്ചാവാം, മാളികപ്പുറത്തമ്മയുടെ അമ്പലനടതുറന്നു് പൂജയോ ദർശനമോ പതിവില്ലാത്തതു്. ദേവിയുടെ പ്രത്യേകഅരുളപ്പാടു് ഉണ്ടാവുന്ന വേളയിലേ നടതുറക്കാവൂ എന്നാണു് വയ്പു്. ലോകമാതാവായ പരാശക്തിയെന്നു സങ്കല്പിച്ചുകൊണ്ടാണു് ഭക്തന്മാർ ദേവിയുടെ സാന്നിദ്ധ്യശക്തികളോടുകൂടി ഇവിടെ മുമ്പിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ത്രിശൂലത്തേയും വിളക്കിനേയും കണ്ടുതൊഴുന്നതും ഉപാസിക്കുന്നതും. മററ ചില പഴയ ആചാരങ്ങൾക്കെന്നപോലെ ഈ സമ്പ്രദായത്തിന്നും മററം വന്നിട്ടുള്ളതായി അടുത്തകാലത്തു് കാണുന്നുണ്ടെന്നു് ഗുരുസ്വാമി അറിയിച്ചു.

ആണ്ടിലൊരിക്കൽ, മകരസംക്രമത്തിന്നാൾ, വാദ്യഘോഷങ്ങളോടും തീവട്ടി തുടങ്ങിയ ആലവാരങ്ങളോടുംകൂടി ദേവിയുടെ ഒരെഴുന്നെള്ളിപ്പുണ്ടു്, മാളികപ്പുറത്തുനിന്നു് ശരംകുത്തിയാൽച്ചുവടുവരെ, 'കന്നി അയ്യപ്പന്മാർ' ഒരാളും വന്നിട്ടില്ലേ എന്നു് സ്വയം പരിശോധിക്കാൻവേണ്ടി നിരവധി 'കന്നിഅയ്യപ്പന്മാ'രുടെ ആഗമന ചിഹ്നമായി ഈ ആൽത്തറസ്ഥാനത്തു് കുന്നുകൂടിക്കിടക്കുന്ന ശരങ്ങളും വില്ലുകളും കണ്ടു്, നിരാശാനിർഭരചിത്തയായ ദേവി ആഘോഷങ്ങളെല്ലാം തിരസ്കരിച്ചുകൊണ്ടാണു് തിരിച്ചെഴുന്നെള്ളുക. തീവട്ടികൾപോലും കെടുത്തിയിരിക്കും അപ്പോൾ.

ലോകാനുഗ്രഹാൎത്ഥമായി ലോകൈകനാഥനായ ശാസ്താവിനെ കുടിയിരുത്തി പൂജിപ്പാനുള്ള ക്ഷേത്രം നിൎമ്മിക്കേണ്ടതു് ഏതു വിശുദ്ധസ്ഥലത്താണെന്നറിയാതെ വിഷമിക്കുന്ന പന്തളഭൂപനു് ആ സ്ഥാനം കാണിച്ചുകൊടുപ്പാനായി അയ്യപ്പൻ തൊടുത്തയച്ച ശരം ചെന്നു തറച്ച ഇടമാണു് 'ശരംകുത്തിയാൽച്ചുവടു'' എന്നാണു് പുരാണകഥ. ആ സ്ഥലത്തിന്നു് തൊട്ടടുത്തായിട്ടാണു് ശാസ്ത്രപ്രതിഷ്ഠക്കും ദേവാലയ നിൎമ്മിതിക്കും ഉത്തമമായ സ്ഥാനം പരശുരാമൻ നിൎദ്ദേശിച്ചതു്.

> ''ശത്രുസംഹാരംചെയ്തുമടങ്ങും മണികണ്ഠ-
> നത്രതൻശരംകുത്തിവീരജൃംഭിതത്തോടെ''

എന്ന വിശ്വാസത്തിൻെറ അടിസ്ഥാനം എന്തെന്നു് മനസ്സിലാവുന്നില്ലെന്നു് ഗുരുസ്വാമി പറഞ്ഞു. കാരണം, പുരാണകഥകളിൽ മണികണ്ഠൻ മഹിഷിയെയല്ലാതെ മറേറതു ശത്രുവിനേയും നിഗ്രഹിച്ചതായി പ്രതിപാദ്യമില്ല. മഹിഷീനിഗ്രഹമാണെങ്കിലോ അലസാനദിക്കരയിൽ വെച്ചാണു് നടന്നിട്ടുള്ളതു്. പിന്നെ എങ്ങനെ നീലിമലമുകളിൽക്കൂടെ തിരിച്ചുപോയെന്നും, അവിടത്തെ ഒരു മരത്തിൽ ശരംകുത്തിവെപ്പാനിടവന്നു എന്നും വിശദമാകുന്നില്ല.

ശരക്കോൽ സമൎപ്പണത്തെത്തുടൎന്നു് ഒട്ടും വൈകിക്കാതെ ഭഗവദ്ദൎശനാകാംക്ഷാവേശത്താൽ ത്വരിതഗതിയിൽ ചരിക്കുന്ന ഭക്തകോടികളുടെ ശ്രവണപുടങ്ങളിൽ, അകലത്തുനിന്നുതന്നെ ക്ഷേത്രനടക്കലെ കതിനവെടി മുഴക്കം അനുസ്യൂതം ചെന്നലച്ചു. പതിനെട്ടാംപടിയും അവിടത്തെ നാനാവിശേഷങ്ങളും ദൃഷ്ടിഗോചരമായിത്തുടങ്ങിയതോടെ അവരുടെ ഹൃദയതലങ്ങളിൽ അനിൎവ്വചനീയമായ ഒരാശ്വാസവും സംതൃപ്തിയും സംജാതമായി. എല്ലാവരും പതിനെട്ടാം പടിക്കലെത്തി ലക്ഷോപലക്ഷം 'അയ്യപ്പന്മാരു'ടെ കണ്ഠങ്ങളിൽ നിന്നുയരുന്ന ശരണം വിളികളും, സ്തോത്രാ

ലാപങ്ങളും, നാഗസ്വരം തുടങ്ങിയ സംഗീതോപകരണങ്ങളുടെ പ്രവൎത്തനങ്ങളും, ക്ഷേത്രത്തിലെ കുടമണികളിൽ നിന്നുയരുന്ന നാദവും, ഇടതടവില്ലാതെ പൊട്ടുന്ന കതിനവെടിമുഴക്കവും, എല്ലാംചേൎന്നു് ആ ക്ഷേത്രാന്തരീക്ഷം ചണ്ഡമാരുതാഹതിയേററു് പ്രക്ഷുബ്ധമായി അലയടിച്ചാൎത്തിരമ്പുന്ന പെരും കടലിൻെറ പ്രതീതിയുളവാക്കി. ഭാനുമാൻ അംബരമദ്ധ്യംകടന്നു് പടിഞ്ഞാറോട്ടു് ചാഞ്ഞുതുടങ്ങിയിട്ടേഉള്ളു. തൻെറ തീക്ഷ്ണാംശുക്കൾക്കു പോലും അപ്രാപ്യമാംവിധം നിബിഡസമായ് വളൎന്നും, നിത്യാന്ധകാരജടിലമായും ഭീകരമായും പടൎന്നുകിടക്കുന്ന മഹാടവിയേയും അതിക്രമിച്ചെത്തീട്ടുള്ള മാനവമഹാസമുദ്രത്തെ ഭഗവാൻ കൎമ്മസാക്ഷി ഉററുനോക്കുകയാണു്. അഥവാ, അത്യുൽക്കട വൎഷാപാതത്താൽ ഭുവിതാനമപ്പാടെ പ്രളയത്തിലാഴ്ത്താനൊരുമ്പെട്ട കാളാംബുദപടലം അഹസ്കരനായ തന്നേയും അന്ധകാരാവരണത്താൽ മൂടാൻ ഒരുമ്പെട്ടു് പൊങ്ങിവരികയാണെന്നു് ശങ്കിച്ച് അമ്പരന്നിരിക്കയാണോ ആ ഭാസ്വാൻ! അദ്ദേഹത്തിൻെറ തപനഹേതികളെ തൃണവൽഗ്ഗണിച്ചു് ആൎത്തിരമ്പിയടുക്കുന്ന ആ കട്ടിക്കാറണിയെ തട്ടിയകററി ഛിന്നഭിന്നമാക്കാൻ തക്ക കൈയ്യൂക്കും കരുത്തും പ്രചണ്ഡപ്രതാപവാനായ പവ്വ്വതാനിലനുമുണ്ടായില്ല. അന്തരീക്ഷത്തിലലയ്ക്കുന്ന സ്തനിതധ്വനിയെ അപാരതയിലേയ്ക്കുനയിച്ചു് പ്രതിദ്ധ്വനിപ്പിക്കാനുതകുവാനേ അവനാളായുള്ളു. മനുഷ്യപ്രവാഹങ്ങൾ ആ പാരാവാരത്തിന്നു് പൂവ്വ്വാധികം വൈപുല്യമുണ്ടാക്കുകയാണു്.

ഭാരമേറിയപള്ളിക്കെട്ടുകളേന്തി നമ്രമായശിരസ്സുകളോടും ഭഗവൽദൎശനത്തിനുള്ള തീവ്രാഭിലാഷവും ഉൽക്കടഭക്തിയുംകൊണ്ടു് തുടിക്കുന്ന മനക്കരുന്നുകളോടും, ബഹുദൂരം ചരിക്കുകമൂലം തളൎന്നവയെങ്കിലും, ഉദ്ദിഷ്ടസ്ഥാനപ്രാപ്തിയിൽ വാച്ചസന്തോഷാവേശത്താൽ സിദ്ധബലിഷ്ഠങ്ങളായ കുഴലുകളോടുംകൂടി 'അയ്യപ്പന്മാർ' പതിനെട്ടാംപടിസമീപിച്ചു. പടികളതൊട്ടു വന്ദിച്ചശേഷം

വലതുകാൽ മുമ്പിൽവെച്ചും, ഓരോപടിയിലും ഓരോനാളികേരം വീതം ബലിയപ്പിച്ചുംകൊണ്ടു് അവർ മേല്പോട്ടുകയറി.

പഞ്ചേന്ദ്രിയങ്ങരം, അഷ്ടരാഗങ്ങരം, ത്രിഗുണങ്ങരം, വിദ്യ, അവിദ്യ എന്നിവയെ ആധാരമാക്കി, പൂർവ്വാഭിമുഖമായി, നിർമ്മിച്ചിട്ടുള്ളതാണു് ഈ അഷ്ടാദശതത്വസോപാനങ്ങരം.

ഇന്ദ്രിയാഭിലാഷങ്ങളെ സംയമനം ചെയ്തു്, രാഗദ്വേഷാദിദുർഗ്ഗുണങ്ങളെ നിശ്ശേഷം നശിപ്പിച്ച്, അജ്ഞാനാന്ധകാരത്തിൽനിന്നു് നിർമ്മുക്തരായി, യഥാർത്ഥജ്ഞാനംനേടി, തീവ്രവൈരാഗ്യബുദ്ധിയോടും പരമാത്മസ്വരൂപനായ മഹേശ്വരനിൽ അചഞ്ചലഭക്തിവിശ്വാസങ്ങളോടുംകൂടി മുന്നേറുന്നവക്കേ ആ കൈവല്യമൂത്തിയെ കാണ്മാനും പ്രാപിക്കാനും കഴിയൂ എന്ന പരമവേദാന്തതത്വത്തെ പ്രതിനിധാനം ചെയ്യുകയാണു് സത്യമായ ഈ പതിനെട്ടുപടികരം.

പരമൈക്യം കാംക്ഷിച്ചുകൊണ്ടു് യോഗാനുഷ്ഠാനമാചരിക്കുന്ന യതികഠ് തരണംചെയ്യേണ്ടുന്ന പടവുകളാകുന്നു ഇവയെല്ലാം. ആശ്രിതവത്സലനായ ശാസ്താവിനെ ദർശിച്ചു് തൽപ്രസാദവശേന ജീവിതക്ലേശങ്ങളിൽനിന്നു് ശാന്തി നേടുക എന്ന ലൗകികോദ്ദേശമാണല്ലോ സാമാന്യേന ശബരിമലയ്ക്കു വരുന്ന മിക്ക 'അയ്യപ്പന്മാ'ക്കും ഉള്ളതു്; പരമാത്മജ്ഞാനവും മോക്ഷപ്രാപ്തിയും ഒക്കെത്തന്നെയാണു് അവരുടേയും പരമമായ ഉദ്ദേശമെന്നതു് നിഷേധിക്കാവതല്ലെങ്കിലും അങ്ങനെയുള്ളവക്കും ഭഗവൽസന്നിധാനത്തിലെത്തി ദർശനം സാധിക്കാനും ഭഗവദനുഗ്രഹംകൊണ്ടു് ജീവിതവ്യഥകരംക്ക പ്രശാന്തിയുണ്ടാവാനും, യമനിയമാദിസാധനകളും വ്രതാനുഷ്ഠാനങ്ങളും സർവ്വോപരി ആത്മാർത്ഥവും അകന്മഷവുമായ നിശ്ചലഭക്തിയും അത്യന്താപേക്ഷിതമാകുന്നു. ഉത്തമവ്രതങ്ങളനുഷ്ഠിച്ചു് സംശുദ്ധി നേടീട്ടില്ലാത്ത ഒരാരംക്കും പതിനെട്ടാം

പടി കയറിക്കൂടാ. ഈ നിയമത്തെ അവഗണിച്ച് സാധാരണ ആരും പ്രവൎത്തിക്കാറില്ല. ദൈവശക്തിയെ നിന്ദിച്ചുകൊണ്ടു് അപാകത കാണിക്കുന്ന അഹമ്മതിക്കാരനു് അനുഭവം കൈയ്യിലാണെന്നാണു് ഭക്തന്മാർ വിശ്വസിക്കുന്നതു്. ചിത്തഭ്രമം, കൈകാലുകൾ അനക്കാൻ പാടില്ലായ്ക എന്നീ ശിക്ഷകൾക്കു് ആ വക ദുൎമ്മതികൾ വിധേയരായിക്കണ്ടിട്ടുള്ള അനുഭവകഥകൾ പലതും പഴമക്കാരായ 'അയ്യപ്പന്മാ'ൎക്കു് പറയാനുണ്ടു്. ഏതായാലും, ഈ പടികളുടെ പരിശുദ്ധിയെക്കുറിച്ചു് ആൎക്കും ചോദ്യംചെയ്യാവതല്ല. മഹത്തായ ആദൎശങ്ങളെ ആധാരമാക്കി നിൎമ്മിക്കപ്പെട്ടിട്ടുള്ളവയാണു് ഈ സോപാനങ്ങൾ എന്നതും നിശ്ചയമാണു്. ആന്തരികവും ആദൎശാധിഷ്ഠിതവുമായ ഏതൊന്നിൻേറയും ആധ്യാത്മിക സംശുദ്ധി പരിരക്ഷിക്കാൻ അത്യന്താപേക്ഷിതമായ ആചാരനിയമങ്ങളെ അനുകൂലിച്ചു പെരുമാറേണ്ടതു് ഏതു് ആസ്തികൻേറയും കടമയാകുന്നു. അതിപ്രാചീനകാലംമുതൽക്കേ സാമാന്യജനത വിശ്വസിച്ചാചരിച്ചു വരുന്നവയും വിശേഷിച്ചാൎക്കും ഒരു ദോഷത്തിനും ഇടയാക്കാത്തവയുമായ നിയമങ്ങളെ അവഹേളിക്കാനോ അവയ്ക്കു് അൎത്ഥശൂന്യത കല്പിക്കാനോ ഒരുമ്പെടുന്നതു് അനാരോഗ്യകരമല്ലേ? തൻേറ വിശ്വാസങ്ങൾക്കനുസരിച്ചു് അബദ്ധങ്ങളും നിഷിദ്ധങ്ങളുമായവ മററു പലൎക്കും സുബദ്ധങ്ങളും സ്വീകാൎയ്യങ്ങളുമാണെങ്കിൽ അതിൽ അരിശംകൊണ്ടു് തൻേറ വിശ്വാസാദൎശങ്ങളെ അപരന്മാരിൽ അടിച്ചേല്പിക്കാൻ ഒരുങ്ങിപ്പുറപ്പെടുന്നതു് ആശാസ്യമല്ല, പലപ്പോഴും അതൊരു അക്രമമാണുതാനും. സത്യം, അസ്തേയം, ബ്രഹ്മചൎയ്യം തുടങ്ങിയവയെ സംബന്ധിക്കുന്ന ലോകനിയമങ്ങൾ സനാതനങ്ങളാണു്, തന്മൂലം ആവകയെ സംബന്ധിച്ചേടത്തോളം മേൽച്ചൊന്നവയൊന്നും ബാധകമല്ല. അന്യന്മാരുടെ വിചാരവിശ്വാസങ്ങളിൽ കൈകടത്താനുള്ള ദുഷ്പ്രവണതയുടെ വിളവായാണു് ലോകത്തിൽ മിക്ക സംഘൎഷങ്ങളും സംഘട്ടനങ്ങളും സംഭവിക്കുന്നതു്: വിശേഷിച്ചും മതപരമായവ.

പതിനെട്ടാംപടിയുടെ പരിപാവനതയിൽ വിശ്വാസമില്ലാത്ത ഒരുവൻ വിശ്വാസിയുടെ വിശ്വാസത്തിന്റെ അത്ഥശൂന്യതയെ തെളിയിക്കാൻവേണ്ടി മാത്രം ശബരിഗിരിയിലേയ്ക്കു വരുന്നതും നിരവധി വിശ്വാസികളുടെ വിശ്വാസങ്ങളേയും ഹൃദയങ്ങളേയും വ്രണപ്പെടുത്തുമാറു് അകൃത്യങ്ങൾ ആചരിക്കുന്നതും അന്യായവും വ്യത്ഥവുമല്ലേ എന്നു് ഗുരുസ്വാമി ചോദിച്ചു.

സ്വാമിമുദ്രയോടുകൂടിയല്ലാതെ ആരും പതിനെട്ടാംപടി കയറിക്കൂടെന്നും, ഒരിക്കൽ കയറിക്കഴിഞ്ഞാൽ പിന്നെ സ്വാമിദശ്നവും പൂജകളും മററെല്ലാ നേച്ചകളും കഴിഞ്ഞു് മകരവിളക്കും കണ്ടശേഷം സ്വദേശത്തേയ്ക്കു തിരിച്ചുപോകുന്ന സന്ദഭത്തിലല്ലാതെ ആ പടികളിൽക്കൂടെ താഴോട്ടിറങ്ങിക്കൂടെന്നുമാണു് നിശ്ചയം. മററവസരങ്ങളിലൊക്കെ വടക്കും പടിഞ്ഞാറുമുള്ള പടിക്കെട്ടുകളിൽക്കൂടിയേ കയറാനും ഇറങ്ങാനും പാടുള്ളു. പതിനെട്ടാം പടികളിൽക്കൂടെ ഇറങ്ങിപ്പോകുന്നതു് സ്വാമിക്കു് അനഭിമുഖമായിക്കൊണ്ടരുതെന്നും, കയറുമ്പോഴെന്നപോലെത്തന്നെ ഇറങ്ങുമ്പോഴും ഓരോ പടിയിലും ഓരോ നാളികേരം ഭക്തിപൂവ്വം ബലിയപ്പിച്ചുകൊണ്ടു വേണമെന്നും നിബ്ബന്ധമാണു്. നിയമങ്ങൾ ഒട്ടും തെററിക്കാതെ അനുഷ്ഠിക്കുന്ന 'അയ്യപ്പന്മാർ' ഈ പടികളിൽ ഓരോ നാളികേരം അടിക്കുമ്പോഴും കൈ കഴുകി വൃത്തിയാക്കണം. അത്രയ്ക്കു പരിശുദ്ധമായിട്ടാണു് ഈ ദിവ്യസോപാനങ്ങൾ ഗണിക്കപ്പെടുന്നതു് എന്നു് ഗുരുസ്വാമി സ്വശിഷ്യന്മാരെ പറഞ്ഞു കേൾപ്പിക്കുക മാത്രമല്ല, സ്വയം അപ്രകാരം അനുഷ്ഠിച്ചു കാണിക്കുകയും ചെയ്തു.

ക്ഷേത്രപരിസരമാകമാനം സുഗന്ധപരിപൂണ്ണമാക്കിക്കൊണ്ടു് രാപ്പകലൊരുപോലെ ഇടവിടാതെ ആളിക്കത്തുന്ന കർപ്പൂരാഴിയാണു് പതിനെട്ടാംപടിക്കു മുകളിൽ തൊട്ടുമുമ്പിൽ കാണുന്നതു്. ആഴിയിൽനിന്നു പൊങ്ങുന്ന ധൂമപടലി ആകാശവീഥിയി

ലേയ്ക്കു് ഉയരെ പൊങ്ങിനില്ക്കുന്ന ഒരു വിശേഷസ്തംഭമാണെന്നേ ഏതൊരാൾക്കും തോന്നൂ. തുടച്ചയായി അനേകംനാൾ, ഇത്രയും കർപ്പൂരം കത്തിയെരിയുന്ന വേറൊരു ക്ഷേത്രസ്ഥാനമുണ്ടോ എന്നു സംശയമാണു്.

ഓരോ 'അയ്യപ്പ'നും കൈയ്യിൽ കൊണ്ടുവന്നിട്ടുള്ള കർപ്പൂരം ഈ ആഴിയിൽ ആഹുതിയർപ്പിച്ചു വന്ദിച്ചു്, ബലിക്കൽപുരയിൽ ക്കൂടെ അമ്പലത്തിന്നകത്തേയ്ക്കു പ്രവേശിച്ചു. മണിമണ്ഡപത്തേയും കന്നിമേൽ (കന്നിമൂല) ഗണപതിയേയും വന്ദിച്ചശേഷം പ്രദി ക്ഷണമായി ചെന്നു് സ്വാമിസന്നിധിയിൽ എത്തി.

ഭക്തജനവന്ദിതപാദനായി, ഭട്ടബന്ധാരൂഢസ്ഥിതനായി, ഭവസാഗരതിതീർഷുക്കളായ വൈരാഗികൾക്കൊരാലംബപോതമായി, സാധുജനസംരക്ഷണദക്ഷനായി, സമസ്തലോകാനുഗ്രഹവ്യഗ്രനായി, നീലനീരജദളനേത്രവീക്ഷണത്താലും ചന്ദ്രികാമന്ദസ്മിതസുന്ദരാഭയാലും ഭക്തജനഹൃൽക്കമലങ്ങളിൽ ആനന്ദാമൃതം വർഷിച്ചിരുന്ന ദിവ്യവിഗ്രഹനായി, - ചിന്മുദ്രാശോഭിതഹസ്തനായിരിക്കുന്ന ധർമ്മശാസ്താവിനെ കൺകുളിരെ ദർശിച്ചു് പുളകഭൂഷിതഗാത്രന്മാരായ 'അയ്യപ്പന്മാർ' അല്പനേരം നിർവൃതിയനുഭവിച്ചു.

സ്വാമിദർശനാനന്തരം എല്ലാവരും വടക്കവശത്തുള്ള പടികളിൽക്കൂടെ താഴത്തേക്കിറങ്ങി സൗകര്യമായ ഒരിടത്തു് വിരികൾവെച്ചു കെട്ടുകളിളച്ചു് വിശ്രമിച്ചു.

മഹാതപസ്വിനിയായ ശബരി പണ്ടു് യോഗാഗ്നിയിൽ സ്വദേഹം ദഹിപ്പിച്ചു് പരമപദം പ്രാപിച്ചസ്ഥാനത്താണു് (പതിനെട്ടാം പടിക്കു് അല്പം വടക്കായി) ഭസ്മക്കുളതീർത്ഥം സ്ഥിതിചെയ്യുന്നതു്. ഇത്രയേറെ ജനങ്ങൾ ഈ ചെറിയ കളത്തിൽ ഇറങ്ങി സ്നാനം ചെയ്യുന്നതുകൊണ്ടുതന്നെ ഇതിലെ ജലം അഴുക്ക

കലൻതാവാൻ സാധ്യതയുണ്ട്. അതിനും പുറമെ, പൊതുസ്ഥലങ്ങളിലും ഇതുപോലത്തെ പുണ്യസ്ഥലങ്ങളിൽ വിശേഷിച്ചും ഓരോരുത്തരും അനുസരിക്കേണ്ടുന്ന പൊതുജനാരോഗ്യപരമായ സാമാന്യനിയമങ്ങൾ എന്തെന്നറിഞ്ഞ് പരുമാറുവാൻപോലും കൂട്ടാക്കാതെ ബുദ്ധിശൂന്യമായി ചില ആളുകൾ ചെയ്യുന്ന ദുഷ്പ്രവൃത്തികൾമൂലം ഈ പുണ്യതീർത്ഥത്തിലെ ജലം മലിനസമ്പൂർണ്ണവും ദുർഗ്ഗന്ധജടിലവുമായിത്തീർന്നിരിക്കുന്നു. മിക്ക തീർത്ഥസ്ഥലങ്ങളിലേയും സ്ഥിതി ഏറെക്കുറെ ഇതാണെന്ന വസ്തുത വിസ്മരിക്കാൻ വയ്യെന്നും, പൊതുജനങ്ങളുടെ ശുചീകരണബോധക്കുറവാണ് ഇതു സൂചിപ്പിക്കുന്നതെന്നും ഗുരുസ്വാമി വ്യസനസമേതം പറഞ്ഞു.

ഈ അനാശാസ്യസ്ഥിതിക്ക് ഒരു പരിഹാരമുണ്ടാക്കാൻ വേണ്ടി ശബരിഗിരിയിൽ അയ്യപ്പസേവാസംഘക്കാരും ഗവമ്മേണ്ടും ചിലതൊക്കെ പ്രവൎത്തിക്കുന്നുണ്ടെങ്കിലും, സ്ഥിതിഗതികൾ നന്നാക്കാൻ തക്കവണ്ണം അതൊന്നും പര്യാപ്തമല്ലെന്നതാണ് വാസ്തവം. തമിഴ് നാട്ടിലും മററുമുള്ള ക്ഷേത്രങ്ങളിലേയും ദേവസ്വസ്ഥാപനങ്ങളിലേയും സ്ഥിതികളോടുപമിക്കുമ്പോൾ ഇവിടുത്തെ കാര്യങ്ങൾക്കൊക്കെ ഒരുമാതിരി അനാഥാവസ്ഥയോ, അശ്രദ്ധയും അവഗണനയും കാരണമായ തകരാറുകളോ ഉള്ളത് ഏതൊരാൾക്കും പ്രത്യക്ഷമാണ്. പൊതുസേവനത്തിൻെറ മറവിലുള്ളിൽ നിന്നുകൊണ്ട് സ്വയം പേരും പെരിമയും നേടി ജനസമക്ഷം പ്രാമാണ്യം നടിക്കാൻവെമ്പുന്ന സ്വാൎത്ഥികളെയാണ് ഇന്നു് നാട്ടിൽ അധികവും കാണപ്പെടുന്നതു് എന്നും, ഏതു പൊതുസംഘടനയിലേയും പുഴക്കുത്തുകളായിത്തീരുന്നതു് അങ്ങനത്തെ ദുർബ്ബുദ്ധികളായ മനുഷ്യരാണെന്നും ഗുരുസ്വാമി ആവലാതിപ്പെട്ടു. അപ്രകാരമുള്ള ആളുകളുടെ ആധിപത്യത്തിലുള്ള സംഘടനകൾ എത്രതന്നെ സമുന്നതമായ ആദർശങ്ങൾ മുൻനിർത്തി രൂപവൽക്കരിക്കപ്പെട്ടവയായാലും ശരി, പരിപൂർണ്ണ ആത്മാർത്ഥതയോടെ സ്വകൃത്യങ്ങൾ നിർവ്വഹിപ്പാൻ സമർത്ഥങ്ങളാകുന്നതല്ല;

അവയുടെ പ്രവർത്തനം ഉദ്ദേശിക്കുന്നേടത്തോളം ഫലപ്രദവുമാവില്ല. അയ്യപ്പസേവാസംഘത്തെ സംബന്ധിച്ചും ഈവക കോട്ടങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കാനാവില്ലെന്നില്ല എന്നാണ് ഗുരുസ്വാമി പറയുന്നത്. സേവാസംഘവും, ദേവസ്വവും, പല നല്ലകാര്യങ്ങളും ചെയ്യുന്നുണ്ടാവാം, ഇനിയും ചെയ്യണമെന്നുദ്ദേശിക്കുന്നുമുണ്ടാവാം. എന്നാൽ, കുറെക്കൂടെ ആത്മാർത്ഥപൂർണ്ണവും സേവനവ്യഗ്രവുമായ നേതൃത്വവും പ്രവർത്തനവ്യാപ്തിയുമുണ്ടെങ്കിൽ, ഇന്നു് ശബരിഗിരി തീർത്ഥാടകർക്കു് അനുഭവപ്പെടുന്ന ബഹുശതം അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും ഗണ്യമായതോതിൽ കുറയ്ക്കാനെന്നല്ല നിശ്ശേഷം ഇല്ലാതാക്കാൻതന്നെ സാധിക്കുമെന്നാണ് ഗുരുസ്വാമിയുടെ അഭിപ്രായം. ക്ഷേത്രപരിസരങ്ങളിലെ ശുചിത്വവിഷയകമായും 'അയ്യപ്പന്മാ'ർക്കു് ശുദ്ധജലം സുഭിക്ഷമായി കിട്ടാറാക്കുന്നതിലും അതുപോലുള്ള മററനേകം പ്രധാനകാര്യങ്ങളിലും പലതും ഗുണകരമായി പ്രവർത്തിക്കാൻ അവർക്കു് സാധിക്കേണ്ടതാണ്. വിപുലമായതോതിൽ ആവക കാര്യങ്ങളൊക്കെ സാധിക്കാൻവേണ്ടുന്ന പണത്തിൻെറ കുറവാണ് കാരണമായി പറയുന്നതെങ്കിൽ അതു് അപ്പടി വകവെച്ചുകൊടുക്കാവതല്ല. കാരണം, ശബരിഗിരിക്ഷേത്രത്തിലേയ്ക്കു് നേർച്ചകളായും മററുവിധത്തിൽ നടവരവായും ആണ്ടുതോറും കിട്ടിവരുന്ന സംഖ്യ കുറച്ചൊന്നുമല്ല. ക്ഷേത്രാവശ്യങ്ങൾക്കായി വേണ്ടിവരുന്ന ചെലവുകളെയപേക്ഷിച്ചു് എത്രയോ അധികം വരവുണ്ടെന്നു പ്രത്യക്ഷമാണ്. അതുമല്ലെങ്കിൽ, പൊതുനന്മയ്ക്കായി ഏതെങ്കിലുമൊരു പദ്ധതി ആവിഷ്കരിച്ചു് കാര്യക്ഷമമായരീതിയിൽ അതു നടപ്പാക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്ന ഒരു സംഘടന ആ ചെലവിൻെറ പേരിൽ അഭ്യർത്ഥിക്കുകയാണെങ്കിൽ, മലയിലെത്തുന്ന ഓരോ 'അയ്യപ്പനും' ഓരോ ഉറുപ്പികവീതമെങ്കിലും കൊടുക്കാതിരിക്കില്ല. വേണ്ടിവന്നാൽ, രണ്ടോ മൂന്നോ ആണ്ടുകൾതന്നെ അങ്ങനത്തെ ഒരു പണപ്പിരിവു നടത്തുകയാണെങ്കിൽ വലിയൊരു സംഖ്യയുടെ നിധി രൂപീകരിക്കാൻ ഒരു വിഷമവുമുണ്ടാവില്ലെന്നു തീർച്ച. ഏതുകാര്യം

സംബന്ധിച്ചുള്ള പരിശ്രമമായാലും വേണ്ടില്ല, ആത്മാർത്ഥതയു ണ്ടെങ്കിലേ അതു വിജയിക്കു എന്നു ഗുരുസ്വാമി ആവർത്തിച്ചു പറഞ്ഞു.

ഭസ്മക്കുളത്തിലെ ജലത്തിന്നു ബാഹ്യദൃഷ്ടിയിൽ തീരെ ശുദ്ധിപോരെന്നിരിക്കലും, ദൈവവിശ്വാസശുദ്ധരായ 'അയ്യപ്പ ന്മാ'ർക്കു് അതിൽ സ്നാനംചെയ്യുന്നതുകൊണ്ടു് ശരീരത്തിന്നു് അസു ഖങ്ങൾ ഒന്നും ഉണ്ടാവാറില്ലെന്നു മാത്രമല്ല, പല രോഗങ്ങൾക്കും ശമനമുണ്ടാകാറുണ്ടെന്നും ഭക്തന്മാർ വിശ്വസിക്കുന്നു.

തീർത്ഥസ്നാനത്തെത്തുടന്നു് 'അയ്യപ്പ'ന്മാർ അവരവരുടെ കെട്ടു കളിൽ കൊണ്ടുവന്നിട്ടുള്ള നെയ്ത്തേങ്ങകളിലെ നെയ്യ് സ്വാ മിക്കു് അഭിഷേകം കഴിപ്പിച്ചു. ഭക്തന്മാർ പലരുടേയും വകയായി ഷോഡശാഭിഷേകങ്ങളും, സഹസ്രനാമാച്ചനതുടങ്ങിയ വിശേഷ പൂജാകമ്മങ്ങളും ഒക്കെ നടത്തപ്പെടാറുണ്ടെങ്കിലും ശബരിഗിരി അയ്യപ്പന്നു നെയ്യഭിഷേകമാണു് ഏററവും പ്രിയംകരമായിട്ടുള്ളതു്. അഭിഷേകം കഴിച്ച നെയ്യ് ദിവ്യമായ പ്രസാദമായി കരുതി ഇത്രയും പേർ അല്പാല്പം അവരവരുടെ വീട്ടുകളിലേയ്ക്കു് കൊണ്ടു പോയിട്ടും, ക്ഷേത്രത്തിലെ വിളക്കുകളും തീവട്ടികളും കത്തിക്കാ നും, സ്വാമിക്കു് അത്യന്തം ഇഷ്ടപ്പെട്ട നിവേദ്യങ്ങളായ നെയ്യ പ്പവും നെയ്പായസവും കൈകണക്കില്ലാത്തവിധം ധാരാളമായി ഉണ്ടാക്കുന്നതിന്നും വേറെയും പല ആവശ്യങ്ങൾക്കും യഥേഷ്ടം ഉപയോഗിച്ചിട്ടും, ബാക്കിയാവുന്നതു് ടിന്നുകളിലാക്കി വിററു കിട്ടുന്ന തുക ദേവസ്വത്തിലേയ്ക്കു് ഗണ്യമായ മുതൽക്കൂട്ടിന്നുപകരി ക്കുന്നുണ്ടെങ്കിൽ ആകെ ഇവിടെ വന്നുചേരുന്ന നെയ്യ് എത്രയാ യിരിക്കുമെന്നു് ഊഹിക്കാമല്ലോ.

ശബരിഗിരി പ്രസാദമായ നെയ്യ്, വാതം, വീക്കം, വേദന എന്നിവയ്ക്കും മററുപല രോഗങ്ങൾക്കും ദിവ്യൗഷധമാണു്. അപസ്മാരം ബാധോപദ്രവം തുടങ്ങിയവയ്ക്കും വിശ്വാസപൂർവ്വം

ഉപയോഗിക്കുന്ന ഭക്തന്മാക്ക് അതു പ്രതിവിധിയായി അനുഭവപ്പെട്ടാറുണ്ട്. ആരോഗ്യം ക്ഷയിച്ച ചിലർ ഈ നെയ്യ് സേവിച്ച് ഗണ്യമായ ഗുണം നേടിയിട്ടുള്ളതായും അനുഭവമുണ്ട്.

നെയ്ത്തേങ്ങകളുടെ ഓരോ മുറി കന്നിമേൽ ഗണപതിയുടെ പുരോഭാഗത്തായി അനവരതം ആളിക്കത്തിക്കൊണ്ടിരിക്കുന്ന അഗ്നികുണ്ഡത്തിൽ അപ്പിക്കുകയും, അമ്മട്ടുള്ള ഹോമാപ്പണത്താൽ പരിതുഷ്ടനായ ഹുതാശനന്റെ ജ്വാലയും ധൂമവും സ്വശരീരങ്ങളിൽ ഏല്പിക്കുകയും ചെയ്ത് 'അയ്യപ്പന്മാർ' കായമനസ്സുകൾക്ക് ശുദ്ധിചേത്തു. ഈ ഹോമാഗ്നിയിൽ അല്പം കത്തിക്കരിഞ്ഞ നാളികേരശകലങ്ങൾ പ്രസാദമായി പെറുക്കിയെടുത്ത് അവർ സൂക്ഷിച്ചു.

ഭക്താനുഗ്രഹത്തിൽ സദാസന്നദ്ധനായ ഗണപതിഭഗവാനെപ്പോലെ ക്ഷിപ്രപ്രസാദിയും വരേണ്യനുമായ വേറൊരു ദൈവമില്ല. പെരുംകുമ്പയും കാട്ടി, കാരുണ്യാമൃതവഷം പൊഴിച്ചുകൊണ്ടമരുന്ന കന്നിമേൽഗണപതിയെ തൊട്ടുഴിഞ്ഞു് വന്ദിച്ച് 'അയ്യപ്പന്മാർ' സംപ്രീതരായി.

പതിനെട്ടാംപടിക്ക് സുമാർ നൂറുവാര വടക്കായിട്ടുള്ള ഒരു മതിൽക്കെട്ടിന്നകത്താണ് മാളികപ്പുറത്തമ്മയുടേയും കടുത്തസ്വാമിയുടേയും പ്രതിഷ്ഠകൾ. മാളികപ്പുറത്തമ്മയ്ക്കു് വെററില, കുങ്കമം, മഞ്ഞൾപ്പൊടി, പട്ടു് എന്നിവവഴിപാടായി അപ്പിച്ചശേഷം ഭണ്ഡാരത്തിൽ കാണിക്കയിടുകയും വെടിനേച്ചുനടത്തിക്കുകയും ചെയ്തു. ഇവിടെമാത്രം നാളികേരം ബലിയായി എറിഞ്ഞുടയ്ക്കുന്ന പതിവില്ലെന്നു് ഗുരുസ്വാമി പറഞ്ഞതനുസരിച്ച് ദേവിയെ സ്മരിച്ചുകൊണ്ടു് നാളികേരങ്ങൾ ഉരുട്ടിവിടുകയാണ് ചെയ്തതു്. ഇങ്ങനെ ചെയ്യുന്നതിനുള്ള കാരണങ്ങളോ ആഗമങ്ങളോ വളരെ വിശദമല്ല. മാളികപ്പുറത്തമ്മ കന്യകയാണെന്ന സങ്കല്പത്തിനെ ആസ്പദമാക്കി, ബ്രാഹ്മണരുടേയും മററും ഇടയി

ലുള്ള 'നല്ലങ്ക' (നാളികേരം ഉരുട്ടൽ) സമ്പ്രദായത്തെ അനുകരിച്ചു കൊണ്ടാവാം ഇതെന്നു് കരുതപ്പെടുന്നു. ദേവീപ്രസാദമായ മഞ്ഞൾപ്പൊടി ഭക്തന്മാർ സ്വഗൃഹങ്ങളിലേയ്ക്കു് കൊണ്ടുപോയി ആണ്ടോടാണ്ടു് സൂക്ഷിക്കുകയും സ്വകുടുംബങ്ങളിലെ സ്ത്രീകൾക്കു് ലാവണ്യവും കാന്തിയും വർദ്ധിക്കാനും രോഗബാധകൾ ഉണ്ടാകാതിരിക്കാനുംവേണ്ടി ദേഹത്തിലും മുഖത്തും ലേപനം ചെയ്യിക്കുകയും, സരസ്വതീവിലാസം വരാൻ ശിശുക്കളെ സേവിപ്പിക്കുകയും ചെയ്യുന്നു.

'അയ്യപ്പന്മാ'രിൽ പലരും ഇവിടേയും പതിനെട്ടാം പടിക്കുകളിൽ സ്വാമിക്ഷേത്രത്തിനു ചുററും ശയനപ്രദിക്ഷണം നടത്തി. കഷ്ടസാധ്യമെങ്കിലും ശയനപ്രദിക്ഷണം നേർച്ചയായി നടത്തുന്നതു് ഭക്തന്മാക്കു് ശാരീരികമായും മാനസികമായും ഗുണപ്രദമാണെന്നാണു് ഗുരുസ്വാമി അഭിപ്രായപ്പെടുന്നതു്. ചില ആളുകൾ ശയനപ്രദിക്ഷണം നടത്തുന്നതിനുപകരം തങ്ങൾക്കുവേണ്ടി വേറൊരാളെക്കൊണ്ടു് ആ വഴിപാടു് നടത്തിക്കാറുണ്ടു്. അങ്ങനെ ചെയ്യുന്നതിനെപററി ഗുരുസ്വാമി പറഞ്ഞു, അതു് ഉത്തമമായിട്ടുള്ള ഒരേപ്പാടല്ലെന്നു്.

ഭൂതനാഥോപാഖ്യാനപ്രകാരം ശിവഭൂതങ്ങളിൽ പ്രധാനികളിലൊരാളായ കടുരവനാണു്, കടുത്തസ്വാമി. വന്യമൃഗങ്ങളിൽനിന്നും, ഭൂതബാധകളിൽനിന്നും ഭക്തന്മാരെ കാത്തുരക്ഷിക്കുന്ന മൂത്തിയായിട്ടാണു് കടുരവൻ — അഥവാ — കടുത്തസ്വാമി സങ്കല്പിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ, അയ്യപ്പനെ കുറിച്ചുള്ള കഥകൾക്കും ഐതിഹ്യങ്ങൾക്കും അനുസരിച്ചു് കടുത്ത, മഹാവീരപരാക്രമിയായ ഒരു നായർ യോദ്ധാവും, പന്തളരാജാവിൻെറ സേനയിലെ ഒരു നായകനും, രാജ്യദ്രോഹികളും കൊള്ളക്കാരുമായ മറവപ്പടകളേയും മററു ശത്രുക്കളേയും യുദ്ധംചെയ്തു നശിപ്പിക്കാൻ അയ്യപ്പനു് വലംകയ്യുപോലെ സഹായമായി വത്തിച്ചിട്ടുള്ള ഒരു വിശ്വസ്തസഹചാരിയും ആകുന്നു. ശബരിഗിരി

ക്ഷേത്രത്തിൽ, അയ്യപ്പൻ ജ്യോതിർലിംഗമായി ചേരുകയും അങ്ങനെ തൻെറ വിശിഷ്ടനേതാവു് നഷ്ടപ്പെടുകയും ചെയ്തപ്പോറം വാദ്ധക്യഗ്രസ്തനായ കടുത്ത, വിഷാദവിവശനായി. ആ സ്വാമിഭക്തൻ ഏകനായി ശബരിഗിരിക്ഷേത്രത്തിൽ പാൎത്തു് കഠിനതപം ആചരിക്കുകയും ഒടുവിൽ സ്വസ്വാമിയായ അയ്യപ്പനിൽത്തന്നെ വിലയംപ്രാപിക്കുകയും ചെയ്തു. അയ്യപ്പനും, നാട്ടിനും, കടുത്ത ചെയ്തിട്ടുള്ള മഹത്തായ സേവനങ്ങളെ സ്മരിച്ചുകൊണ്ടാണു് ഇങ്ങനത്തെ ഒരു മൂൎത്തി പ്രതിഷ്ഠ ശബരിഗിരിയിൽ തന്നെ പന്തളരാജാവു് നടത്തിയിരിക്കുന്നതു്. മാളികപ്പുറത്തമ്മയുടെ പ്രതിഷ്ഠാമതിൽക്കെട്ടിന്നകത്തുള്ളതിന്നു പുറമെ, പതിനെട്ടാം പടിക്കകത്തും കടുത്തക്കു് ഒരു സ്ഥാനമുണ്ടു്. ആദ്യത്തേതിനെ കൊച്ചുകടുത്ത എന്നും മറേറതിനെ വലിയ കടുത്ത എന്നും ജനങ്ങറം വിളിച്ചു വരുന്നതു് എന്തുകൊണ്ടാണെന്നു് വിശദമല്ല. അങ്ങനെ രണ്ടു കടുത്തമാരെ സംബന്ധിച്ചു് ഭൂതനാഥപുരാണത്തിൽ പ്രതിപാദിച്ചിട്ടില്ല. അയ്യപ്പ ചരിത്രത്തിൽ വാവക്കുള്ളതിൽ ഒട്ടും താഴെയല്ല കടുത്ത സ്വാമിക്കുള്ള പ്രാധാന്യം. കടുത്തയെ സേവിക്കുന്നതുകൊണ്ടു് ശരീരത്തിലുള്ള ബാധോപദ്രവങ്ങറം അകന്നുപോകുമെന്നും വിഷമങ്ങളൊന്നും കൂടാതെ മലകേറി യിറങ്ങാൻ വേണ്ടുന്ന ശക്തി കൈവരുമെന്നുമാണു് വിശ്വാസം. കഞ്ചാവു്, കദളിപ്പഴം, കല്ലുണ്ടം, അവൽ, മലർ, വറപ്പൊടി, നാളികേരം, ശക്കര, മുന്തിരിങ്ങാപ്പഴം എന്നീ നിവേദ്യവസ്തുക്കളെല്ലാം സമൎപ്പിച്ചുകൊണ്ടു് കടുത്ത സ്വാമിക്കു് "വെള്ളം കുടി" (പൂജ) നടത്തി. കടുത്തസ്വാമിയുടെ പൂജകൻ ആ പഴയയോദ്ധാവിൻെറ ശേഷക്കാരനായ ഒരു നായരാണു്.

മാളികപ്പുറത്തമ്മയുടെ പ്രതിഷ്ഠസ്ഥാനത്തിന്നു് പിറകിലായിട്ടുള്ള മലനടഭഗവതിക്കും മലർപ്പൊടി, മഞ്ഞറംപ്പൊടി എന്നിവ അൎപ്പിച്ചു് കർപ്പൂരാരാധന നടത്തുകയുണ്ടായി.

പതിനെട്ടാംപടിക്കു താഴെയുള്ള പ്രതിഷ്ഠകൾ; കിഴക്കുഭാഗത്തു് അല്പം വടക്കോട്ടുതള്ളി വാവരുസ്വാമിയുടേയും, പടികളെ തൊട്ടുകൊണ്ടു് വടക്കുവശത്തു് കറുപ്പസ്വാമി കറുപ്പായിയമ്മ എന്നിവരുടേയുമാണു്. പടികൾക്കു് തൊട്ടുതെക്കു ഭാഗത്താണു് വലിയ കടുത്തയുടെ സ്ഥാനം.

വാവരുസ്വാമിക്കു് കുരുമുളകാണു് മുഖ്യമായ വഴിപാടുവസ്തു. അതും, ചന്ദനം, സാമ്പ്രാണി, പനിനീർ, മററു സുഗന്ധദ്രവ്യങ്ങൾ, നാളികേരം, നെയ്യ്, എന്നിവയും അപ്പിക്കുകയും മണ്ഡപത്തിൽ വെച്ചിട്ടുള്ള കലശത്തിൽ കാണിക്കയിടുകയും ചെയ്തശേഷം, മുന്തിരിങ്ങാപ്പഴം നിവേദിച്ചുകൊണ്ടു് കറുപ്പസ്വാമിക്കും കർപ്പൂരാരാധന നടത്തി. കറുപ്പസ്വാമിയെ നാട്ടിൻപുറത്തു് പലയിടങ്ങളിലും വെച്ചാരാധിക്കാറുണ്ടല്ലോ. രൗദ്രമൂത്തിയായ ഈ ഭൂതപ്രമുഖനുള്ള പൂജകൾ ശാക്തികമുറയെ അനുസരിച്ചുള്ളതാണു്. മാംസം മദ്യം തുടങ്ങിയവയും, രാജസഗുണപ്രധാനങ്ങളായ പലഹാരങ്ങളും നിവേദിച്ചുകൊണ്ടാണു് സാധാരണ ഈവക പൂജകൾ നടത്താറു പതിവു് പലപ്പോഴും, ആടു് കോഴി എന്നിവയെ പ്രതിഷ്ഠയ്ക്കുമുമ്പിൽ വെട്ടി ബലികഴിക്കുന്ന പതിവുമുണ്ടു്. എന്നാൽ, ശബരിമലമുകളിൽ ഈവകയൊന്നും പതിവില്ല. മുന്തിരിങ്ങാപ്പഴം പൂജിക്കുന്നതു് മദ്യത്തിനു് പകരമാണെന്നു് ചിലർ വിശ്വസിക്കുന്നു.

കേരളക്കരയിൽ, ഒരുപക്ഷെ, ഏററവും കൂടുതൽ ജനങ്ങളാൽ ആരാധിക്കപ്പെടുന്ന ശിവഭൂതങ്ങൾ നാഗരാജാവും നാഗയക്ഷിയുമായിരിക്കാം. കേരളത്തിലെന്നല്ല, ഭാരതത്തിലങ്ങോളമിങ്ങോളമുള്ള ഹിന്ദുക്ഷേത്രങ്ങളിൽ ഏറെക്കുറെ എല്ലാററിലും തന്നെ നാഗപ്രതിഷ്ഠകൾ ഉണ്ടായിരിക്കും, വിശേഷിച്ചും ശൈവക്ഷേത്രങ്ങളിൽ. നാഗങ്ങൾക്കു മാത്രമുള്ള ക്ഷേത്രങ്ങൾക്കും കുറവില്ല. കേരളത്തിലാകട്ടെ, മിക്ക ഗ്രാമങ്ങളിലും, പ്രധാന തറവാടുകളി

ലേയും ഇല്ലങ്ങൾ മനകൾ എന്നിവയിലേയും വളപ്പുകൾക്കകത്തും, സപ്പക്കാവുകൾ കാണാം. ആണ്ടറുതികളിലും, മാസംതോറം വാവു് തുടങ്ങിയ വിശേഷദിവസങ്ങളിലും ഈ കാവുകളിൽ പൂജകളും ഉത്സവങ്ങളും നടത്തുന്നതും പതിവാണു്. കുടുംബശ്രേയസ്സുകൾക്കും സന്തതിവദ്ധനയ്ക്കും വേണ്ടിയും, വിഷഭയം സപ്പശാപം മുതലായ വിനകളെ തടുക്കുന്നതിനായും പ്രത്യേക പ്രാത്ഥനകളായി "വെള്ളരി ചൊരിയൽ" "അപ്പം വാക്കൽ" "സപ്പക്കളെവും പാട്ടും" തുടങ്ങിയ വിശേഷവിധി പൂജാകമ്മങ്ങളും നടത്തിവരാറുണ്ടു്. കഴിഞ്ഞ മൂന്നുനാലു ദശാബ്ദങ്ങൾക്കു മുമ്പുവരെ നായർ തറവാടുകളിൽ നടപ്പുണ്ടായിരുന്ന 'കെട്ടുകല്യാണ'അവസരങ്ങളോടനുബന്ധിച്ചു് "കളംകൊട്ടുക്കൽ" (സപ്പപ്രീതിക്കായി പല വണ്ണങ്ങളിലുള്ള പൊടികൾകൊണ്ടു് മുററത്തു് കളമെഴുതി പൂജയും, പാട്ടും) നടത്തുന്നതു സാധാരണമായിരുന്നു. തദവസരങ്ങളിൽ യുവതികൾ നാഗങ്ങളുടേയും നാഗയക്ഷികളുടേയും വെളിപാടുകൊണ്ടു് തുള്ളുകയും ആടുകയും ചെയ്തു് മേപ്പടി 'കളങ്ങ'ളെ 'അഴിക്കുക'യും തറവാടുകളുടെ അഭ്യുദയസംരക്ഷണങ്ങൾക്കു വേണ്ടുന്ന അരുളപ്പാടുകൾ നല്കുകയും ചെയ്യുന്നതു് പലരും കണ്ടിരിക്കും. നാഗങ്ങളേയും, നാഗാരാധകരേയും സംബന്ധിച്ച നിരവധി അത്ഭുതകഥകളും ഐതിഹ്യങ്ങളും പലരും കേട്ടുമിരിക്കും.

പരശുരാമനാണു് കേരളത്തിൽ നാഗപൂജ ഏപ്പെടുത്തിയതു് എന്നൊരൈതിഹ്യമുണ്ടു്. എന്നാൽ ആര്യന്മാരുടെ ആഗമനത്തിനും വേദങ്ങളുടെ ഉത്ഭവത്തിന്നും മുമ്പായിത്തന്നെ കേരളത്തിൽ നാഗാരാധന നിലവിലുണ്ടായിരുന്നു എന്നതിന്നു തെളിവുകളുണ്ടു്. ദ്രാവിഡവംശജരായ നായന്മാരും ഇവിടത്തെ മററാദിമവാസികളും തങ്ങളുടെ വീടുകളിലെ വളപ്പുകൾക്കകത്തും ദേശത്തിലും സപ്പക്കാവുകൾ സ്ഥാപിച്ചു് നാഗപൂജ നടത്തിയിരുന്നതിന്നു് അനവധി തെളിവുകൾ ഉണ്ടു്.

ഹിന്ദുക്കൾ മാത്രമല്ല ഇങ്ങനെ നാഗാരാധന നിവ്വഹിച്ചിരുന്നതെന്നും വേദങ്ങളുടെ കാലത്തിന്നു മുമ്പും, ക്രിസ്തുവിന്നുമുമ്പു്

ആറാം ശതകത്തിലും സിന്ധുനദീതടവാസികളായ ജനങ്ങാം അവരുടെ ഇതരദൈവപ്രതിഷ്ഠകാംക്കൊപ്പം നാഗപ്രതിഷ്ഠകളേയും വെച്ചു പൂജിച്ചിരുന്നുവെന്നും പറയപ്പെടുന്നു. ജൈനമതാനുയായികളും നാഗാരാധകരായിരുന്നു എന്നതിന്നു തെളിവായി അവരുടെ മതഗ്രന്ഥങ്ങളിൽ പ്രസ്താവനകളുണ്ടത്രേ. ഒരു കാലത്തു് ജൈനമതത്തിന്നു കേരളക്കരയിലും ആധിപത്യമുണ്ടായിരുന്നു. പാലക്കാട്ടും ദക്ഷിണതിരുവിതാംകൂറിലും മററുമുള്ള ചില പുരാതന ജൈനക്ഷേത്രങ്ങളിൽ നാഗരാജപ്രതിഷ്ഠകളും ജൈനമതതത്വങ്ങാം കൊത്തീട്ടുള്ള ശിലകളും ഇന്നും കാണുന്നുണ്ടു്.

ശബരിഗിരിയിലും, നാഗരാജാവിന്നും നാഗയക്ഷിക്കും പ്രത്യേകം പ്രതിഷ്ഠാസ്ഥാനങ്ങളും പൂജയും ഉണ്ടു്. ഭസ്മക്കുളത്തിന്നു് അല്പം വടക്കുമാറി വഴിയരികിലാണു് ഈ പ്രതിഷ്ഠകാം. കന്നിമേൽ ഗണപതിക്കു് ഇടതുവശത്തും ഒരു നാഗരാജപ്രതിഷ്ഠ കാണാം. മഞ്ഞാംപ്പൊടി, കുങ്കുമം, പുഷ്പങ്ങാം, പട്ടുവസ്ത്രം എന്നിവ സമപ്പിച്ചു് കപ്പൂരാരാധനയും സപ്പപ്പാട്ടും ഈ ദേവതകാംക്കു് വഴിപാടായി 'അയ്യപ്പന്മാർ' കഴിപ്പിച്ചു. താന്താങ്ങളുടെ കുടുംബാംഗങ്ങളുടെ രക്ഷയ്ക്കും ശ്രേയസ്സുകാംക്കുമായി പ്രാത്ഥിച്ചുകൊണ്ടു് കാണിക്കയിട്ടുകയും ചെയ്തു് അവർ ചരിതാത്ഥരായി.

അയ്യപ്പഗുരുസ്വാമിയുടെ ശ്രദ്ധാപൂവ്വമായ മേൽനോട്ടത്തിൽ സ്വാമിക്കു ഷോഡശാഭിഷേകം, സഹസ്രാച്ചന, ചന്ദനം ചാത്തൽ, പ്രത്യേക 'അയ്യപ്പ'ഭക്തൻേറയും പേരിൽ പുഷ്പാഞ്ജലി എന്നിവ നടത്തിയതിന്നു പുറമേ, പായസം, വെള്ളനിവേദ്യം, ത്രിമധുരം, പഞ്ചാമൃതം, നെയ്യപ്പം, എള്ളുണ്ട, പഴം പാനകം, ഇളനീർ, താംബൂലം എന്നീ വിശിഷ്ടനിവേദ്യങ്ങളെല്ലാം സമപ്പിച്ചുകൊണ്ടുള്ള ഗംഭീരമായ പൂജയും നിവ്വഹിക്കപ്പെട്ടു. തദവസരത്തിൽ, ഗുരുസ്വാമി വെള്ളികെട്ടിയ ചൂരൽദണ്ഡും മാലകളും ബിംബത്തിൽ തൊട്ടുവിച്ചും പൂജിച്ചും വാങ്ങിച്ചു. മററുള്ള 'അയ്യപ്പന്മാ'രും താന്താങ്ങളുടെ മാലകാം അപ്രകാരം സ്വാമിവിഗ്രഹത്തിൽ

തൊട്ടുവിച്ച് തിരിച്ചുവാങ്ങി. ഇങ്ങനെ പൂജിച്ചു വാങ്ങുന്ന ദണ്ഡുകളും സ്വാമിമുദ്രകളും സ്വഗൃഹങ്ങളിൽ വെച്ചാരാധിക്കുന്നതു് ശ്രേയസ്കരമാണെന്നു് ഭക്തന്മാർ വിശ്വസിക്കുന്നു. പൂജാസമയത്തു് ക്ഷേത്രത്തിലെ വിളക്കുകൾ എല്ലാംതന്നെ നെയ്യൊഴിച്ചാണു് കത്തിച്ചിരുന്നതു്.

സ്വാമിക്കുള്ള വഴിപാടുകളിൽവെച്ചു് ഏററവും പ്രധാനമായി ഗണിക്കപ്പെടുന്നതു് വെടിയാണു്. അതിൻവണ്ണം ഓരോ 'അയ്യപ്പ'ൻെറ വകയായും 'കൂട്ടവെടി'കളും 'നൂറെറാന്നുവെടി'കളും വെപ്പിച്ചു.

പിറെറന്നു്, അതായതു്, മകരം ഒന്നാംതിയ്യതി, സംക്രമത്തിന്നാൾ കാലത്തു് എല്ലാവരും ചെന്നു് കുമ്പളത്തോട്ടിലെ കുംഭദളതീർത്ഥത്തിൽ സ്നാനംചെയ്തു. പതിനെട്ടാംപടിക്കൽനിന്നു് സുമാർ ഒരു നാഴിക വടക്കുകിഴക്കായിട്ടാണു് ഈ പുണ്യതീർത്ഥം സ്ഥിതിചെയ്യുന്നതു്. താരകബ്രഹ്മമൂർത്തിയായ ശാസ്താവിൽ അതിമാത്രഭക്തിവിശ്വാസമുണ്ടായിരുന്ന വിജയൻ എന്ന ഒരു ബ്രാഹ്മണൻെറ മുൻജന്മാർജ്ജിതപാപങ്ങൾക്കൊക്കെ അറുതിവരുത്താനും, അനപത്യതാവ്യഥിതനായ അദ്ദേഹത്തിന്നു് അടുത്ത ജന്മത്തിൽ ശാസ്താവുതന്നെ പുത്രഭാവത്തിൽ വന്നു പിറക്കാനും സംഗതിയാക്കിയ ദിവ്യതീർത്ഥമാകുന്നു ഇതു്. പൊന്നമ്പലസ്ഥിതനായ ശാസ്താവിന്നു് ഗംഗാജലംകൊണ്ടു് വാനവന്മാർ ചെയ്യുന്ന അഭിഷേകതീർത്ഥപ്രവാഹം ഏതാനും അടികൾ ഉയരത്തിൽനിന്നു് താഴോട്ടു പതിക്കുന്ന സ്ഥാനത്താണു് പ്രസ്തുത സ്നാനഘട്ടം. ഇവിടെ ഉരലിൻെറ ആകൃതിയിലുള്ള ഒരു കുഴിയുണ്ടു്. കരയ്ക്കു നിന്നു നോക്കിയാൽ അതിൽ ഇറങ്ങി മുങ്ങുന്നതെങ്ങനെയെന്നു് ഭീതി തോന്നുമെങ്കിലും അതിൽ ഇറങ്ങിയിരുന്നു മുങ്ങുമ്പോൾ യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടില്ല. കരയ്ക്കു കയറിയാൽ താനിതിലിറങ്ങിയാണോ മുങ്ങിയതു് എന്നു് വീണ്ടും സംശയം തോന്നുകയും ചെ

ശ്യം. ഈ തീർത്ഥസ്ഥാനത്തെ സംബന്ധിച്ചുള്ള ഒരു അത്യാശ്ചര്യ സവിശേഷതയാണ് ഇതു്.

അവിവേകികളും സാഹസികരുമായ ചില ചെറുപ്പക്കാർ ഈ നീർച്ചാട്ടത്തിൻെറ മുകൾഭാഗത്തു കയറിച്ചെന്നു് സ്നാനംചെയ്യുകയും അഴുക്കുവസ്ത്രങ്ങൾ നനച്ചിടുകയും മററും ചെയ്തു് നിർമ്മലമായ ഈ തീർത്ഥജലത്തെ മലിനപ്പെടുത്തുന്നതിനെക്കുറിച്ചു് ഗുരുസ്വാമി ഖേദം പ്രകടിപ്പിച്ചു.

ജലപ്രപാതം നേരെ ശിരസ്സിലേല്ക്കാനാവാത്തവിധം ശക്തിമത്തായിരുന്നതിനാൽ ആ തീർത്ഥജലം ഭൂമിയിൽ പതിക്കുന്നതിനു മുമ്പായി ഗ്രഹിച്ചു് സ്വശിരസ്സിൽ ഒഴിക്കുന്നതിന്നായി വിജയബ്രാഹ്മണനു് ശബരി ഒരു മൺകുടം കൊടുത്തിരുന്നു. നീർച്ചാട്ടത്തിൻെറ ശക്തിയിൽ ആ കുംഭം തകന്നു് ദളാകൃതിയിൽ നിലത്തു പതിച്ചു. അതാണു് കുംഭദളതീർത്ഥ(ഉരക്കുഴിതീർത്ഥ)സ്ഥാനമായിത്തീന്നതു്. ആ നിമിഷംമുതൽ പ്രസ്തുത ജലപാതത്തിൻെറ വലുപ്പവും ശക്തിയും ഗണ്യമായി ചുരുങ്ങി ഒരു ചെറിയ ജലധാരയായിത്തീരുകയും ചെയ്തു. ത്രൈലോക്യനാഥനായ താരകബ്രഹ്മത്തിൻെറ പാദാരവിന്ദപ്രക്ഷാളിതമായ ഈ നിർമ്മലതീർത്ഥത്തിൽ മജ്ജനംചെയ്തു് തപ്പണമപ്പിച്ചാൽ പിതൃക്കളുടെ ആത്മാക്കൾക്കു് കൈവല്യസിദ്ധി സുനിശ്ചിതമാകുന്നു. അതുപോലെത്തന്നെ അവനവനു് പാപവിമുക്തിയും. ഇവിടെവെച്ചും ഒരു ചെറിയ സദ്യയും അതിഥിയൂട്ടും ഗുരുവിന്നു് ദക്ഷിണ നല്കുന്ന ചടങ്ങും ഉണ്ടായിരുന്നു. സ്വാമിനടയ്ക്കൽ തിരിച്ചെത്തിയ 'അയ്യപ്പന്മാർ' അവിടെ നിരന്നിരിക്കുന്ന ഭിക്ഷക്കാക്കു് യഥാശക്തി കാശ്ശും മററും ദാനം നല്കിയശേഷം അവരവരുടെ വിരികളിൽ വിശ്രമിച്ചു.

ഉച്ചതിരിയുന്നതിന്നു മുമ്പായി പന്തളത്തു രാജാവിൻെറ എഴുന്നെള്ളത്താണു്. , പരിവാരസമേതം നേരത്തേ പമ്പയിലെത്തി

പാത്തിരുന്ന തമ്പുരാൻ ശബരിഗിരിയിൽ സംക്രമദീപം തൊഴാൻ ആഗ്രഹിച്ചുകൊണ്ടു് പുറപ്പെട്ടു് ശബരിപീഠത്തിൽ എത്തുമ്പോഴേയ്ക്കും സ്വാമിയുടെ പള്ളിച്ചങ്ങലവിളക്കുകളും വാദ്യഘോഷങ്ങളുമായി ജനങ്ങൾ അദ്ദേഹത്തെ എതിരേല്ക്കുകയും ക്ഷേത്രസന്നിധാനംവരെ എഴുന്നെള്ളിക്കുകയും ചെയ്തു. പള്ളിമേനാവിൽ നിന്നു് പതിനെട്ടാം പടിക്കൽ ഇറങ്ങിനിന്ന തമ്പുരാനെ അർഘ്യപാദ്യാദികൾ നല്കി പൂജകൻ ആദരിക്കുകയും പതിനെട്ടാം പടികൾ കയറുന്നതിന്നു മുമ്പു ഉടയ്ക്കാനുള്ള നാളികേരം ഏല്പിക്കുകയും ചെയ്തു. വിശ്വവിശ്രുതമായ ആ അഷ്ടാദശസോപാനങ്ങൾ ഭക്തിപൂർവ്വം തൊട്ടുവന്ദിച്ചു് നാളികേരബലിയർപ്പിച്ചുകൊണ്ടു് തമ്പുരാൻ കയറിചെല്ലുകയും സ്വാമിസന്നിധിക്കു് നേരെ അഭിമുഖമായി നില്ക്കാതെ ഒരു ഭാഗത്തേയ്ക്കു് അല്പം മാറിനിന്നുകൊണ്ടു് ഭഗവദ്ദർശനം സാധിക്കുകയും ചെയ്തു. അയ്യപ്പൻ പന്തളരാജധാനിയിൽ വളൎന്ന കാലത്തു് രാജാവിനെ സ്വന്തം പിതാവിനെപ്പോലെയും യജമാനനെപ്പോലെയും കരുതിയാണല്ലോ ആദരിച്ചുപോന്നിരുന്നതു്. തന്മൂലം, ആ സ്ഥാനത്തു വാഴുന്ന തമ്പുരാനെ മുമ്പിൽ കണ്ടാൽ അയ്യപ്പൻ എഴുന്നേററു് ബഹുമാനിക്കേണ്ടിവരും എന്ന സങ്കല്പത്തെ ആസ്പദമാക്കിയാണു് രാജാവു് നേരെ നിന്നു് തൊഴാത്തതു് എന്നു് ഗുരുസ്വാമി വിശദീകരിച്ചു. ദർനാനന്തരം രാജാവു് മാളികപ്പുറത്തമ്മയുടെ മതിൽക്കെട്ടിന്നകത്തുള്ള കൊട്ടാരത്തിലെത്തി വിശ്രമിച്ചു.

മൂന്നുമണിക്കുമുമ്പായി സ്വാമിയുടെ വെളിപാടുണ്ടായി ഉറഞ്ഞുകൊണ്ടു് വലിയ വെളിച്ചപ്പാടു് പതിനെട്ടാംപടികൾ ഇറങ്ങിവന്നു. വാവരു്, കറുപ്പസ്വാമി, കടുത്തസ്വാമി എന്നീ വെളിച്ചപ്പാടന്മാരും ഉറഞ്ഞുകൊണ്ടെത്തി. ഉത്സവസംബന്ധമായും, ക്ഷേത്രകാര്യങ്ങളെ സംബന്ധിച്ചും മററും വലിയ വെളിച്ചപ്പാടിൽനിന്നു് ചില അരുളപ്പാടുകളുമുണ്ടായി.

ആദിത്യഭഗവാൻ പശ്ചിമാന്തരീക്ഷത്തെ ഒരന്യാദൃശ മഹാമഹത്തിന്നു് സർവ്വഥാ സമുചിതമാംമാറു് സജ്ജമാക്കിത്തീർത്തു. വിവിധവർണ്ണോജ്ജ്വലങ്ങളായ ധാതുവർഗ്ഗങ്ങൾ ചേർന്ന ശൃംഗഭാഗങ്ങളാലും, നീർമരുതു് തുടങ്ങിയ പുഷ്പിതവൃക്ഷസഞ്ചയങ്ങൾ തിങ്ങിവളർന്ന വനങ്ങളാലും, അന്തിക്കതിരോൻ കോരിച്ചൊരിയുന്ന സൗവർണ്ണപ്രഭയേററു് മിന്നിത്തിളങ്ങിയും, മദകളരവം പൊഴിച്ചുംകൊണ്ടു് ഒഴുകുന്ന കൊച്ചരുവികളാലും വെള്ളച്ചാട്ടങ്ങളാലും, സവിശേഷാലംകൃതങ്ങളും ഉദ്ധൃതമസ്തകങ്ങളുമായ മത്തഹസ്തീന്ദ്രന്മാരെപ്പോലെ കരിംപാറക്കൂട്ടങ്ങൾ അങ്ങകലത്തു് അണിനിരന്നുശോഭിച്ചു. അപ്പോൾ അഖിലലോകവല്ലഭനും ഹരിഹരാത്മജനുമായ ശാസ്താവിൻെറ മഹിതോത്സവത്തിൻെറ പ്രധാനഘടകമായ തിരുവാഭരണങ്ങളുടെ വരവായി. സ്വാമിയുടെ വെളിപാടുണ്ടായി തുള്ളിക്കൊണ്ടിരിക്കുന്ന ഒരു വെളിച്ചപ്പാടാണു് ആ പെട്ടി ശിരസ്സിൽ വഹിച്ചുകൊണ്ടു് എഴുന്നെള്ളിക്കുന്നതു്. ഊരിപ്പിടിച്ച വാളുകൾ കൈകളിലേന്തിയ നിരവധിപോലീസുദ്യോഗസ്ഥന്മാർ ആ അനർഘനിധിയുടെ രക്ഷയിൽ ദത്തശ്രദ്ധരായി അകമ്പടി സേവിച്ചുകൊണ്ടു് അനുഗമിച്ചിരുന്നു. പലവിധ വാദ്യങ്ങളും, തീവട്ടി തുടങ്ങിയ ഉത്സവോപകരണങ്ങളും ആ ഘോഷയാത്രയുടെ ആകർഷണീയതയെ ബഹുഗുണീഭവിപ്പിച്ചപ്പോൾ തുടരെത്തുടരെ മുഴങ്ങുന്ന കതിനവെടികളും, ക്ഷേത്രമണികളുടെ കൂട്ടനിനദവും, 'അയ്യപ്പന്മാ'രുടെ ഒന്നിച്ചുള്ള ശരണം വിളികളും സമ്മേളിച്ചു് അതിന്നു് അവർണ്ണനീയമായ ഒരു ഗാംഭീര്യവും സംജാതമാക്കി. ശിരസ്സിൽനിന്നു് പെട്ടിതെറിച്ചുവീണേയ്ക്കുമോ എന്ന സംഭ്രമം കാണികളുടെ മനസ്സിലെല്ലാം സംഭൃതമാകുമെങ്കിലും അങ്ങനത്തെ അപകടമൊന്നും സംഭവിക്കാതെകണ്ടുള്ള വെളിച്ചപ്പാടിൻെറ പതിനെട്ടാംപടി കയററം കാണേണ്ടുന്ന ഒരു മഹാശ്ചര്യം തന്നെയാണു്. തിരുവാഭരണങ്ങൾ പതിനെട്ടാം പടിക്കലെത്തുന്ന സന്ദർഭത്തിലും ആകാശത്തിൽ ഒരു കൃഷ്ണപ്പരുന്തു് ചുററിപ്പറക്കുന്നതു കാണായി.

പണ്ടു് പാണ്ഡ്യരാജാക്കന്മാരാൽ പണിചെയ്യിക്കപ്പെട്ടിട്ടുള്ളവയും, പന്തളരാജധാനിയിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ളവയുമാകുന്നു ഈ തിരുവാഭരണങ്ങൾ. സ്വാമികൾ ചാർത്താനുള്ളവയിൽ പ്രധാനമായവ രത്നക്കിരീടം, ഹാരങ്ങൾ, നൂപുരങ്ങൾ, കടകങ്ങൾ, അംഗുലീയങ്ങൾ, പതക്കം എന്നിവയാണു്. ഇവയെല്ലാംതന്നെ വിലമതിക്കാനാവാത്തവിധം വിശേഷപ്പെട്ടവയുമാകുന്നു. സർവ്വാഭരണവിഭൂഷിതനായി, സച്ചിദാനന്ദസ്വരൂപനായി അലൗകികവും അമോഘവുമായ കാന്തിപ്പൊലിമയാൽ ഭക്തകോടികളുടെ കണ്ണും കരളും കുളുർപ്പിച്ചുകൊണ്ടു് വിദ്യോതിക്കുന്നവനായ സ്വാമിയുടെ ആ മംഗളവിഗ്രഹം ദർശിക്കാനുള്ള ഭാഗ്യം കൈവരാത്ത മർത്ത്യജന്മം നിഷ്ഫലംതന്നെ. മകരസംക്രമത്തിന്നാൾ സന്ധ്യയ്ക്കു് തിരുവാഭരണഭൂഷിതനായ ഭഗവാനെ ദീപാരാധനസമയത്തു് തൊഴാൻ സംഗതിവരുന്നതിൽ കവിഞ്ഞ ഒരു മഹാഭാഗ്യം ഒരു മണ്ഡലക്കാലത്തെ കഠിന വ്രതങ്ങൾ അനുഷ്ഠിച്ചു് പലവിധ കഷ്ടപ്പാടുകൾ സഹിച്ചുകൊണ്ടു് ഇത്രയും ദൂരം നടന്നെത്തീട്ടുള്ള ‘അയ്യപ്പന്മാ’ർക്കു് കൈവരാനില്ല.

ശബരിഗിരിയിൽ ദീപാരാധന നടക്കുന്ന അതേ സന്ദർഭത്തിൽ, പതിനെട്ടാംപടിക്കു് വടക്കുകിഴക്കായി വളരെദൂരത്തിൽ സ്ഥിതിചെയ്യുന്ന പൊന്നമ്പലത്തിൽ താരകബ്രഹ്മത്തിന്നു് അമരന്മാർ ആചരിക്കുന്ന ദീപാരാധനയിലെ ദിവ്യജോതി ദൃശ്യമാകുന്നു. ഈ ജ്യോതിയുടെ സത്യാവസ്ഥയെ സംബന്ധിച്ചു് അവിശ്വാസികളായ നിരങ്കുശബുദ്ധികൾ പല അബദ്ധപ്രചരണങ്ങളും നടത്തുന്നുണ്ടെങ്കിലും, ഈശ്വരവിലാസ വൈഭവത്തിൽ ആന്തരമായി വിശ്വസിക്കുന്ന നല്ല മനുഷ്യന്മാരെ സംശയാലുക്കളാക്കി അധഃപതിപ്പിക്കാൻ അവ സമർത്ഥമാകുന്നില്ല. ആദ്യം വളരെ വ്യക്തമല്ലാതെയാണെങ്കിലും ക്രമേണ വർദ്ധിച്ചു് ഒരു നല്ല പെട്രോമാക്സിന്റെ പ്രകാശത്തോളം വലുതായും തെളിഞ്ഞും അത്യധികം ദൂരത്തായി കാണുന്ന ഈ പ്രഭാപുഞ്ജം, പതിനെട്ടാം

പടികളുകളിൽ കൂടിനിന്നുനോക്കുന്ന ഏവൎക്കും ദൃശ്യമാകുന്ന ഒരു യാഥാൎത്ഥ്യമാകുന്നു. സുമാർ ഒരു നാഴിക നേരത്തോളം അതു് ഇപ്രകാരം കാണപ്പെടുകയും പിന്നീടു് ക്രമത്തിൽ മങ്ങി അദൃശ്യമാവുകയും ചെയ്യുന്നു.

ദീപാരാധന തൊഴലും, ജ്യോതിൎദ്ദൎശനവും കഴിഞ്ഞു" ചില മണിക്കൂറുകൾക്കുശേഷം ആഡംബരപൂൎണ്ണമായ മാളികപ്പുറത്തമ്മയുടെ എഴുന്നെള്ളത്താരംഭിക്കുകയായി. പട്ടംകെട്ടിയ ആനപ്പുറത്താണു് ദേവിയെ എഴുന്നെള്ളിക്കുന്നതു്. പതിനെട്ടാംപടിക്കു മുമ്പിൽവന്നുനിന്നുകൊണ്ടു് ഒരുവിളിച്ചു ചോദിക്കലുണ്ടു്, 'കന്നി അയ്യപ്പന്മാർ' വന്നിട്ടുണ്ടോ എന്നു്. ശരംകുത്തിയാൽത്തറക്കൽ ചെന്നുനോക്കിയാലറിയാമല്ലോ എന്ന പൂജകൻെറ ഉത്തരംകേട്ടു്, ശരംകുത്തിയാൽത്തറയ്ക്കൽ 'കന്നിക്കാർ' ശരങ്ങൾ കൊണ്ടുവന്നു നിക്ഷേപിച്ചിട്ടുണ്ടോ എന്നു് സ്വയം പരിശോധിച്ചു് തൃപ്തിപ്പെടാൻവേണ്ടി ദേവി അങ്ങോട്ടെഴുന്നള്ളുന്നു. ലക്ഷോപലക്ഷം പുതിയ ശരക്കോലുകൾ അവിടെ കിടക്കുന്നതുകണ്ടു് നിരാശാമൂഢയായി ഉടനെ ആഡംബരങ്ങളൊന്നുംകൂടാതെ സ്വസ്ഥാനത്തേയ്ക്കു് തിരിച്ചുചെല്ലുകയുമായി. ഗുരുസ്വാമി പറഞ്ഞു, അടുത്തകാലത്തായി ചില ആണ്ടുകളിൽ ദേവിയുടെ ഈ എഴുന്നെള്ളത്തു് പതിനെട്ടാംപടിവരെ മാത്രമേ നടത്തപ്പെടാറുള്ളൂ എന്നു്. പുരാതനാചാരങ്ങളിൽനിന്നു് ഇമ്മാതിരി വ്യതിയാനം അനാശാസ്യമാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു.

മകരവിളക്കും തൊഴലും കഴിഞ്ഞു് 'അയ്യപ്പന്മാ'രിൽ ഭൂരിഭാഗവും പതിനെട്ടാംപടിയിറങ്ങി സ്വന്തം നാടുകളിലേയ്ക്കു് തിരിച്ചുപോയി. എന്നാൽ, അയ്യപ്പഗുരുസ്വാമി ആണ്ടുതോറുമുള്ള പതിവനുസരിച്ചു് സ്വശിഷ്യന്മാരോടൊപ്പം ഏഴാംവിളക്കും ഗുരുതിയും കഴിയുന്നതുവരെ അവിടെത്തന്നെ പാൎക്കുകയും നിത്യം മുടങ്ങാതെ സ്വാമി ദൎശനം സാധിക്കുകയും ചെയ്തു.

കുംഭദളതീൎത്ഥത്തിലെന്നപോലെ പമ്പയാററിലെ ത്രിവേണി സ്ഥാനത്തു് ഒരുപനദിയായി ചെന്നുചേരുന്ന കല്ലാററിലുമുള്ള മജ്ജനസൗഖ്യത്താലും ആ പുണ്യവനസ്ഥലിയുടെ പ്രകൃതിരാമണീയത മനസ്സിന്നുളവാക്കിയ ആനന്ദത്താലും നാളുകൾ പോയതറിഞ്ഞില്ല.

ആശ്രിതവത്സലനും, കരുണ്യരാശിയുമായ ഹരിഹരനന്ദനൻെറ തൃച്ചേവടികളിൽ നൂറെറാന്നാവൎത്തി ദണ്ഡനമസ്കാരം ചെയ്തു് ഭഗവദനുഗ്രഹം നേടി സംതൃപ്തമാനസന്മാരായി പതിനെട്ടാം പടിയിറങ്ങി എല്ലാവരും സ്വദേശത്തേയ്ക്കു് തിരിച്ചെത്തി.

തിരുമണങ്ങാട്ടപ്പൻെറ സന്നിധിയിൽവെച്ചു് ഗുരുസ്വാമിയെ പ്രണമിച്ചു് ദക്ഷിണനല്കി അദ്ദേഹത്തിൻെറ അനുമതിയോടെ സ്വാമി മുദ്രയായ മാലകൾ 'അയ്യപ്പന്മാർ' അഴിച്ചുവെച്ചു.

സ്വസ്ത്യസ്തു.

Printed at the Viswabharathi Press, Trichur.

## പിഴവുകൾ പൊറുക്കണേ.

| ഭാഗം | തെററ് | ശരി |
|---|---|---|
| 5 | സമുദ്ധരപണ്ഡിത | സമുദ്ധരണ.... |
| 23 | സത്യ-ഗുണ | സത്വഗുണ |
| 28 | വണ്ണം | വൎണ്ണം |
| 36 | ഇഷദൈവത്തിൻെറ | ഇഷ്ടദൈവത്തിൻെറ |
| 47 | അഭ്യവാദനവാക്യം | അഭിവാദനവാക്യം |
| 70 | പ്രാരബ്ദങ്ങളുടെ | പ്രാരബ്ധങ്ങളുടെ |
| 81 | പ്രക്യേകം | പ്രത്യേകം |
| 90 | അിതലുമുപരി | അതിലുമുപരി |
| 101 | പ്രാരബ്ദഭാരങ്ങൾ | പ്രാരബ്ധഭാരങ്ങൾ |
| 106 | മഹിമാവിശേണവും | മഹിമാവിശേഷവും |
| 117 | അനുരക്തിവിശേഷവു | അനുരക്തിവിശേഷ |
| | മായിരുന്നു | മായിരുന്നു |
| ,, | താനാശിക്കാതെ | താനാശിക്കാതെ |
| 118 | അഭിഷേകിച്ചു | അഭിഷേചിച്ചു |
| 119 | നിവസിക്കുന്ന | നിവസിച്ചിരുന്ന |
| 144 | കരുണ്യരാശിയുമായ | കരുണാരാശിയുമായ |

## ഗ്രന്ഥകർത്താവിന്റെ വക:

# "വരകവി
# കനകത്തു് പദ്മനാഭമേനോൻ,"

(ജീവചരിത്രം—വില ക. 3—00)

"സാഹിത്യത്തറവാട്ടിലെ പഴയ തലമുറക്കാർക്കു് തങ്ങളുടെ ഓർമ്മകൾ പുതുക്കുന്നതിന്നും, പുത്തൻ തലമുറയ്ക്കു് ചരിത്രപുരുഷനെപ്പററി അറിയേണ്ടതറിയുന്നതിന്നും പ്രയോജനപ്പെടുന്ന പ്രസ്തുത ജീവചരിത്രത്തിന്റെ നിർമ്മിതികൊണ്ടു് ശ്രീ. കുന്നത്തു് കുഞ്ഞിക്കണ്ണമേനോൻ ഒരു നല്ല പ്രവൃത്തിയാണു് ചെയ്തിട്ടുള്ളതു്."

(വിദ്വാൻ, എ. ഡി. ഹരിശർമ്മ,
മാതൃഭൂമി ആഴ്ചപ്പതിപ്പ്—3-10-1965)

"വിസ്മൃതിയിൽ വീണുപോകുമായിരുന്ന വരകവിക്കു് ഓജസ്സും, നിത്യചൈതന്യവും നല്കുകയാണു്.... ഈ വിസ്തൃത ജീവചരിത്രഗ്രന്ഥത്തിലൂടെ ശ്രീ. കുഞ്ഞിക്കണ്ണമേനോൻ ചെയ്തിരിക്കുന്നതു്. ഇതിലെ ഭാഷ ലളിതമാണു്".

(വിദ്വാൻ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ,
ഗ്രന്ഥാലോകം—സെപ്തംബർ 1965)


"വരകവി കനകത്തു് പദ്മനാഭമേനോനെ പററിയുള്ള ഈ കൃതിയെ ജീവചരിത്രത്തിലല്ല, സാഹിത്യചരിത്രത്തിൽത്തന്നെയാണു് പെടുത്തേണ്ടതു്........ ശ്രീ. മേനോന്റെ ശ്രമം സഫലവും തന്മൂലം അഭിനന്ദനീയവുമായിട്ടുണ്ടു്."

(ബ്രഹ്മശ്രീ, എ. പി. പി. നമ്പൂതിരി,
മംഗളോദയം—സെപ്തംബർ 1965)

*Available with:-*

**K. P. K. MENON**
6, Spur Tank Road,
Chetput, MADRAS-31

# ശബരിഗിരിയിലേയ്ക്കു്



കുന്നത്തു് കുഞ്ഞിക്കണ്ണമേനോൻ

Indic Digital Archive Foundation
gpura.org